2020 ഏപ്രിൽ 23 വ്യാഴം 1195 മേടം 10

മെട്രോ വാർത്ത

Scan me www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പൂർ www.metrovaartha.com 16 പേജ് ₹ 7.00 KOZHIKODE

കരുതൽ വേണ്ടത് കഴുത്തിലല്ല..! പുറത്തിറങ്ങുന്നവർ നിർബന്ധമായും മാസ്ക് ധരിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ കർശന നിർദേശം പ്രാബല്യത്തിൽ വന്ന ഇന്നലെ മാസ്ക് മുഖത്തുനിന്നു താഴ്ത്തിവച്ച് യാത്രചെയ്ത സ്കൂട്ടർ യാത്രക്കാരിയെ പൊലീസ് ഉദ്യോഗസ്ഥ തടഞ്ഞുനിർത്തി മാസ്ക് ശരിയായി ധരിപ്പിക്കുന്നു. തിരുവനന്തപുരം നഗരാതിർത്തിയായ കുണ്ടമൺകടവിൽ നിന്നുള്ള കാഴ്ച. 📷 കെ.ബി. ജയചന്ദ്രൻ

6 ദിവസത്തെ ശമ്പളം 5 മാസം പിടിക്കും

സാലറി ചലഞ്ച് പുതിയ രൂപത്തിൽ

തിരുവനന്തപുരം: കൊവിഡിനെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം പിടിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. 20,000 രൂപയിൽ താഴെ ശമ്പളമുള്ളവരെ ഒഴിവാക്കിയിട്ടുണ്ട്.

മാസം ആറു ദിവസത്തെ ശമ്പളം മാറ്റിവെയ്ക്കാനാണു പുതിയ സാലറി ചലഞ്ചിലൂടെ തീരുമാനിച്ചിരിക്കുന്നത്. അഞ്ചുമാസം ഇതേ രീതിയിൽ ശമ്പളം പിടിക്കുന്നതോടെ ഒരു മാസത്തെ ശമ്പളം സർക്കാരിലേക്കെത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തീരുമാനത്തിനെതിരെ നിയമനടപടികൾ ആലോചിക്കുമെന്ന് പ്രതിപക്ഷ സംഘടനകളും വ്യക്തമാക്കി. പൊലീസിനോ ആരോഗ്യവകുപ്പ് ജീവനക്കാർക്കോ ചലഞ്ചിൽ ഇളവുകളില്ല. മന്ത്രിമാർ, എംഎൽഎമാർ, ബോർഡ്-കോർപ്പറേഷൻ അംഗങ്ങൾ, തദ്ദേശ സ്ഥാപന ജനപ്രതിനിധികൾ തുടങ്ങിയവരുടെ ശമ്പളം -ഓണറേറിയം 30 ശതമാനം ഒരു വർഷത്തേക്ക് പിടിക്കും.

ഡിഎ കുടിശിക പിടിച്ചെടുത്ത് 2,700 കോടി രൂപ സമാഹരിക്കുക, ഡിഎ കുടിശിക മരവിപ്പിക്കുക തുടങ്ങിയ നിർദേശങ്ങൾ പരിഗണനയ്ക്ക് വന്നിരുന്നെങ്കിലും സാലറി ചലഞ്ചുമായി മുന്നോട്ടുപോകാൻ തന്നെ സർക്കാർ തീരുമാനിക്കുകയായിരുന്നു. ആശ വർക്കർമാർക്ക് നിബന്ധനകളില്ലാതെ ഓണറേറിയവും കൊവിഡ് കാലയളവിൽ അധിക ഇൻസന്റീവായി 1,000 രൂപയും നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

11 പേർക്ക് കൊവിഡ്

രോഗമുക്തി ഒരാൾക്ക്

29,150 പേർ നിരീക്ഷണത്തിൽ

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ 11 പേർക്ക് കൂടി കൊവിഡ്-19 സ്ഥിരീകരിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂർ ജില്ലയിൽ നിന്നുള്ള 7, കോഴിക്കോട് ജില്ലയിലുള്ള 2, കോട്ടയം, മലപ്പുറം ജില്ലകളിലുള്ള ഓരോരുത്തർ. (കോട്ടയത്തല്ല, ഇടുക്കിയിലാണ് രോഗം സ്ഥിരികരിച്ചതെന്ന് കോട്ടയം ജില്ലാ അധികൃതർ അറിയിച്ചു). ഇതിൽ അഞ്ചുപേർ വിദേശത്തു നിന്നും വന്നതാണ്. മൂന്നുപേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്.

കോഴിക്കോട് ജില്ലയിലെ ഒരു ആരോഗ്യപ്രവർത്തയ്ക്കും കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ രണ്ട് ഹൗസ് സർജന്മാർക്കും രോഗം ബാധിച്ചു. കണ്ണൂർ ജില്ലയിൽ നിന്നുള്ള നാലുപേർ ദുബായിൽ നിന്നും കോട്ടയം ജില്ലയിലെ ഒരാൾ ഓസ്ട്രേലിയയിൽ നിന്നും വന്നവരാണ്.

പാലക്കാട് ജില്ലയിൽ നിന്നുള്ള ഒരാളാണ് ഇന്നലെ രോഗമുക്തി നേടിയത്. ഇതോടെ 308 പേർ ഇതുവരെ രോഗമുക്തരായി. 127 പേരാണ് വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളത്. 29,150 പേർ നിരീക്ഷണത്തിലുണ്ട്. 95 പേരെ ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ആരോഗ്യ പ്രവർത്തകരെ ആക്രമിച്ചാൽ ഏഴു വർഷം വരെ ജയിൽ

കേന്ദ്ര സർക്കാർ ഓർഡിനൻസിന്

ന്യൂഡൽഹി: കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്ന ഡോക്റ്റർമാരും നഴ്സുമാരും അടക്കം ആരോഗ്യ പ്രവർത്തകർ ആക്രമിക്കപ്പെടുന്നതു തടയാൻ ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ ഓർഡിനൻസ് കൊണ്ടുവരുന്നു. ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം ഇതിന് അനുമതി നൽകി. ഓർഡിനൻസ് പ്രകാരം ആരോഗ്യ പ്രവർത്തകർക്കെതിരായ ആക്രമണങ്ങൾ ജാമ്യമില്ലാ കുറ്റമായി കണക്കാക്കുമെന്ന് മന്ത്രിസഭാ യോഗത്തിനു ശേഷം കേന്ദ്രമന്ത്രി പ്രകാശ് ജാവഡേക്കർ മാധ്യമ പ്രവർത്തകരോടു പറഞ്ഞു.

ആരോഗ്യ പ്രവർത്തകർക്ക് ആക്രമണത്തിൽ പരുക്കേൽക്കുകയോ സ്വത്ത് നാശമുണ്ടാവുകയോ ചെയ്താൽ അക്രമികളിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കും. 1897ലെ പകർച്ചവ്യാധി പ്രതിരോധ നിയമം ഭേദഗതി ചെയ്യുന്നതാണ് ഓർഡിനൻസ്. കേസുകളുടെ ഗൗരവമനുസരിച്ച് സാധാരണ കുറ്റങ്ങളിൽ മൂന്നു മാസം മുതൽ അഞ്ചു വർഷം വരെ തടവുശിക്ഷയും 50,000 മുതൽ രണ്ടു ലക്ഷം വരെ രൂപ പിഴയും ലഭിക്കാവുന്നതാവും പുതിയ ഭേദഗതി. പരുക്കുകൾ ഗുരുതരമായ, അതീവ ഗൗരവമുള്ള കുറ്റകൃത്യങ്ങളിൽ ആറു മാസം മുതൽ ഏഴു വർഷം വരെ ജയിൽ ശിക്ഷയും ഒരു ലക്ഷം മുതൽ അഞ്ചു ലക്ഷം വരെ രൂപ പിഴയും വ്യവസ്ഥ ചെയ്യുന്നുണ്ട്.

ആരോഗ്യ പ്രവർത്തകരുടെ വാഹനങ്ങൾക്കോ ക്ലിനിക്കുകൾക്കോ കേടുപാടു സംഭവിച്ചാൽ നശിപ്പിക്കപ്പെടുന്ന വസ്തുവിന്റെ വിപണി വിലയുടെ ഇരട്ടി കുറ്റക്കാർ നൽകണം. 30 ദിവസം കൊണ്ട് പൊലീസ് കേസിൽ അന്വേഷണം പൂർത്തിയാക്കണമെന്നും ഓർഡിനൻസ് വ്യക്തമാക്കുന്നു. കോടതികൾ ഒരു വർഷത്തിനുള്ളിൽ വിധി പറയണം.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യ പ്രവർത്തകർക്കു നേരേ ആക്രമണങ്ങളുണ്ടായ പശ്ചാത്തലത്തിലാണ് കേന്ദ്ര സർക്കാരിന്റെ നീക്കം. ഇത്തരം ആക്രമണങ്ങൾ തടയാൻ ഓർഡിനൻസ് കൊണ്ടുവരണമെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐഎംഎ) ആവശ്യപ്പെട്ടിരുന്നു. പ്രതിഷേധത്തിന്റെ ഭാഗമായി ഇന്നലെ അവർ വൈറ്റ് അലെർട്ട് പ്രഖ്യാപിച്ചിരുന്നു. സർക്കാരിന്റെ ഭാഗത്തുനിന്ന് അനുകൂലമായ തീരുമാനമുണ്ടായില്ലെങ്കിൽ ശക്തമായ പ്രതിഷേധ പരിപാടികളുമായി മുന്നോട്ടുപോകുമെന്നും മുന്നറിയിപ്പു നൽകിയിരുന്നു.

ഈ പശ്ചാത്തലത്തിൽ ഇന്നലെ രാവിലെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ആരോഗ്യ മന്ത്രി ഡോ. ഹർഷ വർധനും ഡോക്റ്റർമാരുടെ പ്രതിനിധികളുമായി വിഡിയോ കോൺഫറൻസിങ് വഴി ചർച്ച നടത്തി. ജോലിസ്ഥലത്ത് ഡോക്റ്റർമാരുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ വിട്ടുവീഴ്ചയുണ്ടാവില്ലെന്ന് അമിത് ഷാ ഉറപ്പു നൽകി. ഈ സമയത്ത് ഡോക്റ്റർമാരുടെ ഭാഗത്തുനിന്ന് പ്രതീകാത്മക പ്രതിഷേധം പോലും ഉണ്ടാവരുതെന്ന ഷായുടെ അഭ്യർഥന മാനിച്ച് ഐഎംഎ പ്രതിഷേധ പരിപാടികൾ പിൻവലിച്ചു.

ആരോഗ്യ പ്രവർത്തകരെ സംരക്ഷിക്കും: മോദി

ന്യൂഡൽഹി: ആരോഗ്യ പ്രവർത്തകരെ സംരക്ഷിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡോക്റ്റർമാരുൾപ്പെടെ ആരോഗ്യപ്രവർത്തകരെ ആക്രമിക്കുന്നവർക്കു കടുത്ത ശിക്ഷ ഉറപ്പാക്കുന്ന ഓർഡിനൻസ് കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകരിച്ചതിനു പിന്നാലെയാണ് പ്രധാനമന്ത്രി നിലപാടു പ്രഖ്യാപിച്ചത്. പുതിയ നിയമം ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കും. കൊവിഡ് 19നോട് മുന്നിൽ നിന്നു പൊരുതുന്ന മുഴുവൻ ആരോഗ്യപ്രവർത്തകരെയും സർക്കാർ സംരക്ഷിക്കുമെന്നും അവരുടെ സുരക്ഷയിൽ വിട്ടുവീഴ്ചയില്ലെന്നും മോദി ട്വിറ്ററിൽ കുറിച്ചു. അതിനുള്ള നടപടിയാണ് ഓർഡിനൻസെന്നും അദ്ദേഹം.

ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കാൻ സംസ്ഥാനങ്ങൾക്കു നിർദേശം

ന്യൂഡൽഹി: ഡോക്റ്റർമാരടക്കം ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ സുരക്ഷ ഉറപ്പാക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം സംസ്ഥാന സർക്കാരുകൾക്കു നിർദേശം നൽകി. രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ആരോഗ്യ പ്രവർത്തകർ ആക്രമിക്കപ്പെട്ടതും കൊവിഡ് ബാധിച്ചു മരിച്ച ഡോക്റ്ററുടെ സംസ്കാരം നടത്തുന്നതിനെതിരേ പ്രതിഷേധങ്ങളുണ്ടായതും കേന്ദ്ര ആഭ്യന്തര സെക്രട്ടറി അജയ് ഭല്ല സംസ്ഥാന ചീഫ് സെക്രട്ടറിമാർക്കയച്ച കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഇത്തരം കേസുകളിൽ വേണ്ടത്ര സുരക്ഷയൊരുക്കുകയും അക്രമികൾക്കെതിരേ ശക്തമായ നടപടി സ്വീകരിക്കുകയും വേണം. ഡോക്റ്റർമാരുടെ പ്രവർത്തനത്തിനു സുരക്ഷാ ഭീഷണിയുണ്ടാകുന്ന സാഹചര്യം നേരിടാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന നോഡൽ ഓഫിസർമാരെ സംസ്ഥാന, ജില്ലാ തലങ്ങളിൽ നിയോഗിക്കണമെന്നും നിർദേശം.

കൊവിഡ് പ്രതിരോധം: 15,000 കോടിയുടെ പാക്കെജിന് അംഗീകാരം

ന്യൂഡൽഹി: കൊവിഡ് 19 പ്രതിരോധത്തിനുള്ള 15,000 കോടി രൂപയുടെ പാക്കെജിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. 'ഇന്ത്യ കൊവിഡ്- 19 അടിയന്തര പ്രതികരണ, ആരോഗ്യ സംവിധാന സജ്ജീകരണ പദ്ധതി'ക്കാണ് അംഗീകാരം. മൂന്നുഘട്ടങ്ങളിലായാകും തുക വിനിയോഗിക്കുക. അടിയന്തര ആവശ്യങ്ങൾക്ക് 7,774 കോടി രൂപ ചെലവഴിക്കും. ബാക്കി തുക നാലു വർഷത്തിനിടെ ചെലവഴിക്കും.

ദ്രുത പ്രതികരണത്തിലൂടെ ചികിത്സാ- പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയും പ്രത്യേക ആശുപത്രികൾ സജ്ജമാക്കിയും കൊവിഡ് വ്യാപന വേഗം കുറയ്ക്കുകയും വ്യാപനം നിയന്ത്രിക്കുകയുമാണു പാക്കെജിന്റെ മുഖ്യ ലക്ഷ്യം. അവശ്യചികിത്സാ ഉപകരണങ്ങളുടെയും മരുന്നുകളുടെയും സംഭരണത്തിനു കേന്ദ്രീകൃത സംവിധാനം, ഭാവിയിലുണ്ടായേക്കാവുന്ന വ്യാപനം തടയാൻ കേന്ദ്ര-സംസ്ഥാന ആരോഗ്യമേഖലകളിൽ വേണ്ട ക്രമീകരണങ്ങൾ, ജൈവസുരക്ഷാ ഒരുക്കങ്ങൾ, ഗവേഷണം തുടങ്ങിയവയും പദ്ധതിയുടെ ലക്ഷ്യങ്ങൾ.

കേന്ദ്ര ആരോഗ്യകുടുംബ ക്ഷേമ മന്ത്രാലയത്തിനു കീഴിലാണ് ഇതിനുള്ള ഇടപെടലുകളും സംരംഭങ്ങളും നടപ്പാക്കുക. ആദ്യഘട്ടത്തിൽ മറ്റു മന്ത്രാലയങ്ങളുടെയെല്ലാം സഹകരണത്തോടെ നിരവധി പ്രവർത്തനങ്ങൾ കേന്ദ്ര ആരോഗ്യ മന്ത്രാലയം നടത്തിയെന്നും കേന്ദ്രം.

പ്രത്യേക കൊവിഡ് ആശുപത്രികൾ, ആരോഗ്യകേന്ദ്രങ്ങൾ, കൊവിഡ് പരിചരണ കേന്ദ്രങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കാൻ പദ്ധതിക്കു കീഴിൽ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമായി 3,000 കോടി രൂപ അധികമായി അനുവദിച്ചു. ക്വാറന്റൈൻ, ഐസൊലേഷൻ, പരിശോധന, ചികിത്സ, രോഗനിയന്ത്രണം, രോഗമുക്തി, സാമൂഹിക അകലം, നിരീക്ഷണം എന്നിവയ്ക്കായുള്ള വിശദമായ മാർഗനിർദേശങ്ങളും പെരുമാറ്റച്ചട്ടവും ഉപദേശങ്ങളും നൽകി.

ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി വേർതിരിച്ച് പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് അവിടെ ആവശ്യമായ നിയന്ത്രണങ്ങൾ നടപ്പാക്കി. പരിശോധനാലാബുകളുടെ ശൃംഖല വിപുലീകരിച്ച് നമ്മുടെ പരിശോധനാശേഷി അനുദിനം വർധിപ്പിക്കുകയാണെന്നും കേന്ദ്രം.

'അവരവരുടെ ശീലംവച്ച് മറ്റുള്ളവരെ അളക്കരുത്'

മടിയിൽ കനമുള്ളവനേ വഴിയിൽ പേടിക്കേണ്ടതുള്ളൂ: മുഖ്യമന്ത്രി

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: "അവരവരുടെ ശീലം വച്ച് മറ്റുള്ളവരെ അളക്കാൻ പുറപ്പെടരുത്. ഓരോരുത്തർക്കും അവരവരുടേതായ ശീലങ്ങളുണ്ടാവും. ആ ശീലത്തോടെ വളർന്നുവന്നവനല്ല ഇവിടിരിക്കുന്നത്..."- പ്രതിപക്ഷത്തിന് ശക്തമായ മറുപടി നൽകിയ മുഖ്യമന്ത്രി പിണറായി വിജയൻ, സ്പ്രിംക്ലർ ഇടപാടിൽ തെളിവുകൾ കൊണ്ടുവരാനുള്ള വെല്ലുവിളി ഇന്നലത്തെ വാർത്താ സമ്മേളനത്തിലും ആവർത്തിച്ചു. അമെരിക്കൻ സന്ദർശനത്തിന് പോയപ്പോൾ സ്പ്രിംക്ലർ ഇടപാടിനെക്കുറിച്ച് ചർച്ച നടത്തിയിരുന്നോ എന്ന ചോദ്യത്തിനായിരുന്നു ഈ മറുപടി.

'അതിനകത്തേക്ക് ഞാനിപ്പോൾ കടക്കുന്നില്ല. അത്തരത്തിലുള്ള എന്തെങ്കിലും വിളിച്ചുപറഞ്ഞാൽ അതിനു മറുപടി പറയാൻ എനിക്കിപ്പോൾ നേരമില്ലെന്ന് നേരത്തേ പറഞ്ഞതാണ്. എനിക്കീ കാര്യത്തിൽ ഒരാശങ്കയുമില്ല. മടിയിൽ കനമുള്ളവനേ വഴിയിൽ പേടിക്കേണ്ടതുള്ളൂ. ആ ഒരു ധൈര്യം തന്നെയാണ് ഇതേവരെ എന്റെ ജീവിതത്തിലുള്ളത്. ഇനി അങ്ങോട്ടും അങ്ങനെ തന്നെ. ഇതു സംബന്ധിച്ച് തെളിവുണ്ടെങ്കിൽ ആക്ഷേപമുന്നയിക്കുന്നവർ കൊണ്ടുവരട്ടെ'- മകളുടെ കമ്പനിയുമായി ബന്ധപ്പെട്ട ചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി പറഞ്ഞു. എകെജി സെന്ററിന്റെ വിലാസത്തിലാണ് മുഖ്യമന്ത്രിയുടെ മകൾ കമ്പനി രജിസ്റ്റർ ചെയ്തതെന്ന ആരോപണത്തെ 'അസംബന്ധമായ കാര്യങ്ങൾ' എന്നുപറഞ്ഞ് മുഖ്യമന്ത്രി തള്ളി.

സ്പ്രിംക്ലർ കരാറിനെക്കുറിച്ചുള്ള സിപിഐ ജനറൽ സെക്രട്ടറി ഡി. രാജയുടെ അഭിപ്രായത്തെക്കുറിച്ചുള്ള ചോദ്യത്തിന് 'ഓരോരുത്തർക്കും ഓരോ അഭിപ്രായമുണ്ടാവുമല്ലോ' എന്നായിരുന്നു മറുപടി. 'വിശദീകരണം നൽകിയപ്പോൾ വസ്തുതയെക്കാൾ വിവാദങ്ങളാണ് ചിലർക്ക് താല്പര്യം. വിവാദങ്ങൾ എങ്ങനെയെങ്കിലും പെരുപ്പിക്കണം. അതല്ലേ വസ്തുത?'- മുഖ്യമന്ത്രി ആരാഞ്ഞു.

"അന്വേഷണാത്മക മാധ്യമപ്രവർത്തന രീതിയിൽ പ്രവർത്തിക്കുന്ന നിങ്ങൾക്ക് സ്പ്രിംക്ലർ ഇടപാടിൽ എന്തെങ്കിലും കണ്ടെത്താൻ കഴിഞ്ഞോ? ബോധപൂർവ്വം ചില കാര്യങ്ങൾ ഉയർത്തിക്കൊണ്ടുവരുമ്പോൾ മറുപടി പറഞ്ഞ് സമയം കളയാനില്ല. കൃത്യമായ അതിഗൂഢമായ രാഷ്ട്രീയ ഉദ്ദേശ്യത്തോടെയാണത്. വലിയ വേട്ടയാടൽ നടന്ന ഘട്ടത്തിൽപോലും എന്താണ് ഇക്കൂട്ടർ ആലോചിക്കുന്നതെന്ന് അറിയുമായിരുന്നു. ഇതൊന്നും ഇക്കാലത്ത് രഹസ്യമല്ല. നിങ്ങൾ ഗൂഢാലോചന നടത്തി ആക്രമിക്കാൻ പുറപ്പെടാൻ മുമ്പു തന്നെ കാര്യങ്ങൾ അറിയാനാവും. ഈ വിവാദത്തിൽ വേറെ ആളുകളുണ്ടെന്ന് ഞാൻ പറഞ്ഞത് ഇപ്പോൾ പുറത്തുവന്നിരിക്കുകയാണ്. ചില ശക്തികൾ ഇതിനായി ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്. അവർക്കൊന്നും മറുപടി പറഞ്ഞ് സമയം കളയാൻ ഞാനില്ല. കഴിഞ്ഞ ദിവസം നിങ്ങളുടെ ചോദ്യം തടഞ്ഞു എന്നൊക്കെ വാർത്ത വന്നല്ലോ. ഏതെങ്കിലും ഘട്ടത്തിൽ നിങ്ങളുടെ ചോദ്യം ഞാൻ തടഞ്ഞോ? ഞാൻ സമ്മതിച്ചു വന്ന ഘട്ടത്തിൽ ഏതെങ്കിലും ചോദ്യത്തിൽ നിന്ന് ഞാൻ മാറിപ്പോയോ? ഞാൻ ഏതെങ്കിലും വഴിക്കു പോവുമ്പോൾ മൈക്കും പിടിച്ചുവന്നാൽ സമ്മതിച്ചിട്ടില്ല. എന്നിട്ട് എത്രമാത്രം മോശമായ രീതിയിലാണ് വസ്തുതകൾ തിരിച്ചുവിടുന്നത്' - മുഖ്യമന്ത്രി പറഞ്ഞു.

ഹൈക്കോടതി കഴിഞ്ഞ ദിവസം സ്പ്രിംക്ലർ കരാറിനെപ്പറ്റി ചില ചോദ്യങ്ങൾ ചോദിച്ചത് ആ കേസുമായി ബന്ധപ്പെട്ട വിവരശേഖരണത്തിന്റെ ഭാഗമാണ്. അത് ഏതു കോടതിയും സ്വാഭാവികമായി ചെയ്യുന്നതാണ്. ഇടപാടിൽ ഗൗരവമായ ചില പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവന്നപ്പോഴാണ് അത്തരം കാര്യങ്ങൾ വിശദമായി പഠിക്കാൻ വിദഗ്ധ സമിതിയെ വച്ചത്. അതിലെ രണ്ടുപേരും വലിയ പ്രാവീണ്യവും അംഗീകാരവും നേടിയവരാണ്. രാഷ്ട്രീയ ആക്രമണങ്ങൾ രാഷ്ട്രീയക്കാർ തമ്മിലാവുമ്പോൾ വലിയ പ്രശ്നമില്ല. എന്റെ നേരെ, അല്ലെങ്കിൽ എന്റെ മറ്റാരെയെങ്കിലും ഉൾപ്പെടുത്തി ആക്രമിച്ചോളൂ. അതല്ലല്ലോ ഉദ്യോഗസ്ഥരുടെ നില. ഉദ്യോഗസ്ഥരെ ഇങ്ങനെ ലക്ഷ്യമിട്ട് ആക്രമിക്കുന്നത് ശരിയായ നിലയാണോ?- മുഖ്യമന്ത്രി ചോദിച്ചു.

ലോക ഭൗമദിനമായ ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയന്റെ തിരുവനന്തപുരത്തെ ഔദ്യോഗിക വസതിയിൽ അദ്ദേഹത്തിന്റെ ഭാര്യ കമല മരച്ചീനിക്കമ്പ് നട്ട് വെള്ളമൊഴിക്കുന്നു. മുഖ്യമന്ത്രി സമീപം.

സ്വർണം

ഗ്രാം	- 4,175
പവൻ	- 33,400

മെട്രൊ മാധ്യം

തട്ടിക്കൂട്ട് കരാർ അന്വേഷിക്കുന്നതിന് തട്ടിക്കൂട്ട് സമിതിയെന്ന് രമേശ് ചെന്നിത്തല.

തട്ടീം മുട്ടീം എത്രനാളിങ്ങനെ പോകുമെന്ന് നാട്ടുകാർ..!

www.facebook.com/metrovaarthaofficial

പിപിഇ കിറ്റ് വിതരണം ചെയ്തു

തലശേരി : കൊവിഡ് - 19 നെതിരേ സംസ്ഥാനം പൊരുതുമ്പോൾ കൈത്താങ്ങുമായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും. ഏറ്റവും കൂടുതൽ കൊവിഡ് രോഗം ടെസ്റ്റു ചെയ്യുകയും രോഗികളെ ചികിത്സിക്കുകയും ചെയ്യുന്ന തലശേരിയിലെ ആരോഗ്യ പ്രവർത്തകർക്ക് ഒരു ലക്ഷം രൂപയുടെ പിപിഇ കിറ്റുകൾ സമ്മാനിച്ചിരിക്കുകയാണ് തലശേരി ഐഎംഎ പ്രസിഡന്റ് ഡോ. സജീവും സെക്രട്ടറി ഡോ. ജയകൃഷ്ണൻ നമ്പ്യാരുമാണ് ആരോഗ്യപ്രവർത്തകർക്കായി കരുതലിന്റെ കരങ്ങൾ നീട്ടിയിരിക്കുന്നത്. കണ്ണൂർ സബ്കലക്റ്ററും തലശേരി ജനറൽ ആശുപത്രി മെഡിക്കൽ സൂപ്രണ്ടും ചേർന്ന് പിപിഇ കിറ്റുകൾ ഏറ്റുവാങ്ങി. രോഗികളുടെ ആരോഗ്യം സംരക്ഷിക്കുന്നതുപോലെ പ്രധാനമാണ് ആരോഗ്യ പ്രവർത്തകരുടെ ആരോഗ്യ സംരക്ഷണവും എന്ന സന്ദേശം ഉയർത്തിപ്പിടിച്ചാണ് ഡോ. സജീവും ഡോ. ജയകൃഷ്ണൻ നമ്പ്യാരും പിപിഇ കിറ്റുകൾ സമ്മാനിച്ചിരിക്കുന്നത്.

വ്യാപാര സ്ഥാപനം അടപ്പിച്ചു

മഞ്ചേരി: ലോക് ഡൗൺ ലംഘിച്ച് തുറന്ന കൂൾബാർ ആൻഡ് ടീസ്റ്റാൾ ആരോഗ്യ വകുപ്പ് അടപ്പിച്ചു.ആനക്കയത്ത് പുളിങ്ങേൽ,മണ്ണമ്പാറ, കിഴക്കുപറമ്പ് എന്നിവിടങ്ങളിൽ നിയമം ലംഘിച്ച് തുറന്ന് പ്രവർത്തിക്കുകയും, കടയിൽ ആളുകളെ ഇരുത്തി, ചായ, കാപ്പി, എണ്ണപ്പലഹാരങ്ങൾ, സർബത്ത് എന്നിവ വില്പന നടത്തുകയും ചെയ്ത മൂന്ന് കടകളാണ് ഇന്ന് അടച്ചിച്ചത്. പന്തലൂർ പുളിക്കലിലുള്ള മറ്റൊരു പലചരക്ക് കടയിൽ നിന്ന് പഴകിയ സംഭാരം, അനധികൃതമായി സൂക്ഷിച്ച മാംസം, സിപ്‌അപുകൾ എന്നിവയും പിടിച്ചെടുത്ത് നശിപ്പിച്ചു.കിഴക്കുപറമ്പിൽ അനധികൃതമായി തുറന്നു പ്രവർത്തിച്ച കൂൾബാറാണ് നിർത്തിവെപ്പിച്ചത്.

ഇവർക്കെതിരേ 2000 രൂപ വീതം പിഴ ചുമത്താൻ ഗ്രാമപഞ്ചായത്തിന് ശുപാർശ നൽകിയിട്ടുണ്ടു്. പരിശോധനക്ക് ഹെൽത്ത് ഇൻസ്പെക്ടർ പി.ഉണ്ണികൃഷ്ണൻ, ജൂനിയർ എച്ച്.ഐ.മാരായ കെ.വി.സജീവ്, പി.അബദുറഷീദ്, കെ.ടി.വിനോദ് കുമാർ എന്നിവർ നേതൃത്വം വഹിച്ചു.

പ്രതിഷേധ ജ്വാല

തലശേരി : സർക്കാർ പ്രഖ്യാപിച്ച കുടുംബശ്രീ വഴിയുള്ള 2000 കോടി വായ്പ പദ്ധതിയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് വായ്പ എത്രയും വേഗം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് മഹിള കോൺഗ്രസ് സംസ്ഥാന വ്യാപകമായി പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു. ലോക് ഡൗൺ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് സ്വന്തം വീടുകളിൽ ജ്വാല തെളിയിച്ചാണ് പ്രതിഷേധ പരിപാടി സംഘടിപ്പിച്ചത്.തലശേരിയിൽ നടന്ന പരിപാടി സ്വന്തം വീട്ടിൽ ജ്വാല തെളിയിച്ച് കൊണ്ട് നിയോജക മണ്ഡലം പ്രസിഡണ്ട് എ.ഷർമ്മിള ഉദ്ഘാടനം ചെയ്തു.വിവിധ സ്ഥലങ്ങളിൽ നടന്ന പ്രതിഷേധ പരിപാടിക്ക് കെ.ലതിക, പി.കെ സുനിത, അജിത സുരേന്ദ്രൻ എന്നിവർ നേതൃത്വം നൽകി.

പ്രതിഷേധിച്ചു

കുറ്റ്യാടി : കായംകുളത്ത് വച്ച് യൂത്ത് കോൺഗ്രസ് നേതാവ് സുഹൈലിനെ വെട്ടി കൊല്ലാൻ ശ്രമിച്ചവർക്കെതിയെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപെട്ടു കൊണ്ട് കുറ്റ്യാടി, കായക്കൊടി, മരുതോങ്കര മേഖലകളിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർ വീടുകളിൽ പ്രതിഷേധിച്ചു. കൊവിഡ് 19പാശ്ചാത്തലത്തിൽ നിയന്ത്രണം നിലനിൽക്കുന്നതിനാലാണ് വീടുകളിൽ പ്രതിക്ഷേധമുയർത്തിയത്.വിവിധ കേന്ദ്രങ്ങളിൽ ശ്രീജേഷ് ഊരത്ത്, സനൽ വക്കത്ത്,എ.കെ. വിജീഷ്, സിദ്ധാർത്ഥ് നരി കൂട്ടുംചാൽ, അസ്ഹർ കുറ്റ്യാടി എന്നിവർ നേതൃത്വം നൽകി.

നരിപ്പറ്റയിൽ പരിശോധന കർശനമാക്കി

കുറ്റ്യാടി: ലോക്ക് ഡൗണുമായി ബന്ധപ്പെട്ട് നരിപ്പറ്റ പഞ്ചായത്തിൽ പൊലീസ്-ആരോഗ്യ-റവന്യൂ വകുപ്പുകളുടെ സംയുക്ത സ്ക്വാഡ് പരിശോധന കൂടുതൽ കർശനമാക്കി. സാമൂഹിക അകലം പാലിക്കാതെയും, മുഖാവരണമോ മാസ്കോ ധരിക്കാതെ നിർദേശങ്ങൾ ലംഘിച്ച് പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ, അനാവശ്യമായി പുറത്തിറങ്ങുന്ന ടൂ വീലർ ഉൾപ്പെടെയുള്ള വാഹനങ്ങൾ എന്നിവ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ എടുത്തു. കുറ്റ്യാടി പൊലീസ് സ്റ്റേഷനിലെ എ.എസ്.ഐ. ഗിരീഷ് കുമാർ കെ.കെ., നരിപ്പറ്റ വില്ലേജ് ഓഫീസർ സതീഷ് ബാബു, ഹെൽത്ത് ഇൻസ്പെക്ടർ എൻ.കെ.ഷാജി, ജെ.എച്ച്.ഐ. സുബാഷ് സി. എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

ചൂടിൽ നിന്നു രക്ഷ... ലോക് ഡൗണിനെ തുടർന്ന് ഒരു മാസത്തോളമായി സ്വകാര്യ ബസുകൾ സർവീസ് നിർത്തിയിട്ട്. ചൂട് കൂടുതലായതിനാൽ നിർത്തിയിട്ട വാഹനങ്ങളുടെ ടയറുകൾക്ക് തകരാറുകൾ സംഭവിക്കും. മുൻകരുതലിന്റെ ഭാഗമായി കോഴിക്കോട് പന്തീരകാവിൽ നിർത്തിയിട്ട സിറ്റി ബസിന്റെ ടയറുകൾ ടാർപോളിൻ വച്ച് മറച്ചപ്പോൾ. -വിമിത്ത് ഷാൽ.

സേവന രംഗത്ത് പ്രവർത്തിക്കുന്നവരെ ആദരിച്ചു

ബാലുശേരി:കൊറോണക്കാലത്ത് സേവന രംഗത്ത് കർമ നിരതരായവരെ ആദരിച്ച് എൻഎസ്എസ് വെളന്റിയർമാർ. ആരോഗ്യമേഖല, പൊലീസ്, ഫയർ ഫോഴ്സ്, കമ്യൂണിറ്റി കിച്ചണിലെ വൊളന്റിയർമാർ തുടങ്ങി വിവിധ സേവന മേഖലയിൽ പ്രവർത്തിക്കുന്ന സ്വന്തം രക്ഷിതാക്കളെയും കുടുംബാംഗങ്ങളെയും അയൽവാസികളെയുമാണ് വൊളന്റിയർമാർ ആദരിച്ചത്. പൊതു സമൂഹം പലപ്പോഴും ശ്രദ്ധിക്കാതെ പോവുന്ന പല സന്നദ്ധ പ്രവർത്തകരെയും കുട്ടികൾ തിരിച്ചറിഞ്ഞ് ആദരവ് നൽകിയത് വേറിട്ട അനുദവമാണ് നൽകിയത് . ജില്ലയിലെ 13900 വളണ്ടിയർമാർ പരിപാടിയുടെ ഭാഗമായി. ജില്ല കോ ഓർഡിനേറ്റർ എസ് . ശ്രീചിത്ത്, എം സതീഷ് കുമാർ , റഫീക്ക് . കെ. എൻ, മിനി . എ.പി എന്നിവർ നേതൃത്വം നൽകുന്നു.

അതിർത്തിയിൽ ശക്തമായ പരിശോധന തുടരുന്നു

കോഴിക്കോട്: അഴിയൂർ പഞ്ചായത്തിന്റെ മാഹി അതിർത്തിയിൽ വാഹന പരിശോധന കർശനമാക്കി. ജില്ല വിട്ടുള്ള യാത്രകൾ കർശനമായും നിയന്ത്രിച്ചിട്ടുണ്ട്. മുഴുവൻ വാഹനങ്ങളുടെയും വിവരം റോഡ് വിജിൽ എന്ന മൊബൈൽ ആപ്പിൽ ശേഖരിക്കുന്നുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. മെഡിക്കൽ എമർജൻസി, ജില്ലാ കലക്റ്ററുടെ പാസ്സ് എന്നിവ ഉള്ളവരെ മാത്രമേ അതിർത്തിയിൽ കടത്തി വിടുന്നുള്ളൂ. ഇതിനായി ആരോഗ്യ ചെക്ക് പോസ്റ്റും റവന്യൂ ചെക്ക് പോസ്റ്റും പ്രവർത്തിക്കുന്നുണ്ട്.വടകര ഡിവൈഎസ്പി പ്രിൻസ് എബ്രാഹാം, കൺട്രോൾ ഡിവൈഎസ്പി രാഗേഷ് കുമാർ, പൊലീസ് സർക്കിൾ ഇൻസ്പെക്റ്റർ ടി. പി.സുമേഷ്, പഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽ ഹമീദ്, റവന്യൂ ഇൻസ്പെക്റ്റർ ലൗജ എന്നിവർ വാഹന പരിശോധനക്ക് നേതൃത്വം നൽകുന്നു. ചെക്ക് പോസ്റ്റിലെ ജൈവ, അജൈവ മാലിന്യങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംസ്കരിക്കുന്നുണ്ട്.

ചെമ്മാട് വ്യാപാരി വ്യവസായി ഏകോപന സമിതി നടത്തിയ പ്രതിഷേധം

കോഴിക്കോട് രണ്ടുപേർക്ക് കൂടി കൊവിഡ് സ്ഥിരീകീരിച്ചു

കോഴിക്കോട്: ജില്ലയിൽ ഇന്നലെ രണ്ടുപേർക്ക് കൂടി കൊവിഡ് സ്ഥിരീകരിച്ചു. ഇതോടെ ജില്ലയിൽ ആകെ കൊവിഡ് സ്ഥിരീകരിച്ചവരുടെ എണ്ണം 22 ആയി. 11 പേർ രോഗമുക്തരായി ആശുപത്രി വിട്ടതിനാൽ 11 പേരാണ് ചികിത്സയിൽ തുടരുന്നത്. ഇതുകൂടാതെ ഒരു കണ്ണൂർ സ്വദേശിക്കും കോഴിക്കോട് മെഡിക്കൽ കോളെജിൽ ഇന്നലെ കൊവിഡ് സ്ഥിരീകരിച്ചിട്ടുണ്ട്. ചികിത്സയിലുണ്ടായിരുന്ന 4 ഇതര ജില്ലക്കാർ നേരത്തെ രോഗമുക്തരായി ആശുപത്രി വിട്ടിരുന്നു.ഇന്നലെ കൊവിഡ് സ്ഥിരീകരിച്ചവരിൽ ഒരാൾ ഇഖ്റ ഹോസ്പിറ്റലിൽ ഐസിയുവിൽ ജോലി ചെയ്തിരുന്ന നേഴ്സ് ആണ്. ഈ മാസം 11 ന് കൊവിഡ് സ്ഥിരീകരിച്ച എടച്ചേരി സ്വദേശി ഇഖ്റ ആശുപത്രിയിൽ ഉണ്ടായിരുന്ന സമയത്ത് അവരെ പരിചരിച്ചിരുന്നു. അവരുമായുള്ള സമ്പർക്കത്തിൽ നിന്നാണ് ഇവർക്ക് രോഗം പകർന്നതെന്ന് കരുതുന്നു. ഏപ്രിൽ 5, 6, 7, 8 തീയ്യതികളിൽ ഇവർ ഇഖ്റ ആശുപത്രിയിൽ ഐസിയുവിൽ ജോലി ചെയ്തിരുന്നു. 9, 10, 11 തീയതികളിൽ ഇവർ അവധിയിലായിരുന്നു. 11 ന് എടച്ചേരി സ്വദേശിയുടെ കൊവിഡ് പരിശോധനാഫലം പോസിറ്റീവ് അതിനെത്തുടർന്ന് ഈ നഴ്സ് ഉൾപ്പെടെ അദ്ദേഹത്തെ പരിചരിച്ച മുഴുവൻ പേരെയും ക്വാറന്റയിനിലേക്ക് മാറ്റിയിരുന്നു.തുടർന്ന് 20.04.3020 ന് അച്ഛനോടൊപ്പം സ്വന്തം കാറിൽ രാവിലെ 7 മണിക്ക് ഇഖ്റ ഹോസ്പിറ്റൽ വരികയും സ്രവപരിശോധ നടത്തി ഒമ്പതര മണിയോടെ തിരിച്ച് വീട്ടിൽ പോവുകയും ചെയ്തു. ഇന്നലെ പരിശോധനാഫലം പോസിറ്റീവായതിനെ തുടർന്ന് മെഡിക്കൽ കോളെജിലെ കൊവിഡ് ഐസൊലേഷൻ വാർഡിലേക്ക് മാറ്റിയിട്ടുണ്ട്ഇപ്പോൾ രോഗലക്ഷണങ്ങൾ ഒന്നുമില്ല, നില തൃപ്തികരമാണ്.ഇന്നലെ കൊവിഡ് സ്ഥിരീകരിച്ച രണ്ടാമത്തെ വ്യക്തി മെഡിക്കൽ കോളെജിൽ ഹൗസ് സർജൻസി ചെയ്യുന്ന ഡോക്റ്റർ ആണ്. ഇദ്ദേഹം മാർച്ച് 20 ന് നിസാമുദ്ദീൻ ട്രിവാൻഡ്രം എക്സ്പ്രസിൽ യാത്ര ചെയ്ത ആളാണ്. 11.40 ന് ഡൽഹിയിൽ നിന്ന് ട്രെയിനിൽ കയറുകയും മാർച്ച് 22 ന് വൈകിട്ട് 6 30ന് കോഴിക്കോട് റെയിൽവേ സ്റ്റേഷനിലെ പ്ലാറ്റ്ഫോം നമ്പർ ഒന്നിൽ എത്തിച്ചേരുകയും ചെയ്തു. അവിടെ നിന്ന് റെയിൽവേ സ്ക്വാഡ് പരിശോധിക്കുകയും 14 ദിവസം ക്വാറന്റയിനിൽ കഴിയാൻ നിർദ്ദേശിച്ചതു പ്രകാരം ക്വാറന്റയിനിൽ കഴിയുകയുമായിരുന്നുജില്ലയിൽ ഇന്നലെ 1413 പേർ കൂടി വീടുകളിൽ നിരീക്ഷണം പൂർത്തിയാക്കിയതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജയശ്രീ. വി അറിയിച്ചു. ഇതോടെ നിരീക്ഷണ കാലയളവ് പൂർത്തിയാക്കിയവരുടെ എണ്ണം 19,010 ആയി. 3803 പേരാണ് നിരീക്ഷണത്തിൽ ബാക്കിയുള്ളത്. ഇന്നലെ പുതുതായി വന്ന 12 പേർ ഉൾപ്പെടെ ആകെ 28 പേരാണ് ആശുപത്രിയിൽ നിരീക്ഷണത്തിലുള്ളത്. 11 പേരെ ഡിസ്ചാർജ്ജ് ചെയ്തു.

കേന്ദ്ര സർക്കാറിനെതിരേ വ്യാപാരികൾ പ്രതിഷേധിച്ചു

തിരൂരങ്ങാടി: ലോക് ഡൗൺ മൂലം വ്യാപാര സ്ഥാപനങ്ങൾ അടച്ചിട്ട സാഹചര്യത്തിൽ ഓൺലൈൻ വ്യാപാരത്തിന് അനുമതി നൽകിയ കേന്ദ്ര സർക്കാർ നടപടിക്കെതിരേ വ്യാപാരികളുടെ പ്രതിഷേധം. സംസ്ഥാന വ്യാപകമായി കേരളാ വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ പ്രതിഷേധത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കൊണ്ട് ചെമ്മാട് വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ നേതൃത്വത്തിൽ പ്രതിഷേധ സംഗമം നടത്തി.
ലോക് ഡൗൺ മൂലം സാമ്പത്തികമായി തകർന്ന ലക്ഷക്കണക്കിന് വ്യാപാരികളുടെ നട്ടെല്ല് തകർക്കുന്ന ഓൺലൈൻ വ്യാപാര അനുമതി ലോക് ഡൗൺ തീരുന്നത് വരേ മാറ്റിവെക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. വ്യാപാരി ഭാരവാഹികളായ നൗഷാദ് സിറ്റി പാർക്ക്, മൊയ്തീൻ കോയ, സിദ്ധീഖ് പനക്കൽ, അബ്ദുൽ അമർ, മൻസൂർ, അൻസാർ, മലബാർ യൂസുഫ് എന്നിവർ നേതൃത്വം നൽകി.

വിദ്യാർഥികൾക്ക് കൈതാങ്ങായി ഓൺലൈൻ സ്റ്റഡി ഹെൽപ്പ്

കുറ്റ്യാടി: ഓൺലൈൻ സ്റ്റഡി ഹെൽപ് പദ്ധതിയുമായി കായക്കൊടി കെ.പി.ഇ.എസ് ഹയർ സെക്കൻഡറി സ്കൂൾ.രക്ഷിതാക്കളുടെ വാട്സാപ്പ് നമ്പറുകൾ ഉപയോഗിച്ച് വിദ്യാർഥികളെ എട്ട് പേരടങ്ങുന്ന ചെറിയ ഗ്രൂപ്പുകൾ ആയി തിരിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. ഗ്രൂപ്പ്ലീഡർമാരുടെ പ്രത്യേക ഗ്രൂപ്പിൽ ആധ്യാപകർ ആശയ വിനിമയം നടത്തുകയും ലീഡർമാർ അത് അവരുടെ ഗ്രൂപ്പുകളിൽ പങ്ക് വയ്ക്കുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചത്.

പൊതു പരീക്ഷ നടക്കാൻ ബാക്കിയുള്ള വിഷയങ്ങളിലെ പാഠങ്ങളെ ചെറിയ ഭാഗങ്ങളായി തിരിച്ച് പരീക്ഷകളും ചർച്ചകളുമാണ് നടത്തുന്നതെന്ന് പ്രിൻസിപ്പൽ അബൂബക്കർ കെ.കെ , പിടിഎ പ്രസിഡന്റ് സൈനുദ്ധീൻ തെറ്റത്ത് എന്നിവർ അറിയിച്ചു.

ചേലേമ്പ്രയിൽ ക്വാർട്ടേഴ്സിൽ താമസിക്കുന്ന കുടുംബം ദുരിതത്തിൽ

വേലായുധൻ പി. മൂന്നിയൂർ

തേഞ്ഞിപ്പലം: കൊവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ ലോക് ഡൗണിനെ തുടർന്ന് ജോലിയില്ലാതെ ചേലേമ്പ്രയിൽ ഒരു കുടുംബം ദുരിതത്തിൽ. ചേലേമ്പ്ര - ഇടിമുഴിക്കൽ സിഎം കോട്ടേഴ്സിൽ എട്ടു വർഷമായി താമസിക്കുന്ന രാജനും ബുദ്ധി വൈകല്യമുള്ള മകൻ ജിഷ്ണുവും ഭാര്യ രാധയും അടങ്ങിയ കുടുംബമാണ് ജീവിതം തള്ളി നീക്കാൻ പ്രയാസപ്പെടുന്നത്. രാമനാട്ടുകരയിലും പരിസര പ്രദേശങ്ങളിലും രാവും പകലുമായി ലോട്ടറി വില്പനയും പത്ര വിതരണം നടത്തിയുമായിരുന്നു രാജൻ കുടുംബം പുലർത്തിയിരുന്നത്. എന്നാൽ ലോക് ഡൗണിനെ തുടർന്ന് ലോട്ടറി ഇപ്പോൾ നിർത്തിവച്ചതും സായാഹ്നപത്രം പ്രസിദ്ധീകരിക്കാതെ വന്നതും ഏക വരുമാന മാർഗം നിലച്ചു.സന്നദ്ധപ്രവർത്തകരുടെ സഹായം കൊണ്ടാണ് ഈ കുടുംബം ദിവസവും പട്ടിണിയാകാതെ മുന്നോട്ടുപോകുന്നത്. രണ്ടു വർഷം മുൻപ് ഉണ്ടായ അറ്റാക്കിനെ തുടർന്ന് ഭാര്യ രാധ ഇപ്പോഴും ചികിത്സയിലാണ്.

രാജനും കുടുംബവും

ഒരു മാസം 1500 രൂപ വേണം രാധയയ്ക്ക് മരുന്നിന് മാത്രം. രാമനാട്ടുകര ബഡ്സ് സ്കൂളിൽ പഠിക്കുന്ന ബുദ്ധിവൈകല്യമുള്ള മകൻ ജിഷ്ണുരാജിന് മുൻപ് ഷുഗർ കൂടിയിട്ട് നാല് ദിവസം ഐസിയുവിൽ ചികിത്സയിലായിരുന്നു. ഇപ്പോഴും മകൻ പള്ളിക്കൽ പ്രകാശ് ആയുർവേദിക്സിന്റെ ചികിത്സയിലാണ്. കഷായം ഉൾപ്പെടെയുള്ള മരുന്നുകൾ ദിവസേന വേണം. വീടിന്റെ മാസ വാടകയിനത്തിൽ വൻ തുക കുടിശ്ശികയായതും രാജനെ അലട്ടുന്നുണ്ട്. രാജന് സ്വന്തമായി ഒരു വീട് എന്നത് ഇന്നും സ്വപ്നമാണ്. രാജന്റെ മൂത്ത പുത്രൻ ജിതിൻരാജ് നേരത്തെ രോഗം ബാധിച്ചു മരണപ്പെട്ടിരുന്നു. നേരത്തെ ഹാർട്ടറ്റാക്കിനെ തുടർന്ന് മരണത്തെ മുഖാമുഖം കണ്ട ഭാര്യ രാധ തനിക്കെന്തെങ്കിലും സംഭവിച്ചാൽ പിന്നെ മകന്റെ ഭാവിയെക്കുറിച്ചുള്ള ആശങ്കയും ഈ അമ്മയുടെ വാക്കുകളിൽ നിറയുന്നു. റേഷൻ കടയിൽ നിന്ന് അരി ലഭിക്കുന്നതിന് റേഷൻ കാർഡില്ലാത്ത തും കുടുംബത്തിനും ഇരുട്ടടിയായ്.

റിപ്പോർട്ടർമാർക്കുള്ള കൊവിഡ്-19 പ്രതിരോധ ഔഷധക്കിറ്റുകൾ ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസർ ഡോ. കെ.എം. മൻസൂറിൽ നിന്ന് കാലിക്കറ്റ് പ്രസ്ക്ലബ് സെക്രട്ടറി പി.എസ്. രാകേഷും പ്രസിഡന്റ് എം. ഫിറോസ്ഖാനും ചേർന്ന് ഏറ്റുവാങ്ങുന്നു. ഡോ. പി. ചിത്രകുമാർ, ഡോ. മനോജ് കാളൂർ, ഡോ. സുഗേഷ് കുമാർ, ഡോ. സുജീറ നബീൽ, ഡോ. കെ. പ്രവീൺ എന്നിവർ സമീപം

കുടിവെള്ളം നൽകി

തലശേരി : ലോക്ഡൗണിനെ തുടർന്ന് മഞ്ഞോടി കണ്ണിച്ചിറ ജംഗ്ഷനിൽ വാഹന പരിശോധനയിൽ ഏർപ്പെട്ട പിങ്ക് പൊലീസ് ഉദ്യോഗസ്ഥർക്ക് കോൺഗ്രസ് മഞ്ഞോടി മണ്ഡലം പ്രസിഡന്റ് ഇ. വിജയകൃഷ്ണൻ കുടിവെള്ളം നൽകി. എസ്.ഐ പി.നസീമ ഏറ്റുവാങ്ങി. ഡി.സി.സി ജനറൽ സെക്രട്ടറി അഡ്വ. സി. ടി സജിത്തിന്റെ നിർദ്ദേശത്തെ തുടർന്നാണ് കുടിവെള്ളം എത്തിച്ചു നൽകിയത്. സീനിയർ സി. പി.ഒ മാരായ ഒ. കെ സുലേഖ, രമ്യ, ആർ. ശ്രീജ എന്നിവരും ഒപ്പമുണ്ടായിരുന്നു.

നിൽപ്പ് സമരം നടത്തി

പേരാമ്പ്ര : കായംകുളത്ത് യൂത്ത് കോൺഗ്രസ് പ്രവർത്തകൻ സുഹൈൽ ഹസനെ കഴുത്തിന് വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് സംസ്ഥാന കമ്മറ്റിയുടെ ആഹ്വാന പ്രകാരം യൂത്ത് കോൺഗ്രസ് പ്രവർത്തകർ നിൽപ്പ് സമരം നടത്തി. ലോക് ഡൗൺ ആയതിനാൽ പ്രവർത്തകരുടെ വീടുകളിലാണ് സമരം നടത്തിയത്. പേരാമ്പ്ര നിയോജക മണ്ഡലത്തിൽ നടന്ന സമരത്തിന് പ്രസിഡന്റ് എസ്. സുനന്ദ്, വി.ടി. സൂരജ്, കെ.കെ. ജസ്മിന, അർജുൻ കട്ടയാട്ട്, ജസ്റ്റിൻരാജ്, രാജേഷ് തറവട്ടത്ത്, സി.പി സുഹനാദ്, ഫൈസൽ പാലിശ്ശേരി, അനസ് കാരയാട്, അരുൺ പെരുമന, ദാഹിം മുണ്ടിയത്ത്, റംഷാദ് പാണ്ടിക്കോട്, സായൂജ് അമ്പലക്കണ്ടി, ഹാഷിം കാവിൽ, സി.എം പ്രജീഷ്, ടി.എൻ റംഷാദ്, അഭിജിത്ത് ദേവ്, ലിൻസ് ലൂക്കോസ്, ആദിൽ തുറയൂർ, ദിൽഷാദ് തുടങ്ങിയവർ നേതൃത്വം നൽകി.തേഞ്ഞിപ്പലം: യൂത്ത് കോൺഗ്രസ് പ്രവർത്തകർ തേഞ്ഞിപ്പലം പൊലീസ് സ്റ്റേഷനു മുന്നിൽ നിൽപ്പു സമരം നടത്തി.

വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തി

കോഴിക്കോട്: കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, അമിതവില എന്നിവ തടയുന്നതിനായി വടകര സപ്ലൈ ഓഫീസ് പരിധിയിൽ രൂപീകരിച്ച സ്ക്വാഡ് വളയം, വൈക്കിലശ്ശേരി റോഡ്, കളരിയുള്ളതിൽ ക്ഷേത്രം, വെളുത്തമല ഭാഗങ്ങളിൽ റെയ്ഡ് നടത്തി. വളയം അങ്ങാടിയിലെ പഴം, പച്ചക്കറിക്കടകളിൽ അമിത വില ഈടാക്കുന്നതായും വില വിവരപ്പട്ടിക പ്രദർശിപ്പിക്കുന്നില്ലെന്നും കണ്ടെത്തിയതിനെ തുടർന്ന് ഇവിടങ്ങളിൽ പഴത്തിന്റെയും പച്ചക്കറികളുടെയും വില മറ്റിടങ്ങളിലേതുപോലെ കുറപ്പിച്ചു. വില വിവരപ്പട്ടിക പ്രദർശിപ്പിക്കാനും നിർദേശിച്ചു.അളവ് തൂക്ക ഉപകരണം ഉപഭോക്താക്കൾക്ക് എളുപ്പത്തിൽ കണ്ടു ബോധ്യപ്പെടുന്ന സ്ഥലത്തു വച്ച് തൂക്കുന്നതിനും നിർദേശിച്ചു. താലൂക്ക് സപ്ലൈ ഓഫീസർക്ക് പുറമെ റേഷനിങ് ഇൻസ്പെക്റ്റർമാരായ സജീഷ് കെ.ടി, നിജിൻ ടി.വി, ശ്രീധരൻ കെ.കെ., ജീവനക്കാരായ വി.വി പ്രകാശ്, സുനിൽ കുമാർ എസ്, ശ്രീജിത്ത് കുമാർ കെ.പി. എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

കാന്തലാട് വില്ലേജ് ഓഫീസർ അനുപമ ക്ക് പനങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.എം.കമലാക്ഷി ഔഷധ കിറ്റ് നൽകുന്നു.

ആയുർ രക്ഷാ ക്ലിനിക്കുമായി തലയാട് ആയുർവേദ ആശുപത്രി

ബാലുശേരി: കൊറോണ വൈറസ് വ്യാപിക്കുന്നതിനെ തടയാൻ മനുഷ്യരുടെ പ്രതിരോധ ശേഷി(ഇമ്മ്യൂണിറ്റി) വർധിപ്പിക്കുന്നതിന് ആയുർവേദ വകുപ്പിന്റെ നേതൃത്തത്തിൽ ആരംഭിച്ച ആയുർ രക്ഷാ ക്ലിനിക്. ശ്രദ്ധേയമാകുന്നു. ലോക് ഡൗണ് കാലത്ത് ജനങ്ങളുമായി നിരന്തരം ബന്ധപ്പെടേണ്ട പൊലീസ്, വില്ലേജ്, പഞ്ചായത്തു, ഫയർ ഫോഴ്സ്, പൊതു പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവർക്കും മുതിർന്ന പൗരന്മാർക്കുമാണ് പ്രതിരോധ മരുന്ന് വിതരണം ചെയ്യുന്നത്. 21 ദിവസം തുടർച്ചയായി കഴിക്കണം. പനങ്ങാട് പഞ്ചായത്തിലെ ആയുർ രക്ഷ ക്ലിനിക്കിൽ ഉൽഘാടനം കാന്തലാട് വില്ലേജ് ഓഫീസർ അനുപമക്ക് ഔഷധ കിറ്റ് നൽകി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി.എം. കമാലാക്ഷി നിർവഹിച്ചു. വൈസ് പ്രസിഡന്റ് പി. ഉസ്മാൻ, മെഡിക്കൽ ഓഫീസർ ഡോ.മുഹമ്മദ് ടി.കെ.,മെമ്പർ പി.ആർ. സുരേഷ് സംസാരിച്ചു.

ലോക് ഡൗണിൽ സമരം: 29 പേർക്കെതിരേ കേസ്

പേരാമ്പ്ര : ലോക് ഡൗൺ ലംഘിച്ച് വിവിധ രാഷ്ട്രീയ പാർട്ടികൾ നടത്തിയ സമരത്തിലും യോഗത്തിലും പങ്കെടുത്തവർക്കെതിരേ പേരാമ്പ്ര പൊലീസ് കേസെടുത്തു. സ്പ്രിൻംക്ലർ ഇടപാടിനെതിരേ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് ചങ്ങരോത്ത് മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നിൽപ്പു സമരം നടത്തിയിരുന്നു. പഞ്ചായത്തിലെ അഞ്ച് സ്ഥലങ്ങളിലായി നടത്തിയ നിൽപ്പു സമരത്തിൽ പങ്കെടുത്ത 19 പേർക്കെതിരേ ലോക്ഡൗൺ ലംഘനത്തിനെതിരേ കേസെടുത്തു.ലോക് ഡൗണിൽ വീടുകളിൽ പ്രതിഷേധ സമരം നടത്തിയ യൂത്ത് ലീഗ് പ്രവർത്തർക്കെതിരേയും ലോക് ഡൗൺ ലംഘനത്തിനെതിരേ കേസെടുത്തു. ജനങ്ങളുടെ സ്വകാര്യ വിവരങ്ങൾ അമേരിക്കൻ കമ്പനിക്ക് കൈമാറുന്നതിൽ പ്രതിഷേധിച്ച് മുസ്ലീം ലീഗ് സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാന പ്രകാരം നടത്തിയ നട്ടുച്ച പന്തം പരിപാടിയിൽ പങ്കെടുത്ത നാല് പേർക്കെതിരേയാണ് കേസ്. യുവാവിന് കോവിഡ് സ്ഥിരീകരിച്ച ചങ്ങരോത്ത് പഞ്ചായത്തിലെ തോട്ടത്താംകണ്ടിക്ക് സമീപം പാറക്കടവിൽ യോഗം ചേർന്ന വെൽഫെയർ പാർട്ടി പ്രവർത്തകർക്കെതിരേയും പേരാമ്പ്ര പൊലീസ് കേസെടുത്തു. ഇവിടെ ലോക്ഡൗൺ ലംഘനത്തിന് 6 പേർക്കെതിരേയാണ് കേസ് എടുത്തത്.

നഗരത്തിലെ കടകളിൽ ഉദ്യോഗസ്ഥർ പരിശോധന നടത്തി

തലശേരി : നഗരത്തിലെ അവശ്യ സാധന കടകളിൽ താലൂക്ക് ഭരണകൂടം പരിശോധന നടത്തി.ജില്ലാ കലക്ടറുടെ നിർദേശാനുസരണമാണ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയത്. ലോക് ഡൗണിന്റെ പശ്ചാത്തലത്തിൽ അവശ്യ സാധനങ്ങൾ വില കൂട്ടി വിൽക്കുന്നതായി പരാതി ഉയർന്ന സാഹചര്യത്തിലാണ് കടകളിൽ പരിശോധന നടന്നത് . സാധനങ്ങളുടെ വില നിലവാര പട്ടിക പുറത്ത് പ്രദർശിപ്പിക്കുക, കുപ്പി വെള്ളത്തിന് അമിത വില ഈടാക്കിയാൽ 5000 രൂപ പിഴ ഈടാക്കുക തുടങ്ങിയ മുന്നറിയിപ്പുകൾ നൽകി. അവശ്യ സാധനങ്ങളുടെ ലഭ്യത കുറവ്, അമിത വില, ഉണക്ക് മത്സ്യങ്ങളുടെ ഗുണനിലവാരം എന്നിവ പരിശോധിച്ചു.ബുധനാഴ്ചത്തെ പരിശോധനയിൽ ക്രമരഹിതമായി ഒന്നും കണ്ടെത്തിയിട്ടില്ലെന്നും വരും ദിവസങ്ങളിലും പരിശോധന തുടരുമെന്നും അറിയിച്ചു. തലശേരി താലൂക്ക് സപ്ലൈ ഓഫീസർ കെ.എം ഉദയൻ ,ഡപ്യൂട്ടി തഹസിൽദാർ വി.മനോജ്, റവന്യൂ ഉദ്യോഗസ്ഥരായ ഷിബു ഉച്ചുമ്മൽ, സജാദ്, ഷാജി എന്നിവരും പരിശോധന സംഘത്തിലുണ്ടായിരുന്നു.

കർഷക സംഘത്തിന്റെ നേതൃത്വത്തിൽ മൊകേരിയിൽ നടന്ന പ്രതിഷേധം

പ്രതിഷേധം സംഘടിപ്പിച്ചു

കുറ്റ്യാടി: ലോക്ക് ഡൗണിനെ തുടർന്ന് പട്ടിണിയിലായ കർഷകർക്കും തൊഴിലാളികൾക്കും ഭക്ഷണവും പണവും എത്തിക്കുക, സമഗ്രമായ സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കുക, തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉന്നയിച്ച് കേന്ദ്ര സർക്കാരിനെതിരെ യുള്ള അഖിലേന്ത്യാ പ്രക്ഷോഭത്തിന്റെ ഭാഗമായി കർഷകസംഘം കുന്നുമ്മൽ ഏരിയാ കമ്മിറ്റി മൊകേരിയിൽ പ്രതിഷേധം സംഘടിപ്പിച്ചു. ടി.കെ. മോഹൻദാസ്, കെ.പി.ചന്ദ്രി, പി.നാണു, കെ.പി.ശ്രീധരൻ, കെ.ഗനീഷ് എന്നിവർ പങ്കെടുത്തു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 111 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

വിവിധ ജില്ലകളിൽ ചികിത്സയിലുള്ളവർ



ഇന്ത്യ

ആദ്യ 15 സംസ്ഥാനങ്ങൾ
ആകെ രോഗബാധിതർ 15589
ഭേദമായവർ 3959
മരണം 652



ലോകം

ആകെ രോഗബാധിതർ 25,85,197
ഭേദമായവർ 7,05,718
മരണം 1,79,839



ആരോഗ്യ ഓർഡിനൻസിനെ സ്വാഗതം ചെയ്ത് മുഖ്യമന്ത്രി

തിരുവനന്തപുരം: ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കാൻ കേന്ദ്ര ഗവൺമെന്റ് ഓർഡിനൻസ് പുറപ്പെടുവിച്ചതിനെ സ്വാഗതം ചെയ്യുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

കേരളത്തിൽ ഏറ്റവും കൂടുതൽ രോഗികൾ ചികിത്സയിലുള്ള ജില്ലയെന്ന നിലയിൽ കണ്ണൂരിൽ നിയന്ത്രണങ്ങൾ കർശനമാക്കിയിട്ടുണ്ട്. പൊലീസ് പരിശോധനയും ശക്തമാക്കി. ഇതിന് ഫലം കണ്ടിട്ടുണ്ട്. വാഹനങ്ങൾ പുറത്തിറങ്ങുന്നതിൽ കാര്യമായ കുറവുണ്ട്. ഹോട്ട്സ്പോട്ടായി പ്രഖ്യാപിച്ച തദ്ദേശസ്ഥാപന പരിധിയിലെ പ്രദേശങ്ങൾ പൂർണമായി സീൽ ചെയ്തു.

നിയന്ത്രണം ലംഘിച്ച് നിരത്തലിറങ്ങിയതിന് ഇന്നലെ 437 കേസുകൾ രജിസ്റ്റർ ചെയ്തു. 347 വാഹനങ്ങൾ പിടിച്ചെടുത്തു. ഹോട്ട് സ്പോട്ട് ഒഴികെയുള്ള സ്ഥലങ്ങളിലും ജനങ്ങൾ പരമാവധി വീടുകളിൽ കഴിയണം. അവശ്യ വസ്തുക്കൾ ഹോം ഡെലിവെറിയായി എത്തിക്കുന്നത് ജില്ല മുഴുവൻ വ്യാപിപ്പിക്കും.

മറ്റു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലൂടെ ആളുകൾ കേരളത്തിലേക്കും തിരിച്ചും കടക്കുന്നത് പൂർണമായും തടയും. ചരക്കു വാഹനങ്ങൾ ഉൾപ്പെടെ എല്ലാത്തരം വാഹനങ്ങളും വിശദമായി പരിശോധിക്കുന്നു. കണ്ടെയ്നർ ലോറികളും അടച്ചുപൂട്ടിയ വാഹനങ്ങളും മുഴുവനായി തുറന്നുപരിശോധിച്ച് യാത്രക്കാർ അകത്തില്ലെന്നു ഉറപ്പാക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഭക്ഷ്യ സുരക്ഷ: കാർഷിക മേഖലയെ നവീകരിക്കും

● ഒരാഴ്ചയ്ക്കകം കർമപദ്ധതി

തിരുവനന്തപുരം: കൊവിഡ് അനന്തര കാലത്തെ പ്രധാന വെല്ലുവിളി ഭക്ഷ്യ സുരക്ഷയായിരിക്കുമെന്ന് തിരിച്ചറിഞ്ഞ് കാർഷിക നവീകരണത്തിന് സംസ്ഥാന സർക്കാർ ബൃഹദ് പദ്ധതി തയാറാക്കുന്നു. കൃഷി, കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, പന്നി, ആട്, പോത്ത് വളർത്തൽ, മത്സ്യകൃഷി, വൈവിധ്യവൽക്കരണം എന്നിവയ്ക്ക് പ്രാധാന്യം നൽകി ഭാവി പ്രതിസന്ധിയെ മറികടക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും കൃഷി ചെയ്യുന്നവർക്ക് കൂടുതൽ വരുമാനമുണ്ടാക്കാനുമുള്ള പദ്ധതിക്ക് ഒരാഴ്ചയ്ക്കകം രൂപം നൽകാനാണ് തീരുമാനം. അടുത്ത ബുധനാഴ്ച വീണ്ടും യോഗം ചേർന്ന് കർമപദ്ധതിക്ക് അവസാന രൂപം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

- തരിശുനിലങ്ങളിൽ പൂർണമായും കൃഷിയിറക്കും.
- ഉടമകൾ കൃഷിയിറക്കുന്നത് പ്രോത്സാഹിപ്പിക്കും.
- മണ്ണിൽ മാത്രമാണ് കൃഷി എന്ന സങ്കൽപം മാറ്റും.
- മുട്ട, മാംസം ഉൽപാദനത്തിൽ സ്വയംപര്യാപ്തത.
- ഒരു വീട്ടിൽ അഞ്ചു കോഴി പദ്ധതി.
- സഹകരണ സംഘങ്ങൾ മുഖേന പുതിയ ദൗത്യങ്ങൾക്ക് വായ്പ.
- ഇതിനായി നബാർഡിന്റെ സഹായം തേടും.
- ഒരു കുടുംബത്തിൽ രണ്ട് പശു പദ്ധതി. പഞ്ചായത്ത് തലത്തിൽ പശു ഫാം.
- കേരള ചിക്കൻ പദ്ധതിയിൽ ഈ വർഷം 200 ഔട്ട്ലെറ്റുകൾ.
- കുടുംബശ്രീക്ക് ഇറച്ചിക്കോഴി സംസ്കരണ പ്ലാന്റ്.
- ആധുനിക പാൽപ്പൊടി പ്ലാന്റും ബാഷ്പീകരണ പ്ലാന്റും.
- കറവയന്ത്രങ്ങൾക്കുള്ള സബ്സിഡി വർധിപ്പിക്കും.
- 15,000 ഏക്കറിൽ കാലിത്തീറ്റ കൃഷി.
- മത്സ്യ വിതരണശൃംഖലയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ.
- വലിയ ജലാശയങ്ങളിൽ ഉൾനാടൻ മത്സ്യകൃഷി.
- മത്സ്യമേഖലയിലെ സ്ഥാപന വായ്പയ്ക്ക് പുതിയ വായ്പാനയം.
- മീൻപിടിത്തക്കാർക്ക് വിവരങ്ങളെത്തിക്കാൻ സാങ്കേതിക സംവിധാനം.
- കടൽമത്സ്യ കൃഷിയുടെ സാധ്യത പരിശോധിക്കും.
- തദ്ദേശീയ അലങ്കാര മത്സ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കും.
- കരിമീനടക്കം ഫിൻഫിഷുകളുടെവാണിജ്യാധിഷ്ഠിത ഉത്പാദനം.
- നെൽകൃഷി ചെയ്യാത്ത ജലാശയങ്ങളിൽ ചെമ്മീൻ കൃഷി ആലോചിക്കും.

വിജിലൻസ് അന്വേഷിക്കണം: കെ. സുരേന്ദ്രനും ഹർജി നൽകി

കൊച്ചി: സ്പ്രിംക്ലർ കരാറിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ ഹൈക്കോടതിയെ സമീപിച്ചു. ഇ ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ഒരു കോടിയോളം പേരുടെ ഡേറ്റ 2014 മുതൽ ആരോഗ്യ വകുപ്പിലുണ്ട്. ഇത് സംരക്ഷിക്കണമെന്നും സ്പ്രിംക്ലറുമായുള്ള കരാർ റദ്ദാക്കണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നു.

ഹോട്ട് സ്പോട്ട് പട്ടിക പുതുക്കി

തിരുവനന്തപുരം: സംസ്ഥാനത്തെ ഹോട്ട് സ്പോട്ട് പട്ടിക പുതുക്കി. നേരത്തെ പട്ടികയിൽ ഉൾപ്പെട്ട ചില പഞ്ചായത്തുകളെ ഒഴിവാക്കുകയും മറ്റ് ചില സ്ഥലങ്ങളെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൊവിഡ് ബാധിതരുടെ കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഹോട്ട് സ്പോട്ട് നിർണയം നടക്കുന്നത്.

പുതിയ ഹോട്ട് സ്പോട്ടുകൾ

കണ്ണൂർ: പാനൂർ, മുഴപ്പിലങ്ങാട്, ചപ്പാരപ്പടവ്, മൊകേരി
പാലക്കാട്: കുഴൽമന്ദം, വിലവൂർ, പുതുശേരി, പുതുപെരിയാരം
കൊല്ലം: കുളത്തൂപ്പുഴ

ഒഴിവാക്കിയ ഹോട്ട് സ്പോട്ടുകൾ

കണ്ണൂർ: ചൊക്ലി, കതിരൂർ
കാസർകോട്: ബദിയടുക്ക
കോഴിക്കോട്: നാദാപുരം
തിരുവനന്തപുരം: മലയൻകീഴ്

28 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾക്ക് അനുമതി

തിരുവനന്തപുരം: സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന ബലാത്സംഗ കേസുകളും പോക്സോ നിയമപ്രകാരമുള്ള കേസുകളും വേഗത്തിൽ തീർപ്പാക്കുന്നതിന് 14 ജില്ലകളിലായി 28 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കാൻ തീരുമാനിച്ചു. രണ്ടുവർഷത്തേക്കാണ് ഇതിന് അനുമതി നൽകുന്നത്.

തിരുവനന്തപുരം, നെടുമങ്ങാട്, നെയ്യാറ്റിൻകര, ആറ്റിങ്ങൽ (തിരുവനന്തപുരം ജില്ല), പുനലൂർ, കരുനാഗപ്പള്ളി (കൊല്ലം), പത്തനംതിട്ട (പത്തനംതിട്ട), ഹരിപ്പാട് (ആലപ്പുഴ), കോട്ടയം, ചങ്ങനാശേരി (കോട്ടയം), പൈനാവ്, കട്ടപ്പന (ഇടുക്കി), പെരുമ്പാവൂർ, ആലുവ (എറണാകുളം), തൃശൂർ, കുന്നംകുളം, ഇരിങ്ങാലക്കുട (തൃശൂർ), പട്ടാമ്പി, പാലക്കാട് (പാലക്കാട്), പെരിന്തൽമണ്ണ, തിരൂർ, മഞ്ചേരി (മലപ്പുറം), കോഴിക്കോട്, കൊയിലാണ്ടി (കോഴിക്കോട്), കൽപ്പറ്റ (വയനാട്), തലശേരി, തളിപ്പറമ്പ് (കണ്ണൂർ), ഹോസ്ദുർഗ് (കാസർഗോഡ്) എന്നിവിടങ്ങളിലാണ് കോടതി സ്ഥാപിക്കുക.

ഓരോ കോടതിയിലും ജില്ലാ ജഡ്ജി, ബെഞ്ച് ക്ലാർക്ക്, സീനിയർ ക്ലാർക്ക് എന്നിവരുടെ ഓരോ തസ്തിക റെഗുലർ അടിസ്ഥാനത്തിലും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ് / എൽഡി ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നിവരുടെ ഓരോ തസ്തിക കരാർ അടിസ്ഥാനത്തിലും സൃഷ്ടിക്കും.

രണ്ടംഗ കമ്മിറ്റി കണ്ണിൽ പൊടിയിടാൻ; പി.ടി. തോമസ്

കൊച്ചി: കൊവിഡ് രോഗവുമായി ബന്ധപ്പെട്ട് സ്പ്രിംക്ലർ കമ്പനിക്ക് കരാർ നൽകിയതിനെക്കുറിച്ച് പരിശോധിക്കാൻ സർക്കാർ രണ്ടംഗ കമ്മിറ്റിയെ നിയോഗിച്ചിരിക്കുന്നത് ജനങ്ങളുടെ കണ്ണിൽ പൊടിയിടാനാണെന്നും ഇത് പുനഃപരിശോധിക്കണമെന്നും പി.ടി. തോമസ് എംഎൽഎ. കൊവിഡ് വ്യാപനം തടയുന്നതിന് സ്പ്രിംക്ലറിന് കാരാർ നൽകിയത് ഏതു തരത്തിലാണ് സഹായകവും നേട്ടവുമായതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം- തോമസ് വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

പ്രവാസികൾക്കുള്ള ധനസഹായം: രജിസ്ട്രേഷൻ തടസമാകുന്നതായി പരാതി

സ്വന്തം ലേഖകൻ

കോഴിക്കോട് : പ്രവാസികൾക്കുള്ള കൊവിഡ് ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റിന് വേണ്ടത്ര ശേഷിയില്ലാത്തതിനാൽ രജിസ്ട്രേഷൻ തടസം നേരിടുന്നതായി വ്യാപക പരാതി. നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റിലാണ് അർഹരായ പ്രവാസികൾ അപേക്ഷ സമർപ്പിക്കേണ്ടത്. കൊവിഡ് രോഗം സ്ഥിരീകരിച്ചവർക്കും ജനുവരി ഒന്നിനു ശേഷം നാട്ടിലെത്തിയവർക്കുമാണ് സർക്കാർ സഹായം പ്രഖ്യാപിച്ചത്. എന്നാൽ സൈറ്റിന്റെ ശേഷി കുറവായതിനാൽ ഒരു അപേക്ഷ സമർപ്പിക്കാൻ തന്നെ മണിക്കൂറുകളെടുക്കുന്നു. പല തവണ പരിശ്രമിച്ചാൽ മാത്രമെ രജിസ്ട്രേഷൻ ചെയ്യാൻ പറ്റുന്നുള്ളൂ.

വ്യക്തിപരമായ വിവരങ്ങൾ സമർപ്പിച്ചതിന് ശേഷം പാസ്പോർട്ടിന്റെ ആദ്യത്തെയും അവസാനത്തെയും പേജുകൾ, അറൈവൽ സംബന്ധിച്ച വിവരം രേഖപ്പെടുത്തിയ പേജ്, ബാങ്ക് പാസ് ബുക്കിലെ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തിയ പേജ് എന്നിവ സ്കാൻ ചെയ്ത് അപ് ലോഡ് ചെയ്യേണ്ടതുണ്ട്. ഇതിന് തന്നെ ദീർഘ നേരമെടുക്കുന്നു. എന്നാൽ ഇതിന് ശേഷം സബ്മിറ്റ് ക്ലിക്ക് ചെയ്യുമ്പോൾ ഹോം പേജിലേക്ക് പോവുകയാണ് ചെയ്യുന്നത്. ഇതോടെ ചെയ്ത തന്നെ കാര്യങ്ങൾ വീണ്ടും ചെയ്യേണ്ടി വരുന്നു.

നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റിൽ 18 മുതലാണ് കൊവിഡ് ധന സഹായത്തിനുള്ള അപേക്ഷകൾ സ്വീകരിക്കാൻ തുടങ്ങിയത്. ക്ഷേമനിധി പെൻഷൻകാർക്ക് ഒറ്റ തവണ സഹായമായി 1000 രൂപ, കോവിഡ് പോസിറ്റീവായ ക്ഷേമനിധിയിലെ അംഗങ്ങൾക്ക് 10000 രൂപ, രോഗം സ്ഥിരീകരിച്ച വിദേശത്തുനിന്നും മടങ്ങിയെത്തിവർക്ക് സാന്ത്വന സഹായ ചട്ടപ്രകാരം 10000 രൂപ, 2020 ജനുവരി ഒന്നിനോ അതിനു ശേഷമോ വിദേശ രാജ്യങ്ങളിൽ നിന്നും മടങ്ങിയെത്തുകയും ലോക്ക് ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരിച്ച് പോകാൻ സാധിക്കാതെ വരുകയും ചെയ്ത, കാലവധിയുള്ള പാസ്പോർട്ട്, വിസ എന്നിവയുള്ളവർക്കും ഈ കാലയളവിൽ വിസയുടെ കാലാവധി അധികരിച്ചവർക്കും 5000 രൂപ എന്നീ സഹായമാണ് പ്രവാസികൾക്കായി പ്രഖ്യാപിച്ചത്.

5000 രൂപ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം 30 ആണ്. ആയിരക്കണക്കിനാളുകൾ ഈ വിഭാഗത്തിലുണ്ട്. ഇനി ഒരാഴ്ച മാത്രമാണ് അപേക്ഷ സമർപ്പിക്കാൻ ബാക്കിയുള്ളത്. സൈറ്റിലെ പ്രശ്നം ഉടൻ പരിഹരിച്ചില്ലെങ്കിൽ പലർക്കും അപേക്ഷ സമർപ്പിക്കാൻ കഴിയാതെ വരും. അർഹരായ എല്ലാവർക്കും അപേക്ഷ സമർപ്പിക്കാൻ അധികൃതർ ആവശ്യമായ സാഹചര്യമൊരുക്കണമെന്നാണ് ആവശ്യമുയരുന്നത്.

കൊവിഡ്: പാലാ സ്വദേശിനിയെ കോട്ടയത്തേക്കു മാറ്റും

■ ദമ്പതികൾ ഡൽഹിയിൽ നിന്നെത്തിയത് കാറിൽ..!

ഇടുക്കി: ഓസ്ട്രേലിയയിൽ നിന്ന് ഡൽഹിയിലെത്തിയ ശേഷം അവിടെ നിന്ന് റോഡ് മാർഗം ഇടുക്കി അതിർത്തിയിലെത്തിയ പാലാ സ്വദേശികളായ ദമ്പതികളിൽ ഭാര്യയ്ക്ക് കൊവിഡ് രോഗബാധ സ്ഥിരീകരിച്ചു. 65 വയസുള്ള ഇവരെ കമ്പംമെട്ട് കൊവിഡ് സെന്ററിൽ നിരീക്ഷണത്തിലാക്കി. ഉടൻ കോട്ടയം മെഡിക്കൽ കോളെജ് ആശുപത്രിയിലേക്ക്മാറ്റുമെന്ന് ജില്ലാ കലക്റ്റർ അറിയിച്ചു.

മാർച്ച് 20നാണ് ഇവർ മെൽബണിൽ നിന്ന് ഡൽഹിയിലെത്തിയത്. അവിടെ 14 ദിവസം നിരീക്ഷണത്തിൽ കഴിഞ്ഞു. അതിനുശേഷം ഇരുവരും ഒരു ടാക്സി കാറിൽ മഹാരാഷ്ട്ര വഴി 3,500 കിലോമീറ്ററിലേറെ യാത്ര ചെയ്ത് ഏപ്രിൽ 16ന് ഇടുക്കി കമ്പംമെട്ട് ചെക്ക് പോസ്റ്റിലെത്തുകയായിരുന്നു. തുടർന്ന് ഇവരെ ആരോഗ്യ വകുപ്പ് അധികതർ കമ്പംമെട്ട് കൊവിഡ് സെന്ററിൽ പാർപ്പിച്ചു.

പിന്നീട് നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ ഇരുവരെയും എത്തിച്ച് സാംപിളെടുത്തു. അതിന്റെ പരിശോധനയിലാണ് ഭാര്യയ്ക്ക് കൊവിഡ് സ്ഥിരീകരിച്ചത്. ഭർത്താവിന് ഫലം നെഗറ്റീവ് ആണ്.നിലവിൽ ഇരുവരും കമ്പംമെട്ട് കോവിഡ് കെയർ സെന്ററിലാണ്. ജില്ലയിൽ ഇവർ മറ്റാരുമായും ബന്ധപ്പെട്ടിട്ടില്ല. ഇവർ വന്ന കാറിന്റെ ഡൽഹി സ്വദേശിയായ ഡ്രൈവറുടെ വിവരം അവിടത്തെ അധികൃതർക്കു കൈമാറിയിട്ടുണ്ട്.

പ്രവാസികളെ ഉടൻ കൊണ്ടുവരണം: ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: കൊവിഡ് മഹാമാരി മൂലം ഗൾഫിലെ പ്രവാസികളുടെ അവസ്ഥ ദിനംപ്രതി വഷളാകുന്ന സാഹചര്യത്തിൽ അവരെ തിരികെ കൊണ്ടുവരാൻ മെയ് മൂന്നു വരെ കാത്തിരിക്കാതെ ചാർട്ടേഡ് വിമാനത്തിൽ കൊണ്ടുവരാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രധാനമന്ത്രിക്ക് കത്തു നല്കി. ഗൾഫിൽ ജോലി ചെയ്യുന്ന എല്ലാ രാജ്യങ്ങളിലെയും പൗരന്മാരെ അതതു രാജ്യങ്ങൾ തിരികെ കൊണ്ടുപോയി. ഇന്ത്യക്കാരെ ഘട്ടംഘട്ടമായി മടക്കിക്കൊണ്ടുവരാനുള്ള നടപടി പോലും ഇന്ത്യ സ്വീകരിച്ചില്ലെന്ന് ഉമ്മൻ ചാണ്ടി ചൂണ്ടിക്കാട്ടി.

ഗർഭിണികൾ അടക്കം ഉള്ള സ്ത്രീകൾ, മുതിർന്ന പൗരന്മാർ, വിസിറ്റിങ് വിസയിൽ ഗൾഫിലും മാലദ്വീപിലും കുടുങ്ങിയവർ എന്നിവർക്ക് മുൻഗണന നല്കണം. തുടർന്ന് ബാക്കിയുള്ളവർക്കും മറ്റു രാജ്യങ്ങളിലുള്ളവർക്കും വരാൻ അവസരം ഉണ്ടാകണം.

ഗൾഫിലെ പ്രവാസികൾ ഗുരുതമായ അവസ്ഥയിലൂടെയാണു കടന്നുപോകുന്നത്. ലേബർ ക്യാമ്പുകളിൽ ഇരുപതും മുപ്പതും അമ്പതും പേരൊക്കെ ഒന്നിച്ചാണു കഴിയുന്നത്. ഒരാൾക്ക് രോഗംപിടിച്ചാൽ അതു മറ്റുള്ള എല്ലാവരിലും വലിയ പ്രത്യാഘാതം ഉണ്ടാക്കും. ലേബർ ക്യാമ്പുകളിൽ കഴിയുന്നവർക്ക് മരുന്നും മറ്റു സൗകര്യങ്ങളും ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഇന്ത്യൻ എംബസിക്ക് അടിയന്തരം നിർദേശം നല്കണമെന്നും ഉമ്മൻ ചാണ്ടി ആവശ്യപ്പെട്ടു.

പ്രവാസികളെ തിരികെ കൊണ്ടുവരാൻ കാത്തിരിക്കണമെന്ന കേന്ദ്രനിലപാട് തിരുത്തിക്കാൻ സംസ്ഥാന സർക്കാർ ശക്തമായ സമ്മർദം ചെലുത്തണം എന്നാവശ്യപ്പെട്ട് ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിക്കും കത്തു നല്കി.

തമിഴ്നാട്ടിൽ നിന്ന് വനപാതയിലൂടെ കൂടുതൽ പേരെത്തുന്നു

കൊച്ചി: തമിഴ്നാട്ടിൽ നിന്നു വനപാതയിലൂടെ കൂടുതലാളുകൾ ഇടുക്കിയിലെ അതിർത്തി ഗ്രാമങ്ങളിലേക്ക്. കഴിഞ്ഞ ദിവസങ്ങളിൽ രാത്രിയിൽ അതിർത്തി കടന്ന് ഇരുപതോളം പേർ എത്തിയിട്ടുണ്ടെന്നാണ് പൊലീസിനു ലഭിച്ച വിവരം. ആളുകൾ അതിർത്തി കടക്കുന്ന തേവാരം മേട്ടിൽ സംസ്ഥാനത്തെ ആദ്യ കൊവിഡ് പൊലീസ് ഔട്ട് പോസ്റ്റ് തുറന്നു.

തമിഴ്നാട്ടിൽ നിന്ന് ഇടുക്കി ജില്ലയിലേക്ക് കടക്കാൻ 45ഓളം സമാന്തര പാതകളുണ്ട്. രാത്രിയിൽ എല്ലായിടത്തും പൊലീസ് പരിശോധനകൾ ഉണ്ടാവില്ല. ഈ സാഹചര്യം മനസിലാക്കിയാണ് ആളുകൾ കടക്കുന്നത്. വന്യമൃഗ ഭീഷണിയുള്ളതിനാൽ വനത്തിനുള്ളിൽ രാത്രി പരിശോധനയും സാധ്യമല്ല. രാത്രികാലങ്ങളിൽ അതിർത്തി കടന്നെത്തുന്നവർ പ്രധാനമായി ഉപയോഗിക്കുന്നത് നെടുങ്കണ്ടം തേവാരംമേട്ടിലെ സമാന്തര പാതകളെയാണ്. ഈ വഴി മൂന്നു കിലോമീറ്റർ കാട്ടിലൂടെ സഞ്ചരിച്ചാൽ കേരളത്തിലേക്കും കടക്കാം. കാൽനടയായി സമാന്തരപാതകളിലൂടെ അതിർത്തിയിൽ എത്തുന്നവരെ വാഹനങ്ങളിൽ കൊണ്ടുപോകുവാനും ഏലത്തോട്ടങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇത് നിയന്ത്രിക്കാനാണു തേവാരം മേട്ടിൽ കൊവിഡ് ഔട്ട് പോസ്റ്റ് ആരംഭിച്ചിരിക്കുന്നത്.

തിരുത്ത്

കൊച്ചി: സ്പ്രിംക്ലർ ഇടപാടു സംബന്ധിച്ച് ഇന്നലെ മെട്രോ വാർത്ത നൽകിയ 'സ്പ്രിംക്ലർ ഇടപാട്: സർക്കാരിന് രൂക്ഷ വിമർശനം' എന്ന വാർത്തയിൽ വാദത്തിനിടെ ഹൈക്കോടതി വാക്കാൽ പരാമർശിച്ചത് ഉത്തരവായെന്ന തരത്തിൽ തെറ്റായാണ് പ്രസിദ്ധപ്പെടുത്തിയത്. കൊവിഡ് പശ്ചാത്തലത്തിൽ കേസ് വിഡിയോ കോൺഫറൻസിങ്ങിലൂടെ പരിഗണിക്കുന്നതിനാൽ നേരിട്ട് വാർത്തയെടുക്കാൻ കഴിയാതെ വന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. രാവിലെ കേസ് പരിഗണിച്ചപ്പോൾ ഇത് സംബന്ധിച്ച് പരാമർശമുണ്ടായെങ്കിലും വൈകിട്ടിറങ്ങിയ ഉത്തരവിൽ ഡാറ്റ കൊടുക്കരുതെന്ന ഭാഗം ഉണ്ടായിരുന്നില്ല. ഇത്തരം ഒരു പിശക് സംഭവിച്ചതിൽ നിർവ്യാജം ഖേദിക്കുന്നു.

ലോക ഭൗമദിനമായ ഇന്നലെ സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ഭാര്യ വിനോദിനിയോടൊപ്പം തിരുവനന്തപുരത്തെ വീട്ടുവളപ്പിൽ പച്ചക്കറികൾ നടുന്നു.

കോഴിക്കോട്ടെ രണ്ട് മെഡിക്കൽ വിദ്യാർഥികൾക്ക് കൊവിഡ്

സ്വന്തം ലേഖകൻ

കോഴിക്കോട്: കോഴിക്കോട് മെഡിക്കൽ കോളെജിലെ രണ്ട് ഹൗസ് സർജന്മാർക്ക് കൊവിഡ്. ഡൽഹി നിസാമുദ്ദീനിലെ തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവർക്കൊപ്പം ട്രെയ്നിൽ യാത്ര ചെയ്ത ഹൗസ് സർജന്മാർക്കാണ് കൊവിഡ് സ്ഥിരീകരിച്ചത്.

മാർച്ചിൽ ഡൽഹിയിലേക്ക് വിനോദയാത്ര പോയ ഇവർ തിരികെ വന്നത് തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവർ ഉണ്ടായിരുന്ന ട്രെയ്നിലാണ്. ഹൗസ് സർജന്മാരുടെ പരിശോധന നടത്തിയ ആറ് മെഡിക്കൽ കോളെജ് അധ്യാപകരോട് ക്വാറന്റൈനിൽ പോകാൻ നിർദേശിച്ചിട്ടുണ്ട്.

അവസാന വർഷ പരീക്ഷ കഴിഞ്ഞതിന് ശേഷമാണ് ഇവർ വിനോദയാത്രയ്ക്ക് പോയത്. തിരികെ എത്തിയതിന് ശേഷം ഇവർ 28 ദിവസത്തെ ഹോം ക്വാറന്റൈനിലായിരുന്നു. രണ്ടുദിവസം മുമ്പ് ഹൗസ് സർജൻസിക്ക് ജോയിൻ ചെയ്യാൻ വന്നപ്പോഴാണ് കൊവിഡ് ടെസ്റ്റ് നടത്തിയത്. തുടർന്നാണ് ഇവരിൽ രണ്ടുപേർക്ക് രോഗം സ്ഥിരീകരിച്ചത്. ആ സമയത്ത് കൂടെയുണ്ടായിരുന്ന ആറ് അധ്യാപകരോടാണ് ക്വാറന്റൈനിൽ പോകാൻ നിർദേശിച്ചിട്ടുള്ളത്.

ഈ മെഡിക്കൽ വിദ്യാർഥികൾക്ക് മറ്റാരുമായും സമ്പർക്കം ഉണ്ടായിട്ടില്ല. അഞ്ചുപേർ വീട്ടിലും രണ്ടുപേർ കോഴിക്കോട് ഐഎംജിക്ക് സമീപമുള്ള കെയർ ഹോമിലുമായിരുന്നു ക്വാറന്റൈനിലുണ്ടായിരുന്നത്. തിരിച്ചെത്തിയ ശേഷം ഇവർ ഹോസ്റ്റലിലും പോയിരുന്നില്ല.

സ്പ്രിംക്ലർ കരാർ റദ്ദാക്കണം: ചെന്നിത്തല ഹൈക്കോടതിയിൽ

● നഷ്ടപരിഹാരം നൽകണമെന്നും ആവശ്യം

കൊച്ചി: സ്പ്രിംക്ലർ കരാർ റദ്ദാക്കണമെന്നാവശ്യപ്പെട്ടു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഹൈക്കോടതിയിൽ ഹർജി നൽകി. ഇതുവരെ സ്പ്രിംക്ലർ മുഖേന ഡേറ്റ ശേഖരിച്ച കൊവിഡ് ബാധിതർക്ക് നഷ്ടപരിഹാരം നൽകണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി പിണറായി വിജയൻ, ഐടി സെക്രട്ടറി ശിവശങ്കർ എന്നിവരെ എതിർകക്ഷികളാക്കിയാണ് ചെന്നിത്തല ഹർജി നൽകിയിരിക്കുന്നത്. മന്ത്രിസഭ അറിയാതെയാണ് ഐടി സെക്രട്ടറി കരാറിൽ ഒപ്പിട്ടതെന്നും ഹർജിയിൽ പറയുന്നു.

അതേസമയം, കരാറിൽ നിലപാടു വ്യക്തമാക്കി സർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകും. അതീവ പ്രാധാന്യമുള്ള രണ്ട് വ്യക്തിഗത വിവരങ്ങൾ സ്പ്രിംക്ലർ ശേഖരിക്കുന്നുണ്ടെങ്കിലും വിവര ച്ചോർച്ച ഉണ്ടാകില്ലെന്നാണ് സർക്കാർ നിലപാട്. കരാർ ലംഘനമുണ്ടായാൽ കമ്പനിക്കെതിരെ ന്യൂയോർക്കിലും ഇന്ത്യയിലും നിയമ നടപടി സാധ്യമാണെന്നും സർക്കാർ ഹൈക്കോടതിയെ അറിയിക്കും.

അസാധാരണ സാഹചര്യത്തിലുള്ള അസാധാരണ തീരുമാനമാണ് കരാർ. നിയമങ്ങൾ പാലിച്ചു തന്നെയാണ് കമ്പനിയെ തെരഞ്ഞെടുത്തത്. സർക്കാർ മേഖലയിൽ വിവരശേഖരണത്തിന് നിരവധി ഐടി കമ്പനികളുണ്ടെങ്കിലും മാസ് ഡേറ്റ കൈകാര്യം ചെയ്യാൻ ഇന്ത്യയിൽ ഒരു കമ്പനിയുമില്ല. ഈ സാഹചര്യത്തിലാണ് സ്പ്രിംക്ലറിന്റെ തെരഞ്ഞെടുപ്പെന്നും സർക്കാർ കോടതിയിൽ അറിയിക്കും.

മെട്രോ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1195 മേടം 10 ശഅ്ബാൻ 29
2020 ഏപ്രിൽ 23 വ്യാഴം

കർശനമായി നടപ്പാക്കണം, കേന്ദ്ര ആരോഗ്യ ഓർഡിനൻസ്

ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ തമിഴ്നാട് ഘടകത്തിന്റെ കത്തിന് ഇത്രയധികം കണ്ണീരുപ്പുണ്ടെന്ന് തിരിച്ചറിയുകയായിരുന്നു കേന്ദ്ര സർക്കാർ. അല്ലായിരുന്നെങ്കിൽ കൊവിഡിനെതിരേ നേരിട്ടു യുദ്ധം ചെയ്യുന്ന ഡോക്റ്റർമാർക്കും നഴ്സുമാർക്കും ആരോഗ്യ വകുപ്പ് ജീവനക്കാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും സംരക്ഷണം നൽകുന്ന ഒരു ഓർഡിനൻസ് തിരക്കിട്ട് ഇറക്കില്ലായിരുന്നു എന്നു തീർച്ചയായും ഉറപ്പാക്കാം. ഇങ്ങനെയൊരു ഓർഡിനൻസിനു തീരുമാനിച്ച കേന്ദ്ര സർക്കാരിനെ അഭിനന്ദിക്കുമ്പോൾത്തന്നെ, ഒരു നൂറ്റാണ്ടിലധികമായി നമ്മുടെ രാജ്യത്തു നിലനിന്ന ഒരു പ്രാചീന നിയമത്തിന്റെ സംരക്ഷണം മാത്രമായിരുന്നു ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഉണ്ടായിരുന്നത് എന്നത് ആരിലും അത്ഭുതം ഉണ്ടാക്കുന്നതാണ്.

1897ൽ നിലവിൽ വന്ന ഈ പ്രാചീന നിയമം ഭേദഗതി ചെയ്യാൻ ഇതുവരെ അവസരം കിട്ടിയില്ല എന്ന തൊടുന്യായത്തിനു പ്രസക്തിയില്ല. ഏതായാലും ചെന്നൈയിൽ കൊവിഡ് പ്രതിരോധ ചികിത്സയ്ക്കു നേതൃത്വം നൽകിയ സൈമൺ ഹെർക്കുലീസ് എന്ന ന്യൂറോ സർജനും അവസാനം കൊവിഡിന് ഇരയായി മരിച്ചു. രണ്ടാഴ്ചയോളം വെന്റിലേറ്ററിൽ ജീവനുമായി മല്ലിട്ടശേഷം മരണത്തിനു കീഴടങ്ങുകയായിരുന്നു. കൊവിഡ് പ്രോട്ടോകോളുകൾ പാലിച്ചു ബന്ധുക്കൾക്കു വിട്ടുകൊടുത്ത മൃതദേഹം, അടുത്ത ബന്ധുക്കളും ഏതാനും സഹപ്രവർത്തകരും ചേർന്നു സംസ്കരിക്കാൻ കൊണ്ടു വന്നപ്പോഴുണ്ടായ ദുരനുഭവങ്ങളാണ് ഐഎംഎ സംസ്ഥാന ഘടകത്തെ ചൊടിപ്പിച്ചതും കേന്ദ്ര നേതൃത്വത്തിനു കത്തെഴുതാൻ ഇടയാക്കിയതും. ചെന്നൈയിലെ കിൽപ്പാക്ക് സെമിത്തേരിയിലായിരുന്നു മൃതദേഹം സംസ്കരിക്കാൻ ആദ്യം തീരുമാനിച്ചത്. മൃതദേഹവും വഹിച്ചുള്ള ആംബുലൻസ് സെമിത്തേരിയിലെത്തിയപ്പോൾ ജനക്കൂട്ടം തടഞ്ഞു. മൃതദേഹം, സെമിത്തേരിയിലേക്കു പ്രവേശിപ്പിച്ചില്ലെന്നു മാത്രമല്ല, ആംബുലൻസിന്റെ ചില്ലുകൾ കല്ലെറിഞ്ഞു തകർക്കുകയും ചെയ്തു.

അവിടെനിന്നു മൃതദേഹവുമായി ഉറ്റവർ അടുത്തുള്ള അണ്ണാനഗർ സെമിത്തേരിയിലെത്തി. അവിടെ എത്തിയപ്പോഴും ആൾക്കൂട്ടം ആക്രമണ സന്നദ്ധരായി കാത്തു നിൽപ്പുണ്ടായിരുന്നു. ജനക്കൂട്ടത്തിന്റെ ആക്രമണം ഭയന്ന് ഒരു ഘട്ടത്തിൽ തങ്ങൾ മൃതദേഹം ഉപേക്ഷിച്ച് ഓടി രക്ഷപ്പെടുകയായിരുന്നു എന്നും ബന്ധുക്കൾ പറഞ്ഞു. ഒടുവിൽ പൊലീസിന്റെ സാന്നിധ്യത്തിൽ മൃതദേഹം സംസ്കരിക്കാൻ ധാരണയായപ്പോൾ, ഒരാൾ പോലും സഹായത്തിനെത്തിയില്ല. സഹപ്രവർത്തകരായ മൂന്നു പേരാണ് സെമിത്തേരിയിൽ ആഴത്തിൽ കുഴിയെടുത്തത്. സെമിത്തേരിക്കു പുറത്ത് വലിയൊരു ജനക്കൂട്ടം ഇവരെ ആക്രമിക്കാൻ അപ്പോഴും കോപ്പുകൂട്ടുകയായിരുന്നു. പൊലീസ് വിരട്ടിയോടിച്ചതു കൊണ്ടു മാത്രം അതു വിജയിച്ചില്ല.

തങ്ങളുടെ ഒരു സഹപ്രവർത്തകനുണ്ടായ ഈ ദുര്യോഗത്തിൽ ചെന്നൈയിലെ മുഴുവൻ ഡോക്റ്റർമാരും കടുത്ത നിരാശയിലും വലിയ സങ്കടത്തിലുമായിരുന്നു. അതാണ് അവർ തങ്ങളുടെ സംഘടനയെ അറിയിച്ചത്. അതു ഫലിച്ചു. അതിനു മുൻപു തന്നെ രാജ്യത്തെ നാനാഭാഗങ്ങളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കിടെ ഡോക്റ്റർമാരടക്കം ആരോഗ്യ പ്രവർത്തകർ ആക്രമിക്കപ്പെട്ടിരുന്നു. ഈ പശ്ചാത്തലത്തിൽ കൊവിഡ് പ്രതിരോധ യുദ്ധത്തിൽ സ്വന്തം ജീവനും ജീവിതവും മറന്നു പ്രവർത്തിക്കുന്ന ഡോക്റ്റർമാരുടെയും ആരോഗ്യ മേഖലയിലെ മറ്റുള്ളവരുടെയും ജീവൻ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് രാജ്യത്തെ ഡോക്റ്റർമാർ പ്രതിഷേധ സമരത്തിനു മുന്നിട്ടിറങ്ങുകയായിരുന്നു. ഇപ്പോഴത്തെ അടിയന്തര സാഹചര്യം കണക്കിലെടുത്തു പണിമുടക്കിലേക്കല്ല അവർ നീങ്ങിയത്. പകരം രാപകൽ തങ്ങളുടെ കടമ നിറവേറ്റിയ ശേഷം രാജ്യവ്യാപകമായി ഇന്നലെ വെള്ളക്കോട്ട് ധരിച്ച് മെഴുകുതിരി തെളിയിക്കാൻ ആഹ്വാനം ചെയ്തു. എന്നിട്ടും ഫലമുണ്ടാകുന്നില്ലെങ്കിൽ രാജ്യവ്യാപകമായി ഇന്നു കറുത്ത ബാഡ്ജ് ധരിച്ചു ജോലിക്കു ഹാജരാകാനായിരുന്നു തീരുമാനം. ഗാന്ധിയൻ മാർഗത്തിലുള്ള ഈ പ്രതിഷേധത്തിനാണ് ഇന്നലെ കേന്ദ്ര സർക്കാർ തിരക്കിട്ടു പരിഹാരമുണ്ടാക്കിയത്.

ഐഎംഎ ദേശീയ നേതാക്കളുമായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ചർച്ച നടത്തി. അവരുടെ ആവശ്യങ്ങളെല്ലാം അനുഭാവപൂർവം പരിഗണിക്കുമെന്ന ഉറപ്പ് നൽകിയ ശേഷം കേന്ദ്ര മന്ത്രിസഭയുടെ പരിഗണനയിലെത്തിക്കുകയായിരുന്നു ഓർഡിനൻസ്. പുതിയ ഓർഡിനൻസിലൂടെ കൊവിഡ് 19 പ്രതിരോധ, ചികിത്സാ രംഗത്തു പ്രവർത്തിക്കുന്ന ഡോക്റ്റർമാർ, നഴ്സുമാർ, ആരോഗ്യ വകുപ്പിലെയും അനുബന്ധ മേഖലകളിലെയും ജീവനക്കാർ തുടങ്ങിയവർക്കു നേരേയുണ്ടാകുന്ന എല്ലാ അതിക്രമങ്ങളും ജാമ്യം നിഷേധിക്കുന്ന, ഏഴു വർഷം വരെ കഠിന തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമായി മാറി. ചെറിയ കുറ്റങ്ങൾക്കു മൂന്നു മാസം മുതൽ അഞ്ചു വർഷം വരെ തടവും അൻപതിനായിരം രൂപ മുതൽ രണ്ടു ലക്ഷം രൂപ വരെ പിഴ ശിക്ഷയും ലഭിക്കും. ഗുരുതരമായ കുറ്റകൃത്യങ്ങൾക്ക് ആറു മാസം മുതൽ ഏഴു വർഷം വരെ തടവും ഒരു ലക്ഷം രൂപ മുതൽ അഞ്ചു ലക്ഷം രൂപ വരെ പിഴയും ശിക്ഷ ലഭിക്കും. ഇത്തരം കുറ്റകൃത്യങ്ങളുടെ വിചാരണ മുപ്പതു ദിവസങ്ങൾക്കുള്ളിൽ പൂർത്തിയാക്കുന്ന ഫാസ്റ്റ് ട്രാക്ക് സംവിധാനമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

കൊവിഡ് പ്രതിരോധത്തിലേർപ്പെട്ടിരിക്കുന്ന ഡോക്റ്റർമാരും ഇതര ജീവനക്കാരും അക്ഷരാർഥത്തിൽ ദൈവത്തിന്റെ പ്രതിരൂപങ്ങളാണ്. അവരെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിനു പകരം ആക്രമിക്കുകയും അപമാനിക്കുകയും ചെയ്യുന്നവർ ഒരിക്കലും മാപ്പർഹിക്കുന്നില്ല. അവരുടെ സുരക്ഷയ്ക്കു വേണ്ടി കേന്ദ്ര സർക്കാർ കൊണ്ടുവന്ന പുതിയ ഓർഡിനൻസ് ഏറ്റവും ശക്തമായിത്തന്നെ നടപ്പാക്കട്ടെ, കേരളത്തിലടക്കമുള്ള മുഴുവൻ ഭരണസംവിധാനങ്ങളും.

കുഞ്ഞേ, ഇതും ഇന്ത്യയാണ്...!

അതീതം

എം.ബി. സന്തോഷ്

ബീഹാറിലെ നളന്ദ ജുവനൈൽ ജസ്റ്റിസ് ബോർഡ് പ്രിൻസിപ്പൽ മജിസ്ട്രേട്ട് മാനവേന്ദ്രമിശ്രയുടെ മുന്നിൽ പേടിച്ചുവിറച്ച് കൈകൂപ്പി നിൽക്കുകയായിരുന്നു പതിനാറുകാരനായ നരേന്ദ്രൻ. ഇസ്ലാംപുറിലെ ചന്തയിൽ സാധനം വാങ്ങാനെത്തിയ സ്ത്രീയുടെ പഴ്സ് പിടിച്ചുപറിച്ച കേസിലെ പ്രതിയാണ് ഈ പതിനാറുകാരൻ. ഒരു പതിനാറുകാരൻ പ്രതിയായാൽ കുറ്റം ചെയ്താൽപോലും പേര് പറയാൻ പാടില്ലെന്നാണ് ജുവനൈൽ ജസ്റ്റിസ് നിയമത്തിൽ മാധ്യമങ്ങളോട് പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളത്. അതിനാൽ ഇവിടെ നരേന്ദ്രന്റെ മുഴുവൻപേരും വിലാസവും ഒഴിവാക്കുന്നു. എന്നാൽ,എഎൻഐ ഉൾപ്പെടെ പ്രമുഖ വാർത്താ ഏജൻസികൾ പേരും വിലാസവും കൊടുത്തു എന്നുമാത്രമല്ല, പ്രധാന ദേശീയ ടെലിവിഷൻ ചാനലുകൾ ഈ ' കുട്ടിക്കുറ്റവാളി 'യുടെ അഭിമുഖം ഉൾപ്പെടെ സംപ്രേഷണം ചെയ്തു. അത്, ദുഷ്ടലാക്കോടെയല്ല, നല്ല ലക്ഷ്യത്തോടെയാണ് എന്ന് കരുതാം.

'കുറ്റം ചെയ്തുവോ കുഞ്ഞേ' എന്ന ജഡ്ജിയുടെ ചോദ്യത്തിന് നരേന്ദ്രൻ സത്യം പറഞ്ഞു: 'അതെ, ആ പഴ്സ് മോഷ്ടിച്ചത് ഞാനാണ്.' ഇസ്ലാംപുർ പൊലീസ് ചാർജ് ചെയ്ത കേസിൽ പറയുന്നത് പ്രതിയെ ചന്തയിലെ സിസിടിവി ദൃശ്യങ്ങൾ നോക്കി പിടികൂടുകയായിരുന്നു എന്നാണ്. എന്നാൽ, നരേന്ദ്രൻ കോടതിയിൽ മൊഴിനൽകിയത് അങ്ങനെയല്ല-' എന്നെ, പൊലീസ് സംഭവസ്ഥലത്തുവച്ച് പിടികൂടുകയായിരുന്നു. പഴ്സ് മോഷ്ടിച്ച എന്നെ നാട്ടുകാർ കൈയോടെ പിടികൂടി പൊതിരെ തല്ലി. അതിനുശേഷം, പൊലീസിന് കൈമാറി'. അങ്ങനെയല്ലെന്ന് വാദിക്കാനൊന്നും കേസെടുത്ത സ്റ്റേഷൻ ഹൗസ് ഓഫീസർ ശരത് കുമാർ രഞ്ജൻ തയാറായില്ല.

സാധാരണ ഗതിയിൽ ഇവിടം കൊണ്ട് ആ കഥ അവസാനിക്കേണ്ടതാണ്. പൊതുഅവധി ദിനമായ ഞായറാഴ്ച ഹാജരാക്കുന്ന 'പ്രതി'കളോട് ജഡ്ജി കൂടുതലൊന്നും ചോദിക്കേണ്ട കാര്യമില്ല. ഇത്രയും ആയാൽ മജിസ്ട്രേട്ട് കുട്ടിക്കുറ്റവാളിയെ റിമാന്റ് ചെയ്ത് ജുവനൈൽ ജസ്റ്റിസ് ഹോമുകളിലേയ്ക്ക് അയയ്ക്കും. അത് വേറൊരു ലോകമാണ്. ആദ്യമായി കുറ്റം ചെയ്തതിന് ശിക്ഷിക്കപ്പെടുന്നവർ കൊടും കുറ്റവാളിയായി പുറത്തിറങ്ങുന്ന മഹാനരകം. ഇന്ത്യയിൽ മിക്കവാറും പ്രദേശങ്ങളിൽ ഏറെക്കുറെ സമാന അവസ്ഥയിലാണ്. ഈ ജുവനൈൽ ഹോമുകളാണ് കുട്ടികളെ ക്രിമിനൽ കുറ്റവാളികളാക്കുന്ന നഴ്സറികൾ! എന്താണോ ഉദ്ദേശിച്ചത്, അതിന് വിരുദ്ധമായ നിലയിലാണ് കാര്യങ്ങൾ നടക്കുന്നതെന്നതാണ് വസ്തുത. അതും സുരക്ഷിതബാല്യം അവകാശമായ ഒരു രാജ്യത്ത്!.

ഇവിടെ, നരേന്ദ്രന്റെ ഭാഗ്യം അവനെ ഹാജരാക്കിയ മജിസ്ട്രേട്ടായിരുന്നു. ഒരു മജിസ്ട്രേട്ടിന് മുന്നിൽ ഇത്രയും മതി. പക്ഷെ, മാനവേന്ദ്രമിശ്ര ഒരു ചോദ്യം കൂടി ചോദിച്ചു. അതാണ് നരേന്ദ്രന്റെ തലവര മാറ്റിക്കുറിച്ചത്. 'കുഞ്ഞേ, നീ എന്തിനിതു ചെയ്തു?' എന്നായിരുന്നു ആ ചോദ്യം.

'എന്റെ അച്ഛൻ മരിച്ചുപോയി. അതിനുശേഷം അമ്മയുടെ മാനസികനില തെറ്റി. എനിക്ക് 13 വയസുള്ള ഒരു അനിയനുമുണ്ട്. അമ്മയേയും അനിയനേയും സംരക്ഷിക്കേണ്ട ബാധ്യത എന്നിലായി. ഞാൻ അവരെ പോറ്റാൻ അവിടത്തെ ധാബകളിലും റസ്റ്റാറന്റുകളിലും പാത്രം കഴുകലും മേശ വൃത്തിയാക്കലും ഉൾപ്പെടെയുള്ള ജോലികൾ ചെയ്തു. അതു കിട്ടാത്തപ്പോൾ വീട്ടുവേലയ്ക്ക് പോയി. ഇതിനിടയിൽ വീണ് കാലൊടിഞ്ഞു. ചികിത്സിക്കാൻ മാർഗമില്ലാത്തതിനാൽ അത് മുടന്തായി മാറി. വലതുകണ്ണിൽ കല്ലു കൊണ്ട് കാഴ്ചപോയി. എന്നിട്ടും, എന്നാലാവുംവിധം ഞാൻ കുടുംബംപോറ്റി. പക്ഷെ, ലോക് ഡൗൺ വന്നതോടെ ഒരു ജോലിയും കിട്ടാതായി. അമ്മയുമൊത്ത് തെണ്ടാനിറങ്ങിയെങ്കിലും ആരും ഒന്നും തന്നില്ല. അമ്മയും അനിയനും വിശന്നു കരഞ്ഞു. ഞാനും ആഹാരം കഴിച്ചിട്ട് രണ്ടുമൂന്നു ദിവസമായിരുന്നു. വേറെ നിവൃത്തിയില്ലാതെയാണ് പഴ്സ് മോഷ്ടിച്ചത്...'- നരേന്ദ്രന്റെ വാക്കുകൾ കേട്ട് കോടതിമുറി നിശബ്ദമായി.

സ്വന്തം പോക്കറ്റിൽനിന്ന് പണമെടുത്ത് നൽകി അവന്റെയും കുടുംബത്തിന്റെയും പട്ടിണിയകറ്റാൻ നടപടി സ്വീകരിച്ച മജിസ്ട്രേട്ട് നരേന്ദ്രനെ നിരുപാധികം വിട്ടയച്ചു.പൊലീസ് വാഹനത്തിൽ നരേന്ദ്രനെ സ്വന്തം ഗ്രാമത്തിലെത്തിക്കാനും നിർദേശിച്ചു. അരിയും പല വ്യഞ്ജനങ്ങൾക്കുമുള്ള പണം മജിസ്ട്രേട്ട്തന്നെ നൽകിയിരുന്നതിനാൽ പൊലീസ് അവയൊക്കെ വാങ്ങി നൽകി.

നരേന്ദ്രന്റെ കുടുംബം പട്ടിണി കിടക്കാതിരിക്കാൻ നടപടി സ്വീകരിച്ചറിയിക്കാൻ ബിഡിഒയ്ക്ക് കോടതി നിർദേശം നൽകി. ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവ നൽകാനും കോടതി ഉത്തരവിട്ടു. പാവപ്പെട്ടവർക്കുള്ള ഭവനപദ്ധതി പ്രകാരം ഇവർക്ക് വീടുവച്ചുനൽകാൻ ജില്ലാ ഭരണകൂടത്തിനും കോടതി നിർദേശം നൽകി. നാലുമാസത്തിനുള്ളിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കണമെന്നും കോടതി ഉത്തരവിലുണ്ട്.

ഇത്രയുമായപ്പോൾ, നാട്ടുകാർ കോടതി വിധിയെ സ്വാഗതം ചെയ്ത് രംഗത്തെത്തി. അപ്പോഴേയ്ക്കും പ്രതിക്കൂട്ടിലായ ഭരണകൂടം ഇവർക്ക് ആനുകൂല്യങ്ങളും റേഷനുമൊക്കെ കിട്ടുന്നതാണെന്ന് വാദിച്ച് രംഗത്തുവന്നു. അതിനുള്ള ഉത്തരം നരേന്ദ്രനെ കോടതി ഉത്തരവനുസരിച്ച് വീട്ടിലെത്തിച്ച ഇസ്ലാംപുർ പൊലീസ് സർക്കിൾ ഇൻസ്പെക്റ്റർ നളിൻ വിനോദ് പുഷ്പരാജ് പറയുന്നതിലുണ്ട്: 'പുല്ലുമേഞ്ഞ ഒരു ഒറ്റമുറി കൂരയിലാണ് ഈ മൂന്നംഗ കുടുംബത്തിന്റെ താമസം. ആഹാരം പാചകം ചെയ്യാനും കഴിക്കാനുമുള്ള പാത്രങ്ങളോ അടുപ്പോ മറ്റ് വീട്ടുപകരണങ്ങളോ ഒന്നുമില്ല. റേഷൻകാർഡും ആധാറുമൊന്നുമില്ല!'

ഇന്ത്യയിലെ പല പ്രദേശങ്ങളിലും സ്ഥിതി ഇതിനെക്കാൾ രൂക്ഷമാണ്. ലോക് ഡൗൺ കാലത്ത് ഒരു നേരത്തെ ഭക്ഷണത്തിനായി രണ്ടും മൂന്നും മണിക്കൂർ ക്യൂ നിൽക്കേണ്ടി വരുന്ന പട്ടിണിപ്പാവങ്ങളുടെ നാടുകൂടിയാണ് ഇന്ത്യ. പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ മിക്കതും അർഹരിലെത്താതെ എവിടെയോ അപ്രത്യക്ഷമാകുന്ന രാജ്യം കൂടിയാണിത്. ആരു ഭരിച്ചാലും അർധപട്ടിണിക്കാർ മുഴുപ്പട്ടിണിക്കാരായും കോടീശ്വരർ ശതകോടീശ്വരരായും പെരുകുന്ന നാട്.

കേരളത്തിൽ പട്ടിണി ഇത്രമേൽ രൂക്ഷമല്ല എന്നത് വാസ്തവമാണ്. എന്നാൽ,'പട്ടിണിമൂലം കുട്ടികൾ മണ്ണുതിന്നുന്നു' എന്ന ആരോപണമുയർന്നത് നമ്മുടെ സംസ്ഥാനത്തിന്റെ തലസ്ഥാനത്താണ്. ആരോപണങ്ങളുമായി ചാടി വീണ എല്ലാവരും പ്രതിസ്ഥാനത്താവുമെന്നതിനാൽ രാഷ്ട്രീയനേതാക്കൾ വളരെപ്പെട്ടെന്ന് അതിൽനിന്ന് പിന്മാറുന്ന കാഴ്ചയാണ് അവിടെ കണ്ടത്. മണ്ണുതിന്ന കുട്ടി ഉൾപ്പെടെ പാർത്ത ഉപ്പിടാംമൂട് പാലം വരുന്ന പ്രദേശത്തെ നഗരസഭാ കൗൺസിലർ ബിജെപി, എംഎൽഎയും എംപിയും കോൺഗ്രസ്, കോർപ്പറേഷനും സർക്കാരും സിപിഎം. തന്റെ ഇളയ കുട്ടിക്ക് മണ്ണുതിന്നുന്ന സ്വഭാവമുണ്ടെന്നും അത് പട്ടിണികൊണ്ടല്ലെന്നും വെളിപ്പെടുത്തിയത് കുഞ്ഞിന്റെ അമ്മതന്നെയാണ്. പിന്നീട്, ആ അമ്മയ്ക്ക് താത്കാലിക ജോലിയും വീടും നൽകി നഗരസഭ മാതൃകയായതിനെ അഭിനന്ദിക്കാം. അതിന്റെ പേരിൽ നഷ്ടം സംഭവിച്ചത് , കണ്ട കാര്യം പറഞ്ഞ എസ്.പി ദീപക്കിനാണ്. സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി സ്ഥാനവും സിപിഎം ഏരിയാ കമ്മിറ്റി അംഗത്വവും നഷ്ടപ്പെട്ടു. കുടുംബനാഥനായ, കുഞ്ഞുങ്ങളുടെ അച്ഛന്റെ അമിത മദ്യപാനമാണ് ആ കുടുംബത്തിന് പട്ടിണിയിലും പാലത്തിനടിയിലും കിടക്കേണ്ട അവസ്ഥയുണ്ടാക്കിയത്.

ഇവിടെ ആരും പട്ടിണി കിടക്കേണ്ടി വരില്ലെന്നു പറയുമ്പോഴും വലിയ വീടുകളിൽ പട്ടിണി കിടക്കേണ്ടി വരുന്നവരുടെ എണ്ണം കൂടുന്നതായാണ് വിലയരുത്തൽ. ഇവരിൽ നല്ലൊരു പങ്ക് മാന്യതയുടെ മുഖംമൂടിയണിഞ്ഞ് കഴിയുന്നതിനാൽ പട്ടിണിക്കാര്യം പുറത്തു പറയുന്നില്ല. അത്, ഒരു പക്ഷേ ഭാവിയിൽ കേരളം നേരിടാൻ പോവുന്ന വലിയൊരു വെല്ലുവിളിയുമാണ്. അയൽപക്കങ്ങൾ തമ്മിലുള്ള അടുപ്പം ദൃഢമാവുന്നതിൽ കവിഞ്ഞ പരിഹാരം ഇക്കാര്യത്തിൽ എളുപ്പമല്ല.

കുട്ടികളോടുള്ള മനോഭാവത്തിന്റെ കാര്യത്തിൽ പ്രാകൃതമായ മനസാണ് ഇന്ത്യയ്ക്ക് മാതൃകയെന്നു പറയുന്ന കേരളീയരുടേത്. സ്വത്തുതർക്കത്തിന്റെ പേരിൽ സഹോദരന്റെ കുഞ്ഞിന്റെ മേൽ തിളച്ച മീൻകറിയൊഴിച്ച് പൊള്ളിച്ചത് ഒരു മലയാളി യുവതിയും അവളുടെ അച്ഛനുമാണെന്നോർക്കണം. മൊബൈൽ ഫോൺ വാങ്ങി നൽകണമെന്നാവശ്യപ്പെട്ടത് കേൾക്കാത്ത സഹപാഠിയായ കൂട്ടുകാരനെ വെട്ടിക്കൊന്ന് കുഴിച്ചുമൂടിയത് പത്താം ക്ലാസിൽ പഠിക്കുന്ന രണ്ട് വിദ്യാർഥികളാണെന്നതു കേൾക്കുമ്പോൾ നമ്മൾ എവിടെയെത്തി നിൽക്കുന്നുവെന്ന് ചിന്തിക്കണം. ഈ കുട്ടികൾ കഞ്ചാവുകേസിൽ പ്രതികളാണ്. ഇവർക്ക് എവിടെ നിന്നാണ് കഞ്ചാവ് കിട്ടുന്നത്? ഇവരുടെ പേരിൽ ഒന്നിലേറെ തവണ കഞ്ചാവ് കേസുണ്ടായിട്ടും അത്തരം ചോദ്യം ഉണ്ടാവാത്തതല്ലേ ഈ കുട്ടിക്കുറ്റവാളികളുടെ വളർച്ചയ്ക്ക് കാരണം?നരേന്ദ്രനെ രക്ഷപ്പെടുത്താൻ മാനവേന്ദ്രമിശ്ര എന്ന മജിസ്ട്രേട്ട് ഉണ്ടായിരുന്നു.ഇവിടത്തെ പൊലീസിനും കോടതിക്കും ഒന്നും 'കുഞ്ഞേ, നീ എന്തിനിതു ചെയ്തു' എന്നു ചോദിക്കാൻ തോന്നാത്തതിനാൽ കുറ്റങ്ങളുടെ ആഴങ്ങളിലേയ്ക്ക് കടക്കാനായതേയില്ല.

ഇടുക്കിയിലും മലപ്പുറത്തും ഈ ലോക് ഡൗൺ കാലത്ത് ശൈശവ വിവാഹങ്ങൾക്കുള്ള ശ്രമങ്ങൾ നടന്നുവെന്ന് ചൈൽഡ് ലൈൻ പുറത്തുവിട്ട കണക്കുകളിലുണ്ട്. മാർച്ച് 24 മുതൽ ഒരു മാസത്തെ ലോക് ഡൗൺ കാലയളവിൽ സംസ്ഥാനത്ത് കുട്ടികൾക്ക് നേരെയുണ്ടായ അതിക്രമങ്ങളുടെ പേരിൽ 330 കേസുകളാണ് രജിസ്റ്റർ ചെയ്തത്. എന്തൊക്കെ പ്രശ്നങ്ങളാണ് നമ്മുടെ കുഞ്ഞുങ്ങൾ നേരിടുന്നത്?സാക്ഷരതയിലും വിദ്യാസമ്പന്നതിയിലും മുന്നിൽ നിൽക്കുന്ന കേരളത്തിൽ പോലും ഇതാണ് അവസ്ഥയെങ്കിൽ നിരക്ഷരകുക്ഷികൾ ഒരുപാടുള്ള മറ്റ് നാടുകളിലെ അവസ്ഥ എത്രമേൽ പരിതാപകരമായിരിക്കുമെന്ന് ആലോചിക്കാവുന്നതേയുള്ളൂ. കുട്ടികളിൽ അവശേഷിക്കുന്ന നൻമയെയും കരുണയെയും തല്ലിക്കൊഴിക്കാതെ, ചുറ്റുമുള്ള ലോകത്തെ കാണാനും സഹജീവികളോട് സമഭാവനയോടെ ഇടപെടാനും ശീലിപ്പിക്കാൻ ഈ ലോക് ഡൗൺകാലം ഉപയോഗപ്പെടുത്തിയാൽ അവരെ നാളത്തെ മാതൃകകളായി പരിവർത്തനപ്പെടുത്താം.

വേണം കേരളത്തിനൊരു അഴിച്ചുപണി

കേരളത്തിൽനിന്നു പഠിക്കാനുണ്ടെന്ന് ലോകം ഒറ്റ ശബ്ദത്തിലാണ് പറയുന്നത്. ഏതു പുരസ്കാരത്തെയും പിറകിലാക്കുന്ന അപൂർവ്വ അംഗീകാരമാണിത്. മൂന്നരക്കോടി ജനതയുടെ അഭിമാനം. മുഖ്യമന്ത്രി പിണറായി വിജയൻ ഈ നേട്ടത്തിന്റെ പതാകയുയർത്തി നിൽക്കെ നാം അഭിമാനപൂർവ്വം ശിരസ്സുയർത്തി ലോകത്തെ അഭിവാദ്യം ചെയ്യണം.

ഡോ. ആസാദ്

ലോകാരോഗ്യ സംഘടനയും ലോകമെങ്ങുമുള്ള മാധ്യമങ്ങളും ആരോഗ്യ പ്രവർത്തകരും ബുദ്ധിജീവികളും ലോകനേതാക്കളും കോവിഡ് പ്രതിരോധത്തിന്റെ കേരള മാതൃകയെ വാഴ്ത്തുന്നു. സമീപദശകങ്ങളിൽ കേരളം ഇങ്ങനെ ശ്രദ്ധിക്കപ്പെട്ട മറ്റൊരു സന്ദർഭവുമില്ല.

കേരളത്തിൽനിന്നു പഠിക്കാനുണ്ടെന്ന് ലോകം ഒറ്റ ശബ്ദത്തിലാണ് പറയുന്നത്. ഏതു പുരസ്കാരത്തെയും പിറകിലാക്കുന്ന അപൂർവ്വ അംഗീകാരമാണിത്. മൂന്നരക്കോടി ജനതയുടെ അഭിമാനം. മുഖ്യമന്ത്രി പിണറായി വിജയൻ ഈ നേട്ടത്തിന്റെ പതാകയുയർത്തി നിൽക്കെ നാം അഭിമാനപൂർവ്വം ശിരസ്സുയർത്തി ലോകത്തെ അഭിവാദ്യം ചെയ്യണം.

വൻകിട രാഷ്ട്രങ്ങളെ ഈ ആപത്ഘട്ടത്തിൽ സഹായിക്കാൻ അവരുടെ സൈനിക വ്യൂഹങ്ങൾക്കോ ആയുധ ശേഖരങ്ങൾക്കോ സാധിക്കുന്നില്ല. കോളനി രാജ്യങ്ങളിൽ നിന്ന് ഊറ്റിക്കൊണ്ടുപോന്ന സമ്പത്തിനു സാധിക്കുന്നില്ല. വൻകിട കോർപറേറ്റ് വികസന പദ്ധതികൾക്കു സാധിക്കുന്നില്ല. തുരുതുരാ പെയ്യുന്ന മാരിയും മരണവും വൻകരകളെ സ്തംഭിപ്പിച്ചിരിക്കുന്നു.

കേരളം ക്യൂബയെപ്പോലെ ഒരു സോഷ്യലിസ്റ്റ് രാഷ്ട്രമല്ല. ആഗ്രഹിച്ചാലും വലിയ അത്ഭുതം സൃഷ്ടിക്കാനാവാത്ത ഫെഡറൽ സംവിധാനത്തിലെ കൊച്ചുതുരുത്തു മാത്രം. നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ടുവന്ന സമത്വത്തിന്റെയും ഭൂതദയയുടെയും സേവനത്തിന്റെയും ത്യാഗത്തിന്റെയും പ്രേരണ അവശ്യ ഘട്ടത്തിൽ തളിർത്തു നിൽക്കുന്നു.

എല്ലാവരുടേതുമാണ് എല്ലാമെന്നത്, പ്രകൃതി വിഭവങ്ങൾക്കു മേൽ പരിമിതാവകാശം മാത്രം എന്നത്, ആരെയും പുറം തള്ളാതെ എല്ലാവരെയും ചേർത്തു പിടിക്കണം ഏതു വികസനത്തിലുമെന്നത് ഈ കോവിഡ്കാലം നമ്മെ ഓർമിപ്പിക്കുന്നു. ഭരണഘടനയിൽനിന്ന് സമത്വമെന്ന (socialism) വാക്ക് എടുത്തു മാറ്റാൻ ധൃതിപ്പെടുന്ന കേന്ദ്ര ഭരണത്തെ ആ പദത്തിന്റെ പ്രയോഗശേഷി പഠിപ്പിക്കുന്നുമുണ്ട് കോവിഡ്.

എല്ലാ രാജ്യത്തെ ജനങ്ങളും ഭരണകൂടങ്ങളും മനുഷ്യത്വ രഹിതമായ മത്സര മുതലാളിത്തത്തെ മറന്നു കേരളത്തെ നോക്കുന്നത് സാമൂഹിക സുരക്ഷയുടെ ഒരത്ഭുതവലയം ജീവിതത്തിന്റെ കൊടിപ്പടമുയർത്തുന്നത് കാണാനാണ്. ധനാധിനിവേശ ശക്തികൾ വാ പിളർത്തി നിൽക്കുമ്പോഴും അടിസ്ഥാനാവശ്യങ്ങൾക്ക് ഉതകുന്ന നയ നടത്തിപ്പുകളുടെ ശേഷിച്ച പച്ചകൾ കാണാനാണ്. ഇനി ഞങ്ങളെ പകർത്തി വലിയ അപകടങ്ങളിലേക്ക് വീഴൊല്ലേ എന്നു മുന്നറിയിപ്പു നൽകാനാണ്.

അതിനാൽ കേരളത്തിന് തീരെ ഉദാസീനമായി ഇനി മുന്നോട്ടു പോകാനാവില്ല. ജനങ്ങളെ കോർത്തു നിർത്തുന്ന ശരിയായ പുരോഗതി ഉയർത്തിപ്പിടിക്കാതെ വയ്യ. വൻതോതിലുള്ള സ്വകാര്യവത്ക്കരണവും പ്രകൃതിചൂഷണവും കോർപറേറ്റ് വികസനവും തുടരാനാവില്ല. ജനങ്ങളെ മറന്നു സാമ്പത്തിക ശക്തികളെ ആശ്ലേഷിക്കുകയും ദുർവ്യയങ്ങളിൽ മതി മറക്കുകയും ചെയ്യുന്ന രാഷ്ട്രീയച്യുതി തിരുത്താതെയും പറ്റില്ല.

തുടർച്ചയായി ആപത്തുകൾ വരികയാണ്. പ്രളയവും പ്രകൃതിക്ഷോഭവും പകർച്ചവ്യാധിയും പിടിവിടുന്നില്ല. കടുത്ത സാമ്പത്തിക മാന്ദ്യവും പിറകെ കാണും. വരാനിരിക്കുന്ന ഇത്തരം ആപത്ഘട്ടങ്ങളെ നേരിടാനുള്ള സാമൂഹിക രാഷ്ട്രീയ അടിത്തറ സജ്ജമാക്കേണ്ടതുണ്ട്. അതിന് പുരോഗതിയിലേക്കുള്ള ജനകീയ പാത സംബന്ധിച്ച ചർച്ചകളും സംവാദങ്ങളും നടക്കണം. മുൻവിധികളും അസഹിഷ്ണുത നിറഞ്ഞ സമീപനങ്ങളും അവസാനിപ്പിക്കണം. കേരളത്തിന്റെ മേൽ പതിയുന്ന കണ്ണുകൾക്ക് വഴിയും വെളിച്ചവും തെളിയണം.

കട തുറന്നാൽ കൈക്കോട്ട് വാങ്ങാം

അശോകൻ ചരുവിൽ

കൊറോണക്കാലം പിന്നിട്ടശേഷമുള്ള നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ചില സൂചനകളാണ് ചൊവ്വാഴ്ച്ചത്തെ പത്രസമ്മേളനത്തിൽ മുഖ്യമന്ത്രി പങ്കുവച്ചത്. ആശങ്കാജനകമെങ്കിലും അതിജീവിക്കും എന്ന പ്രത്യാശയും അദ്ദേഹം പകർന്നു തന്നു. കാൽച്ചുവട്ടിലെ പൊന്നായ മണ്ണു തന്നെയാണ് തുടർപ്രതിരോധത്തിന്റെ ആയുധം എന്നാണ് ചൂണ്ടിക്കാണിച്ചത്. എന്നു വെച്ചാൽ കൃഷി എന്ന ഏറ്റവും വലിയ സർഗാത്മക പ്രവർത്തനം.

നമ്മുടെ പ്രതിപക്ഷം ഭാവിയിലെ തെരഞ്ഞെടുപ്പുകളെപ്പറ്റി ഓർത്ത് കൈകാലിട്ടടിക്കുന്നു. വലിയ പരാജയം ഉണ്ടാകുമോ എന്നതാണ് അവരുടെ ഭീതി. ആ പരാക്രമം കാണുമ്പോൾ ഭരണപക്ഷത്തുള്ള ചിലരിലെങ്കിലും വിജയപ്രതീക്ഷയുടെ തൂമന്ദഹാസമുണ്ട്. പക്ഷേ അത്തരം ആശങ്കക്കും പ്രതീക്ഷക്കുമൊന്നും യാതൊരു അടിസ്ഥാനവുമില്ല. ഇന്ന് കേരളത്തിലെ ജനങ്ങൾ തൊണ്ണൂറ്റി ഒമ്പതു ശതമാനവും മനസുകൊണ്ട് സർക്കാരിനൊപ്പമുണ്ട്. അതുകൊണ്ടുതന്നെ പ്രതിപക്ഷത്തിന്റെ ഓരോ നീക്കവും തകിടം മറിയുന്നു. പക്ഷേ വരാൻ പോകുന്ന കാലത്തിന്റെ ഭീകരത ഓർത്താൽ എന്താണ് സംഭവിക്കുക എന്നു ആർക്കും പ്രവചിക്കാനാവില്ല.

വലിയ മട്ടിലുള്ള ഒരു ആഗോള മാന്ദ്യത്തിലേക്ക് ലോകം കടക്കുമ്പോൾ കേരളത്തിനു മാത്രമായി പിടിച്ചു നിൽക്കാനാവുമോ? തകർച്ചയുടെ ഫലമായുണ്ടാകുന്ന ദുരിതം മുഴുവനും അവികസിത രാഷ്ട്രങ്ങൾക്കും അവിടത്തെ പണിയെടുത്തു ജീവിക്കുന്ന സാധാരണ ജനങ്ങൾക്കുമേൽ കെട്ടിയേൽപ്പിക്കാനായിരിക്കും മേധാവിത്തം വഹിക്കുന്ന കോർപ്പറേറ്റ് സാമ്രാജ്യത്വം ശ്രമിക്കുക. അവരുടെ നീക്കം അതേപടി നടപ്പാക്കുന്ന ഒരു കേന്ദ്രസർക്കാരിന്റെ കീഴിൽ കേരളത്തിന് എന്തു ചെയ്യാനാവും? രണ്ടു പ്രളയങ്ങൾ കൊണ്ട് നട്ടെല്ലൊടിഞ്ഞ സാമ്പത്തികാവസ്ഥയാണ് നമുക്കുള്ളത്. ഇപ്പോൾ കൊറോണ ബാധിതരേയും നിരീക്ഷണത്തിലിരിക്കുന്നവരേയും അടച്ചിരിപ്പുമൂലം ഗതികെട്ട ജനതയേയും സർക്കാർ ധനസഹായം നൽകി സംരക്ഷിക്കുന്നു. വരവ് ഒട്ടുമില്ല; ചിലവ് ഏറെയുണ്ട്. നാം എവിടെ എത്തും? കൊറോണാനന്തരം പ്രവാസം കാമധേനുമായി തുടരില്ല എന്നാണ് സൂചന. മടങ്ങി വരുന്നവരെ പുനരധിവസിപ്പിക്കണം. ഡോ. തോമസ് ഐസക്കിന്റെ കൈയിൽ മാന്ത്രികവടി ഒന്നുമില്ലല്ലോ.

പിണറായി സർക്കാരിന്റെ കഴിഞ്ഞ നാലു വർഷത്തെ അനുഭവം വെച്ചു നോക്കുമ്പോൾ ഒരു കാര്യം പ്രവചിക്കാം. ഉണ്ടാകാൻ പോകുന്ന സാമ്പത്തിക പ്രതിസന്ധിയുടെ ആഘാതം ദുർബ്ബല ജനവിഭാഗങ്ങളെ ബാധിക്കാതിരിക്കാനാവും അവർ ശ്രമിക്കുക. സൗജന്യ റേഷനും സബ്സിഡിയും ക്ഷേമ പെൻഷനുകളും തുടരും. പക്ഷേ അതിനു വേണ്ടി മറ്റു പല മേഖലകളിലും വലിയ വെട്ടിക്കുറക്കൽ നടത്തേണ്ടി വരും. ഇത് മധ്യ, ഉപരിവർഗ ജനതയെ കാര്യമായി ബാധിക്കും. നിത്യദരിദ്രന് കഞ്ഞി നഷ്ടപ്പെടുന്ന പോലെയല്ല മധ്യവർഗത്തിന് ഭക്ഷണശേഷമുള്ള ഡെസേർട്ട് (dessert) നഷ്ടപ്പെടുന്നത്. അതിന്റെ രാഷ്ട്രീയ പ്രത്യാഘാതം പ്രവചിക്കാനാവില്ല. പ്രളയത്തിൽ നിന്നും മഹാവ്യാധിയിൽ നിന്നും തങ്ങളെ നെഞ്ചോടു ചേർത്തു രക്ഷിച്ചവരെയൊന്നും അവരപ്പോൾ ഓർത്തെന്നു വരില്ല.

പുതിയൊരു ജീവിതം; ഒരു ജീവിതസംസ്കാരം തന്നെ നമുക്ക് നിർമ്മിച്ചെടുക്കേണ്ടി വരും. 'നമ്പൂതിരിയെ മനുഷ്യനാക്കുക' എന്ന ഇഎംഎസിന്റെ ഓങ്ങല്ലൂർ പ്രസംഗം കേട്ടു മടങ്ങുന്ന വഴിക്ക് പട്ടാമ്പി ചന്തയിലിറങ്ങി ഒരു കൈക്കോട്ടു വാങ്ങിക്കുന്ന വി.ടി.യുടെ നമ്പൂതിരി കഥാപാത്രത്തെ നമുക്ക് ഓർമ്മിക്കാം.

വാർത്തയിലെ വ്യക്തി

താരമാണ് ഈ കലക്റ്റർ നഴ്സ്

കൊവിഡ് രോഗികളില്ലാത്ത കുടക് ജില്ലയുടെ നേട്ടത്തിനു പിന്നിൽ ഡപ്യൂട്ടി കമ്മിഷണർ (ജില്ലാ കലക്റ്ററുടെ ചുമതല) പിറവം പാമ്പാക്കുട സ്വദേശി ആനീസ് കൺമണി ജോയ്. തിരുവനന്തപുരം മെഡിക്കൽ കോളെജിൽ നഴ്സിങ് പൂർത്തിയാക്കിയ ശേഷം സിവിൽ സർവീസിൽ പ്രവേശിച്ച ആനീസിന് ഇപ്പോൾ അഭിനന്ദന പ്രവാഹമാണ്.

മാർച്ച് 19 നാണ് ജില്ലയിൽ ആദ്യ പോസിറ്റീവ് കേസ് റിപ്പോർട്ട് ചെയ്തത്. നാല് ആഴ്ചയിലേറെയായി കുടകിൽ പുതിയ കേസുകളില്ല. ജില്ലാ ഭരണകൂടത്തിന്റെ നേട്ടം കേന്ദ്ര ആരോഗ്യ സെക്രട്ടറി ലവ് അഗർവാൾ പ്രത്യേകം പരമാർശിക്കുകയും ചെയ്തു. യുദ്ധമുഖത്തെന്നതു പോലെയായിരുന്നു കോവിഡ് പ്രതിരോധപ്രവർത്തനമെന്ന് ആനീസ് പറയുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ രോഗബാധിതരുള്ള ജില്ലകളുമായി അതിർത്തി പങ്കിടുന്നതിനാൽ വലിയ മുൻകരുതലുകൾ സ്വീകരിച്ചു.

പതിനാറുകാരനെ സഹപാഠികൾ വെട്ടിക്കൊന്ന സംഭവം
കൊലപ്പെടുത്താൻ ഉദ്ദേശിച്ചിരുന്നില്ലെന്ന് കുട്ടികളുടെ മൊഴി

പത്തനംതിട്ട: സുഹൃത്തുക്കളും സഹപാഠികളുമായിരുന്നവർ ചേർന്ന് 16കാരനെ എറിഞ്ഞുവീഴ്ത്തി വെട്ടിക്കൊലപ്പെടുത്തിയ സംഭവത്തിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി ഇടപെട്ടു. പൊലീസ് കസ്റ്റഡിയിലുള്ള കുട്ടികളുടെ മൊഴി രേഖപ്പെടുത്തുമെന്ന് കമ്മിറ്റി ചെയർമാൻ സക്കീർ ഹുസൈൻ.

കൊടുമൺ അങ്ങാടിക്കൽ വടക്ക് സുധീഷ് ഭവനിൽ സുധീഷ് - മിനി ദമ്പതികളുടെ മകൻ അഖിലാണ് (16) കൊല്ലപ്പെട്ടത്. കോന്നി കൈപ്പട്ടൂർ സെന്റ് ജോർജ് മൗണ്ട് ഹൈസ്കൂളിൽ പത്താം ക്ലാസ് വിദ്യാർഥിയായിരുന്ന അഖിലിനെ അങ്ങാടിക്കൽ തെക്ക് എസഎൻവിഎച്ച്എസ് സ്കൂളിന് സമീപം റബർ തോട്ടത്തിലാണ് കൊലപ്പെടുത്തിയത്. ഒമ്പതാം ക്ലാസ് വരെ ഒപ്പം പഠിച്ചിരുന്ന അങ്ങാടിക്കൽ വടക്ക് സ്വദേശിയും കൊടുമൺ മണിമലമുക്ക് സ്വദേശിയും ചേർന്നാണ് കൊല നടത്തിയത്.

അഖിൽ

കുട്ടികളുമായി ബന്ധപ്പെട്ട സംഭവമായതിനാൽ ബാലനീതി നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇവരെ ജുവനൈൽ ജസ്റ്റീസ് ബോർഡ് മുമ്പാകെ ഹാജരാക്കി. ചൊവ്വാഴ്ച ഉച്ചയോടെയാണ് അഖിൽ കൊല്ലപ്പെട്ടത്. സുഹൃത്തുക്കളായ കുട്ടികൾ അഖിലിനെ വീട്ടിലെത്തി വിളിച്ചപ്പോൾ അഖിലും സൈക്കിളുമെടുത്ത് ഇവർക്കൊപ്പം പോയി. മൂന്നു പേരും തമ്മിൽ പല ഇടപാടുകളുമുണ്ടായിരുന്നു. സുഹൃത്തുക്കളിൽ ഒരാളുടെ റോളർ സ്കേറ്റിങ് ഷൂ അഖിൽ ഉപയോഗിച്ചിരുന്നു. ഇതിനു പകരം മൊബൈൽ ഫോൺ നൽകാമെന്ന് അഖിൽ വാഗ്ദാനം ചെയ്തിരുന്നതായി പറയുന്നു.

മൊബൈലിൽ ബന്ധപ്പെടുകയും ചാറ്റ് ചെയ്യുകയും സമൂഹമാധ്യമങ്ങളിൽ ഇടപെടുകയും ചെയ്തിരുന്ന മൂവരും ഒന്നിച്ചിരുന്ന് മൊബൈൽ ഗെയിമും കളിച്ചിരുന്നു. ഇതിനിടെ സമൂഹമാധ്യമത്തിലൂടെ കളിയാക്കിയെന്ന പേരിൽ ഇവർ തമ്മിൽ വഴക്കുണ്ടായതായി പറയുന്നു. ഷൂസ് അഖിൽ ഉപയോഗിച്ച് നശിപ്പിച്ചുവെന്നു പറഞ്ഞും തർക്കം നടന്നിരുന്നു മൊബൈൽ ഫോൺ നൽകാത്തതിന്റെ പേരിലും അഖിലിനോട് മറ്റു രണ്ടുപേരും വഴക്കുണ്ടാക്കി. ഇതിന്റെയൊക്കെ പേരിൽ നേരത്തേയും ഇവർ തമ്മിൽ അടിപിടി നടന്നിരുന്നുവെന്നാണു സൂചന.

സ്കൂളിന് സമീപം ആളൊഴിഞ്ഞ റബർതോട്ടത്തിൽ വച്ച് അഖിലിനെ കല്ലെടുത്തെറിഞ്ഞു. ബോധരഹിതനായി അഖിൽ വീണതോടെ ഭയന്ന മറ്റു രണ്ടുപേരും കൊലപ്പെടുത്താൻ തീരുമാനിച്ചു. സമീപത്തെ വീടിനു പുറത്തിരുന്ന കോടാലി എടുത്തുകൊണ്ടുവന്ന് വെട്ടിയെന്നാണ് മൊഴി. മരിച്ചെന്നു ബോധ്യപ്പെട്ടപ്പോൾ മൃതദേഹം മറവു ചെയ്യാൻ തീരുമാനിച്ചു. അതിനായി ചെറിയ കുഴിയെടുത്ത് മൃതദേഹം മൂടി. സമീപത്തുനിന്ന് മണ്ണ് സംഘടിപ്പിച്ച് അതും മുകളിലിട്ടു.

സംശയാസ്പദമായ സാഹചര്യത്തിൽ കണ്ട കുട്ടികളെ അങ്ങാടിക്കൽ സ്കൂൾ ഡ്രൈവർ രഘുവിന്റെ നേതൃത്വത്തിൽ നാട്ടുകാർ ചോദ്യം ചെയ്തപ്പോൾ തന്നെ നടന്നതെല്ലാം പറഞ്ഞു. ഉടൻ പൊലീസിൽ വിവരം അറിയിച്ചു. പൊലീസ് എത്തിയപ്പോൾ കുട്ടികളിലൊരാൾ തന്നെ മൃതദേഹം മണ്ണുമാന്തി കാട്ടിക്കൊടുത്തു. രണ്ടുപേരും ചേർന്ന് പുറത്തെടുക്കുകയും ചെയ്തു. വെട്ടാനുപയോഗിച്ച ആയുധവും കണ്ടെടുത്തു. പറ്റിപ്പോയി എന്നു മാത്രമാണ് കുട്ടികൾ പറഞ്ഞത്. കൊലപ്പെടുത്തണമെന്ന് ഉദ്ദേശ്യമില്ലായിരുന്നുവെന്നും വഴക്കുണ്ടായപ്പോൾ കല്ലെറിയുകയായിരുന്നുവെന്നും പറയുന്നു.

ബോധരഹിതനായ അഖിലിനെ ഇത്തരത്തിൽ ഉപേക്ഷിച്ചാൽ തങ്ങൾ പിടിയിലാകുമെന്ന് ഭയന്ന കുട്ടികൾ, കൊലപ്പെടുത്തി മറവുചെയ്താൽ ആൾപ്പാർപ്പില്ലാത്ത സ്ഥലമായതിനാൽ പുറത്താരും അറിയില്ലെന്ന് കരുതിയിട്ടുണ്ടാകാമെന്നാണ് പൊലീസ് നിഗമനം. ജില്ലാ പൊലീസ് മേധാവി കെ.ജി. സൈമൺ, ഡിവൈഎസ്പിമാരായ ആർ. ജോസ്, ജവഹർ ജനാർദ് എന്നിവരുടെ നേതൃത്വത്തിലാണ് കുട്ടികളുടെ മൊഴി രേഖപ്പെടുത്തിയത്.

കൊല്ലാൻ ഉപയോഗിച്ച പാറക്കല്ല്, കോടാലി, കത്തി, ചോര പുരണ്ട മണ്ണ് എന്നിവയും പ്രതികൾ സഞ്ചരിച്ച സൈക്കിളും കണ്ടെടുത്തു. ഫൊറൻസിക് വിദഗ്ധർ സംഭവസ്ഥലത്ത് വിശദപരിശോധന നടത്തി. പ്രതികൾ പ്രായപൂർത്തിയാകാത്തവരായതിനാൽ സംഭവസ്ഥലത്ത് കൊണ്ടുവന്നു തെളിവെടുപ്പ് നടത്തിയില്ല. ഒമ്പതാം ക്ലാസ് വിദ്യാർഥിനി ആര്യയാണ് അഖിലിന്റെ സഹോദരി.

കേന്ദ്ര നിയമം സ്വാഗതം ചെയ്ത് ഐഎംഎ കേരള

കൊച്ചി: ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് കേന്ദ്രസർക്കാർ കൊണ്ടുവന്ന പുതിയ ഓർഡിനൻസിനെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സ്വാഗതം ചെയ്തു. ചെന്നൈയിൽ കോവിഡ് ബാധിച്ച് മരണപ്പെട്ട ഡോക്റ്ററുടെ മൃതദേഹം അടക്കം ചെയ്യുന്നത് തടയുകയും വാഹനം തകർക്കുകയും ചെയ്ത നടപടിയിൽ പ്രതിഷേധിച്ച് രാജ്യവ്യാപകമായി മെഴുകുതിരി കത്തിച്ചുനടത്താനിരുന്ന പ്രതിഷേധ സമരവും ഉപേക്ഷിച്ചു. ഓർഡിനൻസ് ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ആത്മവിശ്വാസം നൽകുന്നുവെന്ന് ഐഎംഎ സംസ്ഥാന പ്രസിഡന്റ് ഡോ. അബ്രാഹം വർഗീസ് പറഞ്ഞു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൊച്ചി ഐഎംഎയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജം പകരുന്നതാണ് പുതിയ ഓർഡിനൻസെന്ന് ഡോ. രാജീവ് ജയദേവൻ, ഡോ. ശാലിനി സുധീന്ദ്രൻ എന്നിവർ അഭിപ്രായപ്പെട്ടു.

എംജി സർവകലാശാലാ പരീക്ഷകൾ മേയ് 18 മുതൽ

- ആരോഗ്യവകുപ്പിന്റെ നിർദേശങ്ങൾ പാലിക്കും
- ഉത്തരക്കടലാസ് മൂല്യനിർണയം ജൂൺ ഒന്നു മുതൽ ഹോംവാല്യുവേഷനായി

കോട്ടയം: കൊവിഡ് വ്യാപനത്തെത്തുടർന്ന് മാറ്റിവച്ച ബിരുദ, ബിരുദാനന്തര ബിരുദ പരീക്ഷകൾ മേയ് മൂന്നാംവാരം മുതൽ പുനരാരംഭിക്കുമെന്ന് മഹാത്മാഗാന്ധി സർവകലാശാല പരീക്ഷ കൺട്രോളർ. ആറ്, നാല് സെമസ്റ്റർ ബിരുദ പരീക്ഷകൾ യഥാക്രമം മേയ് 18, 19 തീയതികളിൽ പുനരാരംഭിക്കും.

അഞ്ചാം സെമസ്റ്റർ ബിരുദ പ്രൈവറ്റ് പരീക്ഷകൾ മേയ് 25 മുതൽ നടക്കും. ആറ്, നാല് സെമസ്റ്റർ ബിരുദ പരീക്ഷകളുടെ പ്രാക്റ്റിക്കൽ പരീക്ഷകൾ യഥാക്രമം മേയ് 25, 28 മുതൽ അതത് കോളെജുകളിൽ നടക്കും. നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകൾ മേയ് 25ന് ആരംഭിക്കും. പിജി പ്രാക്റ്റിക്കൽ പരീക്ഷകൾ ജൂൺ എട്ടിന് തുടങ്ങും. യുജി രണ്ടാംസെമസ്റ്റർ പരീക്ഷകൾ ജൂൺ രണ്ടാംവാരം മുതൽ നടക്കും. രണ്ടാംസെമസ്റ്റർ പ്രാക്റ്റിക്കൽ പരീക്ഷകളും ജൂണിൽ പൂർത്തീകരിക്കും. പരീക്ഷകളുടെ വിശദമായ ടൈംടേബിൾ പിന്നീട് പ്രസിദ്ധീകരിക്കും.

കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളിൽ മേയ് മാസത്തോടെ ഇളവുകൾ വരുമെന്ന പ്രതീക്ഷയുടെ അടിസ്ഥാനത്തിലാണ് പരീക്ഷകൾ പുനരാരംഭിക്കാനുള്ള ടൈംടേബിളുകൾ തയാറാക്കുന്നത്. സർക്കാർ നിർദേശങ്ങളുടെ അടിസ്ഥാനത്തിലാകും പരീക്ഷകൾ പുനരാരംഭിക്കുക.

ജൂൺ ഒന്നു മുതൽ ഒമ്പതു കേന്ദ്രങ്ങളിലായി ഹോംവാല്യൂവേഷൻ രീതിയിൽ ഒരാഴ്ച കൊണ്ട് മൂല്യനിർണയനടപടികൾ പൂർത്തീകരിക്കും. സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും നിർദേശങ്ങൾ കർശനമായി പാലിച്ചാണ് പരീക്ഷയും മൂല്യനിർണയവും നടത്തുക. ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ കോളെജുകൾക്ക് നിർദേശം നൽകും.

കുഫോസ് ഓഫിസ് നാളെ മുതൽ പ്രവർത്തിക്കും

കൊച്ചി: ലോക് ഡൗണിനെ തുടർന്ന് അടച്ച കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല (കുഫോസ്) നാളെ മുതൽ തുറന്നു പ്രവർത്തനമാരംഭിക്കും. സർക്കാർ നിർദേശങ്ങൾ പാലിച്ചുകൊണ്ട് മൂന്നിലൊന്നു ജീവനക്കാരെ നിയോഗിച്ചുകൊണ്ടായിരിക്കും ഓഫിസുകൾ പ്രവർത്തിക്കുക.

ഇതിന് മുന്നോടിയായി സർവകലാശാല ആസ്ഥാന മന്ദിരവും ഫിഷറീസ് ഫാക്കൽറ്റി വിഭാഗവും മാനെജ്മെന്റ്, ഓഷൻ സയൻസ് സ്കൂളുകളും ആരോഗ്യവകുപ്പ് അധികൃതരുടെ മാനദണ്ഡപ്രകാരം ശുചീകരിച്ചതായി കുഫോസ് രജിസ്ട്രാർ ഡോ. ബി. മനോജ് കുമാർ അറിയിച്ചു.

ഓഫിസുകൾ വെള്ളിയാഴ്ച പ്രവർത്തനം ആരംഭിക്കുമെങ്കിലും സർക്കാർ നിർദേശം ലഭിക്കുന്ന മുറയ്ക്കു മാത്രമേ സാധാരണ നിലയിലുള്ള അധ്യയനം തുടങ്ങൂ. അതുവരെ ഇപ്പോഴുള്ളതുപോലെ ഓൺലൈൻ ക്ലാസുകൾ തുടരും. കർഷകർക്കുള്ള മാർഗനിർദേശങ്ങളും രോഗബാധ നിയന്ത്രിക്കുന്നതിനുള്ള പരിഹാരമാർഗങ്ങളും ഓൺലൈനായും ഫോണിലൂടെയും വെള്ളിയാഴ്ച മുതൽ നൽകും.

പെൻഷൻ: മസ്റ്ററിങ്ങിന് ലോക്ഡൗണിനു ശേഷം ഒരാഴ്ച സമയം

തിരുവനന്തപുരം: ബയോമെട്രിക് മസ്റ്ററിങ് നടത്താത്ത സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് ലോക്ഡൗണിനു ശേഷം ഒരാഴ്ച കൂടി സമയം അനുവദിക്കും. ഫെബ്രുവരി 15 വരെ മസ്റ്റർ ചെയ്തിട്ടില്ലാത്ത, പെൻഷൻ അർഹതയുള്ള ഗുണഭോക്താക്കൾക്കാണ് അവസരം ലഭിക്കുക.

മസ്റ്ററിങ്ങിനായി ഇനിയും സമയം അനുവദിയ്ക്കില്ലാത്തതിനാൽ അർഹരായ ഗുണഭോക്താക്കൾ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണം.

മസ്റ്ററിങ് തീയതി സംബന്ധിച്ച വിവരം പത്രമാധ്യമങ്ങൾ മുഖേന പിന്നീട് അറിയിക്കുമെന്നും ധനകാര്യ അഡീ: ചീഫ് സെക്രട്ടറി അറിയിച്ചു.

തയ്യൽ തൊഴിലാളികൾക്ക് ₹53.6 കോടിയുടെ ധനസഹായം

തിരുവനന്തപുരം: കൊവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി ലോക്ക്ഡൗൺ കാലത്ത് തയ്യൽ തൊഴിലാളികൾക്ക് 1,000 രൂപ വീതം ധനസഹായം നൽകുന്നതിന് 53.6 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവായി.

തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും, സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമ പെൻഷൻ ലഭിക്കാത്തവരുമായ എല്ലാ തൊഴിലാളികൾക്കും 1,000 രൂപ വീതം സഹായത്തിന് അർഹതയുണ്ട്. ഓൺലൈൻ രജിസ്ട്രേഷൻ, പുതുക്കൽ മുഖേന ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമായിട്ടുള്ളതിൽ രണ്ടു ഘട്ടങ്ങളിലായി ആകെ 1,04,670 തൊഴിലാളികൾക്ക് (ഒന്നാംഘട്ടം: 63,081 പേർക്ക്, രണ്ടാംഘട്ടം: 41,589 പേർക്ക്) 10,46,70,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ബോർഡിൽ സമർപ്പിച്ചിട്ടില്ലാത്ത തൊഴിലാളികൾ ആനുകൂല്യം ലഭിക്കുന്നതിന് www.tailorwelfare.in എന്ന ബോർഡ് വെബ്സൈറ്റ് മുഖേന ആധാർ നമ്പർ, ബാങ്ക് പാസ്ബുക്ക്, ആധാർ കാർഡ്, ക്ഷേമനിധി പാസ്ബുക്ക്/തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പ് ജില്ലാ ഓഫീസുകളിൽ തപാൽ മുഖേനയോ ട്രേഡ് യൂണിയൻ മുഖേനയോ ലോക്ഡൗണുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നേരിട്ടോ ലഭ്യമാക്കണം.

കൂടുതൽ വിവരങ്ങൾക്ക്: തിരുവനന്തപുരം 0471 2556895, കൊല്ലം 98955 88328, പത്തനംതിട്ട/ആലപ്പുഴ 94955 72858, ഇടുക്കി/കോട്ടയം 94953 64094, എറണാകുളം 90485 00602, തൃശൂർ 91421 78787, മലപ്പുറം/പാലക്കാട് 98954 07163, കോഴിക്കോട്/വയനാട് 75608 95445, കണ്ണൂർ/കാസർകോട് 94950 84088.

ഫെയ്സ്ബുക്കിൽ ഭീഷണിയെത്തി, പിന്നാലെ വെട്ടേറ്റു

- യൂത്ത് കോൺ. പ്രവർത്തകനെ ആക്രമിച്ചത് ഭരണിക്കാവിൽ
- പിന്നിൽ ഡിവൈഎഫ്എ പ്രവർത്തകരെന്ന് കോൺഗ്രസ്

കറ്റാനം ഭരണിക്കാവിൽ വെട്ടേറ്റ യൂത്ത് കോൺഗ്രസ് പ്രവർത്തകൻ സുഹൈൽ ഹസൻ.

ആലപ്പുഴ: കറ്റാനം ഭരണിക്കാവിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകന് വെട്ടേറ്റു. യൂത്ത് കോൺഗ്രസ് മണ്ഡലം സെക്രട്ടറി ഇലിപ്പക്കുളം കോട്ടയ്ക്കകത്ത് സുഹൈൽ ഹസനാണ് (24 ആക്രമിക്കപ്പെട്ടത്. ചൊവ്വാഴ്ച രാത്രി പത്തരയോടെ മാങ്ങാനം ജംക്ഷനു സമീപമാണ് സംഭവം. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് ഇഖ്ബാലിനൊപ്പം ബൈക്കിൽ സഞ്ചരിക്കവേ ആയുധധാരികളെത്തി ആക്രമിക്കുകയായിരുന്നു. കഴുത്തിലാണ് വെട്ടേറ്റത്. പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല

സുഹൈലിനെ വണ്ടാനം മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ചെങ്കിലും രക്തസ്രാവം നിലയ്ക്കാത്തതിനാൽ രാത്രിയോടെ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലേക്കു കൊണ്ടുപോയി. ഡിവൈഎഫ്ഐ പ്രവർത്തകരാണ് തങ്ങളെ ആക്രമിച്ചതെന്ന് ഇഖ്ബാൽ പറഞ്ഞു. തങ്ങളെ ഇവർ പിന്തുടരുന്നുണ്ടായിരുന്നുവെന്നും ഭക്ഷണം വാങ്ങാൻ വാഹനം നിർത്തിയ സമയത്താണ് ആക്രമിച്ചതെന്നും അദ്ദേഹം പറഞ്ഞു.

സമൂഹ അടുക്കളയിൽ നിന്നും സിപിഎം പ്രവർത്തകനായ മുൻ പഞ്ചായത്ത് പ്രസിഡന്റ് ഭക്ഷണം കൊണ്ടുപോയി തന്റെ തൊഴിലാളികൾക്കു നൽകിയ സംഭവം വിവാദമായിരുന്നു. ഇതുമായി ബന്ധപ്പെട്ട കുറിപ്പ് ഫെയ്സ്ബുക്കിൽ ഇട്ടതിനെത്തുടർന്ന് ഇതിനു നിനക്കു സമ്മാനം തരുന്നുണ്ടെന്ന് ഒരാൾ അതിനടിയിൽ കമന്റ് ചെയ്തിരുന്നു. തന്നെയും അക്രമികൾ ലക്ഷ്യമിട്ടിരുന്നു. ആക്രമിച്ചവരെ കണ്ടാൽ തിരിച്ചറിയാം- ഇഖ്ബാൽ പോലിസിന് മൊഴി നൽകിയിട്ടുണ്ട്.

സംഭവത്തിൽ പൊലിസ് പ്രതികളെ അറസ്റ്റ് ചെയ്യാത്തതിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ ലോക് ഡൗൺ ലംഘിച്ച് ആലപ്പുഴ ജില്ലാ പൊലീസ് മേധാവിയുടെ ഓഫിസിലേക്ക് മാർച്ച് നടത്തി. ഓഫിസിലേക്ക് തള്ളിക്കയറാൻ ശ്രമിച്ച പ്രവർത്തകരെ അറസ്റ്റ് ചെയ്തു നീക്കി.

അറവുമാടുകളുമായെത്തിയ തമിഴ്നാട് ലോറിയും ജീവനക്കാരും പിടിയിൽ

- മൂന്നു ജീവനക്കാരെയും ക്വാറന്റൈനിൽ പ്രവേശിപ്പിച്ചു

സ്വന്തം ലേഖകൻ

വൈപ്പിൻ: മതിയായ രേഖകളില്ലാതെ തമിഴ്നാട്ടിലെ സേലത്ത് നിന്നും ഇറച്ചി വ്യാപാരികൾക്കായി കന്നുകാലികളുമായി എത്തിയ ലോറിയും ഡ്രൈവറടക്കം മൂന്ന് ജീവനക്കാരെയും എളങ്കുന്നപ്പുഴ മാലിപ്പുറത്ത് വച്ച് ആരോഗ്യ വകുപ്പ് അധികൃതർ കസ്റ്റഡിയിലെടുത്തു. 20 കന്നുകാലികളുമായി ടിഎൻ 34 കെ 9930 എന്ന രജിസ്ട്രേഷൻ നാഷണൽ പെർമിറ്റ് ലോറിയും ഡ്രൈവർ ഉൾപ്പെടെ 3 ജീവനക്കാരുമാണ് പിടിയിലായത്.

ഇരുപത് കന്നുകാലികളാണ് ഉണ്ടായിരുന്നത്. ഇതിൽ 11 എണ്ണം പുതുവൈപ്പിനിൽ ഇറക്കി. തുടർന്നു മാലിപ്പുറം കർത്തേടം, നായരമ്പലം എന്നിവിടങ്ങളിൽ കൈമാറാൻ കൊണ്ടുപോകവെയാണ് പൊതുപ്രവർത്തകർ വിവരം അറിയിച്ചതനുസരിച്ച് പിടിയിലായത്. മാലിപ്പുറം ഹെൽത്ത് ഇൻസ്പെക്റ്റർ സി.കെ. ആസാദിന്റെയും ഞാറക്കൽ പൊലീസിന്റെയും നേതൃത്വത്തിലായിരുന്നു നടപടി.

കേസെടുത്ത ശേഷം മൂന്ന് പേരെയും ക്വാറന്റൈനിലാക്കി. കന്നുകാലികളെ സമീപത്തെ പറമ്പിലും ഇറക്കി. ഭക്ഷ്യയോഗ്യമായ കന്നുകാലികളെ കൊണ്ട് വരുന്നതിന് തടസങ്ങൾ നിലവിലില്ല. എന്നാൽ മതിയായ രേഖകൾ ഇല്ലാത്തതിനാലും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവർ ക്വാറന്റൈനിൽ കഴിയണമെന്ന നിബന്ധനയും ഉള്ളതിനാലാണ് കേസും നടപടിയുമെന്ന് പൊലീസും ആരോഗ്യവകുപ്പ് അധികൃതരും വ്യക്തമാക്കി. ലോക്ഡൗൺ കാലയളവിൽ മതിയായ പരിശോധനാ രേഖകളില്ലാതെ ഇത്രയും ദൂരം വാഹനമെത്തിയതെന്ന് പൊലീസ് അന്വേഷണം തുടങ്ങി.

ജയിലിൽ നിന്നിറങ്ങുന്ന ആലംബഹീനർക്ക് 'തണലിടം'

- പ്രത്യേക പരോളിൽ ഇറങ്ങിയവർക്കും ഉപകാരമാകും
- വാളകം പ്രൊബേഷൻ ഹോമിൽ പ്രവേശനം തുടങ്ങി

- പ്രത്യേക പരോളിൽ ഇറങ്ങിയവർക്കും ഉപകാരമാകും
- വാളകം പ്രൊബേഷൻ ഹോമിൽ പ്രവേശനം തുടങ്ങി

തിരുവനന്തപുരം: ജയിലിൽ നിന്നിറങ്ങുന്ന ആലംബഹീനർക്ക് താങ്ങാവാൻ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ 'തണലിടം' എന്ന സ്ഥാപനം ആരംഭിച്ചു. കൊല്ലം ജില്ലയിൽ വാളകത്ത് ആരംഭിച്ച ഹോമിന്റെ നടത്തിപ്പ് ചുമതല പത്തനാപുരം ഗാന്ധിഭവൻ സന്നദ്ധ സംഘടനയ്ക്കാണ്. സാമൂഹ്യ നീതി വകുപ്പിന്റെ 'നേർവഴി' പദ്ധതിയിൽപ്പെടുത്തിയാണ് സ്ഥാപനത്തിനാവശ്യമായ തുക കണ്ടെത്തിയത്. കൊറോണ കാലത്ത് ജയിൽ വകുപ്പ് നൽകിയ പ്രത്യേക പരോളിൽ പുറത്തിറങ്ങിയവർക്കും തണലിടത്തിൽ താമസിക്കാൻ കഴിയുമെന്ന് മന്ത്രി കെ.കെ. ശൈലജ.

കുടുംബമോ ബന്ധുമിത്രാദികളോ ഏറ്റെടുക്കാൻ തയാറാകാത്തതും ജില്ലാ പ്രൊബേഷൻ ഓഫിസറുടെ കീഴിൽ നല്ല നടപ്പിൽ കഴിയുന്നവരുമായ പ്രൊബേഷണർമാർ, താമസിക്കാൻ സ്ഥലമില്ലാത്ത ജയിൽ മോചിതർ, കേസിൽപ്പെട്ടതിന് ശേഷം താമസിക്കാൻ ഇടമില്ലാതെ വിചാരണ നേരിടുന്നവർ, ജയിലിൽ നിന്നും വിവിധ അവധികൾക്കായി പുറത്തിറങ്ങുന്നവർ തുടങ്ങിയവരെ സമൂഹത്തിലേക്ക് പുനരധിവസിപ്പിക്കാൻ സാധിക്കുന്നതുവരെ അതായത് താത്കാലികമോ സ്ഥിരമോ ആയ താമസസൗകര്യം ഉണ്ടാകുന്നതുവരെ താമസിപ്പിക്കുന്നതിന് വേണ്ടിയുള്ള ഇടക്കാല സംരക്ഷണ കേന്ദ്രമാണ് തണലിടം പ്രൊബേഷൻ ഹോം.

വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും പുറത്തിറങ്ങിയ കോട്ടയം ജില്ലക്കാരനായ 59 വയസുകാരനാണ് തണലിടത്തെ ആദ്യ താമസക്കാരൻ. ഹൃദ്രോഗിയായ ഇദ്ദേഹത്തിന് സ്വന്തക്കാരായി ആരുമില്ലാതെ എങ്ങോട്ട് പോവുമെന്നറിയാതെ നിന്നപ്പോഴാണ് സാമൂഹ്യനീതി വകുപ്പ് തുണയായത്. കോഴിക്കോട് ജില്ലയിൽ നിന്ന് 56ഉം 25ഉം വയസുള്ള ജയിൽ മോചിതരും കൊല്ലം ജില്ലയിൽ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ കീഴിൽ നല്ലനടപ്പിൽ കഴിയുന്ന 22 വയസുകാരനും തണലിടത്തിലേക്ക് പോകാൻ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ലോക് ഡൗൺ കാലമായതിനാൽ പൊലീസ് സഹായത്തോടെ ഇവരെ ഉടൻ തണലിടത്തിൽ എത്തിക്കും.

കിടപ്പുരോഗികളോ, മാനസിക രോഗികളോ അല്ലാത്ത, ദൈനംദിന കാര്യങ്ങൾ സ്വന്തമായി ചെയ്യാൻ കഴിയുന്ന 18-70 പ്രായപരിധിയിലുള്ള പുരുഷന്മാർക്കാണ് ഇപ്പോൾ തണലിടം ഒരുക്കിയിരിക്കുന്നത്.

ആലംബഹീനരായ സ്ത്രീകൾക്കായി വനിതാ ശിശുവികസന വകുപ്പിന്റെ മഹിളാ മന്ദിരങ്ങൾ നിലവിലുണ്ട്. ജില്ലാ പ്രൊബേഷൻ ഓഫീസർമാരുടെ അല്ലെങ്കിൽ ജയിൽ സൂപ്രണ്ടുമാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഹോം മാനെജരാണ് താത്കാലികമായി താമസക്കാരെ പ്രവേശിപ്പിക്കുക. തണലിടം ഹോമിലേക്കുള്ള പ്രവേശന സ്ഥിരീകരണം നൽകേണ്ടത് കൊല്ലം ജില്ലാ കലക്റ്റർ അധ്യക്ഷനും ജില്ലാ പ്രൊബേഷൻ ഓഫീസർ കൺവീനറുമായുള്ള പ്രൊബേഷൻ ഉപദേശക സമിതിയാണ്.

തണലിടത്തിൽ എത്തുന്ന ഓരോരുത്തരുടെയും കഴിവും ദൗർബല്യവും മനസിലാക്കി പ്രത്യേക വ്യക്തിഗത ശ്രദ്ധാ പദ്ധതി രൂപീകരിച്ച് സമൂഹത്തിൽ പുനരധിവസിപ്പിക്കുകയും വീണ്ടും കേസിൽപ്പെടാതെ നോക്കുകയും ചെയ്യുക എന്നതാണ് സാമൂഹ്യനീതി വകുപ്പ് ഉദ്ദേശിക്കുന്നത്. ഇതിനായി തൊഴിൽ പരിശീലനവും തൊഴിലിടവും ഇവിടെ ഒരുക്കും. ഇവിടെയെത്തുന്ന ഓരോരുത്തർക്കും സ്വന്തം വീട്, തൊഴിൽ, കുടുംബം തുടങ്ങി സാമൂഹ്യ പുനരേകീകരണത്തിനായുള്ള വിവിധ സംവിധാനങ്ങൾ മറ്റു വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ ഭാവിയിൽ ഒരുക്കുക എന്നതാണ് ഉദ്ദേശം.

ഇതിനായി എംഎസ്ഡബ്ല്യു പൂർത്തിയാക്കിയ സോഷ്യൽ വർക്കർമാരെയും ഇവിടെ നിയമിക്കും.

ഇന്നു നിങ്ങൾക്ക്



ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

അശ്വതി: മംഗളകർമ്മങ്ങളിൽ പങ്കെടുക്കും. ലാഭശതമാനവ്യവസ്ഥകളിൽ പങ്കുചേരും. പ്രവൃത്തിയിൽ നിഷ്കർഷ വർധിക്കും.

ഭരണി: മാതാപിതാക്കളുടെ ആവശ്യങ്ങൾ സാധിപ്പിക്കും. ഗൃഹോപകരണങ്ങൾ മാറ്റി വാങ്ങും. സമ്മാന പദ്ധതികളിൽ വിജയിക്കും

കാർത്തിക: അനാവശ്യമായ ആധി ഉപേക്ഷിക്കണം. നിസാരകാര്യങ്ങൾക്ക് കൂടുതൽ പ്രയത്നം വേണ്ടിവരും. ശുഭകർമ്മങ്ങളിൽ നിന്നും പിന്മാറുകയാണ് നല്ലത്.

രോഹിണി: ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതിയുണ്ടാകും. സജീവസാന്നിധ്യത്താൽ സർവകാര്യ വിജയമുണ്ടാകും. സന്ധിസംഭാഷണം വിജയിക്കും.

മകയിരം: ഗൃഹോപകരണങ്ങൾ മാറ്റിവാങ്ങും. സന്ധിസംഭാഷണശൈലി പ്രവർത്തന വിജയത്തിനു വഴിയൊരുക്കും.

തിരുവാതിര: സന്താനസംരക്ഷണത്താൽ ആശ്വാസം തോന്നും. സർവകാര്യ വിജയമുണ്ടാകും. വിവാദങ്ങളിൽ നിന്നും ഒഴിഞ്ഞുമാറും.

പുണർതം: കുടുംബസമേതം പുണ്യതീർത്ഥ-ഉല്ലാസയാത്ര പുറപ്പെടും. ഗൃഹോപകരണങ്ങൾ മാറ്റിവാങ്ങും. ഭൂമിക്രയവിക്രയങ്ങളിൽ പണം മുടക്കും.

പൂയം: കഠിനപ്രയത്നങ്ങൾക്ക് സ്വൽപ്പം ഫലമുണ്ടാകും. ആരാധനാലയദർശനം നടത്താനിടവരും. സജീവസാന്നിധ്യത്താൽ സർവകാര്യവിജയമുണ്ടാകും.

ആയില്യം: മാനസിക വിഭ്രാന്തി വർധിക്കും. വ്യവസ്ഥകൾ പാലിക്കാൻ കഠിനപ്രയത്നം വേണ്ടിവരും. ആത്മവിശ്വാസം കുറയും. ദൂരയാത്ര മാറ്റിവെക്കും.

മകം: ദമ്പതികളുടെ ആഗ്രഹങ്ങൾ പരിഗണിക്കപ്പെടും. വിമർശനങ്ങളിൽ നിന്നും കുറ്റവിമുക്തനാകും. പുതിയ തൊഴിലിന്റെ ആവശ്യത്തിനായി ദൂരയാത്രപുറപ്പെടും.

പൂരം: സഹപ്രവർത്തകരെ സഹായിക്കാൻ നിർബന്ധിതനാകും. ആത്മാർത്ഥമായ പ്രവർത്തനങ്ങളാൽ സ്ഥാനക്കയറ്റമുണ്ടാകും.

ഉത്രം: ദേവാലയദർശനത്താൽ ആശ്വാസമുണ്ടാകും. ആഗ്രഹിക്കുന്ന കാര്യങ്ങൾ സാധിക്കും. പുതിയ വ്യാപാരം തുടങ്ങുന്നതിനെപ്പറ്റി നിർദേശം തേടും.

അത്തം: അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും. മനസന്തോഷമുണ്ടാകും. ക്ലേശകരമായ വിഭാഗത്തിലേക്ക് ഉദ്യോഗമാറ്റമുണ്ടാകും.

ചിത്തിര: വാക്കും പ്രവൃത്തിയും പലപ്രദമാകും. ഗൃഹനിർമ്മാണം വേഗതയിലാക്കാൻ നിർദേശം നൽകും. ആരോഗ്യം തൃപ്തികരമായിരിക്കും.

ചോതി: അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കും. നിബന്ധനകൾക്കതീതമായി പ്രവർത്തിക്കാൻ ഉത്സാഹമുണ്ടാകും.

വിശാഖം: വീഴ്ചകളുണ്ടാവാതെ സൂക്ഷിക്കണം. തൃപ്തിയായ വിഷയത്തിൽ ഉപരിപഠനത്തിന് ചേരും. ജാമ്യം നിൽക്കരുത്.

അനിഴം: സ്വസ്ഥതയും സമാധാനവും ദാമ്പത്യസൗഖ്യവും ഉണ്ടാകും. പുതിയ ആവിഷ്കരണ ശൈലി അവലംബിക്കും. പ്രശസ്തസേവനത്തിന് അംഗീകാരം ലഭിക്കും.

തൃക്കേട്ട: മംഗളകർമ്മങ്ങൾക്ക് നേതൃത്വം നൽകും. നിരവധി കാര്യങ്ങൾ ചെയ്തുതീർക്കും. ആരാധനാലയ ദർശനത്താൽ ആശ്വാസമുണ്ടാകും.

മൂലം: കക്ഷിരാഷ്ട്രീയ പ്രവർത്തനങ്ങൾ ഉപേക്ഷിക്കും. അസുഖങ്ങൾക്ക് ആയുർവേദ-പ്രകൃതി ചികിത്സകൾ തുടങ്ങും. വിദേശ ഉദ്യോഗം ഉപേക്ഷിച്ച് ജന്മനാട്ടിലേക്ക് പോകാൻ തീരുമാനിക്കും.

പൂരാടം: ദാമ്പത്യസൗഖ്യവും സ്വസ്ഥതയും സമാധാനവും ബന്ധുസഹായവും പ്രതാപവും ഉണ്ടാകും. സാഹചര്യങ്ങൾക്കനുസരിച്ച് സ്വയംപര്യാപ്തത ആർജിക്കും.

ഉത്രാടം: വിജ്ഞാനപ്രദമായ വിഷയങ്ങൾ കൈമാറും. പുതിയ വ്യാപാര വിതരണങ്ങൾ തുടങ്ങും. സ്വജനങ്ങൾ ശത്രുക്കളായിത്തീരും.

തിരുവോണം: കരാറു ജോലികൾ പൂർത്തീകരിക്കും. തൃപ്തിയായ വിഭാഗത്തിലേക്ക് ഉദ്യോഗമാറ്റമുണ്ടാകും. വിജ്ഞാനം ആർജിക്കും. പുതിയ പാഠ്യപദ്ധതിയ്ക്ക് ചേരും.

അവിട്ടം: ഔദ്യോഗികമായ യാത്രകൾ മാറ്റിവെക്കും. അസുഖങ്ങൾ വർധിക്കും. മാതാപിതാക്കളുടെ ആഗ്രഹങ്ങൾ സാധിപ്പിക്കും.

ചതയം: പുതിയ ചുമതലകൾ ഏറ്റെടുക്കും. ആഗ്രഹിക്കുന്ന കാര്യങ്ങൾ സാധിക്കും. വ്യവസ്ഥകൾ പാലിക്കും. സ്വസ്ഥതയും സമാധാനവും ഉണ്ടാകും.

പൂരോരുട്ടാതി: അർപ്പണ മനോഭാവത്തോടുകൂടിയ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിനേടും. സാമ്പത്തിക നീക്കിയിരുപ്പ് ഉണ്ടാകും. സംശയങ്ങൾക്ക് വിശദീകരണം തേടും.

ഉത്രട്ടാതി: ന്യായമായ ആവശ്യങ്ങൾ അവതരിപ്പിക്കും. കഫ-നീർദോഷരോഗങ്ങളാൽ അവധിയെടുക്കും. മേലധികാരിയുടെ ആജ്ഞകൾ അർധമനസോടുകൂടി അനുസരിക്കും.

രേവതി: തൊഴിൽമേഖലകളോട് ബന്ധപ്പെട്ട് ദൂരയാത്രവേണ്ടിവരും. വ്യവസ്ഥകൾ പാലിക്കും. പുതിയ ഗൃഹം വാങ്ങാൻ അന്വേഷിക്കും.

സൂര്യാഘാതം
സൂര്യാതപം
ഉഷ്ണതരംഗം
പകൽ 11 മുതൽ 3 വരെ നേരിട്ട് വെയിലേൽക്കാതിരിക്കാൻ ശ്രദ്ധിക്കണം
(പ്രത്യേകിച്ച് പ്രായമായവരും ഗർഭിണികളും കുട്ടികളും)
KSDMA
https://sdma.kerala.gov.in

ഫോർട്ടുകൊച്ചിയിലെ കൊച്ചിയിൽ ഹോം സ്റ്റേയിൽ തങ്ങുന്ന വിദേശ സഞ്ചാരികൾ.

"ഭീതി വേണ്ട, ഞങ്ങളിവിടെ സുരക്ഷിതർ"

മട്ടാഞ്ചേരി: "കൊച്ചിയിൽ ഞങ്ങൾ സുരക്ഷിതരാണ് .ഇവിടെ രോഗപകർച്ചയില്ല ഭീതിയുമില്ല, തികഞ്ഞ സംതൃപ്തിയുമാണ്" - കേരളത്തിലെ പ്രമുഖ വിദേശസഞ്ചാര കേന്ദ്രമായ ഫോർട്ട് കൊച്ചിയിൽ തങ്ങുന്ന വിദേശികൾക്കു സ്വന്തം നാട്ടുകാരോട് പറയാനുള്ളത് ഇതുമാത്രം. ലോക്ക് ഡൗണിൽ കുടുങ്ങിയ വിദേശ വിനോദസഞ്ചാരി സംഘം ഇവിടെ സന്തോഷത്തിലാണ്. ഫോർട്ട് കൊച്ചി പട്ടാളത്ത് കൊച്ചിൽ ഹോം സ്റ്റേയിലാണ് പതിനൊന്നംഗ വിദേശ വിനോദസഞ്ചാരികൾ കഴിഞ്ഞ ഒന്നരമാസമായി കഴിയുന്നത്. 12 വയസുകാരനും അഞ്ചു സ്ത്രീകളുമടക്കം എട്ടു രാജ്യക്കാർ.

എൻജിനീയറായ ജർമൻ സ്വദേശി ആൻഡ്രിസ്, ഓൺലൈൻ വർക്കർ മരിൻ, മാർക്കറ്റിങ് രംഗത്തുള്ള ഹോളണ്ടുകാരി മാർലസ്, ദക്ഷിണാഫ്രിക്കയിലെ യോഷ് നീ, ഫ്രാൻസിലെ വിദ്യാർഥിയായ 12കാരൻ ടീജാ തുടങ്ങിയവരടങ്ങുന്നതാണ് സംഘം. പാട്ടു പാടിയും കാരംസ് കളിച്ചും കലാപ്രകടനങ്ങളുമായി ദിവസങ്ങൾ തള്ളി നീക്കുകയാണിവർ.

"ഞങ്ങൾ സുരക്ഷിതരാണന്നറിയാം, ഹോളണ്ടിലെ വീട്ടുകാരുമായി സംസാരിക്കാറുണ്ട്. ഇന്ത്യയിലെ രോഗപ്രതിരോധ നിയന്ത്രണ സംവിധാനത്തിൽ സംതൃപ്തി അറിയിക്കാറുണ്ട്. ഇവിടത്തെ ബ്രേക്ക്ഫ് ചെയ്നും ലോക്ക് ഡൗണുമെല്ലാം ഹോളണ്ടിൽ അതിശയകരമായാണ് പറയുന്നത്"- മാർലസ് പറഞ്ഞു. "ഞങ്ങൾക്കിന്ന് സുരക്ഷിതബോധമുണ്ട്. ഒപ്പം അതിഥി മര്യാദ നൽകിയുള്ള കൊച്ചിക്കാരോടും മലയാളികളോടും നന്ദിയുമുണ്ട് എന്നുമതോർക്കും".

വിമാനയാത്ര പുനരാരംഭിക്കുന്നതോടെ നാട്ടിലേക്കു മടങ്ങാനാണ് തീരുമാനം. "ലോക്ക് ഡൗണിന്റെ തുടക്കത്തിൽ ആറുപേരായിരുന്നു താമസക്കാർ. മറ്റിടങ്ങളിൽ നിന്ന് അഞ്ചു പേരെക്കൂടി പൊലീസ് കൊണ്ടുവന്നതാണ്"- 11 പേർക്ക് ദിവസവും ഭക്ഷണവും താമസവുമൊരുക്കുന്ന കൊച്ചിൽ ഉടമ എം.എസ്. ഷഹീർ പറഞ്ഞു. പലരും മാർച്ച് 30നകം മടങ്ങേണ്ടവരാണ്. എന്ന് മടങ്ങാനാവുമെന്ന് ആർക്കുമറിയില്ല. പണമില്ലെങ്കിലും മഹാവ്യാധിയിൽ നിന്ന് സുരക്ഷിതരാണന്ന വിചാരമുണ്ടിവർക്ക്. പലരും കേരളത്തിലെത്തുന്നത് ആദ്യം. വടക്കേയിന്ത്യ കറങ്ങിവന്നവരുമുണ്ട്. മടങ്ങാനുള്ള യാത്രാ ചെലവിലുള്ള ആശങ്ക മാത്രമാണിവർക്ക് ഇപ്പോഴുള്ളത്. പൊലീസും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരും ദിവസവുമെത്തി രോഗ പരിശോധന നടത്തുന്നുണ്ട്.

മോദിയും മുഖ്യമന്ത്രിമാരും ആശയവിനിമയം 27ന്

ന്യൂഡൽഹി: ഈ മാസം 27ന് രാവിലെ പ്രധാനമന്ത്രി നരേന്ദ്ര മോദി മുഖ്യമന്ത്രിമാരുമായി വിഡിയോ കോൺഫറൻസിങ് വഴി ആശയവിനിമയം നടത്തും. കൊറോണ പ്രതിരോധവുമായി ബന്ധപ്പെട്ടാണിതെന്ന് സർക്കാർ വൃത്തങ്ങൾ.

കൊവിഡ് പ്രതിരോധവും ലോക് ഡൗണും സംബന്ധിച്ച് മോദിയും മുഖ്യമന്ത്രിമാരും തമ്മിലുള്ള മൂന്നാമത്തെ ആശയവിനിമയമാണിത്. ഏപ്രിൽ 11ന് വിഡിയോ കോൺഫറൻസിങ് നടത്തിയപ്പോൾ ഭൂരിഭാഗം മുഖ്യമന്ത്രിമാരും ആവശ്യപ്പെട്ടത് ലോക് ഡൗൺ നീട്ടാനാണ്. അതനുസരിച്ച് മേയ് മൂന്നു വരെ ലോക് ഡൗൺ നീട്ടുകയും ചെയ്തിരുന്നു. ലോക് ഡൗൺ പ്രഖ്യാപിക്കുന്നതിനു മുൻപ് മാർച്ച് 20നും മോദി മുഖ്യമന്ത്രിമാരുമായി ആശയവിനിമയം നടത്തിയിരുന്നു.

വരുന്നത് അഞ്ചരലക്ഷത്തോളം പ്രവാസികൾ

വിമാനത്താവളത്തിൽ സ്വീകരിക്കാൻ ബന്ധുക്കളെത്തരുത്
കോവിഡ് ടെസ്റ്റിൽ നെഗറ്റീവാണെങ്കിൽ രജിസ്റ്റർ ചെയ്യണം

- ട്രെയ്ൻ യാത്രക്കാരുടെ കാര്യം റെയ്ൽവേയുമായി ചർച്ചചെയ്യും

തിരുവനന്തപുരം: കൊവിഡ് 19ന്റെ ഭാഗമായുള്ള ലോക് ഡൗൺ പിൻവലിച്ച് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ തുറന്നാൽ കേരളത്തിലേക്കെത്തുന്നത് ഏതാണ്ട് അഞ്ചര ലക്ഷത്തോളം പ്രവാസികൾ. ഇത് 30 ദിവസത്തിനുള്ളിലെ കണക്കാണ്. അതുകൊണ്ടു തന്നെ കർശന മുൻകരുതലും ജാഗ്രതാ നിർദേശങ്ങളുമായി സർക്കാരും ഒപ്പമുണ്ട്.

ഗൾഫ് രാജ്യങ്ങളിലുള്ള മലയാളികൾ തിരിച്ചെത്തുമ്പോഴേക്കും സംസ്ഥാനത്തെ ക്രമീകരണങ്ങൾ വിപുലപ്പെടുത്താൻ ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി ഏഴംഗ സെക്രട്ടറിതല സമിതിയെ സർക്കാർ നിയോഗിച്ചു. പ്രവാസികളെ മടക്കിക്കൊണ്ടുവരാനുള്ള മാർഗനിർദേശങ്ങളും ക്രമീകരണങ്ങളും സമിതി തയാറാക്കും. മുൻഗണനാക്രമം അനുസരിച്ചുള്ള മാർഗനിർദേശങ്ങളാണു സർക്കാർ നിലവിൽ തയാറാക്കിയിരിക്കുന്നത്.

മടങ്ങിവരാൻ തീരുമാനിച്ചവർ കോവിഡ് ടെസ്റ്റിൽ നെഗറ്റീവാണെങ്കിൽ നോർക്കയുടെ www.norkaroots.org വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണം. യാത്രയ്ക്ക് എത്ര ദിവസം മുമ്പ് ടെസ്റ്റ് നടത്തണമെന്ന് ആരോഗ്യവകുപ്പ് നിശ്ചയിക്കും. ടെസ്റ്റിനു സഹായം നൽകാൻ പ്രവാസി സംഘടനകളോട് അഭ്യർഥിച്ചിട്ടുണ്ട്. എയർപോർട്ട് അഥോറിറ്റി, വിമാനക്കമ്പനികൾ എന്നിവയുമായി ചീഫ് സെക്രട്ടറിതലത്തിൽ ചർച്ച നടത്തും. യാത്രയ്ക്ക് അമിതനിരക്ക് ഒഴിവാക്കും.

കേരളത്തിനു പുറത്തെത്തുന്ന ട്രാൻസിറ്റ് യാത്രക്കാരുടെ വിവരം ശേഖരിക്കും. മടങ്ങിയെത്തുന്ന പ്രവാസികളെ സന്ദർശക വിസയിലെത്തിയവർ, വയോജനങ്ങൾ, ഗർഭിണികൾ, കുട്ടികൾ, രോഗികൾ, വിസാ കാലാവധി തീർന്നവർ, കോഴ്സ് പൂർത്തിയാക്കിയ വിദ്യാർഥികൾ, ജയിൽമോചിതർ എന്നിങ്ങനെ തിരിച്ചാണു മുൻഗണന നിർണയിക്കുന്നത്.

പൊതുമരാമത്ത് അഡീഷണൽ ചീഫ് സെക്രട്ടറിക്കു പുറമേ, റവന്യൂ, തദ്ദേശം, ആരോഗ്യം, ഗതാഗതം, നോർക്ക വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാരുമാണ് സമിതിയിലുള്ളത്. മടങ്ങുന്നവരെ വിമാനത്താവളങ്ങളിൽ സ്ക്രീൻ ചെയ്യാൻ ആരോഗ്യവകുപ്പ് മാർഗനിർദേശം തയ്യാറാക്കും. ചീഫ് സെക്രട്ടറി, ഡിജിപി, കലക്റ്റർമാർ, ജില്ലാ പൊലീസ് മേധാവികൾ എന്നിവരുമായി ഇക്കാര്യം ചർച്ചചെയ്യും.

മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ളവരുടെ വരവ് സംബന്ധിച്ച് ആരോഗ്യം, ഗതാഗതം, അഭ്യന്തരം വകുപ്പുകളാണു തീരുമാനിക്കേണ്ടത്. എതെല്ലാം യാത്രക്കാരെ ചെക്ക് പോസ്റ്റ് വഴി കടത്തിവിടുമെന്നത് ഈ വകുപ്പുകൾ പരിഗണിക്കും. തീവണ്ടി യാത്രക്കാരുടെ കാര്യം റെയ്ൽവേയുമായി ചർച്ചചെയ്യും. മറ്റു വിദേശയാത്രക്കാർക്കുള്ള പ്രോട്ടോക്കോൾ കേന്ദ്രസർക്കാരും വിമാനക്കമ്പനികളും ചേർന്ന് നിശ്ചയിക്കും.

പ്രധാന നിർദേശങ്ങൾ

1. രോഗലക്ഷണമില്ലാത്തവരെ വീടുകളിലേക്ക് അയക്കും. അവർ 14 ദിവസം ഹോം ക്വാറന്റൈനിൽ കഴിയണം. സ്വീകരിക്കാൻ ബന്ധുക്കളോ കൂട്ടുകാരോ വിമാനത്താവളത്തിൽ വരരുത്. സ്വകാര്യ വാഹനത്തിൽ ഡ്രൈവറെ മാത്രം അനുവദിക്കും. അല്ലെങ്കിൽ പ്രീ-പെയ്ഡ് വാഹനം ഏർപ്പെടുത്തും. യാത്രാവേളയിൽ ഇരുവരും മാസ്ക് നിർബന്ധമായും ധരിച്ചിരിക്കണം.
2. വീടുകളിൽ നിരീക്ഷണത്തിലുള്ളവർ ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിലായിരിക്കണം.
3. ചുമ, പനി, ശ്വാസംമുട്ടൽ എന്നിവയുള്ളവരെ വിമാനത്താവളത്തിൽ നിന്നുതന്നെ ക്വാറന്റൈൻ കേന്ദ്രത്തിലേക്കോ കൊവിഡ് ആശുപത്രിയിലേക്കോ മാറ്റും. ആവശ്യപ്പെട്ടാൽ, സ്വന്തം ചെലവിൽ ഹോട്ടലിലോ റിസോർട്ടിലോ തങ്ങാൻ അനുവദിക്കും.
4. യാത്രക്കാരുടെ ലഗേജ് സഹിതം ഈ സെന്ററുകളിൽ സൂക്ഷിക്കണം. ഇതിനായുള്ള മാനെജ്മെന്റ് പ്രോട്ടോകോൾ ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്യണം.
5. തദ്ദേശ വകുപ്പും, പൊതുമരാമത്ത് വകുപ്പമായിരിക്കും ക്വാറന്റൈൻ സെന്ററുകൾ കണ്ടെത്തുന്നതും തുടർന്നുവേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതും. അതിനുശേഷമായിരിക്കും ആരോഗ്യ വകുപ്പ്, സെന്ററുകളിലേക്ക് നിരീക്ഷണത്തിന് ആളുകളെ അയയ്ക്കുക.
6. കേരളത്തിൽ നിന്നും വിദേശത്തേക്കു പോകുന്ന യാത്രക്കാർക്ക് കൂടി പ്രോട്ടോകോൾ തയാറാക്കുന്നതിന് കേന്ദ്ര സർക്കാർ, വിമാനക്കമ്പനികൾ എന്നിവരുമായി ചർച്ച ചെയ്ത് തീരുമാനിക്കണം.

റസ്റ്ററന്റുകൾ ഒക്റ്റോബർ 15 വരെ അടച്ചിടണമെന്ന വാർത്ത വ്യാജം

കൊച്ചി: കൊറോണ വൈറസിന്റെ പശ്ചാത്തലത്തിൽ ഹോട്ടലുകളും റസ്റ്ററന്റുകളും ഒക്റ്റോബർ 15 വരെ അടച്ചിടാൻ കേന്ദ്ര ടൂറിസം മന്ത്രാലയം ഉത്തരവിറക്കി എന്ന രീതിയിൽ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്ന കത്ത് വ്യാജമാണെന്ന് മന്ത്രാലയം അറിയിച്ചു.

കേന്ദ്ര മന്ത്രാലയം അത്തരത്തിൽ ഒരു കത്തും ഇറക്കിയിട്ടില്ലെന്നും അത്തരം വ്യാജ വാർത്തകൾ ജനങ്ങൾ വിശ്വസിക്കരുതെന്നും ഗവൺമെന്റ് അറിയിച്ചു. ഈ വ്യാജ കത്തിനെതിരേ മുംബൈ പോലീസിലെ സൈബർ ക്രൈം വിഭാഗത്തിൽ മന്ത്രാലയം പരാതി നൽകിയിട്ടുണ്ട്.

പിഐബി ഫാക്റ്റ് ചെക്ക് യൂണിറ്റും ഈ വാർത്ത വ്യാജമാണെന്ന് അറിയിച്ചിരുന്നെങ്കിലും പിന്നീടും വ്യാജ സന്ദേശം പരക്കുകയായിരുന്നു. ഇത്തരം വ്യാജ സന്ദേശങ്ങൾ അവഗണിക്കണമെന്നും ഔദ്യോഗിക വിവരങ്ങൾ മാത്രമേ ജനങ്ങൾ വിശ്വസിക്കാവൂ എന്നും ഗവൺമെന്റ് അഭ്യർഥിച്ചു.

പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി തമിഴ്നാട്

ചെന്നൈ: രോഗബാധിതരുടെ എണ്ണത്തിൽ വർധനയുണ്ടായിക്കൊണ്ടിരിക്കെ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കാൻ തമിഴ്നാട് സർക്കാർ. രോഗികളുടെ സമ്പർക്കപ്പട്ടിക തയാറാക്കി എല്ലാവരെയും കണ്ടെത്തുന്നതിലും രോഗലക്ഷണങ്ങളുള്ളവരിൽ പരിശോധന വ്യാപകമാക്കുന്നതിലും വലിയ ശ്രദ്ധ നൽകുമെന്ന് സർക്കാർ വ്യക്തമാക്കി.

സംസ്ഥാനത്ത് ഇന്നലെ വൈകിട്ടുവരെ സ്ഥിരീകരിച്ച 1600ഓളം കേസുകളിൽ മുന്നൂറ്റമ്പതിലേറെയും ചെന്നൈയിലാണ്. കോയമ്പത്തൂർ, തിരുപ്പൂർ എന്നിവിടങ്ങളിലും നൂറിലേറെ രോഗികളുണ്ട്. ചെന്നൈയിൽ പഴുതടച്ചുള്ള പ്രതിരോധത്തിനാണ് മുഖ്യമന്ത്രി കെ. പളനി സാമി നിർദേശം നൽകിയിരിക്കുന്നത്. സംസ്ഥാന വ്യാപകമായി രോഗവ്യാപനം തടയുന്നതിനുള്ള ചില നിർദേശങ്ങൾ താൻ നൽകിയിട്ടുണ്ടെന്ന് പളനി സാമി ഇന്നലെ പറഞ്ഞു. ഹോട്ട്സ്പോട്ടുകളിൽ പൊതുജനങ്ങൾ പുറത്തിറങ്ങുന്നതു പൂർണമായി തടയാനാണു നിർദേശം. രോഗികളുമായി സമ്പർക്കത്തിലുള്ളവരെ കണ്ടെത്തി എല്ലാവരെയും പരിശോധനയ്ക്കു വിധേയരാക്കണം. നഗരപരിധിയിൽ രോഗലക്ഷണങ്ങളുള്ളവരെയെല്ലാം പരിശോധിക്കണം- അദ്ദേഹം പറഞ്ഞു. ഈ പ്രവർത്തനങ്ങൾക്കായി രണ്ട് സീനിയർ ഐഎഎസ് ഉദ്യോഗസ്ഥരെ സോണൽ ഓഫിസർമാരായി അധികമായി നിയോഗിച്ചിട്ടുണ്ട്.

കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കിടെ രോഗബാധയുണ്ടായി മരിക്കുന്നവരുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം 10 ലക്ഷത്തിൽ നിന്ന് 50 ലക്ഷം രൂപയായി ഉയർത്തിയെന്നും മുഖ്യമന്ത്രി പറഞ്ഞു. കുടുംബത്തിൽ നിന്നുള്ള ഒരംഗത്തിനു സർക്കാർ ജോലിയും നൽകും. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കിടെ മരണപ്പെടുന്നവരുടെ സംസ്കാര ചടങ്ങുകൾ സർക്കാർ സംരക്ഷണയിൽ നടത്തും. അവർക്ക് എല്ലാവിധ ആദരവും നൽകും. അവരുടെ നിസ്വാർഥ സേവനത്തിന്റെ വില സർക്കാർ തിരിച്ചറിയുന്നുവെന്ന് മുഖ്യമന്ത്രി. സ്തുത്യർഹ സേവനം നൽകുന്ന പൊതു-സ്വകാര്യ മേഖലയിലെ ആരോഗ്യ പ്രവർത്തകർക്ക് അവാർഡുകൾ നൽകാനും തീരുമാനിച്ചിട്ടുണ്ട്.

മാംസാഹാരത്തോട് ചൈന മുഖംതിരിക്കുന്നു

ബീജിങ്: കൊവിഡ് 19 ലോകത്തെ ഭീതിയിലാഴ്ത്തുമ്പോൾ ഭക്ഷ്യ സംസ്കാരത്തിലും മാറ്റം. ഏഷ്യയിൽ, പ്രത്യേകിച്ച് ചൈനയിലും ഹോങ്കോങ്ങിലും വന്യജീവികളുടെ മാംസത്തോടുള്ള പ്രിയം കുറയുകയാണെന്നു റിപ്പോർട്ട്. സസ്യ പ്രോട്ടീനുകൾ ഉൾപ്പെട്ട ഭക്ഷണത്തിന് ആവശ്യം വർധിച്ചുവരികയാണെന്നു ഹോങ്കോങ്ങിലെ ഫിറ്റ്നസ് ട്രെയ്നർ മൈക്ക് ലീ.

"കൊറോണ വൈറസ് വന്നതോടെ ജനങ്ങൾ ആരോഗ്യ- ഭക്ഷണ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധാലുക്കളായി. പന്നിമാസം ഉപയോഗിച്ചുണ്ടാക്കുന്ന പ്രഭാതഭക്ഷണങ്ങൾ പലതും ഇപ്പോൾ സസ്യപ്രോട്ടീനുകളിലേക്കു മാറി "- ലീ പറഞ്ഞു. കൊവിഡ് ഭീഷണിക്കു മുൻപു തന്നെ ചൈനക്കാർക്ക് മാംസത്തോടുള്ള അമിതമായ താത്പര്യം കുറഞ്ഞുവരികയാണെന്നു ആഗോള വിപണി നിരീക്ഷകരായ യൂറോമോണിട്ടർ സൂചിപ്പിച്ചിരുന്നു. 2018ൽ 1000 കോടി ഡോളറിന്റെ സസ്യപ്രോട്ടീൻ കച്ചവടമാണ് ചൈനയിൽ നടന്നത്. 2023ൽ ഇത് ഉയരുക പരമാവധി 1200 കോടി ഡോളറിന്റേതായി മാത്രമെന്നായിരുന്നു യൂറോ മോണിട്ടർ പ്രവചിച്ചത്. യുഎസ് ആസ്ഥാനമായുള്ള ഭക്ഷ്യ ശൃംഖലകളായ ബിയോണ്ട് മീറ്റ്, ഇംപോസിബിൾ ഫുഡ്സ്, സ്റ്റാർസ്ബക്ക്സ് കോർപ്പറേഷൻ, യും, ചൈനയിലെ കെഎഫ്സി തുടങ്ങിയവയെല്ലാം വരും ദിവസങ്ങളിൽ സസ്യപ്രോട്ടീനുകൾ ഉപയോഗിച്ചുള്ള ഭക്ഷ്യവസ്തുക്കൾക്കു മുഖ്യ പരിഗണന നൽകുമെന്നു പ്രഖ്യാപിച്ചിരുന്നു. ഇതിനു പിന്നാലെയാണ് കൊവിഡ് പൊട്ടിപ്പുറപ്പെട്ടതും ചൈനയിലെ വന്യജീവി മാംസ മാർക്കറ്റുകളെല്ലാം സംശയത്തിന്റെ നിഴലിലായതും.



പുതിയ സാഹചര്യം സസ്യപ്രോട്ടീനുകൾക്ക് ആവശ്യം വർധിക്കുന്നതിനു പ്രേരകമായെന്ന് ഹോങ്കോങ് ആസ്ഥാനമായ ഭക്ഷ്യ ശൃംഖല ഗ്രീൻ മൺഡേയുടെ സ്ഥാപകൻ ഡേവിഡ് യിയൂങ്. ഏഷ്യയിൽ ബിയോണ്ട് ദ മീറ്റ് ഉത്പന്നങ്ങളുടെ മൊത്തക്കച്ചവടക്കാരാണു ഗ്രീൻ മൺ ഡേ.

ഹോട്ടലുകൾ അടച്ചതും സാമൂഹിക നിയന്ത്രണങ്ങളും മൂലം വീടുകളിൽ പാചകവും ഓൺലൈനിൽ ഭക്ഷണം ഓർഡർ ചെയ്യുന്നതും വർധിച്ചിട്ടുണ്ട്. എന്നാൽ, ഇപ്പോൾ വരുന്ന ഓർഡറുകളിലേറെയും സസ്യ പ്രോട്ടീൻ ഉൾപ്പെട്ട ഭക്ഷണത്തിനാണെന്നും മൺഡേ. ഇറച്ചിക്കറിയുടെ രുചി തോന്നുന്ന സോയാബീൻ ഉപയോഗിച്ചുള്ള വിഭവങ്ങൾക്കും വൻ ഡിമാൻഡാണെന്നും അദ്ദേഹം.

ലോകത്ത് ഏറ്റവുമധികം മാംസം ഉപയോഗിക്കുന്ന രാജ്യം ചൈനയാണ്. പ്രതിവർഷം 17000 കോടി ഡോളറിന്റെ ചില്ലറവ്യാപാര നടക്കുന്നുണ്ട് ചൈനീസ് വിപണിയിൽ. എന്നാൽ, കഴിഞ്ഞ രണ്ടു മാസമായി മാംസത്തിനു പകരമുള്ള സസ്യഭക്ഷ്യോത്പന്നങ്ങളുടെ കച്ചവടം ഇരട്ടിയായിട്ടുണ്ട്.

പന്നി മാംസത്തിനു പകരമുള്ള ഓമ്നിപോർക്ക് ആണ് നൂഡിൽസിൽ ഉൾപ്പെടെ ഇപ്പോൾ ഉപയോഗിക്കുന്നത്. ചെറുപയറിൽ നിന്നുള്ള മാംസ്യമാണ് സാൻഫ്രാൻസിസ്കോ ആസ്ഥാനമായുള്ള കമ്പനി 'ജസ്റ്റ്' മുട്ട ഉത്പന്നങ്ങളിൽ ഉപയോഗിക്കുന്നത്. കൊവിഡ് പൊട്ടിപ്പുറപ്പെട്ടശേഷം ചൈനീസ് ഇ കൊമേഴ്സ് കമ്പനി ജെഡി ഡോട്ട്കോമിലൂടെ ഇതിന്റെ വിൽപ്പന 30 ശതമാനം ഉയർന്നിട്ടുണ്ട്. ചൈനീസ് വിപണിയിൽ സ്ഥാനമുറപ്പിക്കാൻ ശ്രമിക്കുന്ന ഇംപോസിബിൾ ഫുഡ്സും മാംസത്തിനു പകരം വയ്ക്കാവുന്ന സസ്യ പ്രോട്ടീനുകളെ ആശ്രയിക്കാനുള്ള ഒരുക്കത്തിലാണ്.

ഹോങ്കോങ്ങിലെ പ്രമുഖ ഓൺലൈൻ ഭക്ഷ്യ വിൽപ്പനാ ശൃംഖല ഡെലിവെരൂവിന്റെ കണക്കുകൾ പ്രകാരം 2020ന്റെ ആദ്യ ക്വാർട്ടറിൽ സസ്യാഹാരത്തിനുള്ള ആവശ്യം ഇരട്ടിയായിട്ടുണ്ട്. സസ്യപ്രോട്ടീനുകൾ കൂടുതലായി ഉപയോഗിക്കുന്ന ചൈനീസ് കമ്പനി ഷെൻമീറ്റും വലിയൊരു അവസരം തുറന്നു കിട്ടിയെന്ന കണക്കുകൂട്ടലിലാണ്. കൊവിഡ് കാലം കഴിയുന്നതോടെ ചൈനീസ് ജനതയുടെ തീൻമീശകളിൽ നിനന് മാംസം പൂർണമായി പുറത്തായില്ലെങ്കിലും വന്യജീവികളുടെ മാംസം ഇല്ലാതാകുമെന്ന് ഷെൻസൻ സ്ഥാപകൻ വിൻസ് ലൂ പറയുന്നു.

എറണാകുളം ജില്ലയിൽ ഹോട്ട് സ്പോട്ടുകൾ പുനഃക്രമീകരിച്ചു



കൊച്ചി: എറണാകുളം ജില്ലയിലെ ഹോട്ട് സ്പോട്ടുകൾ പുനക്രമീകരിച്ചു. ഓറഞ്ച് എ വിഭാഗത്തിൽപ്പെട്ട എറണാകുളം ജില്ലയിൽ നാളെ മുതൽ ലോക്ക് ഡൗണിൽ ഇളവുകൾ നിലവിൽ വരാനിരിക്കെയാണ് സർക്കാർ നടപടി. ഇതുപ്രകാരം കൊച്ചി കോർപ്പറേഷനിലെ എട്ട്, 65 ഡിവിഷനുകൾ മാത്രമാണ് ഹോട്ട് സ്പോട്ടുകളെന്ന് ജില്ലാ കലക്റ്റർ എസ്. സുഹാസ് അറിയിച്ചു.

ഈ ഡിവിഷനുകളിൽ മെയ് മൂന്നു വരെ ലോക് ഡൗൺ ഇളവുകളില്ലാതെ തുടരും. കോർപ്പറേഷനിലെ ചുള്ളിക്കൽ - പനയപ്പള്ളി മേഖലയാണ് എട്ടാം ഡിവിഷൻ. കലൂർ സൗത്ത് കത്യക്കടവ് ഭാഗമാണ് 65. ചുള്ളിക്കൽ സ്വദേശിയായ യാക്കൂബ് സേട്ട് എറണാകുളം മെഡിക്കൽ കോളെജ് ആശുപത്രിയിൽ കോവിഡ് ബാധിച്ചു ചികിൽസയിലിരിക്കെ മരിച്ചിരുന്നു.

മുളവുകാട് പഞ്ചായത്തിനെയും കൊച്ചി കോർപ്പറേഷനിലെ മറ്റു ഡിവിഷനുകളെയും ഹോട്സ്പോട്ട് പരിധിയിൽ നിന്ന് ഒഴിവാക്കി. നേരത്തെ, മുളവുകാട് പഞ്ചായത്തിനെയും കൊച്ചി കോർപ്പറേഷനെയും മൊത്തമായി ഹോട്ട് സ്പോട്ടായി പ്രഖ്യാപിച്ചിരുന്നു. പൊലീസ്, ആരോഗ്യം വകുപ്പുകളുമായി ചർച്ചയ്ക്കു ശേഷമാണ് ഹോട്ട് സ്പോട്ടുകൾ പുനർനിർണയിച്ചത്. തുടർന്ന് നടന്ന വിഡിയോ കോൺഫറൻസിൽ ചീഫ് സെക്രട്ടറി ടോം ജോസിനെയും കലക്റ്റർ വിവരം ധരിപ്പിച്ചു. സംസ്ഥാനത്ത് ഹോട്ട് സ്പോട്ടുകളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിലവിലുള്ള അതേ നിയന്ത്രണങ്ങൾ തുടരണമെന്ന് ചീഫ് സെക്രട്ടറി നിർദേശം നൽകി.

ഹോട്ട് സ്പോട്ട് ഒഴികെയുള്ള ഇടങ്ങളിൽ സർക്കാർ പ്രഖ്യാപിച്ച ഇളവുകൾ തുടരുമെങ്കിലും അന്തർ സംസ്ഥാന, അന്തർജില്ലാ യാത്രകൾക്കു കർശനനിയന്ത്രണമുണ്ടായിരിക്കും. ട്രക്കുകളിലും മറ്റും അനധികൃതമായി യാത്ര ചെയ്യുന്നവർക്കെതിരേ നടപടിയെടുക്കാനും നിസാര കാരണങ്ങൾ കാണിച്ച് യാത്ര ചെയ്യുന്നവരെ നിയന്ത്രിക്കാനും കലക്റ്റർമാർക്ക് ചീഫ് സെക്രട്ടറി നിർദേശം നൽകി. ഹോട്ട് സ്പോട്ടുകൾ സാഹചര്യങ്ങൾക്കനുസരിച്ച് മാറുമെന്നും പുതിയ സ്ഥലങ്ങൾ ഹോട്ട് സ്പോട്ട് പട്ടികയിൽ ഉൾപ്പെടാനുള്ള സാധ്യതയുണ്ടെന്നും ചീഫ് സെക്രട്ടറി അറിയിച്ചു.

മറ്റു സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ട്രക്ക് ഡ്രൈവർമാരുടെ വിവരങ്ങൾ പ്രധാന കേന്ദ്രങ്ങളിൽ നിന്ന് ശേഖരിക്കാനുള്ള നടപടി സ്വീകരിച്ചതായി ജില്ലാ കലക്റ്റർ എസ്. സുഹാസ് അറിയിച്ചു.

ഇമ്രാന് കൊവിഡ് ടെസ്റ്റ്

ഇസ്ലാമാബാദ്: പാക്കിസ്ഥാൻ പ്രധാനമന്ത്രി ഇമ്രാൻ ഖാന് കൊവിഡ് പരിശോധന നടത്തി. ഫലം ഇന്നറിയാമെന്നു കരുതുന്നു. ഷൗക്കത്ത് ഖനൂം മെമ്മോറിയൽ ക്യാൻസർ ഹോസ്പിറ്റലിൽ നിന്നുള്ള ഡോക്റ്റർമാരുടെ സംഘമാണ് ഇമ്രാനിൽ നിന്നു സാംപിൾ ശേഖരിച്ചത്.

ഈദി ഫൗണ്ടേഷൻ ചെയർമാനായ ഫൈസൽ ഈദിയുമായി ഇമ്രാൻ കഴിഞ്ഞയാഴ്ച കൂടിക്കാഴ്ച നടത്തിയിരുന്നു. അതിനുശേഷം ഫൈസൽ ഈദിക്ക് കൊവിഡ് സ്ഥിരീകരിക്കുകയും ചെയ്തു. നാലു ദിവസം മാത്രമേ ഫൈസൽ ഈദിക്ക് രോഗലക്ഷണങ്ങളുണ്ടായുള്ളൂ എന്നും ഇത് ഇമ്രാനെ കണ്ടതിനു തൊട്ടുപിന്നാലെയാണെന്നും അദ്ദേഹത്തിന്റെ മകൻ സാദ് വെളിപ്പെടുത്തിയിരുന്നു.

കൊറോണ വൈറസ് ദുരിതാശ്വാസ ഫണ്ടിലേക്ക് 10 ദശലക്ഷത്തിന്റെ ചെക്ക് നൽകാനാണ് ഫൈസൽ ഈദി ഇമ്രാനെ കണ്ടത്. രോഗിയുമായി സമ്പർക്കത്തിലുണ്ടായ വ്യക്തിയെന്ന നിലയിലാണ് ഇമ്രാൻ കൊവിഡ് പരിശോധനയ്ക്കു വിധേയമായതും. പാക്കിസ്ഥാനിൽ കൊവിഡ് രോഗബാധിതരുടെ എണ്ണം 9,749 ആയിട്ടുണ്ട്. ഇന്നലെ 533 പേർക്കു രോഗം സ്ഥിരീകരിച്ചു. മൊത്തം 209 പേർ രോഗം ബാധിച്ചു മരിച്ചിട്ടുണ്ട്. പഞ്ചാബ് പ്രവിശ്യയിലാണ് കൂടുതൽ രോഗബാധിതർ- 4,328. സിന്ധിൽ 3.053 പേർക്കു രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ഇതുവരെ 1,18,020 പേർക്കാണു പാക്കിസ്ഥാനിൽ രോഗപരിശോധന നടത്തിയത്.

ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കും: അമിത് ഷാ

- ഐഎംഎയുടെ സമരങ്ങൾ പിൻവലിച്ചു

ന്യൂഡൽഹി: കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ഡോ. ഹർഷ്‌വർധൻ എന്നിവർ ഡോക്റ്റർമാരുമായും ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ മുതിർന്ന പ്രതിനിധികളുമായി വിഡിയോ കോൺഫറൻസിങ്ങിലൂടെ ആശയവിനിമയം നടത്തി.

കൊറോണ വൈറസിനെതിരായ പോരാട്ടത്തിൽ ഡോക്റ്റർമാരുടെ പങ്കിനെ ആഭ്യന്തരമന്ത്രി അഭിനന്ദിച്ചു. അവർ ഈ പോരാട്ടത്തിൽ ഇനിയും സമർപ്പിതമായി പ്രവർത്തിക്കുമെന്ന് തനിക്ക് ഉറപ്പുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജനങ്ങളെ സുരക്ഷിതരാക്കാനായി ഡോക്റ്റർമാർ സഹിച്ച ത്യാഗങ്ങളെയും ആഭ്യന്തരമന്ത്രി അഭിനന്ദിച്ചു.

കൊറോണ വൈറസിനെതിരായ പോരാട്ടത്തിൽ ആതുരസേവന രംഗത്തുള്ളവരുടെ എല്ലാ ആശങ്കകളും പരിഹരിക്കും. അവരുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിൽ മോദി സർക്കാർ ഒരു വീഴ്ചയും വരുത്തുകയില്ലെന്നും ആഭ്യന്തരമന്ത്രി ഉറപ്പുനൽകി.

ആരോഗ്യ പ്രവർത്തകർക്കെതിരേ അടുത്തിടെ നടന്ന ആക്രമണങ്ങളെ ശക്തമായി അപലപിച്ച ഷാ, ഡോക്റ്റർമാരുടെ എല്ലാ പ്രശ്നങ്ങളും ആശങ്കകളും പ്രധാനമന്ത്രി നിരീക്ഷിക്കുകയാണെന്നും അറിയിച്ചു. ഭാവിയിൽ ഇത്തരം സംഭവങ്ങൾ തടയാൻ ആവശ്യമായ എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തും. ആഗോളവും ദേശീയവുമായ സാഹചര്യത്തിനു വിരുദ്ധമാകയാൽ പ്രതീകാത്മക പ്രതിഷേധം പോലും ഇപ്പോൾ പ്രഖ്യാപിക്കരുതെന്ന് അദ്ദേഹം ഡോക്റ്റർമാരോട് അഭ്യർഥിച്ചു. കേന്ദ്രസർക്കാരിന്റെ ഉന്നതതലത്തിലുള്ള അടിയന്തര പ്രതികരണവും കേന്ദ്ര ആഭ്യന്തരമന്ത്രിയും ആരോഗ്യമന്ത്രിയും നൽകിയ ഉറപ്പും പരിഗണിച്ചും, കൊവിഡ് 19നെതിരായ പോരാട്ടത്തിൻ തടസമുണ്ടാകാതിരിക്കാൻ നേരത്തെ പ്രഖ്യാപിച്ച പ്രതിഷേധ പരിപാടികൾ ഐഎംഎ പിൻവലിച്ചു.

യുഎസ് വിസ വിലക്ക് ഗ്രീൻ കാർഡ് അപേക്ഷകർക്കു മാത്രം

വാഷിങ്ടൺ: യുഎസിലേക്കുള്ള കുടിയേറ്റ വിലക്കിനു വിശദീകരണവുമായി വൈറ്റ് ഹൗസ്. യുഎസിലെ സ്ഥിരം താമസത്തിന് അറുപതു ദിവസത്തേക്കുള്ള ഗ്രീൻ കാർഡ് അപേക്ഷകൾക്കാണു വിലക്കെന്ന് ഇന്നലെ പ്രസിഡന്റ് ട്രംപ് വിശദീകരിച്ചു. കൊവിഡ് പ്രതിസന്ധികളെക്കുറിച്ചു വിശദീകരിക്കുന്ന പതിവു പത്രസമ്മേളനത്തിലാണ് ട്രംപിന്റെ വിശദീകരണം. ഇതോടെ, തൊഴിൽഭീഷണി നേരിട്ട ആയിരക്കണക്കിന് ഇന്ത്യക്കാരടക്കമുള്ള കുടിയേറ്റ തൊഴിലാളികൾക്ക് ആശ്വാസമായി.

കൊവിഡ് 19 പ്രതിസന്ധി മൂലം തകർന്നുപോയ യുഎസിലേക്ക്, ഇനി തൊഴിൽ തേടിയെത്തുന്നവർക്ക് കുടിയേറ്റ വിസ അനുവദിക്കില്ലെന്നായിരുന്നു, തിങ്കളാഴ്ച പ്രസിഡന്റ് ട്രംപ് പ്രഖ്യാപിച്ചത്. എന്നാൽ ഇത് ഏതു തരം വിസകൾക്കാണെന്നോ, എത്ര കാലത്തേക്കാണെന്നോ ഒന്നും വിശദീകരിക്കാനും ട്രംപ് കൂട്ടാക്കിയില്ല. അതിനെതിരേ അന്താരാഷ്ട്രതലത്തിൽ ട്രംപിനെതിരേ കടുത്ത വിമർശനങ്ങളാണ് ഉയർന്നത്. തുടർന്നാണു വിശദീകരണവുമായി ഇന്നലെ ട്രംപ് തന്നെ രംഗത്തു വന്നത്.

വിസ നിയന്ത്രണം താത്കാലികമെന്നാണ് ആദ്യത്തെ വിശദീകരണം. 60 ദിവസത്തേക്ക് ഗ്രീൻ കാർഡ് പെർമിറ്റും അനുവദിക്കില്ല. 60 ദിവസങ്ങൾക്കു ശേഷം സ്ഥിതിഗതികൾ വിലയിരുത്തിയ ശേഷം ഇക്കാര്യം പുനഃപരിശോധിക്കുമെന്നും ഇന്നലെ ട്രംപ് വ്യക്തമാക്കി. യുഎസിലേക്കുള്ള പുതിയ വിസകളെല്ലാം നിരോധിക്കുമെന്നായിരുന്നു നേരത്തേ ഉണ്ടായിരുന്ന ആശങ്ക. എന്നാൽ, തൊഴിൽ വിസകൾക്ക് യുഎസിൽ സ്ഥിരം വിലക്കില്ലെന്നാണ് ഇന്നലെ പ്രസിഡന്റ് നൽകിയ വിശദീകരണം.

കിമ്മിനെ കണ്ടില്ല; ഉത്തര കൊറിയയ്ക്കും മൗനം

പ്യോങ്യാങ്: ഉത്തര കൊറിയൻ ചിത്രത്തിൽ നിന്നു മാറിപ്പോയ പ്രസിഡന്റ് കിം ജോങ് ഉന്നിനെക്കുറിച്ച് ഇനിയും ഔദ്യോഗിക വിശദീകരണങ്ങളൊന്നും കൊട്ടാരത്തിൽ നിന്നു പുറത്തുവരുന്നില്ല. അതുകൊണ്ടുതന്നെ എല്ലാ കോണുകളിൽ നിന്നും അഭ്യൂഹങ്ങളാണ് ഉയരുന്നത്. ഉന്നിനു മസ്തിഷ്ക മരണം സംഭവിച്ചെന്നും ഇനി രാജാധികാരങ്ങളിൽ ഇടപെടാൻ കഴിയില്ലെന്നും ചില മാധ്യമ റിപ്പോർട്ടുകൾ. ഹൃദയ ശസ്ത്രക്രിയയെ തുടർന്നു ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളിലാണ് കിം എന്നാണ് ഒടുവിൽ പുറത്തുവരുന്ന വിവരങ്ങൾ. ആരോഗ്യം വീണ്ടെടുത്താലും കുറച്ചു കാലത്തേക്ക് ഭരണത്തിൽ ഇടപെടുന്ന കാര്യത്തിൽ ഉത്തര കൊറിയയിൽപ്പോലും ആശങ്കകൾ പ്രചരിക്കുന്നു. ഏകാധിപതിയാണെങ്കിലും കിമ്മിന് രാജ്യത്തു വലിയ സ്വീകാര്യതയാണുള്ളത്.

ഈ മാസം 12 വരെ അദ്ദേഹം പൊതു പരിപാടികളിൽ പങ്കെടുത്തിരുന്നു. 14നു നടന്ന ദേശീയ ദിനാഘോഷങ്ങളിൽ നിന്നു വിട്ടുനിന്നതു മുതലാണ് അഭ്യൂഹങ്ങൾ പ്രചരിച്ചത്. അതിനു ശേഷവും അദ്ദേഹം പൊതുചടങ്ങുകളിൽ പങ്കെടുക്കുകയോ, എവിടെയാണെന്ന കാര്യത്തിൽ കൊട്ടാരം വിശദീകരിക്കുകയോ ചെയ്യുന്നില്ല. ഇതാണ് അഭ്യൂഹങ്ങൾ വലിയ തലത്തിലേക്കു പോകാൻ കാരണം.

ഇനി രാജ്യത്തെ ആരു നയിക്കുമെന്നതാണ് ഉത്തര കൊറിയയ്ക്കു പുറത്തുള്ള ഏറ്റവും വലിയ അന്വേഷണം. അകത്തെ വിവരങ്ങൾ ലഭിക്കുക വളരെ ശ്രമകരമാണ്. കൊട്ടാരം രഹസ്യക്കോട്ടയാണ്. അതിനുള്ളിൽ നിന്നും രഹസ്യങ്ങൾ പുറത്തുവിടുന്നത് വലിയ കുറ്റകൃത്യവും ശിക്ഷ മരണവുമായിരുന്നു. അതുകൊണ്ടു തന്നെ കിമ്മിന്റെ കുടുംബാംഗങ്ങളെക്കുറിച്ചു പോലും വ്യക്തത കുറവാണ്.

കൊറിയൻ രാജാധികാര നിയമപ്രകാരം രാജപത്നിക്ക് അധികാരം നേടാൻ അവകാശമില്ല. പ്രശസ്ത കൊറിയൻ ഗായികയായ ഭാര്യ റി സോൾ ജു അതുകൊണ്ടുതന്നെ അന്തഃപുരത്തിനുള്ളിൽ നിശബ്ദയാണ്. ഉൻ - ജു ദമ്പതികൾക്കു മൂന്ന് ആൺമക്കൾ. മൂത്തവൻ കിം ജു ഇ ആണ് അടുത്ത കിരീടാവകാശി. എന്നാൽ പ്രായം പത്തു വയസിൽ താഴെ മാത്രം. നിയമപ്രകാരം രാജാവാകാൻ കഴിയില്ല. കിമ്മിന്റെ സഹോദരങ്ങളിൽ ആരെങ്കിലും ഇടക്കാല രാജാവായി, കിം ജു ഇയ്ക്കു പ്രായപൂർത്തിയാകുന്നതു വരെ റീജന്റ് ഭരണാധികാരിയായി തുടരാം. പക്ഷേ, അങ്ങനെയൊരു കീഴ്വഴക്കം വടക്കൻ കൊറിയയുടെ 70 വർഷത്തെ ചരിത്രത്തിലില്ല.

രാജഭരണത്തിൽ കീഴിലുള്ള വടക്കൻ കൊറിയയിലെ കമ്യൂണിസ്റ്റ് പാർട്ടി വർക്കേഴ്സ് പാർട്ടി ഒഫ് കൊറിയ എന്നാണ് അറിയപ്പെടുന്നത്. ഈ പാർട്ടിയുടെ പൊളിറ്റ് ബ്യൂറോ അംഗവും കിം ജോങ് ഉന്നിന്റെ ഏറ്റവും അടുപ്പമുള്ള കുടുംബാംഗവുമായ സഹോദരി കിം യോ ജോങ്ങിനാണ് സാധ്യതയേറെ. പക്ഷേ, യോ ഇതുവരെ സഹോദരനെക്കുറിച്ചോ കൊട്ടാരത്തിലെ സ്വകാര്യതകളെക്കുറിച്ചോ മിണ്ടിയിട്ടേയില്ല. കിം സർവപ്രതാപിയായിരുന്നപ്പോൾ സഹോദരിയെ നയതന്ത്ര ഉച്ചകോടിയിലും സുപ്രധാന വേദികളിലും പരിചയപ്പെടുത്തി, തന്റെ പിൻഗാമിയാണെന്നു സൂചിപ്പിച്ചിരുന്നു.

യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്, ചൈനീസ് പ്രസിഡന്റ് സീ ജിൻപിങ് എന്നിവരുമായി കിം ജോങ് ഉന്നിന്റെ നേതൃത്വത്തിൽ നടന്ന ഉച്ചകോടികൾ, ദക്ഷിണ കൊറിയയിൽ നടന്ന സ്പെഷ്യൽ ഒളിംപിക്സ് തുടങ്ങിയവയിൽ യോയുടെ സാന്നിധ്യം ലോകം ശ്രദ്ധിച്ചിരുന്നു. പ്രത്യേകിച്ച്, ഇത്തരം വേദികളിൽ കൊട്ടാരത്തിലെ സ്ത്രീകൾ ബഹുദൂരം അകലെ നിന്നിരുന്ന സാഹചര്യത്തിൽ. ഭരണ തലത്തിലും സഹോദരനെ സഹായിക്കാൻ യോ എപ്പോഴും ഒപ്പമുണ്ടായിരുന്നു. നയതന്ത്ര കാര്യങ്ങളിലടക്കം ഉന്നിന്റെ ഉപദേശക കൂടിയാണ് യോ.

ഉന്നിന്റെ പിതാവ് കിം ജോങ് ഇലിനു മറ്റൊരു സ്ത്രീയിൽ ജനിച്ച കിം ജോങ് നാം പിതാവുമായി കലഹത്തിലായിരുന്നില്ലെങ്കിൽ ഉന്നിനെക്കാൾ മുൻപേ അദ്ദേഹം കിരീടാവകാശി ആകുമായിരുന്നു. എന്നാൽ ചൂതാട്ടത്തിലും മദ്യത്തിലും മയക്കുമരുന്നിലും അമിതാവേശം കയറി, ഉന്മത്ത നഗരമായ മക്കാവുവിലേക്കു നാടുകടത്തപ്പെട്ട നാം, അർധസഹോദരൻ ഉന്നിന്റെ കടുത്ത വിമർശകനുമായിരുന്നു.

തന്റെ സിംഹാസനത്തിനു വെല്ലുവിളി ഉയർത്താൻ കിം ജോങ് നാം ശ്രമിക്കുന്നു എന്ന തോന്നലിലാണ് 2017ൽ വാടകക്കൊലയാളികളെ നിയോഗിച്ച് മലേഷ്യൻ സലസ്ഥാനമായ ക്വാലാലംപുർ വിമാനത്താവളത്തിൽ വച്ച് ഉൻ അദ്ദേഹത്തെ വധിച്ചത്. സംഭവത്തിനു ശേഷം ഉത്തര കൊറിയൻ തലസ്ഥാനമായ പ്യോങ്യാങ്ങിലേക്കു പറന്ന നാല് ഉത്തര കൊറിയൻ പൗരന്മാരാണു കൊലപാതകത്തിന് ഉത്തരവാദികളെന്നു പിന്നീടു കണ്ടെത്തി. ഇദ്ദേഹത്തിന്റെ മകൻ കിം ആൻ സോൾ പിതാവിനു നഷ്ടമായ കിരീടത്തിൽ നോട്ടമുള്ളയാളാണ്. പക്ഷേ, അധികാരത്തിലേക്കുള്ള സോളിന്റെ അകലം വളരെ കൂടുതലും.

ഉന്നിന്റെ നേർസഹോദരൻ കിം ജോങ് കോളിനാണ് മറ്റൊരു സാധ്യത. എന്നാൽ, രാഷ്ട്രീയം ഒട്ടും ഇഷ്ടപ്പെടാത്ത കോൾ, മികച്ചൊരു ഗിറ്റാറിസ്റ്റാണ്. ഇതിനു മുൻപും ഉന്നിന്റെ പിൻഗാമി എന്നു കേൾക്കുമ്പോഴൊക്കെ കോളും കുടുംബവും അതിനെ എതിർക്കുകയായിരുന്നു പതിവ്. ഇപ്പോഴും അതു തന്നെയാണു സംഭവിക്കുക എന്നാണു ദക്ഷിണ കൊറിയയിൽ നിന്നുള്ള മാധ്യമങ്ങളുടെ ധാരണ.

25 ലക്ഷം കടന്ന് കൊവിഡ് ബാധിതർ

ലോകത്തെ കൊവിഡ് ബാധിതരുടെ എണ്ണം 25 ലക്ഷം പിന്നിട്ടു. മൊത്തം മരണം ഒന്നേമുക്കാൽ ലക്ഷവും കടന്നു. ഇന്നലെ വൈകുന്നേരത്തെ സ്ഥിതിവച്ച് മൊത്തം കൊവിഡ് ബാധിതർ 25,85,195. മഹാമാരി ജീവനെടുത്തവരുടെ എണ്ണം 1,79,839. വൈറസിന്റെ പ്രധാന ഹോട്ട്സ്പോട്ടുകളായ ഇറ്റലി, സ്പെയ്ൻ, ന്യൂയോർക്ക് (അമെരിക്ക) എന്നിവിടങ്ങളിൽ പ്രതിദിന മരണസംഖ്യയും ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നവരുടെ എണ്ണവും കുറഞ്ഞിട്ടുണ്ടെങ്കിലും ആശങ്കയ്ക്ക് അറുതിയായിട്ടില്ല. സിംഗപ്പൂർ പോലുള്ള സ്ഥലങ്ങളിൽ വീണ്ടും രോഗഭീഷണി വർധിക്കുന്നത് ലോകത്തെ നടുക്കുന്നു. ഒരിക്കൽ നിയന്ത്രിച്ചു നിർത്തിയ കൊവിഡ് വീണ്ടും ഭീഷണി വർധിപ്പിച്ചതോടെ ലോക് ഡൗൺ ജൂൺ വരെ നീട്ടുമെന്ന് സിംഗപ്പൂർ പ്രഖ്യാപിച്ചിട്ടുണ്ട്.

ലോക് ഡൗൺ സാമ്പത്തിക വ്യവസ്ഥയെ ഗുരുതരമായി ബാധിക്കുമെന്ന ആശങ്ക വളരുമ്പോൾ പല രാജ്യങ്ങളും നിയന്ത്രണങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ചു രംഗത്തെത്തി. ബെർലിനിൽ ചെറിയ ഷോപ്പുകൾ വീണ്ടും തുറന്നു. ഡെന്മാർക്കും ഓസ്ട്രിയയും കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ചു. ഫ്രാൻസിലും ഇളവുകളുണ്ട്. യുഎസിലെ ചില സ്റ്റേറ്റുകളും ഇളവുകൾ നൽകി. സെർബിയ ഓപ്പൺ എയർ ഫുഡ് മാർക്കറ്റുകൾ ഇന്നലെ തുറന്നു. ജോർജിയയിൽ ജിമ്മുകളും സലൂണുകളും ഉടൻ തുറക്കുമെന്നു പ്രഖ്യാപിച്ചിട്ടുണ്ട്. കോടിക്കണക്കിനാളുകൾ തൊഴിൽരഹിതരായതിന്റെ നിരാശയും അക്ഷമയും പല രാജ്യങ്ങളിലും ഉയർന്നു തുടങ്ങിയിട്ടുണ്ടെന്നാണു റിപ്പോർട്ടുകൾ. ഈ പശ്ചാത്തലത്തിൽ ഇനിയെങ്ങനെ എന്നു തലപുകഞ്ഞ് ആലോചിക്കുകയാണു സർക്കാരുകൾ.

ലോക് ഡൗണിലും ഓട്ടം നിലയ്ക്കാതെ ആനവണ്ടി..!



പി.ബി. ബിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് ലോക് ഡൗണിൽപ്പെട്ട് സമസ്ത മേഖലയും ലോക്കായിരിക്കുമ്പോഴും കെഎസ്ആർടിസിയിൽ ഓട്ടം തുടരുകയാണ്. ആരോഗ്യപ്രവർത്തകരെ വിവിധ സ്ഥലങ്ങളിലെത്തിക്കാൻ ഒരുവിഭാഗം സർവീസ് നടത്തുമ്പോൾ, തകരാറുണ്ടാവാതിരിക്കാൻ അതത് ഡിപ്പൊകൾക്കുള്ളിൽ അങ്ങോട്ടുമിങ്ങോട്ടും ഓടുകയാണ് മറ്റു ബസുകൾ. ഇതിനെല്ലാം പുറമേ സർവീസ് നിലച്ചതിനാൽ ജീവനക്കാരുടെ ശമ്പളവിതരണം അടക്കമുള്ള സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാനും ജീവനക്കാരുടെ സുരക്ഷ ഉറപ്പിക്കാനും നെട്ടോട്ടമോടുകയാണ് ഉദ്യോഗസ്ഥരും.

എല്ലാ ഡിപ്പൊകളിലും എല്ലാ ബസുകളും ദിവസേന ഓടിച്ച് ടെസ്റ്റ് ചെയ്യുന്നതിനായി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടെന്ന് കോർപ്പറേഷൻ ഉദ്യോഗസ്ഥർ മെട്രൊ വാർത്തയോട് പറഞ്ഞു. ബസുകൾ ഓടിച്ചു ബാറ്ററി ചാർജാക്കാനും ബസിനുതകരാറില്ലെന്ന് ഉറപ്പുവരുത്താനും ഡ്രൈവർമാരെയും, തകരാറുണ്ടെങ്കിൽ പരിഹരിക്കാൻ മെക്കാനിക്കൽ സ്റ്റാഫുകളെയും നിയോഗിച്ചിട്ടുണ്ട്. പരിശോധന ഉറപ്പുവരുത്താൻ ഡിപ്പൊ എൻജിനിയർമാരും ഡ്യൂട്ടിയിലുണ്ട്. ആരോഗ്യവകുപ്പിന്റെ നിർദേശങ്ങൾ പാലിച്ചുകൊണ്ടാണിവർ ഡ്യൂട്ടി നോക്കുന്നത്.

വീടിനടുത്തുള്ള ഡിപ്പൊകളിൽ 20-30 ശതമാനം ജീവനക്കാർ രണ്ടു ഷിഫ്റ്റുകളായി ഓരോ ദിവസവും മാറിമാറി വരുന്ന തരത്തിലാണ് ക്രമീകരണം. ഗ്യാരെജുകളിലും വർക്ക്ഷോപ്പുകളിലും പതിവുപോലെ ബസുകളുടെ അറ്റകുറ്റപ്പണികളും മറ്റും നടക്കുന്നു. സർവീസ് ആരംഭിക്കുമ്പോൾ ജീവനക്കാർക്കു ധരിക്കാനുള്ള മാസ്കുകളും വിവിധ റീജ്യണൽ വർക്ക് ഷോപ്പുകളിൽ ജീവനക്കാർ തന്നെ തയാറാക്കുന്നു. ഒരു ലക്ഷത്തോളം മാസ്കുകൾ ഒരുക്കാനാണു തീരുമാനം.

അതേസമയം, ലോക് ഡൗണിനു ശേഷം സർവീസ് ആരംഭിക്കുമ്പോൾ കലക്ഷൻ കുറയുമെന്നതാണ് കോർപ്പറേഷന്റെ ആശങ്ക. ബസുകൾ ഓടിത്തുടങ്ങിയാൽ കിട്ടാവുന്ന വരുമാനം ഇന്ധനച്ചെലവിന് പോലും തികയാനിടയില്ലെന്നും, സർക്കാരിൽ നിന്നു സാമ്പത്തിക സഹായം തേടേണ്ടിവരുമെന്നും കെഎസ്ആർടിസി മാനെജ്മെന്റ് വ്യക്തമാക്കിക്കഴിഞ്ഞു. അകലം പാലിക്കണമെന്ന വ്യവസ്ഥയനുസരിച്ച് പരമാവധി 28 പേരെ മാത്രമേ കുറെക്കാലത്തേക്കെങ്കിലും ഒരു ബസിൽ കയറ്റാനാവൂ. ഇത് കലക്ഷനെ കാര്യമായിത്തന്നെ ബാധിക്കുമെന്നതിനാൽ മൂന്നിലൊന്നു സർവീസുകൾ മാത്രം തുടക്കത്തിൽ നടത്താനാണ് ആലോചന.

സഹായം ലഭിച്ചില്ലെങ്കിൽ ഈ സർവീസുകൾക്കുള്ള ഇന്ധനം നിറയ്ക്കലും പ്രതിസന്ധിയിലാകും. ബസ് ഓടാത്തതിനാൽ ജീവനക്കാർക്ക് ഈ മാസത്തെ ശമ്പളം നൽകുന്നതിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. 2011ന് ശേഷം ശമ്പള പരിഷ്കരണം പോലും നടപ്പിലാക്കാത്തതിനാൽ സാലറി ചലഞ്ച് കൂടിയെത്തുന്നതോടെ ജീവനക്കാരുടെ കാര്യം കൂടുതൽ പരുങ്ങലിലാകുമെന്ന് ഭരണ പക്ഷ യൂണിയനുകളും പറയുന്നു.

കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ

ന്യൂഡൽഹി: ലോക് ഡൗണിൽ കൂടുതൽ ഇളവുകൾ ആഭ്യന്തര മന്ത്രാലയം പ്രഖ്യാപിച്ചു. പാഠപുസ്തകങ്ങൾ, ഇലക്ട്രിക് ഫാനുകൾ, കൃഷിസാമിഗ്രികൾ എന്നിവ വിൽക്കുന്ന കടകൾ തുറക്കാം. കാർഷിക മേഖലയുമായി ബന്ധപ്പെട്ട കൂടുതൽ മേഖലകളിൽ ഇളവുണ്ട്. ബ്രെഡ് ഫാക്റ്ററികൾ, നഗരപ്രദേശങ്ങളിലെ ധാന്യങ്ങൾ പൊടിക്കുന്ന മില്ലുകൾ എന്നിവയ്ക്കും പ്രവർത്തനം പുനരാരംഭിക്കാം. ഭക്ഷ്യ സംസ്കരണ പ്ലാന്റുകൾക്കും പ്രവർത്തനാനുമതി.

പാക്ക് ഹൗസസ്, വിത്തുകളുടെയും ഹോർട്ടികൾച്ചർ ഉത്പന്നങ്ങളുടെയും പരിശോധന- ട്രീറ്റ്മെന്റ് സൗകര്യം, കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഗവേഷണം എന്നിവയും ലോക് ഡൗണിൽ നിന്ന് ഒഴിവാകും. തേനീച്ചക്കൂടുകളും തേനും കൊണ്ടുപോകുന്നതിനും അനുമതി. വനം വകുപ്പ് ഓഫിസുകൾ, വനവത്കരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കും തടസമില്ല.

പ്രീ പെയ്ഡ് മൊബൈൽ ഫോണുകളുടെ റീചാർജിങ് സൗകര്യവും ഇളവിൽ ഉൾപ്പെടുന്നുണ്ട്. സാമൂഹിക അകലം പാലിക്കുന്നതടക്കം നിബന്ധനകളോടെയാണ് ഇളവുകൾ അനുവദിച്ചിരിക്കുന്നത്. ഇന്ത്യക്കാരായ കപ്പൽ ജീവനക്കാർക്ക് തുറമുഖങ്ങളിൽ വരാനും പോകാനുമുള്ള സൗകര്യവും അനുവദിച്ചിട്ടുണ്ട്. ചരക്കുകപ്പലുകളിലെ ക്രൂ ചേഞ്ച് ഒഴിവാക്കാനാവാത്ത സാഹചര്യത്തിലാണിത്. ഡോക്റ്ററുടെ പരിശോധനയടക്കം നിബന്ധനകളോടെയാണിത്.

പ്രധാനമന്ത്രിയെ പ്രശംസിച്ച് ബിൽ ഗേറ്റ്സ്

ന്യൂഡൽഹി: കൊവിഡ് പ്രതിരോധത്തിനു സ്വീകരിച്ച നടപടികളുടെ പേരിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പ്രശംസിച്ച് മൈക്രോസോഫ്റ്റ് സ്ഥാപകൻ ബിൽ ഗേറ്റ്സ്. പ്രധാനമന്ത്രിക്കെഴുതിയ കത്തിലാണ് കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികളെ ബിൽ ഗേറ്റ്സ് പ്രത്യേകം പരാമർശിച്ചത്. രാജ്യവ്യാപക അടച്ചിടൽ, വിപുലമായ പരിശോധന, ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി സമ്പർക്കവിലക്കിലാക്കുക, രോഗീ പരിചരണം, കൂടുതൽ പണം വകയിരുത്തി ആരോഗ്യ രംഗത്തെ കൂടുതൽ ശക്തമാക്കുക, ഡിജിറ്റൽ മാർഗങ്ങളുടെ ഉപയോഗം തുടങ്ങി എല്ലാ രംഗത്തും സർക്കാർ മികച്ച നടപടികളാണെടുത്തതെന്ന് കത്തിൽ പറയുന്നു.

കൊവിഡ് രോഗികളെ കണ്ടെത്താനും സമ്പർക്കപ്പട്ടികയുണ്ടാക്കാനും ആരോഗ്യ മേഖലയുമായ ജനങ്ങളുടെ ബന്ധം എളുപ്പമാക്കാനും ആരോഗ്യ സേതു ആപ്പ് സജ്ജമാക്കിയതിനെയും ബിൽ ഗേറ്റ്സ് പ്രശംസിക്കുന്നുണ്ട്.

ഹൈഡ്രോക്സി ക്ലോറോക്വീൻ 'അദ്ഭുത മരുന്നല്ല'

വാഷിങ്ടൺ: മലേറിയ പ്രതിരോധ മരുന്നായ ഹൈഡ്രോക്സി ക്ലോറോക്വീൻ കൊവിഡ് 19 രോഗശമനത്തിനു വഴിവയ്ക്കുന്നില്ലെന്ന് റിപ്പോർട്ട്. ബ്രിട്ടനിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഹെൽത്തിന്റെ പിന്തുണയോടെ നടന്ന പഠനമാണ് ഹൈഡ്രോക്സി ക്ലോറോക്വീൻ കൊവിഡിനുള്ള 'അദ്ഭുത മരുന്ന്'ല്ലെന്ന് പറയുന്നത്. ഇന്ത്യയിൽ സമ്മർദം ചെലുത്തി മൂന്നു കോടി ഗുളികകൾ യുഎസ് ഇറക്കുമതി ചെയ്തതിനു പിന്നാലെയാണു പുതിയ പഠനം. റിപ്പോർട്ടിനെക്കുറിച്ച് അറിയില്ലെന്നും ഇക്കാര്യം പരിശോധിക്കുമെന്നും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. എച്ച്ഐവി മരുന്ന് കലേത്രയും ഇൻഫ്ളുവൻസയ്ക്ക് ഉപയോഗിക്കുന്ന ആർബിഡോളും കൊറോണയെ പ്രതിരോധിക്കില്ലെന്ന് കഴിഞ്ഞദിവസം ചൈന കണ്ടെത്തിയിരുന്നു. 86 പേരിലാണ് ഈ മരുന്ന് പരീക്ഷിച്ചത്. 34 പേർക്ക് കലേത്രയും 35 പേർക്ക് ആർബിഡോളുമാണ് നൽകിയത്. ബാക്കി 17 പേർക്ക് വെറും ഐസിയു സംവിധാനം മാത്രമാണ് നൽകിയത്. എന്നാൽ ഒരാളിലും കാര്യമായ മാറ്റം പ്രകടമായിട്ടില്ലെന്ന് കണ്ടെത്തിയിരുന്നു. അതിനിടെ, യുഎസും ഓസ്ട്രേലിയയും കൊറോണയ്ക്കെതിരേ ബിസിജി വാക്സിൻ പരീക്ഷിക്കാൻ ഒരുങ്ങുന്നതായും റിപ്പോർട്ടുണ്ട്.

ഇളവുകളുമായി കർണാടക

ബംഗളൂരു: ലോക് ഡൗണിൽ കർണാടക ചില ഇളവുകൾ പ്രഖ്യാപിച്ചു. ഐടി- അനുബന്ധ മേഖലകളിൽ അത്യാവശ്യം സ്റ്റാഫിനെ വച്ച് പ്രവർത്തിക്കാം. ചില നിർമാണ പ്രവർത്തനങ്ങൾ, പാക്കെജിങ്, കൊറിയർ സർവീസ് തുടങ്ങിയ മേഖലകളിലും പ്രവർത്തനത്തിന് അനുമതി നൽകിയിട്ടുണ്ട്. ഹോട്ട്സ്പോട്ടുകളിൽ ഇതു ബാധകമല്ല. ഇലക്ട്രിഷ്യൻ, ഐടി റിപ്പയർ, പ്ലംബർമാർ, മോട്ടോർ മെക്കാനിക്കുകൾ, ആശാരിമാർ എന്നിവർക്കും ഇളവുണ്ട്. ചായ, കാപ്പി, റബർ പ്ലാന്റേഷനുകളിലും പ്രവർത്തനം പുനരാരംഭിക്കാം.

സെപ്സിസ് മരുന്ന് കൊവിഡ് രോഗികൾക്ക്;

പരീക്ഷണത്തിന് ഇന്ത്യയും

ന്യൂഡൽഹി: കൊവിഡ് 19നെ കീഴടക്കാനുള്ള വാക്സിൻ നിർമാണത്തിൽ സ്വന്തം പരീക്ഷണങ്ങളുമായി ഇന്ത്യയും. രക്തത്തിലെ അണുബാധ മൂലമുണ്ടാകുന്ന സെപ്സിസ് രോഗത്തിനു പ്രതിവിധിയായി ഉപയോഗിക്കുന്ന സെപ്സിവാക് എന്ന മരുന്ന് കൊവിഡ് രോഗികളിൽ പരീക്ഷിക്കാനാണ് തീരുമാനം. രണ്ടു രോഗങ്ങളും ശരീരകോശങ്ങളെ സമാനമായ രീതിയിലാണ് ആക്രമിക്കുന്നതെന്ന കണ്ടെത്തലിൽ നിന്നാണ് കൊവിഡ് ചികിത്സാ രംഗത്തു നിർണായകമായേക്കാവുന്ന പരീക്ഷണം.

അഹമ്മദാബാദ് ആസ്ഥാനമായ മരുന്നു കമ്പനി കാഡില്ല ഫാർമസ്യൂട്ടിക്കലും സിഎസ്ഐആറും ചേർന്ന് എയിംസിൽ 50 രോഗികളിൽ ഈ മരുന്നു പരീക്ഷിക്കുമെന്നാണു റിപ്പോർട്ട്. നിലവിൽ അതീവ ഗുരുതരാവസ്ഥയിലായ ഗ്രാം നെഗറ്റിവ് സെപ്സിസ് രോഗികൾക്കു നൽകുന്നതാണു സെപ്സിവാക്. പ്രതിരോധ വ്യവസ്ഥയെ തട്ടിയുണർത്തുന്ന സെപ്സിവാക് ശരീരകോശങ്ങളിൽ സൈറ്റോക്കിനുകളുടെ (ഏതൊരു അണുബാധയ്ക്കുമെതിരേ പ്രതിരോധം സൃഷ്ടിക്കാനുള്ള സന്ദേശം ശരീരകോശങ്ങൾക്കു നൽകുന്നത് സൈറ്റോക്കിനുകളാണ്.)

അണുബാധയ്ക്കെതിരേ പൊരുതാൻ സന്ദേശം നൽകുന്ന സൈറ്റോക്കിനുകൾ രക്തത്തിലേക്ക് അനിയന്ത്രിതമായി പ്രവഹിക്കുന്ന അവസ്ഥയുണ്ടാകാറുണ്ട് ഗ്രാംനെഗറ്റിവ് സെപ്സിസ് രോഗികളിൽ. ഇതോടെ, പ്രതിരോധ വ്യവസ്ഥ അതിശക്തമായി പ്രതിപ്രവർത്തനം നടത്തുകയും രോഗം ബാധിച്ചതും അല്ലാത്തതുമായ മുഴുവൻ കോശങ്ങളെയും നശിപ്പിക്കുകയും ചെയ്യും. സൈറ്റോക്കിനുകളുടെ ഇത്തരം അനിയന്ത്രിതമായ പ്രവർത്തനം തടയുകയാണ് സെപ്സിവാക് എന്ന മരുന്നു ചെയ്യുന്നത്. ഇതുവഴി പ്രതിരോധ വ്യവസ്ഥയുടെ തീവ്രമായ പ്രതിപ്രവർത്തനത്തിന്റെ വേഗം കുറയുകയും നല്ല കോശങ്ങൾ നശിക്കുന്നതു തടയുകയും ചെയ്യും. സൈറ്റോക്കിൻ സ്റ്റോം എന്ന ഈ അവസ്ഥ കൊവിഡ് 19 രോഗികളിലും കാണുന്നുണ്ട്. ഈ സാഹചര്യത്തിലാണ് കൊറോണ വൈറസ് ബാധിതരിലും സെപ്സിവാക് ഉപയോഗിക്കുന്നതു പരിഗണിക്കുന്നത്.

എന്നാൽ, കൊവിഡ് ബാധിച്ചു ഗുരുതരാവസ്ഥയിലായവരിൽ മാത്രമേ തുടക്കത്തിൽ ഇതു പരീക്ഷിക്കൂ. ഡ്രഗ് കൺട്രോളർ ജനറൽ ഒഫ് ഇന്ത്യ (ഡിജിജിഐ)യുടെ അനുമതി ലഭിച്ചാലുടൻ ആശുപത്രികളിൽ പരീക്ഷണം തുടങ്ങും. സെപ്സിവാക്കിന് പാർശ്വഫലങ്ങളില്ലെന്നു സിഎസ്ഐആർ ഡയറക്റ്റർ ജനറൽ ഡോ. ശേഖർ സി. മണ്ഡെ.

ന്യൂഡൽഹിയിലും ഭോപ്പാലിലുമുള്ള എയിംസിലാണ് പരീക്ഷണം നടത്തുയെന്നാണു റിപ്പോർട്ട്. അടുത്ത രണ്ട് മാസത്തിനുള്ളിൽ മനുഷ്യ ശരീരത്തിൽ പരീക്ഷിച്ചതിന്റെ ഫലങ്ങൾ ലഭിക്കുമെന്ന് ഐഐഎഎം ഡയറക്റ്റർ രാം വിശ്വകർമ. സെപ്സിവാക് വികസിപ്പിച്ചെടുത്തത് ഐഐഎഎമ്മാണ്. രക്തത്തിലെ അണുബാധയ്ക്കുള്ള മരുന്നായാണ് ഇതു വികസിപ്പിച്ചത്. സെപ്സിസ് എന്ന ഈ രോഗവും കൊറോണവൈറസും തമ്മിൽ സമാനതകളുണ്ടെന്ന് ഡോക്റ്റർമാർ പറയുന്നു. രണ്ടിനോടും ശരീരം ഒരേ തരത്തിലാണ് പ്രതിരോധ പ്രവർത്തനം നടത്തുന്നത്. അതുകൊണ്ട് അതേ മരുന്ന് കൊറോണയ്ക്കെതിരെയും വിജയിക്കുമെന്നും ഡോ. വിശ്വകർമ പറഞ്ഞു. നേരത്തെ ഇത് രക്തദൂഷ്യത്തിന് ഉപയോഗിച്ചപ്പോൾ 11 ശതമാനം രോഗികൾക്കും പൂർണമായും ഭേദമായിരുന്നു. 55.5 ശതമാനം പേർക്കും വലിയ തോതിൽ രോഗത്തെ പ്രതിരോധിക്കാൻ സാധിച്ചു. മരണനിരക്ക് ഇതോടെ കുറയ്ക്കാനും സാധിച്ചു. വെന്റിലേറ്ററിൽ കിടക്കുന്ന ദിവസങ്ങൾ സെപ്സിവാക് ഉപയോഗിച്ചാൽ കുറയും. ഇത് പെട്ടെന്ന് രോഗമുക്തി നേടുന്നതിന്റെ ലക്ഷണമാണ്. രണ്ടാമത് രോഗം വരുന്നതിനെയും ഇത് പ്രതിരോധിക്കുമെന്നും അദ്ദേഹം.

ജനറൽ മോൺ വർഗ്ഗീസ് കിഴക്കേ വെളി

മുഹമ്മ: ഗുവഹത്തി അതിരൂപത വികാരി ജനറൽ മോൺ വർഗ്ഗീസ് കിഴക്കേ വെളി (63) അന്തരിച്ചു. സംസ്കാരം മുഹമ്മ സെന്റ് ജോർജ് ദൈവാലയ സെമിത്തേരിയിൽ നടത്തി. മുഹമ്മ കിഴക്കേ വെളി (മണ്ണുമഠത്തിൽ) പരേതരായ ജോസഫ് - റോസമ്മ ദമ്പതികളുടെ മകനാണ്. സഹോദരങ്ങൾ: സി. സെലിൻ ഒഎസ്എ (സെന്റ് അഗസ്റ്റിൻ കോൺവെന്റ്, കുമളി), അന്നമ്മ കേളം പറമ്പിൽ, പരേതനായ തോമസ് (ജോയിച്ചൻ), കെ. ജെ. എബ്രഹാം (അപ്പച്ചൻ), സഹോദര പുത്രർ ഫാ. ജിനോ മണ്ണുമഠം (വികാരി, സെന്റ് പയസ് ടെൻത് ചർച്ച്, മങ്കൊമ്പ്), സി. മായ (ഒഎസ്എ ബാഗ്ലൂർ).

രാജലക്ഷ്മി അമ്മാൾ

തിരുവനന്തപുരം: മൂന്നാം പുത്തൻ തെരുവിൽ പരേതനായ ശ്രീനിവാസൻ പോറ്റി (റിട്ട. ഡെപ്യൂട്ടി സെക്രട്ടറി പിഎസ്സി) യുടെ ഭാര്യ രാജലക്ഷ്മി അമ്മാൾ (86) അന്തരിച്ചു. മക്കൾ: പരേതനായ രാധാകൃഷ്ണൻ, ഗിരിജ, ലളിത, മഹേശ്വരി, രാഘവേന്ദ്ര, ഭവാനി, രാധിക. മരുമക്കൾ: ലീല, വി.എസ്. റാവു, പരേതനായ ശരത്ചന്ദ്ര റാവു, മോഹനൻ, മീര, വാസൻ.

കുഞ്ഞുമുഹമ്മദ്

പെരിങ്ങോട്ടുകര: താന്ന്യം വലിയകത്ത് (കൊളംബോ) കുഞ്ഞുമുഹമ്മദ് (64) അന്തരിച്ചു. കബറടക്കം നടത്തി. ഭാര്യ: നസീറ. മക്കൾ: ഷഹന, ഷജാദ്, ഷെരീഫ്. മരുമക്കൾ: ഷിഹാബ്, ഷഫ്ന, ഷഫ്ന.

രാഘവൻ

തലശേരി: ന്യൂമാഹി കവിയൂരിലെ കാട്ടിൽ പുരയിൽ രാഘവൻ (75) അന്തരിച്ചു. പൂനൈയിൽ ലക്ഷ്മി ടയേർസിൽ ഫോർമേനാണ്. ഭാര്യ: കമല. മക്കൾ: രഞ്ജിത്ത്, രശ്മി, രമ്യ (മൂവരും പൂനൈ) .മരുമക്കൾ: വിനയ, സ്മിതേഷ്, ലതീഷ്. സഹോദരങ്ങൾ: ബാലൻ (പൂനെ), പരേതരായ കാട്ടിൽ പുരയിൽ നാണു, ജാനു, ശ്രീമതി.

എം.യു.സ്മിത

വെള്ളറട: പെരുങ്കടവിള അയിരൂർ വടയന്നൂർ ക്കോണം മിഥുൻ നിവാസിൽ തങ്കച്ചന്റെ ഭാര്യ എം.യു.സ്മിത (33) അന്തരിച്ചു. മക്കൾ: മിഥുൻ, അക്ഷയ്.

ദമയന്തി

പാറശാല: മൂവോട്ടുകോണം കടയറ പുത്തൻവീട്ടിൽ രവീന്ദ്രന്റെ ഭാര്യ എസ്. ദമയന്തി (63) അന്തരിച്ചു. മക്കൾ: ബിജു, പ്രതീപ്. മരുമക്കൾ: എസ്. മഞ്ചുഷ, എസ്.യസ്, ബിജി.

രാജം

പാറശാല: കരുമാനൂർ പുത്തൻകട രാജ് നിവാസിൽ പരേതനായ രാജയ്യന്റെ ഭാര്യ രാജം (76) അന്തരിച്ചു. മക്കൾ: രാജമി, രാജീവ്കുമാർ. മരുമക്കൾ: ലിന്റോ, സജു.

കെ. ശ്രീധരൻ ആശാരി

വെള്ളറട: പളുകൽ ഇളംചിറ കൈതക്കുഴി നീരാഴിക്കര പുത്തൻവീട്ടിൽ കെ.ശ്രീധരൻ ആശാരി (70) അന്തരിച്ചു. ഭാര്യ: രമണി. മക്കൾ: ശ്രീജ, ഷീബ (തമിഴ്നാട് പൊലീസ്) എസ്. സതീശൻ, കെ. രാജേഷ് കണ്ണൻ.

സുശീല

പാറശാല: തിരുപുറം പിള്ള വീട്ടിൽ പരേതനായ ശുശീലൻ നായരുടെ ഭാര്യ സുശീല (65) അന്തരിച്ചു. മക്കൾ: കൃഷ്ണകുമാർ, ലക്ഷ്മി. മരുമക്കൾ: രശ്മി, പ്രതീപ്.

മുഹമ്മദ്

മമ്പുറം: കാവുങ്ങപ്പാറയിലെ തോട്ടുങ്ങൽ മുഹമ്മദ് (55) അന്തരിച്ചു. ഭാര്യ: മൈമൂനത്ത്. മക്കൾ: മഹ്റൂഫ്, മെഹർബാൻ, മർഷാന തെസ്നി. മരുമക്കൾ: സുമീബ, സാദിഖലി, ശിഹാബ്.

അന്തോണി മത്തായി

അങ്കമാലി: നസ്രത്ത് നഗറിലെ ദീപ്തിഗ്രാമം എൻ എൻ 418-ൽ മാളിയേക്കൽ അന്തോണി മത്തായി (88) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ചമ്പന്നൂർ തളിയത്ത് കുടുംബാംഗം റോസക്കുട്ടി. മക്കൾ: ആന്റു, മേതി, ജോർജ് (സൗദി). മരുമക്കൾ: ബീന, തോമസ് (ചൗക്ക, ചാലക്കുടി), ജെസി.

സാറാമ്മ

അങ്കമാലി: പൊയ്ക്കാട്ടുശേരി പുതുശ്ശേരി വീട്ടിൽ പരേതനായ വറീതിന്റെ ഭാര്യ സാറാമ്മ(91) അന്തരിച്ചു. സംസ്കാരം നടത്തി. പൊയ്ക്കാട്ടുശ്ശേരി തേളിക്കാടൻ കുടുംബാംഗമാണ്. മക്കൾ: പി.വി. തോമസ് (സിപിഎം നെടുമ്പാശേരി ഏരിയ കമ്മിറ്റി അംഗം), മത്തായി, പൗലോസ്, മിനി. മരുമക്കൾ: മേരി, സാറാക്കുട്ടി, ഷീല, വർഗീസ്.

എസ്. സുരേഷ്കുമാർ

വെള്ളറട: പനച്ചമൂട് അഭിഷിക്ത് നിവാസിൽ സോമൻ സുശീല ദമ്പതികളുടെ മകൻ എസ്. സുരേഷ്കുമാർ (സിഐഎസ്എഫ് - 49) അന്തരിച്ചു. ഭാര്യ: ചന്ദ്രകല. മകൻ: അഭിഷിക്ത്.

സുബ്രഹ്മണ്യൻ

അങ്കമാലി: അയ്യമ്പുഴ ശ്രീ ബാലസുബ്രഹ്മണ്യ സ്വാമി ക്ഷേത്ര സ്ഥാപകനും എസ്എൻഡിപി നേതാവുമായ വട്ടോലപ്പറമ്പിൽ സുബ്രഹ്മണ്യൻ (93) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: മുക്കന്നൂർ കേളിക്ക രാജമ്മ. മക്കൾ: മല്ലിക, ശോഭന, ബിനു, ഷൈജു, ഷിജു. മരുമക്കൾ: ഗോപി, ബാലകൃഷ്ണൻ, രഞ്ജിനി, ജ്യോത്സന, ജിഷ.

എസ്തപ്പാൻ

അങ്കമാലി: വടക്കേ കിടങ്ങൂർ മാവേലി എസ്തപ്പാൻ (82) അന്തരിച്ചു. ദീർഘകാലം പ്രിന്റിങ് പ്രസ് തൊഴിലാളിയായിരുന്നു. സംസ്കാരം നടത്തി. ഭാര്യ: ആലുവ കുരീയ്ക്കൽ അമ്മിണി. മക്കൾ: ജോളി, മോളി, ചാർളി. മരുമക്കൾ: സിന്ധു, ജോയ്സി.

ദേവകിയമ്മ

ചൊവ്വര : തൂമ്പാകടവ് വലവൂർ വീട്ടിൽ പരേതനായ ശങ്കുണ്ണി നായരുടെ മകൾ ദേവകിയമ്മ (81) അന്തരിച്ചു . സംസ്കാരം ഇന്ന് രാവിലെ എട്ടിന് വീട്ടുവളപ്പിൽ. പരേത അവിവാഹിതയാണ്. സഹോദരങ്ങൾ: അരവിന്ദാക്ഷൻ, പരേതരായ പത്മാവതിയമ്മ, നാരായണൻ നായർ, കമലാക്ഷിയമ്മ.

രുഗ്മണിയമ്മ

വടക്കാഞ്ചേരി: കരുമത്ര തടത്തിൽ രുഗ്മണിയമ്മ (71) അന്തരിച്ചു. സംസ്ക്കാരം നടത്തി. സഹോദരങ്ങൾ: ലക്ഷ്മി ദേവി, പരേതയായ പാർവ്വതിയമ്മ.

രാജപ്പൻ

ചേർത്തല: തിരുനെല്ലൂർ വെമ്മേലിൽ രാജപ്പൻ (63) അന്തരിച്ചു. ഭാര്യ: വത്സല. മക്കൾ: ബിജുമോൻ, അജിത്ത്കുമാർ. മരുമക്കൾ: ഐഷ, സബിത.

ഫാ. റെജിലൂക്കോസ്

ആയൂർ: നീറായ്ക്കോട് താന്നിവിള മിസ്പയിൽ ഫാ. റെജിലൂക്കോസ് (55) അന്തരിച്ചു. പാളയം സെന്റ് ജോർജ് ഓർത്തഡോക്സ് സിറിയൻ കത്തീഡ്രൽ വികാരിയും, തിരുവനന്തപുരം ഭദ്രാസന കൗൺസിൽ അംഗവും ദിവ്യദൂത് കൺവീനറുമായിരുന്നു. സെന്റ് ജോർജ് കത്തീഡ്രലിൽ ശുശ്രൂഷയ്ക്ക് ശേഷം പാറ്റൂർ സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ: അന്നമ്മ ജോർജ് (അധ്യാപിക, ഹോളി ട്രിനിറ്റി സ്കൂൾ, ശ്രീകാര്യം). മക്കൾ: രേഷ്മ, റെയ്ച്ചൽ.

എം. വൈദേഹി

കല്ലമ്പലം: പോങ്ങനാട് ആരൂർ പ്ലാമുറ്റംവീട്ടിൽ പരേതനായ ഡോ.പി. ആർ. വേലായുധന്റെ ഭാര്യ എം.വൈദേഹി (95-പുളിവേലിക്കോണം) അന്തരിച്ചു.

മക്കൾ: ശ്രീദേവൻ, പരേതയായ വിമല, ജയബാബു, പരേതനായ രാജേന്ദ്രൻ, രമണിഭായി, കുമാരി അജിത, സുനിൽദത്ത്.

മരുമക്കൾ: ലളിത, രാജേന്ദ്രൻ, പരേതയായ ബേബിസുമ, ശ്രീധരൻ, ഗീതാകുമാരി, പരേതനായ വിജയൻ, അനന്തു.

ലതിക തിലകൻ

ചേർത്തല: നഗരസഭ 23ാം വാർഡിൽ ഇല്ലത്തു ചിറയിൽ തിലകന്റെ ഭാര്യ ലതിക തിലകൻ (53) അന്തരിച്ചു. മക്കൾ: അരുൺ തിലക്, ആകാശ് തിലക്. മരുമകൾ: അശ്വതി പ്രിയ.

പി.സി. ചാക്കോ

എരുമേലി: ഡിട്രോയിറ്റ് സെന്റ് ഗ്രീഗോറിയോസ് ഓർത്തോഡോക്സ് ഇടവക വികാരിയും, ഭദ്രാസന മർത്തമറിയം വനിതാ സമാജം വൈസ് പ്രസിഡന്റുമായ പി.സി ജോർജ് അച്ചന്റെ പിതാവ് എരുമേലി കനകപ്പലം പീടികപറമ്പിൽ പി. സി. ചാക്കോ (82) അന്തരിച്ചു. സംസ്കാര ശുശ്രൂഷകൾ വെള്ളിയാഴ്ച രാവിലെ പത്തു മണിക്ക് ഭവനത്തിൽ ആരംഭിക്കും. 11 30 -നു അഭിവന്ദ്യ സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ യുടെ പ്രധാന കാർമികത്വത്തിൽ കനകപ്പലം സെന്റ് ജോർജ്ജ് ഓർത്തഡോസ് ദേവാലയത്തിൽ നടക്കും. കോഴഞ്ചേരി തെക്കേമല മണ്ണിൽ കുടുംബാഗമായ പരേതയായ ഏലിയാമ്മ ചാക്കോ ആണ് സഹധർമ്മിണി

മക്കൾ : ജെസ്സി തോമസ് (മണിമല), ജോസി പി. ചാക്കോ (കനകപ്പലം), ഫാ. പി.സി ജോർജ് (ഡിട്രോയിറ്റ്). മരുമക്കൾ: തോമസ്, ജാകിലിൻ ജോസി, ദീപ ജോർജ്. കൊച്ചുമക്കൾ: ജോസിലിൻ, അന്ന, അക്സ, ഡോണ, സോണ, ജൊഹാൻ, ജോയന്ന, ജോനാഥൻ.

രാമകൃഷ്ണക്കുറുപ്പ്

കല്ലമ്പലം: നാവായിക്കുളം പേരിക്കൊട്ടുകോണം റോഡുവിള വീട്ടിൽ രാമകൃഷ്ണക്കുറുപ്പ് (82) അന്തരിച്ചു. ഭാര്യ: വിജയകുമാരി. മക്കൾ: ജോയി, സിന്ധു, ഷിബു. മരുമക്കൾ: ലേഖ, ജിഷ.

ബഷീറുദ്ദീൻ

കല്ലമ്പലം: പുതുശ്ശേരിമുക്ക് ഇടവൂർക്കോണം ഷീനാ മൻസിലിൽ ബഷീറുദ്ദീൻ (66) അന്തരിച്ചു. ഭാര്യ: മാജിദാബീവി. മക്കൾ: ഷീന, ഷംനാദ്, ഷാൻ. മരുമക്കൾ: നൗഷാദ്, അൻസിയ, മാജിദ.

ബീന

പറവൂർ: പടിഞ്ഞാറെ മടപ്ലാതുരുത്ത് നൈശ്ശേരിൽ ബീന (63 റിട്ട അംഗൻവാടി ഹെൽപ്പർ) അന്തരിച്ചു. സംസ്കാരം നടത്തി. പിതാവ്: പരേതനായ കൃഷ്ണൻ. മകൾ: ബിന്ദു. മരുമകൻ: മുരളി.

ലീല എൻ. വാരിയർ

കോഴിക്കോട്: റെയിൽവേ റിട്ട. എഞ്ചിനിയർ കൗപ്രമഠത്തിൽ നാരായണ വാരിയരുടെ ഭാര്യ വളാഞ്ചേരി വൈലിശ്ശേരി വാരിയത്ത് ലീല എൻ. വാരിയർ (76) ഭോപാലിലുള്ള രാമേശ്വരം ഡീലക്സ് ഫ്ലാറ്റിൽ അന്തരിച്ചു. മക്കൾ: മനോജ് (നെറ്റ്ലിങ്ക്, ഭോപാൽ), വിനോദ് (എൽഐസി, ഭോപാൽ), ഷീല, പരേതയായ ലത. മരുമക്കൾ: പ്രതിഭ വാരിയർ, രതി വാരിയർ, രാജാമണി. സഹോദരങ്ങൾ: രാമകൃഷ്ണൻ (റിട്ട.മാനേജർ, ഗ്രാമീണബാങ്ക്, കോട്ടയ്ക്കൽ), പരേതയായ കലാവതി.

എൻ.ജനാർദ്ദനൻ നായർ

കരുനാഗപ്പള്ളി: കൊല്ലം ജില്ലാ സഹകരണ ബാങ്ക് റിട്ട.മാനെജർ കൊല്ലക പുല്ലംമ്പള്ളിൽ കൊച്ചുത്തറയിൽ എൻ.ജനാർദ്ദനൻ നായർ (86) അന്തരിച്ചു. ഭാര്യ: കമലമ്മ. മക്കൾ: രഘുനാഥൻ, രേഖ. മരുമക്കൾ: രഘുനാഥൻ പിള്ള, ജിക്കി.

ആദിവാസി യുവാവ് മുങ്ങിമരിച്ചു

കോതമംഗലം: പൂയംകുട്ടിപുഴ നീന്തുന്നതിനിടെ ആദിവാസി യുവാവ് മുങ്ങിമരിച്ചു. കുഞ്ചിപ്പാറ ആദിവാസി കുടിയിലെ സുബേഷ് (24) ആണ് മരിച്ചത്. സഹപ്രവർത്തകരുമൊത്ത് കുട്ടമ്പുഴയിലെത്തി സാധനങ്ങൾ വാങ്ങി ചൊവ്വ രാത്രി കുടിയിലേക്കുള്ള മടക്ക യാത്രയ്ക്കിടയിൽ ജീപ്പുകേടായി. വർക്ക് ഷോപ്പുകാരനെ തേടി കാട്ടിൽ നിന്നും നടന്ന് പൂയംകുട്ടി ബ്ലാവന കടവിലെത്തിയപ്പോഴേക്കും ഇരുട്ടാകുകയും കടത്തുകാരനില്ലന്നറിഞ്ഞ് സുബേഷ് മറുകരയ്ക്കു നീന്തുകയായിരുന്നു. കരയെത്തും മുമ്പേ സ്ഥലത്തെ വൈദ്യുതി പോകുകയും ഇരുട്ടിൽ മുങ്ങി മരണം സംഭവിയ്ക്കു കയുമായിരുന്നു. മൃതദേഹം പോസ്റ്റ് മാർട്ടത്തിനു ശേഷം കുടിയിൽ സംസ്ക്കരിച്ചു. ഭാര്യ: ചോയമ്മ. എട്ട് മാസം പ്രായമായ കുട്ടിയുമുണ്ട്.

കെ.എസ്. സുകുമാരൻ

ആലപ്പുഴ: കാവാലം വടക്ക് കൊല്ലശേരിൽ വീട്ടിൽ കെ.എസ്. സുകുമാരൻ (97) അന്തരിച്ചു. ഭാര്യ: തങ്കമ്മ സുകുമാരൻ. മക്കൾ: കെ എസ് സതീശൻ, കെ എസ് സത്യൻ (കോയമ്പത്തൂർ), കെ എസ് സനൽകുമാർ (കോയമ്പത്തൂർ), കെ എസ്സലിം കുമാർ, കെ എസ് സലോമി (ഖത്തർ), കെ എസ് സന്തോഷ് (കോയമ്പത്തൂർ), കെ എസ്സജീവ് (കോയമ്പത്തൂർ), കെ എസ് മധു (കോയമ്പത്തൂർ), കെ എസ് മിനിമോൾ. മരുമക്കൾ: രേവമ്മ, വനജ സത്യൻ, രത്നാദേവി, ഷീല, പുരുഷോത്തമൻ (ഖത്തർ), സന്ധ്യ, ലേഖ, സിന്ധു, അനിൽകുമാർ

രാമകൃഷ്ണൻ നായർ

കോതമംഗലം: റിട്ടയേഡ് പൊലീസ് സർക്കിൾ ഇൻസ്പെക്റ്റർ പിണ്ടിമന നാരേക്കാട്ട് രാമകൃഷ്ണൻ നായർ (85) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: പരേതയായ ശാന്തമ്മ. മക്കൾ: ശോഭനകുമാരി, രാജശേഖരൻ നായർ (റിട്ട.തഹസിൽദാർ) മരുമക്കൾ: ചന്ദ്രമോഹനൻ, മിനി.

കുഞ്ഞമ്മ

മൂവാറ്റുപുഴ: പായിപ്ര വടക്കും ചേരി അകത്തൂട്ട് പരേതനായ ജി. പരമേശ്വരൻ കർത്തായുടെ ഭാര്യ സരസ്വതി കുഞ്ഞമ്മ (98) അന്തരിച്ചു. സംസ്ക്കാരം നടത്തി. മക്കൾ: വി.പി. രാമചന്ദ്രൻകത്താവ് (റിട്ടേ. വിഎസ്എസ്സി), പരേതനായ വി.പി. ശശീധരൻ കത്താവ്, വി.പി. വിജയൻ കർത്താവ് (ക്യാനഡ), വി.പി. ശാന്തകുമാരി. മരുമക്കൾ: അയ്മവതി, പരേതയായ കനകവല്ലി, വിജയലക്ഷ്മി, ശ്രീധരൻ കർത്താവ്.

ബീപാത്തു

ആലങ്ങാട്: കോട്ടപ്പുറം മാമ്പ്രാ തേക്കുംപറമ്പിൽ പരേതനായ മീതിയൻ പിള്ള ഭാര്യ ബീപാത്തു (87) അന്തരിച്ചു. കബറടക്കം നടത്തി. മക്കൾ: അബുൾ മജിദ്, അബുൾ അസീസ്, അബ്ദുൾ അഷ്റഫ്, അബ്ദുൾ സലാം. മരുമക്കൾ: നജ്മ, വഹീദ, ഖദാജാബി, ആബിത.

കുരിയാക്കോസ്

വടക്കാഞ്ചേരി: പുത്തൂർ കുരിയാക്കോസ് (79) അന്തരിച്ചു. റിട്ടയേർഡ് ആർമി ഉദ്യോഗസ്ഥനാണ്. സംസ്ക്കാരം നടത്തി. ഭാര്യ: ക്ലാര. മക്കൾ: ഗ്രേസി, ജോബി, പരേതനായ സൈമൺ. മരുമക്കൾ: വിൻസന്റ്, സിജി ജോബി.

പി.പി. ഖലീൽ

തലശേരി: മട്ടാമ്പ്രത്തെ പുതിയപുരയിൽ പി. പി. ഖലീൽ (49) അന്തരിച്ചു. മെയിൻ റോഡിലെ ചുമട്ടുതൊഴിലാളിയും മാസോ അംഗവുമാണ്. പരേതരായ എ. വി. റഹീം - പി.പി. പാത്തൂട്ടി ദമ്പതിമാരുടെ മകനാണ്. ഭാര്യ: എം. നഫീസ.

കുഞ്ഞുണ്ണി

വടക്കാഞ്ചേരി: കരിയന്നൂർ മേലേപുരയ്ക്കൽ കുഞ്ഞുണ്ണി (75) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: സരോജിനി. മക്കൾ: സജിനി, സനില, അനന്ദൻ, മരുമക്കൾ: ഹരിദാസ്, സുമേഷ്.



സിദ്ധാർത്ഥൻ

എടത്തിരുത്തി: സെൻട്രൽ റെയിൽവെ റിട്ട. ഉദ്യോഗസ്ഥൻ പൊനത്തിൽ സിദ്ധാർത്ഥൻ (78) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ ഒൻപതിന് വീട്ടുവളപ്പിൽ. ഭാര്യ: കോമളം. മക്കൾ: ലീബ (ബഹറിൻ), ദീപ (അമെരിക്ക). മരുമക്കൾ: ശ്രീനിവാസൻ (ബഹറിൻ), റെനിൽ (അമെരിക്ക).

പാത്തു

വടക്കാഞ്ചേരി: തയ്യൂർ ഗവ ഹൈസ്കൂൾ ഗ്രൗണ്ടിനു സമീപം കൊട്ടിലിങ്ങിൽ പാത്തു(74) അന്തരിച്ചു. കബറടക്കം നടത്തി. മക്കൾ: ബഷീർ, ഹസീന. മരുമകൾ: ജമീല.

പി.ടി. അജിത്

വൈപ്പിൻ:നായരമ്പലം നെടുങ്ങാട് പടവാര പി. ടി. അജിത് (62) അന്തരിച്ചു. ഭാര്യ:തങ്കമണി, മക്കൾ : അഞ്ജു, കൃഷ്ണപ്രസാദ്, മരുമകൾ : ദിവ്യ . ആർ.എസ്.പി. വൈപ്പിൻ മണ്ഡലം സെക്രട്ടറി പി.ടി.സുരേഷ്ബാബു സഹോദരനാണ്.



മുഹമ്മദ് ഹാജി

ചെമ്മാട്: വെള്ളാന വളപ്പിൽ മുഹമ്മദ് ഹാജി (മുതേരിയിൽ -85) അന്തരിച്ചു. ഭാര്യ: സൈനബ തോട്ടുങ്ങൽ. മക്കൾ: ശുകൂർ, മൊയ്തീൻകുട്ടി, ഷെരീഫ, റുബീന, ഫസീല. മരുമക്കൾ: അഷ്റഫ് പരപ്പനങ്ങാടി സഊദി, മുഹമ്മദ് റഫീഖ് പനങ്ങാട്ടൂർ സഊദി, മുസ്തഫ മമ്പുറം ഖത്തർ, സൈഫുന്നിസ, സുഹറാബി.

എ.മുഹമ്മദ്കുഞ്ഞ്

വിളക്കുടി:സിപിഎം പത്തനാപുരം ഏരിയ കമ്മിറ്റി മുൻ അംഗവും പഞ്ചായത്ത് മുൻ മെമ്പറുമായിരുന്ന വിളക്കുടി ഷാഹിദാ മൻസിലിൽ എ.മുഹമ്മദ്കുഞ്ഞ് (86) അന്തരിച്ചു. കബറടക്കം നടത്തി.

ലോഡ്ജ് മുറിയിൽ യുവാവിനെ മരിച്ചനിലയിൽ കണ്ടെത്തി

കരുനാഗപ്പള്ളി: ലോഡ്ജിലെ ക്ലീനിങ് തൊഴിലാളിയെ മുറിയിൽ മരിച്ച നിലയിൽ കാണപ്പെട്ടു. തഴവ കടത്തൂർ പുത്തൻപുരയിൽ പരേതനായ ആന്ത്രോസ്- അന്നമ്മ ദമ്പതികളുടെ മകൻ ആന്റോ (40)യെയാണ് ലോഡ്ജ് മുറിയിൽ മരിച്ച നിലയിൽ കാണപ്പെട്ടത്. ഇയാൾ മൂന്ന് വർഷമായി തറയിൽ മുക്കിൽ ഉള്ള ലോഡ്ജിലെ ക്ലീനിങ് തൊഴിലാളി ആണ്.

കഴിഞ്ഞ ദിവസം വൈകിട്ട് മുറി തുറക്കാത്തതിനെ തുടർന്ന് പോലീസിൽ വിവരം അറിയിക്കുകയും പൊലീസ് എത്തിവാതിൽ പൊളിച്ച് അകത്ത് കടന്നപ്പോൾ കിടക്കുന്ന നിലയിൽ ആയിരുന്നു മൃതദേഹം കാണപ്പെട്ടത്. ജില്ലാ ആശുപത്രിയിലേ പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ട് കൊടുത്തു. ഭാര്യ: സുനിത. മകൾ: അനുജ. കരുനാഗപ്പള്ളി പൊലീസ് കേസ്സെടുത്തു.

ഭാര്യയുടെ പരാതിയെത്തുടർന്ന് പൊലീസ് താക്കീത് ചെയ്തു വിട്ട യുവാവ് തൂങ്ങിമരിച്ചു

ചെങ്ങന്നൂർ: കാമുകിയുമായി ഉള്ള പ്രണയം ഭാര്യയുടെ പരാതിയെ തുടർന്ന് പോലീസ് താക്കീത് ചെയ്ത് വിട്ടയച്ച ഭർത്താവ് തൂങ്ങിമരിച്ചു. അയൽവാസിയായ യുവതി ആറ്റിച്ചാടിയെങ്കിലും നാട്ടുകാർ രക്ഷപ്പെടുത്തി.

വിവാഹിതനും ഒരു കുട്ടിയുടെ അച്ഛനുമായ യുവാവ് മറ്റൊരു യുവതിയുമായുള്ള പ്രണയബന്ധത്തെ തുടർന്നാണ് ഭാര്യ പരാതി നൽകിയത്. ആൽത്തറ ജംഗ്ഷന് സമീപം പ്ലാവിൽ വീട്ടിൽ വാടകയ്ക്ക്താമസിച്ചുവരികയായിരുന്ന കോട്ടയം മാന്നാനം സ്വദേശി കണ്ണാലപറമ്പിൽ സന്തോഷ് മകൻ അഖിൽ 29 ആണ് ഇന്നലെ ഉച്ചയ്ക്കുശേഷം തൂങ്ങിമരിച്ചത്. ഓട്ടോറിക്ഷ ഡ്രൈവറായ അഖിൽ ഒരുവർഷത്തോളമായി സമീപത്ത് താമസിക്കുന്ന കോട്ടയം മണിമല സ്വദേശിനിയുമായി പ്രണയത്തിലായിരുന്നു. പലതാണ് വീട്ടുകാർ രണ്ടുപേരെയും താക്കീത് ചെയ്തെങ്കിലും പ്രണയബന്ധം തുടരുകയായിരുന്നു. അഖിലിന്റെ ഭാര്യ പെരിങ്ങാല സ്വദേശിനി പാർവതിയുടെ പരാതിയെതുടർന്ന് രണ്ടുപേരെയും ഇന്നലെ രാവിലെ ചെങ്ങന്നൂർ സി ഐ ഓഫീസിൽ വിളിച്ചുവരുത്തി താക്കീത് നൽകി വിട്ടയയ്ക്കുകയായിരുന്നു. തിരിച്ച് വീട്ടിലെത്തിയ അഖിൽ ഉച്ചയ്ക്കുശേഷം വീടിനുള്ളിൽ ഫാനിൽ കെട്ടിത്തൂങ്ങി ആത്മഹത്യ ചെയ്യുകയായിരുന്നു. കാമുകൻ മരിച്ചതറിഞ്ഞ് യുവതി മംഗലം മിത്രപുഴ പാലത്തിൽ നിന്നും പമ്പയാറ്റിലേക്ക് ചാടുകയായിരുന്നു. യുവതി ആറ്റിലേക്ക് ചാടുന്നത് ശ്രദ്ധയിൽപെട്ട സമീപത്തുള്ള യുവാവ് അയൽവാസികളേയും കൂട്ടി യുവതിയെ രക്ഷപ്പെടുത്തുകയായിരുന്നു. യുവാവിന്റെ മൃതദേഹം ആലപ്പുഴ മെഡിക്കൽ കോളെജിലേക്ക് മാറ്റി. പോസ്റ്റുമോർട്ടത്തിനു ശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുക്കും.

പയസ് ചാക്കോ

കോതമംഗലം: കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റും സിപിഐ ജില്ലാ കമ്മറ്റിയംഗവുമായ ശാന്തമ്മ പയസിന്റെ ഭർത്താവ് വടാട്ടുപാറ ചന്ദ്രപ്പിള്ളിൽ പയസ് ചാക്കോ (68) അന്തരിച്ചു. സംസ്ക്കാരം നടത്തി. മക്കൾ: റിയ എലിസബത്ത് (ഓസ്ട്രേലിയ), എലിസബത്ത് ലിഡിയ, അലീന. മരുമക്കൾ: ബിനീഷ് (ഓസ്ട്രേലിയ), മനു കെ. തമ്പി (ആർമി ഊട്ടി).

സി.പി. കുഞ്ഞപ്പൻ

വൈപ്പിൻ : റിട്ട. റിസർവ്വ് ബാങ്ക് ജീവനക്കാരൻ എടവനക്കാട് ചെറുപുള്ളിത്തറ സി.പി. കുഞ്ഞപ്പൻ (64) അന്തരിച്ചു. ഭാര്യ : ജാനു (റിട്ട. അധ്യാപിക).മകൻ:അർജുൻ.



എസ്. വേലപ്പൻആശാരി

മലയിൻകീഴ്: വെളിയംകോട് പയറ്റുവിള കുഴി വീട്ടിൽ എസ്. വേലപ്പൻ ആശാരി(69) അന്തരിച്ചു. ഭാര്യ: രാധേശ്വരി. മക്കൾ: സജിത, സരിത, സാജൻ. മരുമക്കൾ: സുരേഷ് കുമാർ, പ്രവീൺ, രേഷ്മ.

ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ച് വയോധിക ദമ്പതികൾ മരിച്ചു

മാവേലിക്കര: ഗ്യാസ് സിലിണ്ടർ പൊട്ടിതെറിച്ച് വയോധിക ദമ്പതികൾ മരിച്ചു. ചെട്ടികുളങ്ങര കണ്ണമംഗലം വടക്ക് പാലപ്പള്ളിൽ വിനോദ് നിവാസിൽ വിമുക്ത ഭടനും മുൻ ഗ്യാസ് ഏജൻസി ജീവനക്കാരനുമായ എം.രാഘവൻ (80), മണിയമ്മ (75) എന്നിവരാണ് മരിച്ചത്.

എം. രാഘവൻ

മണിയമ്മ

ചൊവ്വാഴ്ച രാത്രി 12മണിയോടെ ആയിരുന്നു സംഭവം. വലിയ ശബ്ദം കേട്ടതിനെ തുടർന്ന് സമീപ വാസികൾ എത്തിയപ്പോൾ വീട്ടിൽ നിന്ന് തീയും പുകയും ഉയരുന്ന നിലയിലായിരുന്നു. ഓടിയെത്തിയവർ രക്ഷാ പ്രവർത്തനത്തിന് ശ്രമിച്ചെങ്കിലും തീ ആളി കത്തുകയായിരുന്നു. തീയുയരുന്നതിനിടെയിൽ അടുക്കളയിൽ സൂക്ഷിച്ചിരുന്ന മറ്റൊരു ഗ്യാസ് സിലണ്ടർ രക്ഷാപ്രവർത്തകർ എടുത്തു മാറ്റി. ഇതിനുശേഷം ഫയർഫോഴ്സ് എത്തിയാണ് തീയണച്ചത്.

ദമ്പതികളുടെ മുറിയിൽ സൂക്ഷിച്ചിരുന്ന ഗ്യാസ് സിലണ്ടറുകളിൽ ഒന്നാണ് പൊട്ടിതെറിച്ചത്. അടുക്കളയിലെ ഗ്യാസ് അടുപ്പിൽ നിന്നും റഗുലേറ്റർ ഊരിയ നിലയിലായിരുന്നു.

പൊട്ടിത്തെറിച്ച ഗ്യാസ് സിലണ്ടറിൽ നിന്നും റഗുലേറ്ററിന്റെ കത്തിക്കരിഞ്ഞ ഭാഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കിടപ്പ് രോഗിയായിരുന്ന മണിയമ്മയെ ശുശ്രൂഷിക്കാനായി എത്തിയിരുന്ന ഹോം നഴ്സ് സംഭവ ദിവസം രാവിലെ വരെ ഇവിടെയുണ്ടായിരുന്നു.

മക്കൾ മാറി താമസിക്കുന്നതിനാൽ ഇവർ ഇരുവരും മാത്രമായിരുന്നു വീട്ടിൽ ഉണ്ടായിരുന്നത്. രണ്ടു മൃതദേഹങ്ങളും കത്തിക്കരിഞ്ഞ നിലയിൽ കിടപ്പ് മുറിയിൽ കിടക്കുന്ന നിലയിലാണ് കണ്ടെത്തിയത്. വീട്ടിലെ കിടപ്പ് മുറിയും ഹാളും വീട്ടുപകരണങ്ങളും പൂർണ്ണമായും കത്തി നശിച്ചിട്ടുണ്ട്. ഫൊറൻസിക് വിദഗ്ദരും പോലീസ് ഫോട്ടോഗ്രാഫറും എത്തി തെളിവുകൾ ശേഖരിച്ചു. ഗ്യാസ് സിലണ്ടറുകൾ കിടപ്പ്മുറിയിൽ സൂക്ഷിച്ചതുൾപ്പടെയുള്ള കാര്യങ്ങളിൽ ദുരൂഹത നിലനിൽക്കുന്നു. എന്നാൽ സംഭവം ആത്മഹത്യയാണെന്നാണ് മാവേലിക്കര പൊലീസിന്റെ പ്രാഥമിക നിഗമനം. ജില്ലാ പൊലീസ് മേധാവി ജയിംസ്ജോസഫ് സംഭവ സ്ഥലം സന്ദർശിച്ചു. മാവേലിക്കര സിഐ ബി. വിനോദ്കുമാർ, എസ്ഐമാരായ സാബു ജോർജ്ജ്, പി.റ്റി. ജോണി എന്നിവരാണ് അന്വേഷണത്തിന് നേതൃത്വം നൽകുന്നത്. മൃതദേഹങ്ങൾ വണ്ടാനം മെഡിക്കൽ കോളെജിലെ പോസ്റ്റ് മോർട്ടത്തിനുശേഷം സംസ്കരിച്ചു. മക്കൾ: വിനോദ് കുമാർ (എംഎസ്എം കോളെജ് ജീവനക്കാരൻ), ബീന മനോജ്. മരുമക്കൾ: രജനി, പരേതനായ മനോജ്.

സുധർമ്മൻ

മുഹമ്മ: കഞ്ഞിക്കുഴി പഞ്ചായത്ത് പതിനൊന്നാം വാർഡിൽ ആനകണ്ടത്തിൽ സുധർമ്മൻ (61) അന്തരിച്ചു. ഭാര്യ: ഷൈലജ. മക്കൾ: ഋഷികേശ്, അജേഷ് കേശ്. മരുമകൾ: അജിത.

സക്കീർ ഹുസൈൻ

ചാത്തിനാംകുളം: വലിയവിള വീട്ടിൽ അബ്ദുൽ കരീമിന്റെയും ലൈലാബീവിയുടെയും മകൻ സക്കീർ ഹുസൈൻ (39) അന്തരിച്ചു.

എം.ചെല്ലപ്പൻ പിള്ള

ഇടമുളയ്ക്കൽ:വടക്കും കര പുത്തൻവീട്ടിൽ എം.ചെല്ലപ്പൻ പിള്ള (92) അന്തരിച്ചു.

മതിൽ ഇടിഞ്ഞ് വീണ് കെഎസ്ആർടിസി ഡ്രൈവർ മരിച്ചു

അമ്പലപ്പുഴ: മതിൽ ഇടിഞ്ഞ് വീണ് കെഎസ്ആർടിസി ഡ്രൈവർ മരിച്ചു. പുന്നപ്ര വടക്കു പഞ്ചായത്ത് പന്ത്രണ്ടാം വാർഡിൽ തേവലപ്പുറത്ത് വെളിവീട്ടിൽ ചന്ദ്ര ശേഖരൻ നായരുടെ മകനും കെഎസ്ആർടിസി ആലപ്പുഴ ഡിപ്പോയിലെ ഡ്രൈവറുമായ പ്രദീപ് കുമാർ (51) ആണ് മരിച്ചത്. ഒപ്പമുണ്ടായിരുന്ന പ്ലംബർ പനയക്കുളങ്ങര കൈതക്കാട് വീട്ടിൽ ചിട്ടി മണിയന്റെ മകൻ ബാലചന്ദ്രൻ (50) നെ ഗുരുതര പരുക്കുകളോടെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ ഉച്ചക്ക് 12-30 ഓടെ പഴയ നടക്കാവ് റോഡിൽ ഗവ.ഹയർ സെക്കന്ററി സ്കൂളിന് തെക്കുഭാഗത്തായിരുന്നു അപകടം. പൊതുമരാമത്ത് വകുപ്പ് പഴയ നടക്കാവ് റോഡിൽ കാന നിർമ്മിക്കുന്നതിന്റെ ഭാഗമായി വാനം കോരിയിരുന്ന സ്ഥലത്ത് സ്വകാര്യ വ്യക്തിയുടെ വീട്ടിൽ നിന്നും പെയ്തുവെള്ളം പോകുന്നതിന് വാനത്തിലോട്ട് പൈപ്പിടുന്നതിനായി എത്തിയ ബാലചന്ദ്രൻ മതിലിന് സമീപം കാനയിൽ നിന്നുകൊണ്ട് കാനയിലോട്ട് പൈപ്പ് ഇടുന്നതിനിടയിൽ മതിൽ ഇടിയുകയായിരുന്നു. പൈപ്പ് ഇടുന്നതിന് സുഹൃത്തായ ബാലചന്ദ്രനെ സഹായിക്കാനെത്തിയതായിരുന്നു പ്രദീപ് കുമാർ. മതിൽ ഇടിഞ്ഞ് രണ്ടു പേരുടേയും ദേഹത്ത് വീണ് പരിക്കേറ്റതിനെ തുടർന്ന് നാട്ടുകാർ ഇരുവരേയും ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും പ്രദീപ് കുമാറിന്റെ ജീവൻ രക്ഷിക്കാനായില്ല. ഭാര്യ: ജയന്തി. മക്കൾ: പ്രവീൺ, പൂജ.

പ്രദീപ് കുമാർ

പോപ്ഗായിക ലേഡി ഗാഗ സമാഹരിച്ചത് 979 കോടി; സംഗീത പരിപാടിയിൽ ഷാരൂഖും പ്രിയങ്കയും

ലോകമെമ്പാടും കൊറോണ വിതച്ച ഭീതിയിൽ കഴിയുകയാണ്. കൊറോണ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി താരങ്ങളും സജീവമായിക്കഴിഞ്ഞു. പോപ് ഗായിക ലേഡി ഗാഗ ഇതിനായി സംഘടിപ്പിച്ച ഓൺലൈൻ സംഗീത പരിപാടിയിലൂടെ സമാഹരിച്ചത് 979 കോടി രൂപ!. ആഗോളതലത്തിൽ ഗായികയുടെ നേതൃത്വത്തിൽ നടത്തിയ വൺ വേൾഡ്: ടുഗെതർ അറ്റ് ഹോം എന്ന പരിപാടി ഏറെ ജനശ്രദ്ധ ആകർഷിക്കുകയും വൻ വിജയമായി മാറുകയുമായിരുന്നു. കൊറോണ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ലേഡി ഗാഗ നടത്തിയ രണ്ട് മണിക്കൂറോളം നീണ്ട് നിന്ന ഓൺലൈൻ ലൈവ് സംഗീത പരിപാടിയായ വൺ വേൾഡ്: ടുഗെതർ അറ്റ് ഹോം നടന്നത് ഏപ്രിൽ 18നായിരുന്നു.

ബോളിവുഡ് താരങ്ങളായ ഷാരൂഖ് ഖാൻ, പ്രിയങ്ക ചോപ്ര തുടങ്ങിയവരും ഈ ഓൺലൈൻ ലൈവ് പരിപാടിയിൽ അണിനിരന്നിരുന്നു. ഇവരോടൊപ്പം സ്റ്റീവ് വണ്ടർ, പോൾ മാക് കാർട്ട്ണി, എൽടൺ ജോൺ, ടെയ്‌ലർ സ്വിഫ്റ്റ് തുടങ്ങിയവരും പരിപാടിയുടെ ഭാഗമായി ഓൺലൈൻ ലൈവ് പരിപാടിയിൽ എത്തിയിരുന്നു. ഗ്ലോബൽ സിറ്റിസൺ എന്ന സംഘടനയാണ് ഈ ഷോ നടത്തിയത്.

പരിപാടിയിലൂടെ ലഭിച്ച വരവ് കൊറോണ വൈറസ് ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുമെന്ന് ഗ്ലോബൽ സിറ്റിസൺ ടിറ്ററിലൂടെ അറിയിച്ചിട്ടുണ്ട്.



പൊലീസുകാർക്ക് ഹോട്ടലുകളിൽ സൗകര്യങ്ങൾ ഒരുക്കി രോഹിത് ഷെട്ടി

പൊലീസുകാർക്ക് ഭക്ഷണം കഴിച്ച് വിശ്രമിക്കാനായി എട്ട് ഹോട്ടലുകളിൽ സൗകര്യം ഒരുക്കി സംവിധായകനും നിർമ്മാതാവുമായ രേഹിത് ഷെട്ടി. പ്രഭാത ഭക്ഷണവും അത്താഴവുമാണ് ഹോട്ടലുകളിൽ നൽകുക. രോഹിത് ഷെട്ടിക്ക് നന്ദി അറിയിച്ച് മുംബൈ പൊലീസും രംഗത്തെത്തി.

'കോവിഡ് വാരിയേഴ്സിന് പ്രഭാത ഭക്ഷണത്തിനും അത്താഴത്തിനുമുള്ള ക്രമീകരണങ്ങളടക്കം വിശ്രമിക്കാനും കുളിക്കാനും നഗരത്തിലുടനീളമുള്ള എട്ട് ഹോട്ടലുകളിൽ രോഹിത് ഷെട്ടി സൗകര്യമൊരുക്കി.

ഞങ്ങളെ സഹായിച്ചതിനും മുംബൈ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ഞങ്ങൾ അദ്ദേഹത്തിന് നന്ദി പറയുന്നു" എന്നാണ് മുംബൈ പൊലീസ് ടീറ്റ് ചെയ്തത്.

മുടിയുടെ രഹസ്യം തുറന്ന് പറഞ്ഞ് പ്രിയങ്ക ചോപ്ര

പാചക പരീക്ഷണവും സൗന്ദര്യ സംരക്ഷണവുമൊക്കെയായി ലോക്ക്ഡൗൺ കാലം ആസ്വദിക്കുകയാണ് സിനിമ താരങ്ങൾ. ഇപ്പോഴിതാ നടി പ്രിയങ്ക ചോപ്രയും ബ്യൂട്ടി സീക്രട്ട്സുമായി എത്തിയിരിക്കുകയാണ്. മനോഹരമായ തന്റെ മുടിയുടെ രഹസ്യമാണ് പ്രിയങ്ക ആരാധകരുമായി പങ്കുവെക്കുന്നത്. വിലയേറിയ സൗന്ദര്യ വർധക ബ്രാൻഡുകളായിരിക്കും പ്രിയങ്ക പറയാൻ പോകുന്നതെന്നു ധരിച്ചവർക്കു തെറ്റി.

വീട്ടിലെ അടുക്കളയിൽ തന്നെ ഈസിയായി കിട്ടുന്ന മൂന്നു സാധനങ്ങളാണ് പ്രിയങ്കയുടെ മുടിയഴകിന്റെ രഹസ്യം. തൈരും, തേനും മുട്ടയുമാണത്. ഒരു മുട്ടയും തേനും തൈരും മിക്സ് ചെയ്ത് അരമണിക്കൂറോളം തലയിൽ തേച്ചുപിടിപ്പിച്ച് മസാജ് ചെയ്യും, ശേഷം വീര്യം കുറഞ്ഞ ഷാംപൂ ഉപയോഗിച്ച് ഇളംചൂടുവെള്ളത്തിൽ കഴുകിക്കളയും. ഇൻസ്റ്റഗ്രാമിലൂടെയാണ് പ്രിയങ്ക ബ്യൂട്ടി ടിപ്സ് പങ്കുവച്ചിരിക്കുന്നത്.

തന്റെ അമ്മ പഠിപ്പിച്ച ഹെയർ ട്രീറ്റ്മെന്റ് ആണിതെന്നും അമ്മയ്ക്ക് അമ്മൂമ്മ പകർന്നതാണെന്നും പ്രിയങ്ക പറയുന്നു. ഈ മിശ്രിതത്തിൽ മുട്ടയുള്ളതു കൊണ്ടുതന്നെ എല്ലാവർക്കും മണം അത്ര ഇഷ്ടപ്പെടാനിടയില്ലെന്നും അതിനാൽ നന്നായി കഴുകാൻ ശ്രദ്ധിക്കണമെന്നും പ്രിയങ്ക പറയുന്നു. വേണമെങ്കിൽ രണ്ടു തവണ ഷാംപൂ ഇട്ട് തൈരിന്റെ അംശവും മുട്ടയുടെ മണവും പൂർണമായും നീക്കിയതിനു ശേഷം കണ്ടീഷണറിട്ടാൽ മതിയെന്നും പ്രിയങ്ക പറയുന്നുണ്ട്. സൗന്ദര്യ സംരക്ഷണം മാത്രമല്ല കൊറോണ വൈറസിനെ പൊരുതുന്നതു സംബന്ധിച്ച ബോധവത്കരണ വിഡിയോകളും പ്രിയങ്ക പങ്കുവെക്കാറുണ്ട്.

നിവിൻ പോളിയെ പ്രശംസിച്ച് ഇംതിയാസ് അലി

മൂത്തോനിലെ നിവിൻ പോളിയുടെ പ്രകടനത്തെ പ്രശംസിച്ച് ബോളിവുഡ് സംവിധായകൻ ഇംതിയാസ് അലി. ഒരു ലൈവ് സംവാദത്തിനിടെ മലയാള സിനിമയെക്കുറിച്ചുള്ള തന്റെ അഭിപ്രായം പങ്കുവെക്കവെയാണ് ഇംതിയാസ് മൂത്തോനെക്കുറിച്ചും നിവിൻ പോളിയെക്കുറിച്ചും പറഞ്ഞത്. പരീക്ഷണം നടത്തുന്നതിലും അഭിനയത്തിലുമൊക്കെ മലയാളത്തിന് തനതായ രീതികളുണ്ട്. പുതിയ ചില അഭിനേതാക്കൾ വളരെ സെൻസിറ്റീവ് ആണ്. മൂത്തോനിൽ ഞാൻ നിവിൻ പോളിയെ കണ്ടു. ഹൃദയം തകർക്കുന്ന സിനിമ. നിവിൻ ഗംഭീരമായിട്ടുണ്ട്. ഇംപ്രസ് ചെയ്യാനേ ശ്രമിക്കുന്നില്ല അദ്ദേഹം. ഒരു നായകന് ലഭിക്കുന്ന എന്തൊരു വേഷമാണത് അദ്ദേഹം വളരെ നന്നായിരുന്നു ഇംതിയാസ് പറയുന്നു.

നിവിൻ തന്റെ കരിയറിൽ അതുവരെ അവതരിപ്പിക്കാത്ത തരത്തിലുള്ള കഥാപാത്രമായിരുന്നു മൂത്തോനിലെ അക്ബർ. വലിയ പ്രേക്ഷകപ്രതികരണവും നേടിയെടുത്തിരുന്നു ചിത്രത്തിലെ നിവിന്റെ പ്രകടനം. രാജീവ് രവി ഛായാഗ്രഹണം നിർവ്വഹിച്ച ചിത്രത്തിലെ ഹിന്ദി സംഭാഷണങ്ങൾ ഒരുക്കിയത് അനുരാഗ് കശ്യപ് ആയിരുന്നു.

ജിവി പ്രകാശിനും സൈന്ധവിക്കും പെൺകുഞ്ഞ്

തമിഴ് സിനിമയിലെ സെലിബ്രിറ്റി ദമ്പതികളാണ് നടനും സംഗീത സംവിധായകനുമായ ജി.വി. പ്രകാശ് കുമാറും ഭാര്യയും ഗായികയുമായ സൈന്ധവിയും. സ്കൂൾ കാലം മുതൽ ഉറ്റസുഹൃത്തുക്കളായ ഇവർ പ്രണയത്തിലായിരുന്നു. 2013 ജൂണിലാണ് ഇരുവരും വിവാഹിതരായത്. ഏഴ് വർഷങ്ങൾക്ക് ശേഷം ഇവരുടെ ജീവിതത്തിലേക്ക് ഇപ്പോൾ ഒരു പുതിയ അതിഥി എത്തിയിരിക്കുകയാണ്. തങ്ങൾക്കൊരുപെൺകുഞ്ഞ് ജനിച്ച വിവരം ജി.വി. പ്രകാശ് തന്നെ തന്റെ ഇൻസ്റ്റയിലൂടെ പുറത്തുവിട്ടിരിക്കുകയാണ്. സംഗീതസംവിധായകനെന്ന നിലയിലും നടനെന്ന നിലയിലും നിരവധി സിനിമകളിലൂടെ ശ്രദ്ധനേടിയ താരമാണ് ജി.വി. പ്രകാശ്. അതുപോലെ തന്നെ തമിഴിൽ നിരവധി ഹിറ്റ് ഗാനങ്ങൾ ആലപിച്ചിട്ടുള്ളയാളുമാണ് ഭാര്യ സൈന്ധവി. അടുത്തിടെ അസുരനിൽ ജി.വി. പ്രകാശ് ഈണം നൽകി സൈന്ധവി പാടിയ ഗാനം ഏറെ ഹിറ്റായിരുന്നു

ഭൂമി വിട്ടുകൊടുത്ത് വിജയകാന്ത്; പ്രശംസിച്ച് പവൻ കല്യാൺ

കോവിഡ് ബാധിച്ച് മരിക്കുന്നവരെ അടക്കം ചെയ്യാൻ ഭൂമി വിട്ടു നൽകി നടനും രാഷ്ട്രീയ പ്രവർത്തകനുമായ വിജയകാന്ത്. കോവിഡ് ബാധിച്ച്മരിച്ച ന്യൂറോസർജൻ ഡോ. സൈമൺ ഹെർക്കുലീസിന്റെ മൃതദേഹം സംസ്കരിക്കാൻ കൊണ്ടുവന്ന ബന്ധുക്കളെയും ആംബുലൻസ് ഡ്രൈവറെയും ജനക്കൂട്ടം ആക്രമിച്ച സംഭവത്തിന് പിന്നാലെയാണ് ഭൂമി വിട്ടു നൽകുന്ന കാര്യം വിജയകാന്ത് പ്രഖ്യാപിച്ചത്.

വിജയകാന്തിനെ പ്രശംസിച്ച് രംഗത്തെത്തിയിരിക്കുകയാണ് നടൻ പവൻ കല്യാൺ. "സ്വന്തം കമ്മ്യൂണിറ്റി ശ്മശാനങ്ങളിൽ പോലും സംസ്കരിക്കാൻ അനുവദിക്കാത്ത കൊറോണ ഇരകൾക്കായി തന്റെ കോളേജ് ഭൂമിയുടെ ഒരു ഭാഗം വാഗ്ദാനം ചെയ്ത ഡിഎംഡികെ നേതാവും സൂപ്പർസ്റ്റാറുമായ വിജയകാന്ത് അതിശയകരവും ദൈവിവുമായ കാര്യമാണ് ചെയ്തത്" എന്ന് പവൻ കല്യാൺ ടീറ്റ് ചെയ്തു. ശ്രീ അണ്ടാൽ അളഗർ കോളെജ് ഓഫ് എൻജിനീയറിങ്ങിന് അടുത്തുള്ള ഭൂമിയാണ് വിജയകാന്ത് വിട്ടു നൽകിയിരിക്കുന്നത്. നേരത്തെ കൊറോണ ഐസൊലേഷൻ വാർഡാക്കാൻ കോളേജ് വിട്ടു നൽകുമെന്നും താരം പ്രഖ്യാപിച്ചിരുന്നു.

ആശ്വാസവാക്കുകളുമായി അക്ഷയ് കുമാർ



ഒരുമാസത്തോളമായി ലോക്ക് ഡൗണായതിനാൽ ഏറെ ബുദ്ധിമുട്ടിലായിരിക്കുന്നത് ദിവസവേതന തൊഴിലാളികളാണ്. സിനിമാ വ്യവസായത്തിന് കോടികളുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. രാജ്യത്തെ സിനിമാ വ്യവസായം പൂർണമായും നിശ്ചലാവസ്ഥയിലായിട്ട് ഒരുമാസത്തിലേറെയായി. ഷൂട്ടിങ്ങുകൾ നിർത്തി വെക്കുകയും അതോടൊപ്പം തീയേറ്ററുകൾ പൂട്ടിയിടുകയും ചെയ്തതോടെ സിനിമയിലെ ദിവസവേതനക്കാർ വലിയ രീതിയിൽ ബുദ്ധിമുട്ടുകയാണ്.

വലിയ തുകയുള്ള പ്രൊജക്റ്റുകളുടെ അടക്കം സുരക്ഷ ഉറപ്പാക്കേണ്ടതിനാൽ അത്തരത്തിൽ ഇക്കൂട്ടർക്ക് വിശ്രമവുമില്ലാത്ത അവസ്ഥയാണുള്ളത്. ഇത്തരമൊരു അവസ്ഥയിൽ മുംബൈയിലെ ഒരു പ്രമുഖ തീയേറ്ററിന്റെ ഉടമയോട് താൻ സഹായമെത്തിക്കാമെന്ന് അറിയിച്ച് വിളിച്ചിരിക്കുകയാണ് ബോളിവുഡ് താരം അക്ഷയ് കുമാർ. തീയേറ്ററുടമ തന്നെയാണ് ഇക്കാര്യം മാധ്യമങ്ങളെ അറിയിച്ചത്. മുംബൈയിലെ വളരെ പ്രശസ്തമായ ഗെയ്റ്റി ആൻഡ് ഗ്യാലക്സി (ജി 7) എന്ന മൾട്ടിപ്ലക്സിന്റെ ഉടമ മനോജ് ദേശായ് യോടാണ് അക്ഷയ് കുമാർ വിളിച്ച് സഹായം ചെയ്യാമെന്ന് അറിയിച്ചിരിക്കുന്നത്. സാമ്പത്തിക സഹായം വേണമെങ്കിൽ മടികൂടാതെ അറിയിക്കണമെന്ന് അക്ഷയ്കുമാർ തന്നെ വിളിച്ച് പറഞ്ഞതായി തീയേറ്റർ ഉടമ മാധ്യമങ്ങളോട് പറഞ്ഞു.

ഷട്ടോരി ഔദ്യോഗികമായി പുറത്ത്

കൊച്ചി: കേരള ബ്ലാസ്റ്റേഴ്സ് പരിശീലക സ്ഥാനത്തു നിന്ന് ഈൽകോ ഷറ്റോരിയെ പുറത്താക്കിയത് അവസാനം കേരള ബ്ലാസ്റ്റേഴ്സ് തന്നെ പ്രഖ്യാപിച്ചു. താൻ ക്ലബ് വിട്ടു എന്നത് കേരള ബ്ലാസ്റ്റേഴ്സ് ഔദ്യോഗികമായി പ്രഖ്യാപിക്കാത്തതിനെ ഷറ്റോരി കഴിഞ്ഞ ദിവസം വിമർശിച്ചിരുന്നു.

ഇതിനു പിന്നാലെയാണ് കേരള ബ്ലാസ്റ്റേഴ്സിന്റെ പ്രഖ്യാപനം. ഷറ്റോരിയുടെ ക്ലബിനായുള്ള സംഭാവനകൾക്ക് നന്ദി പറയുന്നു എന്നും അദ്ദേഹത്തിന് മികച്ച ഭാവി ആശംസിക്കുന്നു എന്നും ക്ലബ് ഔദ്യോഗിക കുറിപ്പിൽ പറഞ്ഞു.

ഷറ്റോരിക്ക് കീഴിൽ കേരള ബ്ലാസ്റ്റേഴ്സ് ഭേദപ്പെട്ട പ്രകടനം നടത്തിയിരുന്നു എങ്കിലും ഫലങ്ങൾ അത്ര നല്ലതായിരുന്നില്ല. പ്ലേ ഓഫിന് യോഗ്യത നേടാൻ ആവാത്തതും ഷറ്റോരി പുറത്താകാനുള്ള കാരണമാൺ. ഷറ്റോരിക്ക് പകരം സ്പാനിഷ് കോച്ചായ കിബു വികൂനയാകു എത്തുക. മുൻ മോഹൻ ബഗാൻ കോച്ചിന്റെ നിയമനവും താമസിയാതെ കേരള ബ്ലാസ്റ്റേഴ്സ് പ്രഖ്യാപിച്ചേക്കും.

സച്ചിനു ദയയില്ല: മോണ്ടി പനേസർ

ലണ്ടൻ: ഇതിഹാസ ബാറ്റ്സ്മാൻമാരായ സച്ചിൻ ടെണ്ടുൽക്കർ, വീരേന്ദർ സെവാഗ്, രാഹുൽ ദ്രാവിഡ് എന്നിവരുടെ പ്രകടനത്തെ വിലയിരുത്തി മുൻ ഇംഗ്ലീഷ് താരം മോണ്ടി പനേസർ. തന്റെ കാലഘട്ടത്തിൽ കളിച്ചിരുന്ന മറ്റു ബാറ്റ്സ്മാൻമാരുമായി താരതമ്യം ചെയ്യുമ്പോൾ അവരേക്കാൾ മുകളിലാണ് സച്ചിൻ, സെവാഗ്, ദ്രാവിഡ് എന്നിവരുടെ സ്ഥാനമെന്നും പനേസർ അഭിപ്രായപ്പെട്ടു. ബൗളർമാരോട് യാതൊരു ദയയും കാണിക്കാത്ത ബാറ്റ്സ്മാനായിരുന്നു സച്ചിനെന്നു പനേസർ ചൂണ്ടിക്കാട്ടി. ക്രീസിൽ നിലയുറപ്പിച്ചു കഴിഞ്ഞാൽ പിന്നീട് വലിയ സ്കോറായിരിക്കും അദ്ദേഹം ലക്ഷ്യമിടുക. ഒരിക്കൽ ക്രീസിൽ ചുവടുറപ്പിച്ചാൽ മറ്റു ബാറ്റ്സ്മാൻമാരിൽ നിന്നും തീർത്തും വ്യത്യസ്തമായ ലെവലിലായിരിക്കും സച്ചിൻ കളിക്കുക. സച്ചിനെ ഔട്ടാക്കുകയെന്നത് വളരെ ബുദ്ധിമുട്ടായിരുന്നു. ഏതു ഗിയറിലായിരിക്കും സച്ചിൻ നേരിടാൻ പോവുന്നതെന്ന സംശയം എപ്പോഴുമുണ്ടാവും. അതിനാൽ വളരെയധികം മൽസരബുദ്ധി കാണിക്കണം. സച്ചിനെ പുറത്താക്കാനാവുമെന്ന് സ്വയം പ്രചോദിപ്പിച്ചാണ് അന്നു താൻ ബൗൾ ചെയ്തിരുന്നതെന്നും പനേസർ വിശദമാക്കി.

സച്ചിനൊപ്പം തന്നെ ചേർത്തു നിർത്താൻ സാധിക്കുന്ന രണ്ടു താരങ്ങളാണ് സെവാഗും ദ്രാവിഡുമെന്ന് പനേസർ പറയുന്നു. ആ കാലഘട്ടത്തിലെ ഏറ്റവും അപകടകാരിയായ ബാറ്റ്സ്മാനായിരുന്നു സെവാഗ്. എത്ര ഗംഭീരമായിരുന്നു അദ്ദേഹത്തിന്റെ ബാറ്റിങ്ങെന്നും സ്പിന്നർ പനേസർ കൂട്ടിച്ചേർത്തു. നമ്മൾ വൻമതിലെന്നു വിളിച്ചിരുന്ന ദ്രാവിഡും മഹാനായ ബാറ്റ്സ്മാനാണ്. മറ്റു ബാറ്റ്സ്മാൻമാരേക്കാൾ വീതിയുള്ള ബാറ്റാണ് ദ്രാവിഡ് ഉപയോഗിക്കുന്നതെന്നു നമുക്ക് ചിലപ്പോൾ തോന്നിപ്പോവുമെന്നും പനേസർ അഭിപ്രായപ്പെട്ടു. ഇന്ത്യക്കെതിരേ മികച്ച നേട്ടങ്ങൾ കൊയ്തിട്ടുള്ള താരമാണ് ഇംഗ്ലണ്ടിന്റെ മുൻ ഇന്ത്യൻ വംശജനായ സ്പിന്നർ മോണ്ടി പനേസർ. 2011-12ൽ ഇന്ത്യൻ മണ്ണിൽ നടന്ന ടെസ്റ്റ് പരമ്പരയിൽ ഇംഗ്ലണ്ട് ജയം കൊയ്തപ്പോൾ ചുക്കാൻ പിടിച്ചത് പനേസറായിരുന്നു. ഇംഗ്ലണ്ടിനായി 50 ടെസ്റ്റുകളിൽ നിന്നും 167 വിക്കറ്റുകളെടുത്തിട്ടുള്ള താരമാണ് അദ്ദേഹം.

ടി-20 ലോകകപ്പ് അടച്ചിട്ട സ്റ്റേഡിയത്തിൽ

സിഡ്നി: ഓസ്ട്രേലിയയിൽ ഒക്ടോബറിൽ നടക്കാനിരിക്കുന്ന ടി20 ലോകകപ്പ് നടക്കുമോ ഇല്ലയോ എന്ന സംശയത്തിലാണെങ്കിലും ടൂർണ്ണമെന്റ് ഒഴിഞ്ഞ സ്റ്റേഡിയത്തിൽ നടത്താനുള്ള സാധ്യതകൾ തേടുകയാണ് ഓസ്ട്രേലിയൻ ബോർഡ്. കാണികളില്ലാത്തത് വരുമാനത്തെ ബാധിക്കുമെങ്കിലും ബ്രോഡ്കാസ്റ്റിംഗ് വരുമാനം ഉറപ്പാക്കാൻ ശ്രമിക്കാം എന്നാണ് ക്രിക്കറ്റ് ഓസ്ട്രേലിയ ചീഫ് എക്സിക്യൂട്ടീവ് കെവിൻ റോബർട്സ് അഭിപ്രായപ്പെട്ടത്.

അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് പൊതുവേ ലഭിയ്ക്കുന്ന വരുമാനം ഇല്ലെങ്കിലും ഐസിസി നടത്തുന്ന ഇവന്റുകൾക്കുള്ള പ്രാധാന്യം മനസ്സിലാക്കി അതിന് തക്കതായ ബ്രോഡ്കാസ്റ്റിംഗ് വരുമാനം നേടുവാനാകുമെന്ന പ്രതീക്ഷയാണ് ഓസ്ട്രേലിയൻ ബോർഡ് മുന്നോട്ട് വയ്ക്കുന്നത്. ഓസ്ട്രേലിയയും ഇന്ത്യയും തമ്മിൽ നടത്തുവാനുള്ള ലോകകപ്പ് വെച്ച് മാറണമെന്ന് നേരത്തെ ഇന്ത്യൻ മുൻ നായകൻ സുനിൽ ഗവാസ്കർ അഭിപ്രായപ്പെട്ടിരുന്നു.

ഓസ്ട്രേലിയയിൽ സെപ്റ്റംബർ 30 വരെ യാത്ര വിലക്കുള്ളതിനാൽ അവിടെയെത്തി ഐസിസിയ്ക്ക് തയ്യാറെടുപ്പുകളുമായി മുന്നോട്ട് പോകുന്നതിൽ തടസ്സം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

തൊട്ടിൽപാലത്തു തുടങ്ങുന്നു

stomy days 2

ടോം ജോസഫ്

യു. പി. സ്കൂൾ കാലഘട്ടം, എന്റെ ജീവിതത്തിൽ അപ്പർ പ്രൈമറി ക്ലാസ്സുകളിൽ ഒന്നും വോളിബോൾ എന്താണെന്ന് പോലും അറിയില്ലായിരുന്നു. അന്നൊക്കെ സ്കൂളിൽ റിംഗ് എറിഞ്ഞു പിടിച്ചു കളിക്കുകയും ഒളിച്ചു കളിക്കുകയും കടലാസുകൊണ്ട് പന്ത് ഉണ്ടാക്കി എറിഞ്ഞു കളിക്കുകയും തുടങ്ങിയുള്ള കളികളൊക്കെ ആയിരുന്നു ഉണ്ടായിരുന്നത്. പിന്നീട് ഹൈസ്കൂൾ കാലഘട്ടത്തിലെത്തുമ്പോഴാണ് ആദ്യമായി വോളിബോൾ ആദ്യമായി കൈകൊണ്ട് തൊടുന്നത്. അന്നൊക്കെ കളിക്കാനുള്ള സമയങ്ങളിൽ സ്കൂളിലെ കായികാധ്യാപകൻ ക്ലാസ്സിലെ എല്ലാവരെയും വട്ടത്തിൽ നിർത്തി ഒരു വോളിബോൾ തന്നു. നടുക്ക് നിൽക്കുന്ന ഒരാൾ പന്ത് ഓരോരുത്തർക്കും ഇട്ടുകൊടുത്തു. ആ കളിയിൽ ഞാനും ഭാഗമായി.

ഒരു ദിവസം അന്നത്തെ ലാസ്റ്റ് പീരിയഡ് ക്ലാസ്സ് നടക്കുമ്പോൾ ഒരു നോട്ടീസുമായി ഒരു കുട്ടി ടീച്ചറുടെ അടുത്തേക്ക് വന്നു ആ നോട്ടീസ് കൈമാറി. ടീച്ചർ അതു ഉറക്കെ വായിച്ചു. ആ നോട്ടീസിൽ എഴുതിയിരുന്നത് വോളിബോൾ കളിക്കാൻ താല്പര്യം ഉള്ളവർക്കായി ഒരു കോച്ചിംഗ് ആരംഭിക്കുന്നുണ്ടെന്നും സ്കൂൾവിട്ടു കഴിഞ്ഞുള്ള സമയത്താകും പരിശീലനമെന്നും താല്പര്യമുള്ളവർ പേര് നൽകണം എന്നും ആയിരുന്നു നോട്ടീസിൽ. വൈകിട്ട് ആയതുകൊണ്ട് എനിക്ക് ആ കോച്ചിംഗിന് പങ്കെടുക്കാനും സാധിക്കില്ലായിരുന്നു. വൈകിട്ട് സ്ഥിരം ജീപ്പിൽ യാത്ര ചെയ്തു പോവാനുള്ള ഒരു അവസ്ഥ എനിക്കില്ലാത്തതു തന്നെ കാരണം. അന്നൊക്കെ സ്കൂൾ വിട്ട ഉടനെ കൂട്ടുകാരുമൊത്തു വീട്ടിലേക്ക് ഓടി പോവുകയായിരുന്നു എന്റെ പതിവ് .വീട്ടിൽ എത്തിയാൽ പശുവിന് പുല്ല് ശേഖരിച്ചു കൊടുക്കലും,കശുവണ്ടി പെറുക്കലും തുടങ്ങിയ പണികൾ ഒക്കെ ഉണ്ടാവും. അതെല്ലാം വേഗത്തിൽ തീർക്കാൻ കഴിഞ്ഞാൽ വീടിന്റെ അടുത്തുള്ള കൂട്ടുകാരെയും വിളിച്ചു നൂലുകൊണ്ട് കെട്ടിയ പന്തു കൊണ്ടുള്ള കളിക്കു പോകാം. അതായിരുന്നു അന്നത്തെ വലിയ ആവേശവും.

വോളിബോൾ വലിയ ഇഷ്ടമായിരുന്നെങ്കിലും സ്കൂളിലെ കോച്ചിംഗിന് പോവാൻ ഒരു മാർഗവും ഉണ്ടായിരുന്നില്ല.

കുമാരൻ സാർ, എന്റെ ജീവിതത്തിലേക്കു പടികയറിവരുന്നത് അക്കാലത്താണ്. അതൊരു വലിയ വഴിത്തിരിവായിരുന്നു. സ്കൂൾ വെക്കേഷൻ തുടങ്ങുന്നതിന്റെ തൊട്ടു മുമ്പായിരുന്നു അത്. കായികാദ്ധ്യാപകനായ കുമാരൻ സാറിന്റെ വാക്കുകൾ അമൃതായെത്തി. അദ്ദേഹം ഒരു ദിവസം ക്ലാസിൽ വന്നു തൊട്ടിൽപാലത്തെ വോളി അക്കാദമി ഒരു വെക്കേഷൻ വോളീബോൾ ക്യാമ്പ് നടത്തുന്നുണ്ട് നിങ്ങൾ താല്പര്യം ഉള്ളവർ വരണമെന്നും അതുവഴി നമ്മുടെ സ്കൂളിൽ ഒരു ടീം ഉണ്ടാക്കാൻ സാധിക്കും എന്നും അദ്ദേഹം പറഞ്ഞു. നിങ്ങൾ വീട്ടിൽ സംസാരിച്ചു വീട്ടുകാരുടെ അനുവാദം ചോദിച്ചു വരണമെന്നും അദ്ദേഹം പറഞ്ഞു. അതനുസരിച്ചു ഞാൻ വീട്ടിൽ പോയി ചാച്ചനോടും അമ്മയോടും പറഞ്ഞു, എന്റെ ചേട്ടൻ റോയ് ആ കാലത്ത് അവിടെ കോച്ചിംഗ് ക്യാമ്പിന് പോവുന്നത് കൊണ്ട് തന്നെ എന്റെ വീട്ടുകാർ എതിരൊന്നും പറയാതെ എനിക്ക് സമ്മതം തന്നു. വോളി ക്യാമ്പിൽ പാലും മുട്ടയും പഴവും പൊറാട്ടയും ചായയുമൊക്കെ നൽകുന്നുണ്ടെന്നൊക്കെ ചേട്ടനാണ് പറഞ്ഞത്. ഇതറിഞ്ഞപ്പോൾ അതൊക്കെ കിട്ടുമെല്ലോ കൂടാതെ അങ്ങാടിയിലൊക്കെ ഒന്ന് ചുറ്റി കറങ്ങാമല്ലോ എന്ന് കരുതി ക്യാംപിൽ ചേരാൻ പിന്നീടൊന്നാലോചിച്ചില്ല. വീട്ടിൽ നിന്നും പുലർച്ചെ 5:15 ന് ഇറങ്ങും. ശ്രേയസ് എന്ന ബസിൽ 5.45ന് കോച്ചിങ് സ്ഥലത്തെത്തും. അങ്ങനെ ചേട്ടനോടൊപ്പം തൊട്ടിൽപാലത്തെ കോച്ചിംഗ് അക്കാദമിയിലേക്ക്. 6:30 യ്ക്ക് കോച്ചിംഗ് തുടങ്ങും.

തൊട്ടിൽപാലത്തെ പുഴയുടെ സൈഡിൽ വിശാലമായ പാറക്കെട്ട് ഉണ്ടായിരുന്നു. അതിനു മുകളിൽ മറ്റുള്ളവർ വരും വരെ കണ്ണുകളടച്ച് കിടക്കും. അവിടെ കിടക്കുന്നതിനു മറ്റൊരു കാരണം കൂടിയുണ്ടായിരുന്നു, വോളി അക്കാദമിയിലേക്ക് വരുന്ന കുട്ടികളും അതു വഴി വരുന്നതിനാൽ ഞങ്ങൾ ഉറങ്ങി പോയാലും അവരുടെ ശബ്ദം കേട്ട് ഞങ്ങൾക്ക് ആ പാറയിൽ നിന്ന് എഴുന്നേറ്റ് അവർക്കൊപ്പം പോകാം. ഗ്രൗണ്ടിൽ എത്തിയാൽ പിന്നെ അക്കാദമിയിലെ തോമസ് സാറിന്റെ ശിക്ഷണം. എല്ലാവരും ലൈൻ ആയി നിന്ന് സ്ട്രെച്ചിങ്ങും മറ്റുമൊക്കെ ആയി പരിശീലനം പൊടിപൊടിക്കും. ചില ദിവസങ്ങളിൽ വീട്ടിൽ നിന്നും രാവിലെ എഴുന്നേൽക്കാൻ വൈകിയാൽ ബസ് പിടിക്കാൻ വേണ്ടിയുള്ള ഓട്ടം.

ക്യാംപിൽ തോമസ് സാറിന്റെ വലിയ നിർബന്ധമാണ്, എല്ലാവരും നാലു കിലോമീറ്റർ ഓടണം എന്നത്. ഓടാൻ താത്പര്യമില്ലെങ്കിലും കൂടെ ഉള്ളവർ ഓടുന്നത് കാണുമ്പോൾ അവരുടെ കൂടെ ആ വാശിയിൽ ഓടും. ഈ ഓട്ടത്തിൽ ഒന്നുകിൽ പ്രകാശൻ സാറോ (മറ്റൊരു കോച്ച്) അവിടുത്തെ സീനിയർ കളിക്കാരോ ഉണ്ടാവും. ഇങ്ങനെ റോഡിലൂടെ പട്ടാളക്കാരെ പോലെ ഓടുന്നത് കണ്ട് ചില വീട്ടുകാർ അവരുടെ മക്കളെയും ക്യാംപിൽ കൊണ്ടുവന്നു ചേർത്തു. വെക്കേഷൻ ക്യാംപ് ജീവിതത്തിലെ വലിയ വഴിത്തിരാവായിരുന്നു.

അവിടെനിന്ന് ജൂനിയർ തലത്തിലെ മത്സരങ്ങളൊക്കെ കളിച്ചു തുടങ്ങി. പ്രദീപൻ മാഷായിരുന്നു അതിനു ചുക്കാൻ പിടിച്ചത്. അങ്ങനെ പതിയെ ഞാനെന്റെ വോളി ജീവിതത്തിൽ പിച്ചവച്ചു തുടങ്ങി.

> കുമാരൻ സാർ, എന്റെ ജീവിതത്തിലേക്കു പടികയറിവരുന്നത് അക്കാലത്താണ്. അതൊരു വലിയ വഴിത്തിരിവായിരുന്നു. സ്കൂൾ വെക്കേഷൻ തുടങ്ങുന്നതിന്റെ തൊട്ടു മുമ്പായിരുന്നു അത്. കായികാദ്ധ്യാപകനായ കുമാരൻ സാറിന്റെ വാക്കുകൾ അമൃതായെത്തി. അദ്ദേഹം ഒരു ദിവസം ക്ലാസിൽ വന്നു തൊട്ടിൽപാലത്തെ വോളി അക്കാദമി ഒരു വെക്കേഷൻ വോളീബോൾ ക്യാമ്പ് നടത്തുന്നുണ്ട് നിങ്ങൾ താല്പര്യം ഉള്ളവർ വരണമെന്നും അതുവഴി നമ്മുടെ സ്കൂളിൽ ഒരു ടീം ഉണ്ടാക്കാൻ സാധിക്കും എന്നും അദ്ദേഹം പറഞ്ഞു.

തയാറാക്കിയത്: സി.കെ. രാജേഷ്കുമാർ

ഹീറോ കപ്പ് ത്രില്ലർ മറക്കാനാവില്ല: സച്ചിൻ ടെൻഡുൽക്കർ

മുംബൈ: മുംബൈ: ലോക ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെൻഡുൽക്കർ 1993ലെ ഹീറോ കപ്പ് ത്രില്ലർ പോരാട്ടം ഓർത്തെടുക്കുന്നു. ഈഡൻ ഗാർഡനിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ 1993ലെ ഹീറോ കപ്പ് സെമി ഫൈനൽ മത്സരമായിരുന്നു വേദി. 196 റൺസ് ആണ് ഇന്ത്യ സൗത്ത് ആഫ്രിക്കയ്ക്ക് ലക്ഷ്യമായി നൽകിയത്. അവസാന ഓവറിൽ രണ്ട് വിക്കറ്റ് ശേഷിക്കെ 6 റൺസ് കൂടി മതിയായിരുന്നു ജയിക്കാൻ. 48 റൺസുമായി ബ്രയാൻ മക്മില്ലൻ ബാറ്റ് ചെയ്യുന്നതിനാൽ ദക്ഷിണാഫ്രിക്ക ജയം ഉറപ്പിച്ചതായിരുന്നു.

സച്ചിനാണ് അവസാന ഓവർ എറിയാനെത്തിയത്. ആദ്യ പന്തിൽ ബ്രയാൻ ഒരു റൺസ് ഓടിയെടുത്തു. രണ്ടാം റണ്ണിനുള്ള ശ്രമത്തിനിടെ ഫാനി ഡി വില്ലിയേഴ്സ് റണ്ണൗട്ടായി. അലൻ ഡൊണാൾഡാണ് സ്ട്രൈക്കറായി എത്തിയത്. അടുത്ത മൂന്ന് പന്തിലും ഡൊണാൾഡിന് റണ്ണെടുക്കാനായില്ല. അഞ്ചാം പന്തിൽ ഡൊണാൾഡ് ഒരു റൺ ഓടിയെടുത്തു.

ഇതോടെ അവസാന പന്തിൽ ജയിക്കാൻ നാല് റൺസ് എന്ന നിലയിലായി. എന്നാൽ ബ്രയാൻ മക്മില്ലന് ഒരു റൺ മാത്രമേ എടുക്കാനായുള്ളൂ.

കക്കയുടെ കളിമികവ് അനുസ്മരിച്ച് ഫേസ്ബുക്ക് കുറിപ്പ്: ഓർമകളിലെ കക്ക

സ്വിമ്മിംഗ് പൂളിൽ നടുവടിച്ച് വീണ് എന്നെന്നേക്കുമായി പാരലൈസ്ഡ് ആയി പോവേണ്ടിയിരുന്ന പയ്യനെ ദൈവം കാത്തു. ഉയർത്തെണീറ്റവൻ ശിഷ്ടകാലം മുഴുവൻ തികഞ്ഞ ദൈവഭക്തനായി. തന്റെ ജീവിതം ദൈവത്തിങ്കൽ സമർപ്പിച്ചു. കുടിയേറിയെത്തിയ സാവോ പോളോയിൽ തുടങ്ങിയ ഫുട്ബോൾ ജീവിതം കാതങ്ങൾ താണ്ടി മുന്നേറി.

എന്റെ ഓർമ്മകളിലെ കക്കാ...

2002 ലോകകപ്പ് ബ്രസീൽ സ്ക്വാഡിൽ ആദ്യമായി ആ പേര് കേട്ടു. പ്രശസ്തരായ മൊട്ടമാർക്കിടയിൽ ആ മുടിയൻ സുന്ദരനെ അധികം ഓർത്തില്ല. 2005 സീസൺ ചാമ്പ്യൻസ് ലീഗ്. ഫൈനലിൽ ലിവർപൂളിനെതിരെ മിലാൻ നേടിയ ആദ്യ മൂന്ന് ഗോളുകളുടെയും വഴിത്താരയിൽ അവനെ വീണ്ടും കണ്ടുമുട്ടി. ആ നാൽപ്പത്തഞ്ച് മിനിറ്റുകളിലാണ് കക്കാ എന്ന പ്ലയർ എന്റെ മനസ്സിൽ ചേക്കേറുന്നത്. അവിശ്വസനീയമാം വിധത്തിൽ മിലാൻ തകർന്നപ്പോഴും ബ്രസീലിനൊരു 'കാക്ക' വരാനുണ്ടെന്ന് വിളിച്ചു പറഞ്ഞ സീസണായിരുന്നത്.

അതേ വർഷം നടന്ന കോൺഫെഡറേഷൻ ഫൈനലിൽ അർജന്റീനയ്ക്കെതിരെ നേടിയ അതി മനോഹര ഗോൾ ഇന്നും ഏറ്റവും പ്രിയപ്പെട്ടതാണ്. 15-ാം മിനിറ്റിൽ പിറന്ന, സർവ്വ സൗന്ദര്യവും രൗദ്രതയും ആവാഹിച്ച ആ ഗോളിൽ തന്നെ കളി ബ്രസീലിന്റെ വരുതിയിലായി. പേസും ഡിസിഷൻ മേക്കിങ്ങും ഫൈനൽ തേർഡിലെ അപാര വിഷനും കൊണ്ട് കക്കാ ലോകോത്തര നിലയിലേക്ക് വളർന്ന വർഷമായിരുന്നു 2005.

താര നിബിഢമായിട്ടും ക്വാർട്ടറിൽ അടിതെറ്റിയ 2006 ലോകകപ്പിൽ ഓർമ്മിക്കാവുന്ന ചുരുക്കം ചില മുഹൂർത്തങ്ങളിലൊന്നായിരുന്നു കൊയേഷ്യക്കെതിരെ കക്ക നേടിയ ഗോൾ. ദുംഗ കോച്ചായി വന്ന ശേഷം, സൂപ്പർ താരങ്ങളുടെ വിടവാങ്ങലുകൾ സൃഷ്ടിച്ച ഇരുട്ടിനെ നികത്താൻ ബാധ്യതപ്പെട്ട ബ്രസീലിന്റെ ഒരേയൊരു നക്ഷത്രം കക്ക മാത്രമായിരുന്നു. ഇംഗ്ലണ്ടിൽ നടന്ന സൗഹൃദ മത്സരത്തിൽ അർജന്റീനയ്ക്കെതിരെ നേടിയ സോളോ ഗോൾ, കക്കായുടെ ബ്രൂട്ടൽ പേസ് ഇന്ന് കാണുന്നവർക്കും നൽകുന്ന ഹരം വലുതാണ്.

കക്കയുടെ അവിസ്മരണീയമായ വർഷം 2007 എന്നു പറയാം. കക്കയുടെ വൺ മാൻ ഷോ എന്നു പറയാവുന്ന പ്രകടനങ്ങളിലൂടെ മിലാൻ വീണ്ടും യൂറോപ്യൻ ചാമ്പ്യൻമാരായ സീസൺ. ലോക ഫുട്ബാളർ പദവിയും കക്കയെ തേടിയെത്തി.

ഒട്ടുമിക്ക ബ്രസീലിയൻ ഫുട്ബാൾ ഇതിഹാസങ്ങളുടെയും ജീവിതശൈലിയിൽ (typical 'brazilian way' of life) നിന്ന് വിഭിന്നമായി ഒരു വിവാദങ്ങളിലും പെടാതെ യാത്ര ചെയ്ത ചുരുക്കം ബ്രസീലിയൻ താരങ്ങളിൽ ഒരാളാണ് കക്ക. നിശാക്ലബ്ബുകളോ സ്ത്രീ വിഷയമോ ടീമുമായുള്ള പ്രശ്നങ്ങളോ ഒന്നും തന്നെ കക്കായെ ചുറ്റിപ്പറ്റി കേട്ടിട്ടില്ല. എന്നാൽ സ്ഥിരം വില്ലനായ പരുക്ക് കക്കയുടെ കരിയറിലും നിഴൽ വീഴ്ത്തി. റയൽ മഡ്രിഡിൽ എത്തിയ കാലം തൊട്ടുള്ള പരുക്കുകൾ.. മാസങ്ങളോളം പുറത്തും ബെഞ്ചിലുമായി തീർന്നു. ഇതേ സമയത്തും ബ്രസീലിന്റെ ലോകകപ്പ് യോഗ്യതകളിലും 2009 കോൺഫെഡറേഷൻ കപ്പിലും കക്ക തന്റെ പ്രതാപത്തെ അനുസ്മരിപ്പിച്ച പ്രകടനങ്ങൾ നടത്തി. റോബിഞ്ഞോ, എലാനോ, ഫാബിയാനോ മാരുടെ പിന്നിൽ 'ജോഗോ ബൊണീറ്റോ'യുടെ ഏക പ്രതിനിധിയും കക്ക മാത്രമായിരുന്നു. ഇറ്റലിക്കെതിരെ സൗഹൃദ മത്സരത്തിലും കോൺഫെഡിലും, അർജന്റീനയ്ക്കെതിരെ ബ്യൂണസ് അയേഴ്സിലും കണ്ട കക്കയുടെ കളിയഴക് മറക്കാനാവില്ല. കോൺഫെഡറേഷൻ കപ്പ് ടൂർണമെന്റിൽ മുന്നിൽ നിന്ന് നയിച്ച ഫൈനൽ ഫുട്ബോൾ പ്രേമികൾക്ക് എന്നും ആനന്ദമാണ് സമ്മാനിച്ചത്. രണ്ടാം പകുതിയിൽ ബ്രസീലിന്റെ തിരിച്ച് വരവ് സാധ്യമാക്കിയ കളി കക്കായുടെ മികച്ച വ്യക്തിഗത പ്രകടനങ്ങളിലൊന്നാണ്. യോഗ്യതയിലും ഒന്നാമതായി ബ്രസീൽ തൊട്ടടുത്ത ലോകകപ്പിന് ക്വാളിഫൈ ചെയ്തു.

2010 ൽ കക്ക പരുക്ക് അവഗണിച്ച് ലോകകപ്പിൽ കളിച്ചതാണ് റിയാൽ മഡ്രിഡ് കരിയറിന് പ്രതികൂലമായതെന്നു പറയാം. ഐവറി കോസ്റ്റിനെതിരെയും ചിലിക്കെതിരെയും ക്വാർട്ടറിൽ ഹോളണ്ടിനെതിരെയും കക്കയുടെ കളി ലോകോത്തരമായിരുന്നു. സൂപ്പർ താരങ്ങളില്ലാത്ത ഒരു സൂപ്പർ ടീമിലെ ഏക നക്ഷത്രമായിരുന്ന കക്ക ബ്രസീലിന് വേണ്ടി നടത്തിയ അവസാനത്തെ മികച്ച പ്രകടനവും ആ മത്സരത്തിലാണ്. നർത്തകരെ മാറ്റി യന്ത്രങ്ങളെ പ്രതിഷ്ഠിച്ച ദുംഗ യുഗത്തിൽ 2006-2010 കാലഘട്ടത്തിൽ ബ്രസീലിനെ ഇടക്കിടെയെങ്കിലും ചേതോഹരമാക്കിയത് കക്കായും റോബിഞ്ഞോയും മാത്രമായിരുന്നു.

പരിചയ സമ്പത്തിന്റെ പുറത്ത് ഇടയ്ക്ക് ടീമിൽ വന്നു പോയെങ്കിലും കക്കയുടെ കാലം കഴിഞ്ഞിരുന്നു. മഡ്രിഡിൽ നിന്ന് വീണ്ടും മിലാനിലേക്കും പിന്നീട് MLS ലും സാവോ പോളോയിലുമായി, എത്രയോ ഉയരങ്ങളിൽ എത്തേണ്ട കരിയറിന് ശബ്ദഘോഷങ്ങളില്ലാതെ തിരശീല വീണു.

എന്റെ തലമുറയിലെ ഏറ്റവും മികച്ച പ്ലേമേക്കർക്ക്, കോപ്പ അമേരിക്കയൊഴികെ മറ്റെല്ലാം സ്വന്തമാക്കിയ നക്ഷത്രക്കണ്ണുള്ള രാജകുമാരന് പിറന്നാളാശംസകൾ.

> **സോഷ്യൽ മീഡിയയുടെ കളിയെഴുത്ത്**
>
> ലോക്ഡൗൺ കാലത്ത് സ്പോർട്സ് പേജുകളും പ്രൊഫൈലുകളും ഗ്രൂപ്പുകളും ഒക്കെ സജീവമാണ്. കായിക താരങ്ങളെക്കുറിച്ചും കളിയെക്കുറിച്ചുമൊക്കെയുള്ള എഴുത്തുകൾ സജീവം. അതിൽ കായിക താരങ്ങളുടെ ജന്മദിനക്കുറിപ്പുകളാണ് ഏറെയും. ബ്രസീലിയൻ ഫുട്ബോൾ ഇതിഹാസമായ കക്കയുടെ ജന്മദിനമായിരുന്നു ഇന്നലെ (ഏപ്രിൽ 22) കക്കയെയും അദ്ദേഹത്തിന്റെ കളിയെയും വിലയിരുത്തിക്കൊണ്ട് **ശംഭുകുമാർ** ഫേസ്ബുക്കിൽ പങ്കുവച്ച കുറിപ്പ് വായിക്കാം.

ഇന്ത്യയിൽ ഉടൻ ക്രിക്കറ്റുണ്ടാവില്ല: ഗാംഗുലി

കോൽക്കത്ത: കോവിഡ്-19 സ്ഥിതി കാരണം ഇന്ത്യയിൽ അടുത്തൊന്നും ക്രിക്കറ്റ് പ്രതീക്ഷിക്കേണ്ടതില്ലെന്ന് അറിയിച്ച് ബിസിസിഐ പ്രസിഡന്റ് സൗരവ് ഗാംഗുലി. ലോകത്താകമാനം കായിക ഇനങ്ങൾ നിർത്തിവച്ചിരിക്കുന്ന സാഹചര്യത്തിൽ ക്രിക്കറ്റ് തത്കാലം പിൻസീറ്റിൽ ഇരിക്കുന്നതാണ് നല്ലതെന്ന് സൗരവ് ഗാംഗുലി വ്യക്തമാക്കി. മനുഷ്യ ജീവന് മുൻതൂക്കം നൽകേണ്ട സമയത്ത് കായിക മത്സരങ്ങൾക്ക് തൽക്കാലം വിരാമം ആവാമെന്ന് സൗരവ് ഗാംഗുലി അഭിപ്രായപ്പെട്ടു.

ബുണ്ടെസ് ലീഗ തിരിച്ചുവരുമെന്ന കാര്യം സൂചിപ്പിച്ചപ്പോൾ ഇന്ത്യയിലെയും ജർമ്മനിയിലെയും സാമൂഹിക അവസ്ഥയിൽ വലിയ മാറ്റമുണ്ടെന്നും അതിനാൽ തന്നെ ഇന്ത്യയിൽ അടുത്തെങ്ങും ക്രിക്കറ്റ് പ്രതീക്ഷിക്കേണ്ടതില്ലെന്ന് ഗാംഗുലി വ്യക്തമാക്കി.

ബുണ്ടസ് ലിഗ തുടങ്ങും; ഗോസ്റ്റ് ഗെയിംസായി

ബെർലിൻ: ജർമനിയിലെ മുൻനിര ഫുട്ബോൾ ലീഗായ ബുണ്ടസ് ലിഗ പുനരാരംഭിക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങി. കൊവിഡ്-19നെ തുടർന്നു നിർത്തിവച്ച ലീഗിലെ ശേഷിച്ച മൽസരങ്ങൾ മേയ് ഒമ്പത് മുതൽ പുനരാരംഭിക്കാനുള്ള നീക്കങ്ങളാണ് നടക്കുന്നത്. വൈറസിനെതിരേയുള്ള മുൻകരുതലായി അടച്ചിട്ട സ്റ്റേഡിയത്തിലാവും മൽസരങ്ങൾ. ജർമനിയിൽ ഇങ്ങനെ അടച്ചിട്ട സ്റ്റേഡിയത്തിൽ നടക്കുന്ന മൽസരങ്ങൾ ഗോസ്റ്റ് ഗെയിംസെന്നാണ് അറിയപ്പെടുന്നത്.

ലോകം മുഴുവൻ കൊറോണ വൈറസിനെതിരേ ജീവൻമരണ പോരാട്ടം നടത്തിക്കൊണ്ടിരിക്കുന്ന ഈ നിർണായക സമയത്തു ജർമൻ ലീഗ് പുനരാരംഭിക്കുന്നത് ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും വിമർശനങ്ങളേറ്റു വാങ്ങാൻ ഇടയാക്കിയേക്കും. വൈറസ് ബാധ നിയന്ത്രിക്കുന്നതിനായി നേരത്തേ കടുത്ത നിയന്ത്രണങ്ങളായിരുന്നു ജർമനി സ്വീകരിച്ചിരുന്നത്. എന്നാൽ ഇപ്പോൾ പല നിയന്ത്രണങ്ങളും ജർമനി ഇപ്പോൾ പിൻവലിച്ചു കൊണ്ടിരിക്കുകയാണ്. എങ്കിലും ഓഗസ്റ്റ് 31 വരെ ജർമനിയിൽ ആളുകൾ കൂടുന്ന പരിപാടികളെല്ലാം വിലക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് കാണികളില്ലാതെ ജർമൻ ലീഗ് പുനരാരംഭിക്കുന്നതിനെക്കുറിച്ച് ആലോചനകൾ നടക്കുന്നത്.

ബുണ്ടസ് ലിഗ തുടങ്ങുമ്പോൾ സ്റ്റേഡിയത്തിൽ ഉണ്ടാവുക ഇനി 239 പേർ മാത്രമായിരിക്കുമെന്നാണ് റിപ്പോർട്ട്. ജർമൻ ഫുട്ബോൾ ഫെഡറേഷന്റെയും ആരോഗ്യവകുപ്പിന്റെയും കൂടിയാലോചനക്കു ശേഷം വന്നിട്ടുള്ള അറിയിപ്പ് അനുസരിച്ചു ബുണ്ടസ് ലീഗ പുനരാരംഭിക്കുമ്പോൾ സ്റ്റേഡിയത്തിനുള്ളിൽ കളിക്കാരും ടീം ഒഫീഷ്യൽസും അടക്കം പരമാവധി 239 ആൾക്കാരേ പാടുള്ളൂ. അന്ന് കളിക്കുന്ന രണ്ടു ടീമുകൾ ടീം റിസർവ് കളിക്കാർഉൾപ്പെടെയാണിത്. എന്നാൽ പരിശീലർ മെഡിക്കൽ സ്റ്റാഫ് എന്നിവരുടെ അംഗസംഖ്യ 8 പേരിൽ കൂടുതൽ അനുവദിക്കുകയില്ല. 30 കളിഎഴുത്തുകാർ / ക്യാമറാമാന്മാരും കളി പറയുന്നവരും ഇതിൽ പെടില്ല !!

ഇതുവരെയുണ്ടായിരുന്ന 12 ബോൾ ബോയ്സ് 4 ആയി കുറയും. നൂറുകണക്കിന് സുരക്ഷാ ജീവനക്കാർ ഉണ്ടായിരുന്നത് ഇനി 30 ആകും.

വൈറസ് ബാധയെത്തുടർന്നു മാർച്ച് 13നാണ് ബുണ്ടസ് ലിഗ നിർത്തിവയ്ക്കുന്നത്. ഇപ്പോൾ നിശ്ചയിച്ചു പ്രകാരം മേയ് ഒമ്പതിന് ലീഗ് പുനരാരംഭിക്കുകയാണെങ്കിൽ യൂറോപ്പിൽ പുനരാരംഭിച്ച ആദ്യത്തെ മുൻനിര ലീഗായി ബുണ്ടസ് ലിഗ മാറും. ജർമൻ ലീഗിലെ 18 ക്ലബ്ബുകളും കഴിഞ്ഞ മൂന്നാഴ്ചയോളമായി പരിശീലനം നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ സാമൂഹിക അകലം പാലിക്കുന്നതിന് പ്രാധാന്യം നൽകി ചെറിയ ഗ്രൂപ്പുകളായാണ് താരങ്ങൾ പരിശീലിക്കുന്നത്.

അടച്ചിട്ട സ്റ്റേഡിയത്തിൽ മൽസരങ്ങൾ നടത്തിയാലും ടെലിവിഷനിലൂടെ കൂടുതൽ കാണികളെ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

കുംബ്ലെ മികച്ച നായകൻ: ഗംഭീർ

ന്യൂഡൽഹി· പല ക്യാപ്റ്റൻമാർക്കു കീഴിൽ കളിച്ചിട്ടുണ്ടെങ്കിലും ഏറ്റവും മികച്ച ക്യാപ്റ്റനെന്നു തോന്നിയത് ഇന്ത്യയുടെ മുൻ പരിശീലകൻ കൂടിയായ അനിൽ കുംബ്ലെയാണെന്ന് മുൻ ഇന്ത്യൻ താരം ഗൗതം ഗംഭീർ. ക്യാപ്റ്റനെന്ന നിലയിൽ അധികം അവസരം കിട്ടാതെ പോയ താരമാണ് അനിൽ കുംബ്ലെ. കൂടുതൽ അവസരം ലഭിച്ചിരുന്നെങ്കിൽ ഒട്ടേറെ റെക്കോർഡുകൾ തകർത്ത ക്യാപ്റ്റനായി കുംബ്ലെ മാറുമായിരുന്നു എന്നും ഗംഭീർ അഭിപ്രായപ്പെട്ടു. ഇന്ത്യൻ ക്രിക്കറ്റിലെ ഏറ്റവും മികച്ച ക്യാപ്റ്റൻമാരുടെ ഗണത്തിൽ എണ്ണപ്പെടുന്ന സൗരവ് ഗാംഗുലി, മഹേന്ദ്രസിങ് ധോണി തുടങ്ങിയവർക്കു കീഴിലും കളിച്ചിട്ടുള്ള താരമാണ് ഗംഭീർ.

ഇന്ത്യൻ ക്രിക്കറ്റിനെ കുറച്ചുകാലം മാത്രം നയിച്ച കുംബ്ലെയ്ക്ക്, കൂടുതൽ അവസരങ്ങൾ കിട്ടിയിരുന്നെങ്കിൽ എല്ലാ റെക്കോർഡുകളും അദ്ദേഹം സ്വന്തമാക്കുമായിരുന്നുവെന്ന് ഗംഭീർ അഭിപ്രായപ്പെട്ടു. 'റെക്കോർഡുകളുടെ ഭാഗത്തുനിന്ന് നോക്കിയാൽ ധോണിയുടെ നായകമികവ് അംഗീകരിച്ചേ തീരൂ. സമ്മതിക്കുന്നു. പക്ഷേ, എന്നെ സംബന്ധിച്ച് ഞാൻ കളിച്ച ടീമുകളുടെ നായകൻമാരിൽ ഏറ്റവും മികച്ചയാൾ അനിൽ കുംബ്ലെയാണ്' - സ്റ്റാർ സ്പോർട്സിന്റെ ക്രിക്കറ്റ് കണക്ടഡ് ഷോയിൽ ഗംഭീർ പറഞ്ഞു. 'സൗരവ് വളരെ നന്നായി നയിച്ച ക്യാപ്റ്റനാണ്. എങ്കിലും ഇന്ത്യയെ ദീർഘനാൾ നയിച്ചിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്നു തോന്നിയ ക്യാപ്റ്റൻ അനിൽ കുംബ്ലെയാണ്. അദ്ദേഹത്തിനു കീഴിൽ ഞാൻ ആറു ടെസ്റ്റുകൾ കളിച്ചു. അദ്ദേഹം ഇന്ത്യയെ അധികം മത്സരങ്ങളിൽ നയിച്ചിട്ടുണ്ടാകില്ല. ഗംഭീർ കൂട്ടിച്ചേർത്തു.

SENSEX: 31,379.55 (+742.84)

NIFTY: 9,187.30 (+205.85)

വിനിമയ നിരക്ക്

ഡോളർ	76.52
യൂറോ	83.16
പൗണ്ട്	94.57
സ്വിസ്ഫ്രാങ്ക്	78.99
സിംഗപ്പൂർ ഡോളർ	53.68
ഓസ്ട്രേലിയൻ	48.44
കനേഡിയൻ	54.13
ബഹറിൻ ദിനാർ	203.45
കുവൈറ്റ് ദിനാർ	245.41
ഒമാനി റിയാൽ	199.54
സൗദി റിയാൽ	20.32
യു എ ഇ ദിർഹം	20.81
ഖത്തർ	20.98

സിമന്റ് വില കൂടി

കോഴിക്കോട്: സംസ്ഥാനത്ത് സിമന്റ് വില കൂടി. ചാക്കിന് 40 രൂപ മുതൽ 45 രൂപവരെയാണ് വർധിച്ചത്. സിമന്റ് വിലയിൽ നൽകിയിരുന്ന ഇളവുകൾ ലോക്ഡൗൺ പ്രതിസന്ധിയെത്തുടർന്ന് ഉത്പാദകർ പിൻവലിച്ചതാണ് വില വർധനവിനു കാരണം.

ലോക്ഡൗണിൽ വഴിമുട്ടിയ നിർമാണ മേഖലയെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നതാണ് സിമന്റ് ഉത്പാദകരുടെ തീരുമാനം. ചാക്കിന് 375 രൂപ നിരക്കിൽ സിമന്റ് വാങ്ങി വീട് പണി തുടങ്ങിയ ആൾക്ക് ലോക്ഡൗണിന് ശേഷം പണി പൂർത്തിയാക്കണമെങ്കിൽ സിമന്റിന് 425 രൂപ നൽകണം. 380 രൂപക്ക് വിറ്റിരുന്ന സിമന്റിന്റെ പുതുക്കിയ നിരക്ക് 425 രൂപയാണ്. സ്വകാര്യ കമ്പനികൾ മാത്രമല്ല സർക്കാർ ഉടമസ്ഥതയിലുള്ള പാലക്കാട്ടെ മലബാർ സിമന്റ്സും വില കൂട്ടി. 370 രൂപയിൽ നിന്ന് 390 രൂപയായാണ് വില വർധിപ്പിച്ചത്. ലോക്ഡൗൺ കാലയളവിൽ സംസ്ഥാനത്ത് രണ്ട് ലക്ഷത്തോളം ചാക്ക് സിമന്റാണ് കട്ടപിടിച്ച് നശിച്ചത്. ഇതിനു പിന്നാലെ വില കൂട്ടുക കൂടി ചെയ്തത് കനത്ത തിരിച്ചടിയാകും.

ചെമ്മീൻ വിൽപ്പനയ്ക്ക് സർക്കാർ

കൊച്ചി: കയറ്റുമതി സാധ്യത അടഞ്ഞതോടെ ചെമ്മീൻ കർഷകരുടെ വിളവെടുപ്പിന് പാകമായ ടൈഗർ ചെമ്മീൻ വിറ്റഴിക്കുന്നതിനു കൃഷിഭവനുകളും മത്സ്യഫെഡും സൗകര്യമൊരുക്കുന്നു. ലോക്ഡൗൺ പ്രതിസന്ധിയിൽ വലയുന്ന മത്സ്യ കർഷകരെ സഹായിക്കാനും വിഷരഹിതമായ മത്സ്യം ജനങ്ങൾക്കു ലഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് വിൽപ്പന.

പവന് 1000 രൂപ കിഴിവുമായി ചെമ്മണ്ണൂർ

കോഴിക്കോട്: അക്ഷയതൃതീയ ദിനത്തിൽ പവന് 1000 രൂപ കിഴിവോടുകൂടി സ്വർണാഭരണങ്ങൾ സ്വന്തമാക്കാൻ ബോബി ചെമ്മണൂർ ജ്വല്ലേഴ്സ്. ബോബി ചെമ്മണൂർ ഗ്രൂപ്പിന്റെ ഇ -കൊമേഴ്സ് & ഡയറക്റ്റ് സെല്ലിങ് സ്ഥാപനമായ phygicart.com വഴി ഓൺലൈനായി സ്വർണം ബുക്ക് ചെയ്യാം. ലോക്ഡൗണിനു ശേഷം ഹോം ഡെലിവറി ഉണ്ടായിരിക്കും. ദുരിത കാലം കടന്ന് ഐശ്വര്യത്തിലേക്കുള്ള ആദ്യ ചുവടുവെപ്പായി ഉപഭോക്താക്കൾ ഈ അക്ഷയതൃതീയ ദിനത്തെ കാണുമെന്ന് ഗ്രൂപ്പിന്റെ ചെയർമാനും മാനെജിങ് ഡയറക്റ്ററുമായ ഡോ. ബോബി ചെമ്മണൂർ പറഞ്ഞു.

ക്രൂഡോയിൽ വിലയിടിവ്

കേന്ദ്രസർക്കാരിന്റെ സ്വപ്ന പദ്ധതി തകർച്ചയിലേക്ക്

ചി: എണ്ണവിപണിയിൽ ഉടലെടുക്കുന്ന പുതിയ പ്രതിസന്ധി രണ്ടാം മോദി സർക്കാരിന്റെ ബജറ്റ് സ്വപ്നങ്ങൾക്കും വിഘാതമാവുന്നു. സർക്കാർ പ്രധാന വരുമാന മാർഗമായി കണ്ടിരുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പന എന്ന പദ്ധതിയാണ് ഇതിലൂടെ പൊലിയുന്നത്.

രാജ്യത്തെ ഏറ്റവും വലിയ രണ്ടാമത്തെ എണ്ണക്കമ്പനിയായ ബിപിസിഎൽ 60,000 കോടിയോളം രൂപയ്ക്ക് വിൽക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. സൗദി അറേബ്യയും റഷ്യയും തമ്മിലുള്ള വ്യാപാരയുദ്ധം മൂലം ആഗോളവിപണിയിൽ എണ്ണ വില കുത്തനെ ഇടിഞ്ഞതോടെ എണ്ണക്കമ്പനികളുടെ ഓഹരികളിൽ നിക്ഷേപകർക്ക് വലിയ താത്പര്യമില്ലാതായി വന്നതോടെ മാർച്ചിനു മുൻപത്തെ ഓഹരി വിൽപ്പന നീക്കം പൊളിഞ്ഞിരുന്നു. തുടർന്ന് ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ (ബിപിസിഎൽ) ഓഹരി വിൽപ്പന കേന്ദ്രസർക്കാർ നീട്ടിവച്ചു. ഓഹരികൾ വാങ്ങുന്നതിനുള്ള താത്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തിയതി മെയ് രണ്ടിൽ നിന്ന് ജൂൺ 13 വരെ ആക്കിയിട്ടുണ്ട്. പ്രാഥമിക വിവര മെമ്മോറാണ്ടത്തെ (പിഐഎം) കുറിച്ചുള്ള സംശയങ്ങൾ മെയ് 16 വരെ ഉന്നയിക്കാമെന്നും കേന്ദ്ര ധന വകുപ്പിന്റെ നിക്ഷേപ, പൊതു ആസ്തി പരിപാലനവിഭാഗം (ദീപം) അന്ന് പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞിരുന്നത്.

ഇതിന് നിശ്ചയിച്ചിരുന്ന അവസാന തിയതി ഏപ്രിൽ നാലായിരുന്നു. ബിപിസിഎല്ലിൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള 52.98 ശതമാനം ഓഹരിയാണ് വിൽപ്പനയ്ക്ക് വയ്ക്കുന്നത്. ഓഹരി വാങ്ങാൻ താത്പര്യം പ്രകടിപ്പിച്ചിരിക്കുന്നവരുടെ അഭ്യർഥന കണക്കിലെടുത്തും ലോകത്ത് കൊവിഡ് വ്യാപനം ശക്തിപ്പെടുന്നതിനാലുമാണ് വിൽപ്പന നടപടി നീട്ടിവയ്ക്കുന്നതെന്നാണ് ദീപം അന്ന് പറഞ്ഞത്.

പക്ഷെ സ്ഥിതി കൂടുതൽ ഗുരുതരമായതോടെ കുറേക്കൂടി വില കുറച്ച് ബിപിസിഎൽ സ്വന്തമാക്കാമെന്ന് കോർപ്പറേറ്റുകൾ കണക്കുകൂട്ടുന്നുണ്ടാകുമെന്നാണ് വിപണി വിദഗ്ധർ പറയുന്നത്. ആരാംകോ, റിലയൻസ് എന്നീ കമ്പനികളാണ് മുതൽ മുടക്കാൻ കൂടുതൽ സാധ്യത. സ്വകാര്യവത്കരണത്തിലൂടെ 2.1 ലക്ഷം കോടി രൂപ സമാഹരിക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. കൊവിഡ്-19 ഈ പ്രതീക്ഷകൾക്ക് ഗണ്യമായ തോതിൽ മങ്ങലേൽപ്പിച്ചിട്ടുണ്ട്.

എയർ ഇന്ത്യയും പിന്നോട്ട്

എയർ ഇന്ത്യയുടെ ഓഹരികൾക്കായുള്ള ബിഡ് സമർപ്പിക്കാനുള്ള തിയതി രണ്ടാമതും നീട്ടിയേക്കുമെന്ന് വ്യോമയാന മന്ത്രാലയ വൃത്തങ്ങൾ. ഏപ്രിൽ 30 ആണ് നിലവിൽ ബിഡ് സമർപ്പിക്കാനുള്ള തിയതി. ഇതോടെ കടക്കെണിയിലായ വിമാനക്കമ്പനിയുടെ സ്വകാര്യവത്കരണം നീണ്ടുപോവുമെന്ന് ഉറപ്പായി. നേരത്തെ ജനുവരി 27ൽ നിന്ന് ബിഡ് സമർപ്പണ തിയതി ഏപ്രിലിലേക്ക് നീട്ടുകയായിരുന്നു. കൊവിഡ്-19 ഏറ്റവുമധികം തളർത്തിയിരിക്കുന്നത് വ്യോമയാന മേഖലയെയാണ്. ഈ സാഹചര്യത്തിൽ എയർ ഇന്ത്യ ഓഹരി വിൽപ്പന നഷ്ടക്കച്ചവടമാകുമെന്ന് മനസിലാക്കിയാണ് സർക്കാർ തത്കാലം പിൻവാങ്ങാനൊരുങ്ങുന്നത്.

മുതലമട മാമ്പഴകർഷകർക്ക് ഇസാഫിന്റെ കൈത്താങ്ങ്

മണ്ണുത്തി: കൊവിഡിനെ തുടർന്നു പ്രതിസന്ധിയിലായ മുതലമടയിലെ മാമ്പഴകർഷകർക്ക് കൈത്താങ്ങായി ഇസാഫ്. വിപണി തകർന്ന് പ്രതിസന്ധിയിലായ കർഷകരിൽ നിന്നും 20 ടണ്ണോളം മാമ്പഴം ഇസാഫ് സ്വാശ്രയ പ്രൊഡ്യൂസർ കമ്പനി നേരിട്ട് സംഭരിച്ച് തൃശൂർ, പാലക്കാട്, എറണാകുളം ജില്ലകളിലായി വിവിധ റീട്ടെയ്ൽ വിൽപ്പനകേന്ദ്രങ്ങളിലൂടെയും ഓൺലൈൻ വിപണിയിലൂടെയും വിൽപ്പനയ്ക്കെത്തിക്കുമെന്ന് മാനെജിങ് ഡയറക്റ്റർ അലോക് തോമസ്പോൾ അറിയിച്ചു. അൽഫോൻസാ, സിന്ദൂരം, ബംഗനപ്പള്ളി, കിളിമൂക്ക്, മൂവാണ്ടൻ, കാലാപാടി, ഹിമപസന്ത് തുടങ്ങിയ മുന്തിയ ഇനം മാമ്പഴങ്ങളാണ് സംഭരിക്കുന്നത്. 10 കിലോമീറ്റർ ചുറ്റളവിലുള്ളവർക്ക് സർവീസ് ചാർജില്ലാതെ മാമ്പഴം വീടുകളിൽ എത്തിക്കുന്നതാണ്. ഓൺലൈൻ ഓർഡറുകൾക്ക് shop.cedarretail.in ബന്ധപ്പെടുക: 9072060033

100 ദിവസത്തോളം നിത്യേന 100 ടൺ മാമ്പഴം വീതമാണ് സീസൺകാലത്ത് മുതലമടയിൽനിന്ന് വടക്കേ ഇന്ത്യൻ വിപണിയിലേക്ക് മുൻകാലങ്ങളിൽ വിൽപ്പനയ്ക്ക് എത്തിച്ചിരുന്നത്. കാർബൈഡ് ഇല്ലാതെ സ്വാഭാവിക രീതിയിലൂടെയാണ് മാമ്പഴം പഴുപ്പിക്കുന്നത് എന്നതിനാൽ ഏറ്റവും കൂടുതൽ വിപണി മൂല്യമുള്ള മാമ്പഴങ്ങളാണ് മുതലമടയിലുള്ളത്.

പിഴപലിശയില്ല

ന്യൂഡൽഹി: മൂന്നു മാസത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചതിനു പിന്നാലെ കർഷകരുടെ ആശങ്കയ്ക്ക് വിരാമമിട്ട്, പിഴ പലിശ അടയ്ക്കേണ്ടതില്ലെന്ന ഉത്തരവുമായി റിസർവ് ബാങ്ക്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ നൽകിയ മൊറട്ടോറിയം പ്രയോജനപ്പെടുത്തുന്നവർ അടയ്ക്കാനുള്ള തുകയ്ക്ക് പിഴ പലിശ അടയ്ക്കേണ്ടി വരുമെന്ന ആശങ്ക ഉയരുന്നതിനിടെയാണ് തീരുമാനം.

മെയ് അവസാനം വരെയാണ് പിഴ പലിശയിൽ ഇളവ് അനുവദിച്ചിരിക്കുന്നത്. എന്നാൽ നേരത്തേ പ്രഖ്യാപിച്ച പലിശയിളവ് കർഷകർക്ക് തുടർന്നും ലഭ്യമാകുകയും ചെയ്യും. കാർഷിക വായ്പകൾക്ക് നേരത്തെ രണ്ടു ശതമാനം പലിശയിളവ് പ്രഖ്യാപിച്ചിരുന്നു. ഇതിനു പുറമെ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് മൂന്നു ശതമാനം കൂടി ഇളവ് അനുവദിച്ചിരുന്നു. ലോക്ഡൗണിനെ തുടർന്ന് പല കർഷകർക്കും വായ്പയടക്കാൻ ബാങ്കുകളിലെത്താൻ സാധിക്കുന്നില്ലെന്ന പരാതി ഉയർന്ന സാഹചര്യത്തിലാണ് നടപടി.

അടച്ചു പൂട്ടുമോ പെട്രോളിയം കമ്പനികൾ ?

ദുബായ്: കൊവിഡ്-19 മൂലം ആഗോള തലത്തിൽ ഉണ്ടായിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി പെട്രോളിയം കമ്പനികൾക്ക് തിരിച്ചടിയാകുന്നു. ഗതാഗതം നിലച്ചതും, വ്യവസായ മേഖലയിലെ ലോക്ഡൗണും ക്രൂഡ് ഓയിലിന് ആവശ്യക്കാർ ഇല്ലാത്ത നിലയിലേക്ക് എത്തിച്ചതാണ് കമ്പനികളെ അടച്ചു പൂട്ടലിലേക്ക് നീക്കുന്നത്.

ഗൾഫ് രാജ്യങ്ങളിലേക്കാൾ അത് വൻ തിരിച്ചടി ആയിരിക്കുന്നത് അമെരിക്കൻ കമ്പനികൾക്കാണ്. ക്രൂഡോയിൽ പരിവേഷണം, മറ്റ് ഇന്ധന പരിവേഷണങ്ങൾക്കായി പണം മുടക്കുന്ന കമ്പനികൾക്കാണ് തിരിച്ചടി. ഇത് ഓഹരി വിപണിയേയും അധാനി, റിലയൻസ്, ആരാംകോ അടക്കമുള്ള കമ്പനികളുടെ വിപണിവില വൻ വ്യതിയാനങ്ങൾക്ക് ഇടയാക്കിയേക്കുമെന്നാണ് സാമ്പത്തിക വിദഗ്ധർ പറയുന്നത്.

വില ബാരലിന് 20 ഡോളറിൽ സ്ഥിരതയാർജിച്ചാൽ പോലും അമെരിക്കയിലെ എണ്ണ പര്യവേഷണ, ഖനന രംഗത്തെ 533 കമ്പനികൾ 2021 അവസാനത്തോടെ പാപ്പരാകും. പത്ത് ഡോളറിലാണ് നിൽക്കുന്നതെങ്കിൽ 1100 കമ്പനികൾ പാപ്പരാകും. റൈസ്റ്റാഡ് എനർജി എന്ന റിസർച്ച് കമ്പനിയാണ് എണ്ണ വിപണിയിലെ പുതിയ പ്രതിഭാസം സംബന്ധിച്ച വിയിരുത്തലുകൾ പുറത്തുവിട്ടിരിക്കുന്നത്.

നേട്ടം കൊയ്യാൻ ചൈന

കൊ0വിഡ് പ്രതിസന്ധിയിൽ നിന്ന് താത്കാലികമായി മുക്തി നേടി കാര്യങ്ങൾ ആസൂത്രണം ചെയ്യുന്ന ചൈനീസ് കമ്പനികൾ ക്രൂഡോയിൽ വിപണിയിലും മുതൽ മുടക്കാൻ തയാറായിട്ടുണ്ട്. കമ്പനികളിൽ മുതൽ മുടക്കുന്നതിനു പകരം ലോകത്തെ തന്ത്രപ്രധാനമായ എണ്ണ സംഭരണികളുടെ വാങ്ങലുകാരായിട്ടാണ് ചൈന രംഗത്തെത്തിയിരിക്കുന്നത്. കൊവിഡിനെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധിയിൽ പരമാവധി നേട്ടം കൊയ്യുക എന്ന ചൈനീസ് കമ്പനികളുടെ നയത്തിനെ തുടർന്നാണിത്.

നിർത്താനാവില്ല, ഉത്പാദനം

നിലവിൽ ഉത്പാദനം കുറച്ചിട്ടുണ്ടെങ്കിലും വാങ്ങൽ പൂജ്യത്തിലേക്ക് നീങ്ങിയിരിക്കുന്നതിനാൽ വലിയ പ്രതിസന്ധിയാണ് കമ്പനികൾക്കുള്ളത്. ആഗോള തലത്തിലെ എണ്ണ സംഭരണികളെല്ലാം തന്നെ നിറയുന്ന ഘട്ടത്തിലേക്ക് എത്തുകയാണ്. എണ്ണ കിണറുകളിൽ നിന്ന് ഉത്പാദനം പൂർണമായും നിർത്തിവെച്ചാൽ പിന്നീട് പുനഃരാരംഭിക്കാൻ വൻ തോതിൽ നിക്ഷേപം നടത്തേണ്ടി വരും. അതുകൊണ്ട് എണ്ണ ഖനനവും ഉത്പാദനവും മുന്നോട്ടുകൊണ്ടുപോകേണ്ട സ്ഥിതിയിലാണ് കമ്പനികൾ. കരുത്തുറ്റ ബാലൻസ് ഷീറ്റുള്ള എണ്ണ കമ്പനികൾക്ക് മാത്രമാണ് ഈ പ്രതിസന്ധികളെ അതിജീവിക്കാനാവുക. കൊവിഡ് കഴിയുമ്പോൾ ലോകത്തെ എണ്ണ കമ്പനികളുടെ എണ്ണവും കുത്തനെ കുറയും.

ഇന്ത്യയ്ക്ക് ഗുണം

മികച്ച രീതിയിൽ മുതൽ മുടക്കിന് തയാറാവുന്ന ഇന്ത്യൻ കമ്പനികൾക്ക് ഇത് ഗുണകരമാവും. ലോകത്തെ ഏറ്റവും വലിയ ഇറക്കുമതി ഇന്ത്യയുടേയും ചൈനയുടേതുമാണ്. മൂന്നുമാസത്തിനുള്ളിൽ ഇന്ത്യൻ വിപണിയിൽ ക്രൂഡോയിൽ ആവശ്യകത പഴയ നിലയിലേക്ക് എത്തും. ലോകത്തിലെ പല എണ്ണ പര്യവേഷണ, ഖനന കമ്പനികളും തങ്ങളുടെ ആസ്തികളും വിൽപ്പന നടത്തേണ്ട ഗതികേടിലാണ്. ഈ രംഗത്തെ പല കമ്പനികളും കുറഞ്ഞ മൂല്യത്തിൽ വിൽക്കുകയോ, ഇതര കമ്പനികളുമായി ലയിക്കുകയോ ചെയ്യും. ഈ സാധ്യത മുതലെടുക്കുന്ന ഇന്ത്യൻ കമ്പനികളെ വൻ നേട്ടമാണ് കാത്തിരിക്കുന്നത്.

ചൈനീസ് നിക്ഷേപം: പുതിയ പോരാട്ടത്തിലേക്ക് നീങ്ങുന്നു

ന്യൂഡൽഹി: കൊവിഡ് പ്രതിസന്ധി മുതലെടുത്ത് ചൈനീസ് കമ്പനികൾ. ഇന്ത്യയിൽ മുതൽ മുടക്കുന്നതിന് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം പുതിയ വ്യാപാരയുദ്ധമായി മാറുമോ എന്ന ഭീതിയിലാണ് കമ്പനികൾ.

കൊവിഡ് മുൻപു വരെ ചൈനയിൽ നിന്നുള്ള നിക്ഷേപത്തെ സ്വാഗതം ചെയ്യുകയായിരുന്നു ഇന്ത്യ. അമെരിക്കൻ ഇടപെടലാണ് ഇന്ത്യൻ തീരുമാനത്തിൽ പിന്നിൽ എന്നാണ് ചൈനീസ് ആക്ഷേപം. ചൈനയും ഇപ്പോൾ ഇതുപോലെ ചില നിയന്ത്രണങ്ങൾക്ക് ഒരുങ്ങിക്കഴിഞ്ഞതായി റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട്. അവർ പുതിയ വിദേശ നിക്ഷേപ നിയമത്തിനും രൂപം നൽകി. ഇതിലെ 40ാം വകുപ്പു പ്രകാരം ചൈനയോട് വിവേചനം കാണിക്കുന്ന രാജ്യത്തോടു തക്കതായ എതിർ നടപടി കൈക്കൊള്ളണമെന്നാണ് വ്യവസ്ഥ. ഇന്ത്യ വിവേചനപരമായാണ് പെരുമാറുന്നതെന്നു തിങ്കളാഴ്ച ചൈന പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് അവർ നടപടികളിലേക്ക് പോയാൽ ഇന്ത്യൻ ഇലക്ട്രോണിക്സ് വിപണിക്ക് തിരിച്ചടിയാകും.

അതുപോലെ ലോക്ഡൗൺ അവസാനിക്കുന്ന മെയ് 3 ഇന്ത്യ-ചൈന നിക്ഷേപ ബന്ധത്തിനും പ്രധാന ദിവസമാണ്. ഇന്ത്യയിൽ എഫ്പിഐക്കുള്ള ചൈനയുടെ ലൈസൻസ് കാലാവധി അന്നാണ് അവസാനിക്കുക. പീപ്പിൾസ് ബാങ്ക് ഒഫ് ചൈനയാണ് ഇന്ത്യയിൽ 'സെബി'യുമായി ബന്ധപ്പെട്ട് ഇതു ചെയ്യുക. എന്നാൽ ഇത്തവണ ലൈസൻസ് പുതുക്കാൻ സെബിക്കു കേന്ദ്ര ധനമന്ത്രാലയത്തിന്റെ അനുമതി തേടണം.

ഇന്ത്യക്കാർ കൂടുതൽ പാൽ കുടിക്കുന്നു

മുംബൈ: കൊറോണ വൈറസ് വ്യാപനം തടയുന്നതിന് രാജ്യത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ പാൽ വാങ്ങുന്നവരുടെ എണ്ണത്തിൽ വൻ വർധനവ്. ഇന്ത്യൻ വിപണിയിലെ പ്രധാന പാൽ വിതരണക്കാരായ ഹെറിറ്റേജ് ഫുഡ്സ് ലിമിറ്റഡിന്റെയും പാരാഗ് മിൽക്ക് ഫുഡ്സ് ലിമിറ്റഡിന്റെയും വിപണി മൂല്യം ഏകദേശം ഇരട്ടിയായി ഉയർന്നു.

മാർച്ച് 24ന് ശേഷമാണ് പാൽ വിതരണ കമ്പനികളുടെ ഓഹരികൾ 90 ശതമാനം ഉയർന്നത്. ലോക്ഡൗണിനിടെ ഹെറിറ്റേജ് ഫുഡ്സ് 93 ശതമാനവും പാരാഗ് മിൽക്ക് ഫുഡ്സ് 84 ശതമാനവും നേട്ടമുണ്ടാക്കി. പാക്കറ്റ് പാലിന്റെ വിതരണം 15 ശതമാനം മുതൽ 20 ശതമാനം വരെ ഉയർന്നതായാണ് കണക്കാക്കുന്നത്. മധുരപലഹാരങ്ങൾ പോലുള്ള സാധനങ്ങൾ ഉത്പാദിപ്പിക്കാൻ അടുത്തിടെ ഉപയോഗിച്ചിരുന്ന പാൽ ഇപ്പോൾ ദൈനംദിന ഉപഭോഗത്തിലേക്ക് മാറിയിട്ടുണ്ട്. പാലിന്റെ ആവശ്യം നിരന്തരം വർധിച്ചു കൊണ്ടിരിക്കുകയാണ്. 2014 മുതൽ ഇന്ത്യയിൽ പാൽ ഉത്പാദനം 6 ശതമാനത്തിലധികം ഉയർന്നിട്ടുണ്ട്. 2019ലെ 187.8 ദശലക്ഷത്തിൽ നിന്ന് 2022 സാമ്പത്തിക വർഷത്തോടെ ഉത്പാദനം 254.5 ദശലക്ഷം ടണ്ണായി ഉയർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

പുതുമാതൃകയുമായി സഹകരണ ബാങ്ക്

പാലക്കാട്: കൊവിഡ്-19ന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കാൻ വായ്പാ പദ്ധതിയുമായി മണ്ണാർക്കാട് റൂറൽ സർവീസ് സഹകരണ ബാങ്ക്.

'കൊവിൻ' പേരിലാണ് ചുരുങ്ങിയ പലിശ മാത്രം ഈടാക്കുന്ന വായ്പാ പദ്ധതി. ഇതാദ്യമായാണ് ബാങ്കിങ് മേഖലയിൽ ഇത്തരം ഒരു പദ്ധതി. കൊവിൻ സ്വർണപ്പണയ വായ്പയിൽ ഒരംഗത്തിന് 25,000 രൂപ വരെ 100 ദിസത്തേക്ക് മൂന്ന് ശതമാനം പലിശയ്ക്ക് വായ്പ നൽകും. അപേക്ഷകർ വായ്പാ കാലാവധിയിൽ 1000 രൂപയെങ്കിലും എസ്ബി അക്കൗണ്ടിൽ മിനിമം ബാലൻസ് ആയി സൂക്ഷിച്ചിരിക്കണം.

കൊവിൻ പ്രവാസി പലിശ രഹിത സ്വർണ വായ്പാ പദ്ധതി പ്രകാരം ജനുവരി ഒന്നിനുശേഷം നാട്ടിൽവന്ന് കൊവിഡ് പശ്ചാത്തലത്തിൽ തിരിച്ചുപോകാൻ കഴിയാത്തവർക്ക് 50,000 രൂപ വരെ നാലുമാസ കാലയളവിൽ പലിശ രഹിത സ്വർണ പണയ വായ്പ അനുവദിക്കും. കാലാവധിക്കുശേഷം തിരിച്ചെടുക്കാത്തവയ്ക്ക് പണയ ദിവസം മുതൽ സാധാരണ പലിശ ഈടാക്കും. വിദേശത്തുള്ളവർ കുടുംബാംഗത്തിന് വായ്പ ലഭിക്കുന്നതിന് പാസ്പോർട്ടിന്റെ പകർപ്പ് സഹിതം ഇ-മെയിൽ വഴി അപേക്ഷിക്കണം.

കൊവിൻ ട്രേഡ് ലോൺ പദ്ധതി പ്രകാരം വ്യാപാരികൾക്ക് രണ്ട് പേരുടെ പരസ്പര ജാമ്യത്തിൽ ഒരു ലക്ഷം രൂപവരെ 15 മാസക്കാലത്തേക്ക് വായ്പ നൽകും. ആദ്യ മൂന്ന് മാസം തിരിച്ചടവ് നിർബന്ധമില്ല. 375 രൂപവീതം 300 ദിവസത്തേക്കാണ് തിരിച്ചടവ്. കൊവിൻ ജനറൽ വായ്പ പ്രകാരം ബാങ്ക് പരിധിയിലെ അർഹരായവർക്ക് 5,000 മുതൽ 25,000 രൂപവരെ ഒമ്പത് ശതമാനം പലിശ നിരക്കിൽ 12 മാസ തുല്യ ഗഡുക്കളായി വസ്തു ഈടിന്മേൽ വായ്പ നൽകും. രണ്ടാം ഗഡുമുതൽ ഓരോ തവണയിൽ നിന്നും പലിശ ഈടാക്കും. 12 മാസം മറ്റ് തിരിച്ചടവുകൾ വേണ്ട. കൊവിൻ അഗ്രി ലോൺ പ്രകാരം കർഷകർക്ക് വ്യക്തിഗത ജാമ്യത്തിൽ നൽകുന്ന വായ്പ 50,000 രൂപയിൽനിന്ന് ഒരു ലക്ഷമായി വർധിപ്പിച്ചു.

സ്വർണം

33,400

വെളിച്ചെണ്ണ : മില്ലിങ്	17,300	മുതിര	4000
വെളിച്ചെണ്ണ	15,900	എള്ള്	14,000- 15,000
കൊപ്ര	10,645-11,400	മല്ലി	7600-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	31,200		
പുതിയ കുരുമുളക്	30,200	ജാതിക്ക തൊണ്ടൻ (കിലോ)	150-175
കുരുമുളക് ഗാർബിൾഡ്	33,200	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	
ചുക്ക് മീഡിയം	26,500		350-380
ചുക്ക് ബെസ്റ്റ്	27,500	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	
മഞ്ഞൾ നാടൻ	ഇല്ല		800- 850
സേലം - ഈറോഡ്	7200-7700	ഗ്രാമ്പൂ (കിലോ)	550
കാഞ്ഞിരക്കുരു	1850		
അടയ്ക്ക ന്യൂ	24,000- 25,000	റബർആർ എസ് എസ് 5 ഗ്രേഡ്	ഇല്ല
അടയ്ക്ക ഓൾഡ്	25,000- 26,000	റബർആർ എസ് എസ് 4 ഗ്രേഡ്	ഇല്ല
പഞ്ചസാര	3720	ഒട്ടുപാൽ	ഇല്ല
മുളക്	15,000-27,000	ലാറ്റക്സ്	ഇല്ല
ഉഴുന്ന്	11,500-12,000		
ചെറുപയർ	11,500-13,000	സ്വർണം	33,400
കടല	5500-6500	പാം ഓയിൽ	8300

കർഷകർക്ക് ആശ്വാസമായി കാർഷിക വിപണി

തൃശൂർ: കർഷകർക്ക് സഹായമായി കൃഷിവകുപ്പ് വിപണി ഒരുക്കി. മാർക്കറ്റിങ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇക്കോ ഷോപ്പുകൾ, കാർഷിക കർമസേനകൾ, അഗ്രോ സർവീസ് ആഴ്ചച്ചന്തകൾ തുടങ്ങിയവ മുഖേനയാണ് വിപണി കണ്ടെത്തിയത്. വിവിധ റസിഡന്റ്സ് അസോസിയേഷനുകൾ, അയ്യന്തോൾ ദേശം പുലിക്കളി സമിതി, കാർഷിക സർവകലാശാല, കർഷകമിത്ര എന്നിവർ വഴിയും വിപണി ഒരുക്കിയിട്ടുണ്ട്. പൊട്ടുവെള്ളരികൾ ഹോർട്ടികോർപ്പ് സംഭരിച്ചു.

മന്ത്രി വി.എസ്. സുനിൽകുമാറിന്റെ നേരിട്ടുള്ള നിർദേശപ്രകാരമായിരുന്നു നടപടി. 15 ടൺ വെള്ളരി സംഭരിച്ചു. അഞ്ച് ടൺ പൊട്ടുവെള്ളരി വെള്ളാങ്ങല്ലൂർ കൃഷി ഓഫിസിന്റെ നേതൃത്വത്തിലും സംഭരിച്ചിട്ടുണ്ട്. കർഷകരുടെ കൊയ്ത്തു പ്രശ്നങ്ങളും പരിഹരിച്ചു. 10,950 ഹെക്റ്റർ കോൾപ്പാടങ്ങളിലെ നെൽകൃഷിയിൽ 6650 ഹെക്റ്റർ നിലങ്ങളിൽ കൊയ്ത്ത് പൂർത്തിയായി. ഇതുവരെയായി 135 കോടി രൂപ വിലവരുന്ന 50202 ടൺ നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. സർക്കാരുടമസ്ഥതയിലും സ്വകാര്യ മേഖലയിലുമായി 100 ഓളം കൊയ്ത്തുയന്ത്രങ്ങളും പ്രവർത്തിക്കുന്നു. വിവിധ മേഖലകളിലായി ഹെക്റ്ററിന് ശരാശരി 7-8 ടൺ വിളവ് ലഭിച്ചിട്ടുണ്ട്. പല മേഖലകളിലും ഈ വർഷം റെക്കോഡ് വിളവാണ് ലഭിച്ചത്.

മറയൂർ ശർക്കര വീണ്ടും സജീവമായി

മറയൂർ: ലോക്ഡൗണിനോടനുബന്ധിച്ച് മറയൂർ മേഖലയിൽ നിർത്തിവച്ചിരുന്ന ശർക്കര നിർമാണം പുനരാരംഭിച്ചു. തമിഴ്നാട് അതിർത്തികൾ അടച്ചതിനാൽ വ്യാജ ശർക്കരയുടെ വരവ് നിലച്ച് തങ്ങളുടെ ഉത്പന്നങ്ങൾക്ക് മികച്ച വില ലഭിച്ചെന്ന് മറയൂർ ശർക്കര കർഷകർ പ്രതീക്ഷിക്കുന്നു.തമിഴ്നാട്ടിൽ നിന്നു വ്യാപകമായി മറയൂർ ശർക്കര എന്ന പേരിൽ വ്യാജനെത്തിച്ച് വിറ്റഴിച്ചിരുന്നു. എന്നാൽ ലോക്ഡൗൺ മൂലം തമിഴ്നാട്ടിൽ നിന്നുമുള്ള ശർക്കര എത്തിക്കാൻ കഴിയാത്തതോടെ മറയൂർ ശർക്കരയ്ക്ക് മികച്ച വിലയാണ് ലഭിച്ച് വരുന്നത്.

60 കിലോ ശർക്കര ഉൾക്കൊള്ളുന്ന ഒരു ചാക്ക് ശർക്കരയ്ക്ക് നിലവിൽ 3500 മുതൽ 3800 രൂപവരെ വില ലഭിക്കുന്നുമുണ്ട്. തുടർന്നും തമിഴ്നാട്ടിൽ നിന്നുമുള്ള ഗതാഗതം ആരംഭിച്ചാലും തമിഴ്നാട്ടിൽനിന്ന് മറയൂർ ശർക്കര എന്ന വ്യാജ പേരിൽ കേരളത്തിലെത്തിക്കുന്നത് ബന്ധപ്പെട്ട അധികൃതർ കർശന നടപടി സ്വീകരിക്കുകയാണെങ്കിൽ മറയൂർ ശർക്കരയ്ക്ക് അർഹിക്കുന്ന വില ലഭിക്കുമെന്ന പ്രതീക്ഷയിലാണ് മറയൂർ മേഖലയിലെ കർഷകർ.

വിൽപ്പനയിൽ പുതുലോകം തുറന്ന് കുടുംബശ്രീ

കോട്ടയം: കൊവിഡ് കാലം മലയാളിയുടെ ഉപയോഗശീലത്തിൽ മാറ്റം കൊണ്ടുവന്നത് കേരളത്തിലെ കുടുംബശ്രീ യൂണിറ്റുകൾക്ക് പുതുജീവനകുന്നു. കഴിഞ്ഞ പത്തു വർഷമായി പൂർണമായും മാൾ വാങ്ങൽ സംസ്കാരത്തിലേക്ക് മാറിയ മലയാളി ഒരു മാസമായി നാട്ടിൻ പുറങ്ങളിലെ കടകളിലേക്ക് തിരിഞ്ഞിരിക്കുകയാണ്.

പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ ഉത്പന്നങ്ങളുടെ വൻ സാധ്യതയാണ് ഇത് തുറന്നിരിക്കുന്നത്. മികച്ച കമ്മ്യൂണിറ്റി കിച്ചനുകൾ വഴി കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണി സാധ്യതകൂടിയാണ് ഗ്രാമങ്ങളിൽ തുറന്നിരിക്കുന്നത്. കഴിഞ്ഞ വർഷം 540 കോടി രൂപയുടെ വരുമാനം നേടിയ ഈ സംരംഭങ്ങൾ നിലവിൽ വിൽപ്പനയിൽ മറ്റു മേഖല അനുഭവിക്കുന്ന പോലെ പ്രതിസന്ധിയിലാണ്, പക്ഷെ അവർക്ക് ഇതു വരെ തുറക്കാത്ത സാധ്യതകളും ലോക്ഡൗണിൽ ലഭിച്ചിട്ടുണ്ട്.

ഏറ്റവും നേട്ടം ലഭിച്ചിരിക്കുന്നത് തയ്യൽ യൂണിറ്റുകൾക്കാണ്. സംരംഭങ്ങളിൽ ടെയ്ലറിങ് യൂണിറ്റുകളാണ് കൂടുതൽ. 3600 എണ്ണം. ഇവയെല്ലാം ലോക്ഡൗൺ കാലത്ത് അടച്ചെങ്കിലും അയൽ വീടുകളിൽ നിന്നുള്ള വർക്കുകൾ കൂടുതലായി ലഭിച്ചിട്ടുണ്ട്. ഇതുവരെ നഗരങ്ങളിലെ തയ്യൽ വ്യാപാരികളെ ആശ്രയിച്ചിരുന്നവരും റെഡിമെയ്ഡ് കടകളിലേക്ക് പോയവരും തിരികെ എത്തി. മാസ്ക് നിർമാണം വഴി മാർച്ചിൽ 2 കോടി രൂപ ലഭിച്ചതായി കുടുംബശ്രീ അധികൃതർ പറഞ്ഞു.

അതു കഴിഞ്ഞാൽ വലിയ ഓഫർ ലഭിച്ചിരിക്കുന്നത് നാടൻ പലഹാര നിർമാണ യൂണിറ്റുകൾക്കാണ്. ബേക്കറി അടച്ചു പൂട്ടിയതിനാൽ വലിയ തോതിൽ വിറ്റുപോയിരുന്നവ വീടുകളിൽ കൊണ്ടു പോയി വിൽക്കാൻ അനുമതി ലഭിച്ചാൽ രണ്ടാഴ്ച്ച കൊണ്ട് ഇനിയും കൂടുതൽ വിപണി ലഭിക്കും.

വൃക്ഷത്തൈകൾ നട്ടു

മുളന്തുരുത്തി: ലോക ഭൗമദിനത്തോടനുബന്ധിച്ചു കോൺഗ്രസ് മുളന്തുരുത്തി ബ്ലോക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ നമ്മൾ കാലാവസ്ഥയുടെ കാവലാൾ എന്ന പേരിൽ 1000 വൃക്ഷത്തൈ നടുന്ന പരിപാടിക്ക് തുടക്കം കുറിച്ചു. ഇന്നലെ 100 ഓളംവൃക്ഷത്തൈകൾ നട്ടു.വിവിധ ഇടങ്ങളിൽ നടന്ന ചടങ്ങിൽ അഡ്വ. അനൂപ് ജേക്കബ്ബ് എംഎൽഎ, റീസ് പുത്തൻവീട്ടിൽ, സി.എ.ഷാജി, സൈബ താജുദ്ദീൻ, കെ.ആർ ജയകുമാർ, ബെന്നി കെ.പൗലോസ്, ആർ.ഹരി, കെ.ആർ.സുകുമാരൻ, ഷാജി ജോർജ്, ജോളി പി.തോമസ്, ബിജു തോമസ്, ആശ അച്ചുതൻ തുടങ്ങിയവർ പങ്കെടുത്തു.

ഡയാലിസിസിന് 20 ലക്ഷം

കൊച്ചി: നിർധനരായ ഡയാലിസിസ് രോഗികൾക്ക് ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപ അനുവദിച്ചു. ലോക്ക് ഡൗൺ മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾക്ക് നിലവിൽ ഡയാലിസിസ് ചെയ്യുന്ന സ്വകാര്യ ആശുപത്രികളിൽത്തന്നെ സൗജന്യ ഡയാലിസിസ് സേവനം ലഭ്യമാക്കുന്നതിനാണ് തുക വിനിയോഗിക്കുക. കൊവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ കാൻസർ ബാധിതർ, അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയമായവർ മറ്റ് ജീവിത ശൈലീ രോഗമുള്ളവർ , മാനസിക അസ്വസ്ഥതയുള്ളവർ തുടങ്ങിയവർക്കുള്ള അവശ്യമരുന്നുകൾ ലഭ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് 50 ലക്ഷം രൂപയും അനുവദിച്ചു. കൊവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്ത് ഇതുവരെ ഒരു കോടി പന്ത്രണ്ട് ലക്ഷം രൂപ ചിലവഴിച്ചതായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോളി കുര്യാക്കോസ്, അബ്ദുൾ മുത്തലിബ് എന്നിവർ അറിയിച്ചു.

തൊഴിലാളികൾക്ക് സംഭാരം നൽകി

പറവൂർ: യൂത്ത് കോൺഗ്രസ് വടക്കേക്കര മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ദേശീയപാത 66 ലെ റോഡ് തൊഴിലാളികൾക്ക് സംഭാരം വിതരണം ചെയ്തു. കഴിഞ്ഞ 15 ദിവസമായി ഭക്ഷണം ലഭിക്കാത്ത ദീർഘ ദൂര ചരക്കു വാഹന തൊഴിലാളികൾക്ക് ഉച്ചഭക്ഷണവും വെള്ളവും ദേശീയ പാത 66 ലേബർ ജംക്ഷനിൽ വിതരണം ചെയ്യുന്നുണ്ട്. യൂത്ത് കോൺഗ്രസ് വടക്കേക്കര മണ്ഡലം പ്രസിഡന്റ് കെ.ആർ.ശ്രീരാജ്, വിഷ്ണു.പി.രഞ്ജിത്, ഹരി, എം.ടി.കൃഷ്ണകുമാർ, അബിൻ,തുടങ്ങിയവർ പങ്കെടുത്തു.

വരാപ്പുഴ മാർക്കറ്റ് അണുവിമുക്തമാക്കി

പറവൂർ: വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെയും വരാപ്പുഴ കമ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെയും ഏലൂർ ഫയർ ആന്റ് റസ്ക്യൂ ടീമിന്റെയും നേതൃത്വത്തിൽ വരാപ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മാർക്കറ്റ്, പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലും പരിസരങ്ങളിലും അണുനശീകരണ പ്രവർത്തനങ്ങൾ നടത്തി. വരാപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്.മുഹമ്മദ്, സ്ഥിര സമിതി അധ്യക്ഷൻ ജയ്സൻ പാലയ്ക്കൽ, പഞ്ചായത്തംഗം ടി.ജെ.ജോമോൻ, ബ്ലോക്ക് അംഗം കെ.വി.കുഞ്ഞുമോൻ, ഹെൽത്ത് ഇൻസ്പെക്ടർ കാളിദാസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ അനിൽ കുമാർ, ഏലൂർ ഫയർ ഫോഴ്സ് ഉദ്യോഗസ്ഥൻ അഖിൽ എന്നിവർ നേതൃത്വം നൽകി.

കോൺഗ്രസ് രക്തം നൽകി

പറവൂർ: കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ആലുവ ജില്ല ആശുപത്രിയിൽ പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കിലേക്ക് എച്ച്ഫോർഎച്ച് പ്രവർത്തകരും ചിറ്റാറ്റുകര പഞ്ചായത്ത് 13 - വാർഡ് കോൺഗ്രസ് പ്രവർത്തകരും സംയുക്തമായി രക്തദാനം ചെയ്തു. എച്ച് പ്രസിഡന്റ് ഡോ.മനു പി വിശ്വം, സെക്രട്ടറി ജോസഫ് പടയാട്ടി, വളണ്ടിയർ ക്യാപ്റ്റൻ എം.കെ.ശശി, സുരാജ് കണ്ണൻ, കോൺഗ്രസ് പ്രവർത്തകരായ ലിൻസ് ആന്റണി, പി.ഡി.ഷിജു, രാജീവ്, ശിവ പ്രദീഷ്, അജി, ബിജു തുടങ്ങിയവർ രക്തദാന ക്യാംപിന് നേതൃത്വം നൽകി.

തൊഴിലാളികൾ സമരം നടത്തി

കളമശേരി: അഖിലേന്ത്യാ വ്യാപകമായി സിഐടിയു നടത്തിയ റിലേ നിൽപ്പു സമരം കളമശേരിയിൽ സംസ്ഥാന സെക്രട്ടറി കെ.എൻ.ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. ജോലി സമയം 12 മണിക്കൂർ ആയി ഉയർത്തുന്നതിൽ നിന്നു കേന്ദ്ര സർക്കാർ പിൻമാറുക,തുടങ്ങിയാവശ്യങ്ങൾ ഉയർത്തിയായിരുന്നു സമരം.

പെരിയാറിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധന

സാംപിളുകൾ ശേഖരിച്ചു

ഏലൂർ: വ്യവസായ ശാലകളിൽ നിന്ന് പെരിയാറിൽ മാലിന്യ മൊഴുക്കിയെന്ന പരാതിയെ തുടർന്നു മലീനീകരണ നിയന്ത്രണ ബോർഡ് (പിസിബി) സംസ്ഥാന ചെയർമാൻ കെ.പി.സുധീറിന്റെ നേതൃത്വത്തിൽ പെരിയാറിൽ വിശദമായ പരിശോധന നടത്തി. ഹൈക്കോടതിയുടേയും ജില്ലാ ദുരന്തനിവാരണ സമിതിയുടെ ചെയർമാൻ കൂടിയായ കലക്റ്ററുടേയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇന്നലെ രാവിലെ 12.30ന് പാതാളം റെഗുലേറ്റർ കം ബ്രിഡ്ജിലെത്തിയ ചെയർമാനും സംഘവും നേരെ എടയാർ ഭാഗത്തുള്ള ഗ്രീൻ എർത്ത് ട്രീറ്റ്മെന്റ് പ്ലാന്റിലെത്തി ജലം സാംപിൾ എടുത്തു.

ഈ പ്ലാന്റ് ഹോട്ടലുകൾ കേന്ദ്രീകരിച്ചുള്ള മലിന് ജലം ശേഖരിച്ച് പ്ലാന്റിൽ ശുദ്ധീകരിച്ചു നിർമാണമേഖലയിൽ ഒരു വർഷമായി വിതരണം ചെയ്തു വരുന്നുവെന്നാണു അറിയുന്നത്.

ഒരു വർഷമായി എടയാർ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് പിസിബിയുടെ അംഗീകാരമില്ലെന്നാണ് ഏലൂർ ഓഫീസിലെ ഉദ്യോഗസ്ഥർ പറയുന്നത്. ഏലൂർ ഫെറി, ഏലൂർ വെട്ടുകടവ് റെഗുലേറ്റർ കം ബ്രിഡ്ജിന് താഴെ ഷട്ടർ ഉയർത്തി അവിടെ രൂക്ഷമായ നിലയിൽ കെട്ടികിടന്ന മാലിന്യത്തിൽ നിന്നു സാംപിൾ എടുത്തു. ആലുവ, ഉളിയന്നൂർ ഭാഗങ്ങളിൽ നിന്നും സാംപിൾ എടുത്തു.

ബോട്ടിങ്ങിലൂടെ സിഡബ്ല്യു ആർഡിഎം ശാസ്ത്രജ്ഞ രശ്മിയുടെ നേതൃത്വത്തിലുള്ള സംഘമാണ് സാംപിളുകൾ ശേഖരിച്ചത്. റെഗുലേറ്റർ കം ബ്രിഡ്ജിന് താഴെ പെരിയാറിന്റെ സമീപത്തുള്ള വിവിധ കമ്പനികളിൽ നിന്നും രാസമാലിന്യങ്ങൾ കലർന്ന ജലം വരുന്നതിനെ സംബന്ധിച്ചും എടയാറിലെ നിരവധി കമ്പനികളെ കുറിച്ചും ഏലൂർ പിസിബി ഉദ്യോഗസ്ഥരിൽ നിന്നും ഏലൂർ, എടയാർ മേഖലയിലെ പരിസ്ഥിതി പ്രവർത്തകരുമായും വിശദമായ ചർച്ചയാണ് ചെയർമാൻ കെ.പി.സുധീർ നടത്തിയത്.

ഏകദേശം മൂന്നര മണിക്കൂറോളം അദ്ദേഹം എല്ലാ പ്രധാന മേഖലകളും സന്ദർശിച്ചു. തിരുവനന്തപുരം സീനിയർ എൻജിനീയർ ഷീല,കേരള യൂണിവേഴ്സിറ്റി പ്രൊഫ. സാബു, എറണാകുളം ചീഫ് എൻജിനീയർ എം.എ.ബൈജു, ഏലൂർ ചീഫ് എൻജിനീയർ പി.ബി.ശ്രീലക്ഷ്മി,ഏലൂർ നഗരസഭ കൗൺസിലർമാരായ പി.എം.അബൂബക്കർ, എ.ഡി.സുജിൽ, ജാസ്മിൻ മുഹമ്മദ് കുഞ്ഞ്, പരിസ്ഥിതി പ്രവർത്തകർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പരിശോധന സ്ഥലത്ത് എത്തിയിരുന്നു.

പിസിബിസിഡബ്ല്യു ആർഡിഎം ശാസ്ത്രജ്ഞ രശ്മിയുടെ നേതൃത്വത്തിൽ രാസമാലിന്യം നിറഞ്ഞ ഭാഗത്തെ ജലം പരിശോധനയ്ക്കായി ശേഖരിക്കുന്നു.

വി.ഡി.സതീശന് എതിരെയുള്ള പരാതി തള്ളി

പറവൂർ: വി.ഡി.സതീശൻ എംഎൽഎക്കെതിരേ സിപിഎം ആലങ്ങാട് ഏരിയ കമ്മിറ്റി അംഗം വി.പി.ഡെന്നി നൽകിയ പരാതി പൊലീസ് തള്ളി. പരാതിയിൽ പറയുന്ന ഫെയ്സ് ബുക്ക് പോസ്റ്റിൽ പൊലീസിന് കേസെടുക്കാൻ കഴിയുന്ന പരാമർശങ്ങളൊന്നുമില്ലെന്ന് വരാപ്പുഴ സിഐ ഹരിലാൽ പറഞ്ഞു.

അതിജീവിയ്ക്കാം നാം ഒറ്റക്കെട്ടായി പ്രവർത്തനം തുടങ്ങി

പറവൂർ: കൊവിഡ് 19 രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കാരുണ്യ സൗഹൃദ സൊസൈറ്റി, ഭാരത് റൂറൽ ഹോസ്പിറ്റൽ എന്നിവർ സംയുക്തമായി നടപ്പാക്കുന്ന അതിജീവിക്കാം നാം ഒറ്റക്കെട്ടായി പദ്ധതിയുടെ ഒന്നാം ഘട്ടം വടക്കേക്കര പഞ്ചായത്ത് പ്രസിഡന്റ് കെ.എം അംബ്രോസ് ഉദ്ഘാടനം ചെയ്തു. ഇതിന്റെ ഭാഗമായി വടക്കേക്കര പഞ്ചായത്ത്, റേഷൻ കടകൾ, മാർക്കറ്റ് പരിസരം, ബാങ്കുകൾ, പൊലീസ് സ്റ്റേഷൻ,എന്നിവ അണുനാശിനി അടങ്ങിയ വെള്ളം ഉപയോഗിച്ച് അണുവിമുക്തമാക്കി. ഭാരത് റൂറൽ ഹോസ്പിറ്റൽ എംഡി എം.എം.സഗീർ, കാരുണ്യ പ്രസിഡന്റ് സാജു പുത്തൻവീട്ടിൽ, ജന സെക്രട്ടറി ഷൈൻ വർഗീസ് കളത്തിൽ, അജിത്ത് കോട്ടവിളയിൽ, ആന്റോ പറവൂർ എന്നിവർ നേതൃത്വം നൽകി.

കൊച്ചി മെട്രൊ നിർമാണ പ്രവർത്തനങ്ങൾ പുനഃരാരംഭിച്ചു

കൊച്ചി: കൊവിഡ് 19 വ്യാപനത്തെ തുടർന്ന് നിർത്തി വച്ച നിർമാണ പ്രവർത്തനങ്ങൾ കൊച്ചി മെട്രൊ റെയിൽ ലിമിറ്റഡ് പുനഃരാരംഭിച്ചു. കൊച്ചി മെട്രൊയുടെ ഒന്നാം ഘട്ടത്തിലുള്ള തൈക്കൂടം മുതൽ പേട്ട വരെയും പേട്ട മുതൽ എസ്എൻ ജംക്ഷൻ വരെയുള്ള വിപുലീകരണ പ്രവർത്തനങ്ങളാണ് ഇന്നലെ വീണ്ടും തുടങ്ങിയത്. സർക്കാർ നിർദേശങ്ങൾ കർശനമായി പാലിച്ചു കൊണ്ടാണ് പ്രവർത്തനങ്ങളെ ന്ന് കെഎംആർഎൽ അറിയിച്ചു. തൊഴിലാളികൾക്ക് നിർബന്ധിത മെഡിക്കൽ പരിശോധനക്ക് വിധേയമാക്കുന്നുണ്ട് കൈ കഴുകാനും ഭക്ഷണം കഴിക്കാനും പ്രത്യേക സൗകര്യമൊരുക്കി. മുഖാവരണവും ഉറപ്പാക്കി. പ്രവേശന സ്ഥലങ്ങളിൽ താപ സ്കാനറുകൾ സ്ഥാപിച്ചാണ് തൊഴിലാളികളെ പരിശോധിക്കുന്നത്.

നിരോധിത പുകയില ഉത്പന്നവുമായി അറസ്റ്റിൽ

ബിജു

കൊച്ചി: കൊവിഡ്19 പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ടു വാഹനപരിശോധനയ്ക്കിടെ നിരോധിത പുകയില ഉൽപ്പന്നമായ ഹാൻസുമായി യുവാവ് അറസ്റ്റിൽ. മറ്റൂർ യോർദനാപുരം കരയിൽ കൂരൻ വീട്ടിൽ ബിജു (45) ആണ് കാലടി പൊലീസ് ഇൻസ്പെക്റ്റർ എം.പി.ലത്തീഫ് പാർട്ടിയും അറസ്റ്റ് ചെയ്തത്. കാലടി ജംക്ഷനിൽ വാഹന പരിശോധന നടത്തി വരവേ മാസ്കും ഹെൽമറ്റും ധരിക്കാതെ സ്കൂട്ടറിൽ വന്നയാളെ തടഞ്ഞുനിർത്തി പരിശോധിപ്പോഴാണു പ്ലാസ്റ്റിക് ചാക്കിൽ 1200 പാക്കറ്റ് ഹാൻസ് കണ്ടെത്തിയത്. ഒരു പാക്കറ്റ് ഹാൻസിന് 55 രൂപയ്ക്കാണു വിൽപ്പന. ഇതിനുമുൻപും ഹാൻസ് കടത്തിയതിന് ഇയാളെ പൊലീസ് പിടികൂടിയിട്ടുണ്ട്. പിടികൂടിയ ഹാൻസിന് പതിനായിരം രൂപയോളം വിലവരും. ലോക് ഡൗൺ കാരണം ക്യാംപുകളിൽ കഴിയുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്കും ചെറുപ്പക്കാർക്കും വിൽപ്പന നടത്താനാണന്നാണ് പ്രതി പൊലീസിനോട് പറഞ്ഞത്.

റോഡുകളുടെ നിർമാണത്തിന് അനുമതിയായി: എംഎൽഎ

അങ്കമാലി: അങ്കമാലി- മഞ്ഞപ്ര റോഡുൾപ്പെടെ എറണാകുളം ജില്ലയിലെ എല്ലാ പൊതുമരാമത്ത് റോഡുകളുടേയും നിർമാണ പ്രവർത്തികൾ 25 മുതൽ പുനരാരംഭിക്കുവാൻ അനുമതി ലഭ്യമായതായി റോജി.എം.ജോൺ എംഎൽഎ അറിയിച്ചു. ലോക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ എല്ലാ നിർമാണ പ്രവർത്തികളും നിർത്തിവച്ചിരുന്നു. എന്നാൽ ഒന്നാം ഘട്ടം പണി പൂർത്തീകരിച്ചതും തൊഴിലാളികൾ വളരെ കുറച്ചു പണിയെടുക്കേണ്ടതും കൂടുതൽ യന്ത്രവൽകൃത നിർമാണം നടക്കേണ്ടതുമായ അങ്കമാലി മഞ്ഞപ്ര റോഡിന്റെ നിർമാണ പ്രവർത്തികൾ നടത്തുന്നതിനു വേണ്ടി ലോക് ഡൗൺ വ്യവസ്ഥകളിൽ പ്രത്യേക ഇളവുകൾ നൽകണമെന്ന് എംഎൽഎയും പഞ്ചായത്ത് ജനപ്രതിനിധികളും മുഖ്യമന്ത്രയോട് ആവശ്യപ്പെട്ടിരുന്നു. അത്തരത്തിലുള്ള ഒരു പ്രത്യേക അനുമതിയും ലഭ്യമായില്ല. ഇപ്പോൾ അതിനുള്ള നടപടി ആയെങ്കിലും റോഡു പണികൾക്കാവശ്യമായിട്ടുള്ള സാമഗ്രികൾ ലഭ്യമാകണമെങ്കിൽ ക്വാറികൾക്കും ക്രഷറുകൾക്കും പ്രവർത്തനാനുമതി ലഭ്യമാക്കേണ്ടതായിട്ടുണ്ട്. നിലവിൽ ഇവിടെ നേരത്തെ സ്റ്റോക്ക് ചെയ്തിരിക്കുന്ന സാമഗ്രികൾ ഉപയോഗിക്കാൻ മാത്രമാണ് അനുമതി നൽകിയിരിക്കുന്നത്. ഇതുമൂലം നിർമാണ പ്രവർത്തികൾ പ്രതിസന്ധിയിലാകുമെന്നും ഈ വിഷയത്തിൽ കൂടി പരിഹാരമുണ്ടാക്കണമെന്നും എംഎൽഎ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്കമാലി മണ്ഡലത്തിലെ എല്ലാ ക്വാറികളിലും ക്രഷറുകളിലും നിലവിൽ സ്റ്റോക്ക് ചെയ്തിരിക്കുന്ന സാമഗ്രികൾ ഇവിടെത്തന്നെയുള്ള പ്രവർത്തികൾക്കായി നൽകണമെന്ന് ക്വാറി, ക്രഷർ ഉടമകളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും എംഎൽഎ പറഞ്ഞു.

കമ്യൂണിറ്റി കിച്ചനിലെ ഭക്ഷണം കൊണ്ടുപോയതായി പരാതി

പറവൂർ: ചിറ്റാറ്റുകര പഞ്ചായത്തിന്റെ കമ്യൂണിറ്റി കിച്ചനിൽ നിന്നും ഭക്ഷണം എടുത്തു കൊണ്ടു പോയന്നാരോപിച്ചു ഡിവൈഎഫ്ഐ പ്രവർത്തകർ ഒരു സ്വകാര്യ കാറ്ററിംഗ് യൂണിറ്റിന് മുന്നിൽ ബഹളം വച്ചു. പിന്നീടു വടക്കേക്കര പൊലിസ് സ്ഥലത്തെത്തി കാറ്ററിംഗ് യൂണിറ്റിൽ നിന്നും ചോറും കറികളും കസ്റ്റഡിയിലെടുത്തു. ചിറ്റാറ്റുകര കമ്യൂണിറ്റി കിച്ചനെതിരെ സിപിഎം കുറെ ദിവസങ്ങളായി അപവാദ പ്രചരണങ്ങൾ നടത്തുന്നതായി പഞ്ചായത്തു പ്രസിഡന്റ് എ.ഐ.നിഷാദ് പറഞ്ഞു .കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നല്ല രീതിയിൽ ചിറ്റാറ്റുകരയിൽ നടക്കുന്നതിലുള്ള വിഷമം കൊണ്ടാണ് സിപിഎം ഇത്തരം രാഷ്ട്രീയ പ്രഹസനങ്ങൾ നടത്തുന്നതെന്നും പ്രസിഡന്റ് പറഞ്ഞു. ചിറ്റാറ്റുകര പഞ്ചായത്തു കമ്യൂണിറ്റി കിച്ചൻ പുതിയകാവു സ്കൂളിൽ ഭംഗിയായി നടക്കുന്നുണ്ടെന്നും പ്രസിഡന്റ് പറഞ്ഞു. പഞ്ചായത്ത് കമ്യൂണിറ്റി കിച്ചനിലെ ഭക്ഷണം ദുരുപയോഗം ചെയ്തതിനെതിരെ കേസെടുത്തു നടപടിയെടുക്കണമെന്നു ഡിവൈഎഫ്ഐ ഐ ആവശ്യപ്പെട്ടു.

മാധ്യമ പ്രവർത്തകർക്ക് സഹായം അനുവദിക്കണം: എൽദോ എബ്രഹാം

മൂവാറ്റുപുഴ: പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് അടിയന്തിര സഹായം പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് എൽദോ എബ്രഹാം എംഎൽഎ മുഖ്യമന്ത്രി പിണറായി വിജയന് കത്ത് നൽകി. രാജ്യം കൊവിഡ് 19ന്റെ ഭീതിയിൽ കഴിയുമ്പോൾ സ്വന്തമായി സുരക്ഷയൊരുക്കി സമൂഹത്തിലെത്തുന്ന പ്രാദേശിക ലേഖകർ കൊവിഡ് വ്യാപിക്കാതിരിക്കാൻ യഥാസമയം ആരോഗ്യ വിഭാഗം, പൊലീസ് ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്തുകൾ നൽകുന്ന നിർദ്ദേശങ്ങൾ ജനങ്ങളിലെത്തിക്കാൻ പ്രവർത്തിക്കുന്ന ചെറിയ വരുമാനക്കാരായ പ്രാദേശിക മാധ്യമപ്രവർത്തകർക്ക് മറ്റ് സഹായങ്ങൾ ഒന്നും ലഭിക്കുന്നില്ല. സർക്കാരിന്റെ പ്രത്യേക പാക്കേജിൽ ഇവരെക്കൂടി ഉൾപ്പെടുത്തി സർക്കാർ അടിയന്തിര സഹായം നൽകണമെന്ന് എൽദോ എബ്രഹാം എംഎൽഎ കത്തിലൂടെ ആവശ്യപ്പെട്ടു.

പുതിയ കൊവിഡ് കേസുകളില്ലാതെ കൊച്ചി

കൊച്ചി: ജില്ലയിൽ പുതിയ കൊവിഡ് കേസുകളില്ല. നിരീക്ഷണത്തിൽ പ്രവേശിപ്പിക്കുന്നവരുടെ എണ്ണവും കുറഞ്ഞു. ഇന്നലെ വീടുകളിൽ നിരീക്ഷണത്തിനായി 11 പേരെയാണു പുതിയതായി ഉൾപ്പെടുത്തിയത്. നിരീക്ഷണ കാലയളവ് അവസാനിച്ചതിനെ തുടർന്ന് 17 പേരെ നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി. ഇതോടെ ജില്ലയിൽ വീടുകളിൽ നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെ എണ്ണം 134 ആയി.

ഇതിൽ 42 പേർ ഹൈ റിസ്ക്ക് വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ 28 ദിവസത്തെ നിരീക്ഷണത്തിലും 92 പേർ ലോ റിസ്ക് വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ 14 ദിവസത്തെ നിരീക്ഷണത്തിലും ആണ്. പുതുതായി 5 പേരെയാണ് ആശുപത്രിയിൽ നിരീക്ഷണത്തിൽ പ്രവേശിപ്പിച്ചത്. ഇതിൽ രണ്ടു പേർ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലും 3 പേർ സ്വകാര്യ ആശുപത്രിയിലുമാണുള്ളത്.നിലവിൽ 15 പേരാണു ജില്ലയിലെ വിവിധ ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളിൽ കഴിയുന്നത്. കളമശേരി മെഡിക്കൽ കോളെജിൽ 4 പേരാണുള്ളത്. ഇതിൽ 2 പേരാണു കൊവിഡ് ബാധിച്ച് ചികിത്സയിലുള്ളത്. മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ 2 പേരും കരുവേലിപ്പടി താലൂക്ക് ആശുപത്രിയിൽ 2 പേരും സ്വകാര്യ ആശുപത്രികളിലായി 7 പേരും നിരീക്ഷണത്തിൽ ഉണ്ട്.

ജില്ലയിൽ നിന്നും 26 സാമ്പിളുകൾ കൂടി പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇന്ന് 26 പരിശോധന ഫലങ്ങളാണ് ലഭിച്ചത്. ഇവയെല്ലാം നെഗറ്റീവ് ആണ്. ഇനി 53 സാമ്പിൾ പരിശോധന ഫലങ്ങൾ കൂടി ലഭിക്കാനുണ്ട്. ജില്ലയിൽ പ്രവർത്തനമാരംഭിച്ച രണ്ട് കൊവിഡ് കെയർ സെന്ററുകളിലായി 24 പേർ നിരീക്ഷണത്തിൽ കഴിയുന്നുണ്ട്. ഇവരെല്ലാം തന്നെ തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലാണുള്ളത്.

ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ നേതൃത്വത്തിൽ നിരീക്ഷണത്തിൽ കഴിയുന്ന 196 പേർക്ക് കൗൺസലിംഗ് നൽകി. ഇത് കൂടാതെ കൺട്രോൾ റൂമിലേക്ക് വിളിച്ച 11 പേർക്കും ഇത്തരത്തിൽ കൗൺസലിംഗ് നൽകി.കൊച്ചി തുറമുഖത്ത് എത്തിയ 6 കപ്പലുകളിലെ 162 ക്രൂ അംഗങ്ങളെ പരിശോധിച്ചതിൽ ആർക്കും തന്നെ രോഗലക്ഷണങ്ങളില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന പലവ്യഞ്ജന കിറ്റുകളുടെ പായ്ക്കിങ് വെണ്ണല സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ഹാളിൽ നടക്കുന്നു.

തൊഴിലുറപ്പ് ജോലികൾ 25 ന് ആരംഭിക്കും

എറണാകുളം: ജില്ലയിൽ ലോക്ക് ഡൗണിന് ഇളവ് പ്രഖ്യാപിച്ചിട്ടുള്ള ഏപ്രിൽ 24ന് ശേഷം തൊഴിലുറപ്പ് ജോലികൾ പുനഃരാരംഭിക്കാൻ നിർദേശം നൽകി കൊണ്ട് സർക്കാർ ഉത്തരവായി. ജില്ലയിലെ ഹോട്സ്പോട്ടുകളിൽ ജോലികൾ ആരംഭിക്കില്ല.

നിബന്ധനകൾക്കനുസരിച്ചായിരിക്കും ജോലികൾ അനുവദിക്കുന്നത്. ലോക് ഡൗൺ മൂലം നിർത്തി വെച്ച ജോലികൾ, വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ, പൊതുകിണർ, ചാലുകൾ, തോടുകൾ എന്നിവയുടെ പുനർ നിർമാണം, കിണറുകൾ, മഴക്കുഴി, മൺകയ്യാല, ജൈവ വേലി, കമ്പോസ്റ്റ് സംവിധാനങ്ങൾ, തൊഴുത്ത് എന്നിവയുടെ നിർമാണം, തരിശ് ഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ തുടങ്ങിയ ജോലികൾക്കായിരിക്കും മുൻഗണന നൽകുന്നത്.

പൊതു പ്രവർത്തികൾക്ക് 20 പേരുള്ള മസ്റ്റർറോളുകൾ മാത്രമേ അനുവദിക്കൂ. അഞ്ചു പേരിൽ കൂടുതൽ കൂട്ടം കൂടാൻ അനുവദിക്കില്ല ഒരു മീറ്റർ ശാരീരിക അകലം പാലിച്ചു കൊണ്ടായിരിക്കണം ജോലികൾ ചെയ്യേണ്ടത്. പണിയായുധങ്ങൾ കൈമാറി ഉപയോഗിക്കാൻ പാടില്ല.ജോലി സ്ഥലത്ത് മുറുക്കാൻ, പുകവലി, പാൻ മസാല ഉപയോഗം എന്നിവ പൂർണമായി നിരോധിച്ചിട്ടുണ്ട്.

ലോക് ഡൗൺ: പട്ടിണിയിലായി കൊച്ചിയിലെ മയിൽ

മട്ടാഞ്ചേരി: ലോക് ഡൗൺ മൂലം പട്ടിണിയിലായ പ്രാവുകൾക്കും നായകൾക്കും ആഹാരം നൽകാൻ പൊലീസുകാരും സന്നദ്ധ പ്രവർത്തകരുമുണ്ടെങ്കിലും ഫോർട്ടുകൊച്ചിയിൽ ആരും ശ്രദ്ധിക്കപ്പെടാതെ പോയ ഒരു പക്ഷിയുണ്ട്. മയിൽ . ഏതാണ്ട് രണ്ടു വർഷത്തോളമായി ഫോർട്ടുകൊച്ചി മേഖലയിൽ എത്തപ്പെട്ടതാണ് ഈ ആൺമയിൽ.

ആദ്യം ഒരു പെൺമയിൽ കൂട്ടിനുണ്ടായിരുന്നുവെങ്കിലും പിന്നീടു കാണാതായി. വൃക്ഷങ്ങളിലും കെട്ടിടങ്ങളുടെ മുകളിലും വന്നിരിക്കുന്ന മയിലിന് ഓട്ടോറിക്ഷക്കാരും നാട്ടുകാരും കപ്പലണ്ടിയും മറ്റും നൽകാറുണ്ടായിരുന്നു.

ലോക് ഡൗൺ മൂലം ഫോർട്ടുകൊച്ചി വിജനമായതോടെ ഇവയുടെ ഭക്ഷണവും നിലച്ചു. രാവിലെ കടപ്പുറം മേഖലയിൽ മയിലിെ സ്ഥിരം സാന്നിധ്യം കണ്ടു വരുന്നുണ്ട്. കടൽ തീരത്തെ ചെറു പ്രാണികളാണ് ഇപ്പോഴത്തെ ഭക്ഷണം. കടപ്പുറം വിജനമായതിനാൽ ധൈര്യപൂർവം പ്രാണികളെ തപ്പി നടക്കാമെന്നതാണ് മയിലിന്റെ ഏക ആശ്വാസം.

ആഹാരമായ ചെറുപ്രാണികളെ തപ്പി നടക്കുന്ന മയിൽ .

ശക്തമായ കാറ്റിലും മഴയിലും മൂക്കന്നൂർ ദേവഗിരിയിലും താബോറിലും വൻ കൃഷിനാശം

അങ്കമാലി: ഇടിമിന്നലിന്റെയും കാറ്റിന്റെയും അകമ്പടിയോടെ വേനൽ മഴ തകർത്തപ്പോൾ മുക്കന്നൂർ പഞ്ചായത്തിലെ ദേവഗിരി, മഞ്ഞിക്കാട്, ശങ്കരൻകുഴി, മൂലേപ്പാറ, താബോർ, എടലക്കാട്, പറമ്പയം, വട്ടേക്കാട് പ്രദേശങ്ങളിൽ വൻ നാശം.

വൃക്ഷങ്ങൾ ഒടിഞ്ഞും കടപുഴകിയും വീണു നിരവധി വീടുകളും വൈദ്യുതി പോസ്റ്റുകളും തകർന്നു. മൂക്കന്നൂർ-ഏഴാറ്റുമുഖം റോഡിൽ പാറ, കുഴുക്കാരൻകവല, എടലക്കാട് എന്നിവിടങ്ങളിലും പൂതംകുറ്റി-ദേവഗിരി റോഡിൽ മൂലേപ്പാറ, ശങ്കരൻകുഴി, കോഴികുളം എന്നിവിടങ്ങളിലും റോഡുകളിൽ മരങ്ങളും വൈദ്യുതി പോസ്റ്റുകളും വീണ് ഗതാഗത തടസമുണ്ടായി.

പഞ്ചായത്ത് ഒന്നാംവാർഡ് മെമ്പർ വി.സി.കുമാരൻ, പാറയിൽ വാസു, പാനികുളങ്ങര ഷൈജോ, വടക്കുംഞ്ചേരി തോമസ്, കിടങ്ങേത്ത് തോമസ്, കുറ്റിനപ്പിള്ളി ലക്ഷ്മി, ലത വിജയൻ ചീരംമ്പിള്ളി , ഡേവീസ് വെട്ടിയ്ക്ക, പാലിമറ്റം രമേശൻ എന്നിവരുടെ വീടുകൾക്കും പറമ്പയം ലക്ഷംവീട് കോളനിയിലെ നിരവധി വീടുകൾക്കും നാശമുണ്ടായി. ബേബി വെട്ടിയ്ക്ക, മാഞ്ഞൂരാൻ ഗിർവ്വാസീസ്, കുറുങ്ങാടൻ ഷാജി, ഇഞ്ചിപ്പറമ്പൻ ബെന്നി, അറയ്ക്ക തോമസ് തുടങ്ങിയവരുടെ വാഴത്തോട്ടങ്ങളും മാടശ്ശേരി മാത്തച്ചൻ, പാലാട്ടി അനീഷ്, കൂരൻ പുളിയാപ്പിള്ളി ഷിബു, മുണ്ടയ്ക്ക പൗലോസ്, കൊല്ലേലി ജോസ് തുടങ്ങിയവരുടെ ജാതിത്തോട്ടങ്ങളും നിരവധി റബർ തോട്ടങ്ങളും പൂർണമായി നശിച്ചു. കപ്പ, വാഴ, തെങ്ങ്, കമുക്, റംബൂട്ടാൻ തുടങ്ങിയ നിരവധി വിളകൾ നശിച്ചു. ദേവഗിരി പ്രീസ്റ്റ് ഹോമിന്റെ മേൽക്കൂര വൃക്ഷങ്ങൾ വീണ് തകർന്നു. നിരവധി കോഴി ഫാമുകൾക്കും നാശമുണ്ടായിട്ടുണ്ട്.

ബെന്നി ബഹനാൻ എംപി, റോജി.എം.ജോൺ എംഎൽഎ, പഞ്ചായത്ത് പ്രസിഡന്റ് ജയ രാധാകൃഷ്ണൻ, സഹകരണ ബാങ്ക് പ്രസിഡന്റ് കെ.പി. ബേബി, ബ്ലോക്ക് പഞ്ചായത്ത് അംഗം ടി.എം.വർഗീസ്, പഞ്ചായത്ത് മെമ്പർമാരായ ഏല്യാസ് കെ.തരിയൻ, കെ.വി.ബിബിഷ്, വി.സി.കുമാരൻ, സ്വപ്ന ജോയി, ബീന ജോൺസൺ എന്നിവർ സ്ഥലം സന്ദർശിച്ച് നാശനഷ്ടങ്ങൾ വിലയിരുത്തി. റോജി.എം.ജോൺ എംഎൽഎ യുടെ നിർദ്ദേശപ്രകാരം കൃഷി, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ നാശനഷ്ടങ്ങളുടെ കണക്കെടുപ്പാരംഭിച്ചു. ഫയർഫോഴ്സ് ഉദ്യോഗസ്ഥന്മാർ ഗതാഗത തടസം നീക്കുന്നതിനാവശ്യമായ ശ്രമം ആരംഭിച്ചു. മേഖല ഒന്നാകെ ഇരുട്ടിലാണ്. വീടുകൾക്കും കൃഷിക്കും നാശം സംഭവിച്ചവർക്ക് അർഹമായ സഹായം ലഭ്യമാക്കണമെന്ന് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് ഏല്യാസ് കെ. തരിയൻ സർക്കാറിനോടാവശ്യപ്പെട്ടു.

മില്ലിൽ നിന്നു കോട പിടിച്ചു

അങ്കമാലി: എടക്കുന്നിൽ പൂട്ടികിടക്കുന്ന അരിമില്ലിൽ നിന്നും ചാരായം വാറ്റുന്നതിനായി തയ്യാറാക്കിയ 400 ലിറ്റർ വാഷ് അങ്കമാലി എക്സൈസ് സംഘംപിടികൂടി നശിപ്പിച്ചു. എക്സൈസ് സംഘത്തിന് ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് നടത്തിയ പരിശോധനയിലാണ് വാഷ് കണ്ടെത്തിയത്. രണ്ട് ഡ്രമ്മുകളിലായി റൈസ് മില്ലിന് പിന്നിൽ ഷീറ്റ് കൊണ്ട് മറച്ച് ഒളിപ്പിച്ചനിലയിലാണ് വാഷ് കണ്ടെത്തിയത്. പ്രതികളെക്കുറിച്ച് വ്യക്തമായ സൂചന ലഭിച്ചിട്ടുണ്ട്. അങ്കമാലി അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്റ്റർ കെ. വിനോദിന്റെ നേതൃത്വത്തിൽ പ്രിവന്റീവ് ഓഫിസർ എ.ബി.സജീവ് കുമാർ, എം.എ.ഷിബു, വി.ബി.രാജേഷ്, പി.പി.ഷിവിൻ, സി.എസ്. വിഷ്ണു, ജാക്സൺ തോമസ്,വനിത സിവിൽ ഓഫിസർ എം.എ. ധന്യ എന്നിവർ ചേർന്നാണ് പരിശോധന നടത്തിയത്.

കാലിക്കുപ്പികളിലെ കലാവിസ്മയം; പഠിച്ചും പഠിപ്പിച്ചും രഞ്ജുവെന്ന വീട്ടമ്മ

കൂത്താട്ടുകുളം: വീട്ടമ്മയുടെ നേതൃത്വത്തിൽ ഒഴിഞ്ഞ കുപ്പികളിലും പാഴ്വസ്തുക്കളിലും നാട്ടുകാർക്ക് കലാവിസ്മയമൊരുക്കുകയാണ് ഒരു പറ്റം കുട്ടികൾ.

ബാപ്പുജി കവലയിലെ ഓലിയക്കുളങ്ങര വീട്ടിൽ പ്രവീൺ ഗോപാലിന്റെ ഭാര്യ രഞ്ജു പ്രവീണാണ് ലോക് ഡൗൺ കാലത്ത് ഒരു കല പഠിച്ച്, സമീപവാസികളായ പത്തോളം കുട്ടികൾക്ക് പകർന്നു നൽകുന്നത്.

ഒരു മാസം കൊണ്ട് ഇവരുടെ കലാമികവിൽ, പാഴ് വസ്തുക്കൾ കൊണ്ട് വിരിഞ്ഞത് നൂറോളം ഡിസൈനുകളിലുള്ള സൃഷ്ടികൾ. കേരള മുഖ്യമന്ത്രി പിണറായി വിജയനും ആരോഗ്യ പ്രവർത്തകർക്കും ആദരവ് അർപ്പിച്ചുള്ള കലാസൃഷ്ടിയും കൂട്ടത്തിലുണ്ട്.

ആവശ്യക്കാരായ കലാസ്നേഹികൾക്ക് ചെറിയ തുക ഈടാക്കി സൃഷ്ടികൾ നൽകുന്നു.

സമീപം അമ്പതോളം വീടുകളുള്ള പ്രദേശത്തെ പത്തോളം കുട്ടികൾക്ക് ഫോൺ മുഖേന പരിശീലനം നൽകി വരികയാണ്.

മൂന്നു പേരടങ്ങുന്ന കുട്ടി സംഘം ഊഴമിട്ട് വന്നും പരിശീലനം നേടുന്നുണ്ട്. വാഴക്കുളം അഗ്രോ പൈനാപ്പിൾ പ്രൊസസിങ് ഫാക്റ്ററി ജീവനക്കാരിയാണ് രഞ്ജു. ലോക് ഡൗൺ മൂലം ഇപ്പോൾ ജോലിക്ക് പോകുന്നില്ല.കൂത്താട്ടുകുളം ഗവ.യുപി സ്കൂളിൽ യുകെജി വിദ്യാർഥിയായ മകൻ അനയ് പ്രവീൺ, ഇതേ സ്കൂളിലെ വിദ്യാർഥികളായ അഭിരാമി.പി.ആർ, അമയ ബൈജു, അനാമിക ബിജു, ഗൗരി ഷിജു, ആദർശ് ബിജു, ജഗൻ ഷിജു, അഖിലേഷ് അജയൻ, ശിവ ജയപാൽ തുടങ്ങിയവരെല്ലാം ഈ വീട്ടമ്മയിൽ നിന്നും പരിശീലനം നേടി കുപ്പികളും പാഴ് വസ്തുക്കളും കോർത്തിണക്കി വിവിധ കലാസൃഷ്ടികൾ ഒരുക്കുകയാണ്.

രഞ്ജു കുപ്പികളിൽ കലാസൃഷ്ടികൾ ഒരുക്കുന്നു.

തുറക്കാത്ത മൂവാറ്റുപുഴ സബ് റജിസ്റ്റാർ ഓഫിസ് മുന്നിൽ ബ്ലോക്ക് പഞ്ചായത്ത് അംഗം ടി.എം.ഹാരീസ്.

മൂവാറ്റുപുഴ സബ് റജിസ്റ്റാർ ഓഫിസ് തുറക്കാത്തതിനെതിരേ പരാതി

മൂവാറ്റുപുഴ: അത്യാവശ്യ ഫയലുകളിൽ തീരുമാനമുണ്ടാകുന്ന നിലയിൽ ഓഫീസ് പ്രവർത്തനം ഉറപ്പാക്കണമെന്ന് സർക്കാർ നിർദേശം അവഗണിച്ച മൂവാറ്റുപുഴ സബ് റജിസ്റ്റാർ ഓഫിസിനെതിരേ ബ്ലോക്ക് പഞ്ചായത്തംഗം ടി.എം.ഹാരിസ് ജില്ല കലക്റ്റർക്ക് പരാതി നൽകി. ലോക് ഡൗൺ ആയതോടെ പൂട്ടിയിട്ട നിലയിലാണ് സബ് റജിസ്റ്റാർ ഓഫിസ്. വെല്ലൂർ സിഎംഎസ് മെഡിക്കൽ കോളെജിൽ ചികിത്സയിലുള്ള മൂവാറ്റുപുഴ സ്വദേശിയായ വീട്ടമ്മയുടെ അടിയന്തര ശസ്ത്രക്രിയാ ചെലവിനായി സഹകരണ ബാങ്കിൽ നിന്നു വായ്പ എടുക്കാൻ ബാധ്യത സർട്ടിഫിക്കറ്റിനായി രണ്ടാം വട്ടം ഓഫിസിലെത്തിയതായിരുന്നു ബ്ലോക്ക് പഞ്ചായത്തംഗം. ഒരാഴ്ച മുൻപ് ഓഫിസിലെത്തി സബ് രജിസ്ട്രാറോട് കാര്യം പറഞ്ഞെങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥനെത്തുന്ന മുറയ്ക്ക് ഓൺലൈനിൽ ബാങ്കിലേക്ക് രേഖ അയക്കാമെന്ന് അറിയിച്ചിരുന്നു. ഇതിനു മൂന്നു ദിവസം അവധിയും പറഞ്ഞിരുന്നു. മൂന്നു ദിവസം കഴിഞ്ഞിട്ടും രേഖ ബാങ്കിലെത്തായതോടെ ഇന്നലെ രാവിലെ 11.30ന് ജനപ്രതിനിധി ഓഫിസിലെത്തിയപ്പോൾ പൂട്ടിയ ഓഫിസാണ് കണ്ടത്. ഉച്ചവരെ നിന്നെങ്കിലും ആരെയും കണ്ടില്ല.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.110 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from **Vaartha News Network Pvt. Ltd,** Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

എക്സൈസ് 85 ലിറ്റർ കോട പിടികൂടി

കരുനാഗപ്പള്ളി: എക്സൈസ് 85 ലിറ്റർ കോട പിടികൂടി. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ കെ. പി. മോഹനന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് കോട പിടികൂടിയത്. കരുനാഗപ്പള്ളി എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർ പി. അനിൽകുമാറിന്റെ നിർദേശപ്രകാരം നടത്തിയ റെയ്ഡിൽ കരുനാഗപ്പള്ളി അഴീക്കൽ ചന്തക്കടവിന് സമീപം ചെമ്പകശ്ശേരിൽ വീട്ടിൽ സുനിൽകുമാറിന്റെ വീടിന്റെ ടെറസ്സിൽ ഒളിപ്പിച്ചു സൂക്ഷിച്ചിരുന്ന 85 ലിറ്റർ കോടയാണ് കണ്ടെടുത്തത്. റെയ്ഡിൽ പ്രിവന്റീവ് ഓഫീസർ എം. സുരേഷ് കുമാർ സിവിൽ എക്സൈസ് ഓഫീസർമാരായ അജയഘോഷ്, വിനീഷ്, പ്രഭകുമാർ, യൂജിൻ, ജിനു തങ്കച്ചൻ എന്നിവർ പങ്കെടുത്തു.

പിഎം കെയറിലേക്ക് സംഭാവന നൽകി

നെയ്യാറ്റിൻകര: പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി ക്രൈസ്തവ പുരോഹിതൻ മാതൃകയാകുന്നു.

നെയ്യാർഡാം ആത്മമാരി ആരാധനാലയത്തിലെ പാസ്റ്റർ വൈ. എസ്. എലീശയാണ് പിഎം കെയറിലേക്ക് സംഭാവന നൽകിയത്. കൊവിഡ് വ്യാപനം തടയുന്നതിലും ലോക്ഡൗൺ കാലഘട്ടത്തിൽ പാവപ്പെട്ടവർക്ക് വേണ്ടി നടത്തുന്ന സേവനങ്ങളിലും കേന്ദ്ര സർക്കാർ ലോകത്തിനു തന്നെ മാതൃകയാകുകയാണെന്ന് അദ്ദേഹം പറഞ്ഞു.

ബിജെപി സംസ്ഥാന സെക്രട്ടറി കരമന ജയൻ വീട്ടിലെത്തിയാണ് അദ്ദേഹത്തിൽ നിന്നും സംഭാവന സ്വീകരിച്ചത്. ബിജെപി മണ്ഡലം പ്രസിഡന്റ് ഇഞ്ചിവിള അനിൽ, ജനറൽ സെക്രട്ടറി ആലത്തൂർ പ്രസന്നൻ, കള്ളിക്കാട് പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് പന്ത ശ്രീകുമാർ, രാധാ ജോണി തുടങ്ങിയവരുടെ സാന്നിധ്യത്തിലായിരുന്നു സംഭാവന സ്വീകരിച്ചത്.

ബഹുമതി യുഎസ്ടി ഗ്ലോബലിന്

തിരുവനന്തപുരം: ഡിജിറ്റൽ ട്രാൻസ്ഫൊർമേഷൻ സൊല്യൂഷൻസ് കമ്പനിയായ യു എസ് ടി ഗ്ലോബലിന് 2020ലെ ബെസ്റ്റ് ഇന്നൊവേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പുരസ്കാരം ലഭിച്ചു.

സമൂഹത്തെ ഏറ്റവുമധികം സ്വാധീനിക്കുന്ന നൂതനമായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മികവിന് മൈക്രോ സോഫ്റ്റ് നൽകി വരുന്ന അംഗീകാരമാണിത്. സാങ്കേതിക രംഗത്തെ മികവിന് തുടർച്ചയായ വർഷങ്ങളിൽ നിരവധി പുരസ്കാരങ്ങളാണ് കമ്പനിയെ തേടിവരുന്നത്.

സാമൂഹ്യ ജീവിതത്തിൽ നിർണായക സ്വാധീനമുണ്ടാക്കുന്ന എ ഐ അപ്ലിക്കേഷനുകൾ വികസിപ്പിച്ച, മൈക്രോ സോഫ്റ്റിന്റെ ഉപയോക്താക്കളോ പങ്കാളികളോ ആയ സ്ഥാപനങ്ങളാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അവാർഡ്സ് 2.0വിൽ മത്സരിച്ചത്. ലോകത്തെ മുഴുവൻ ഉപയോക്താക്കൾക്കും പ്രയോജനപ്രദമായ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിൽ എണ്ണമറ്റ നേട്ടങ്ങൾ കൈവരിക്കാൻ കമ്പനിക്കായെന്ന് യുഎസ്ടി ഗ്ലോബൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൃഷ്ണ സുധീന്ദ്ര.

സൗജന്യ മാസ്ക് വിതരണം ചെയ്തു

വെള്ളറട: സിപിഐ പാറശ്ശാല മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആനാവൂർ ബ്രാഞ്ച് കമ്മിറ്റിയും എഐവൈഎഫ് യൂണിറ്റ് കമ്മിറ്റിയും സംയുക്തമായി കുന്നത്തുകാൽ പഞ്ചായത്തിലെ ആനാവൂർ വാർഡിൽ നടത്തിയ സൗജന്യ മാസ്ക് വിതരണം മണ്ഡലം സെക്രട്ടറി സി. സുന്ദരേശൻ നായർ ഉത്ഘാടനം ചെയ്തു.

ലോക്കൽ കമ്മിറ്റി സെക്രട്ടറി ആനാവൂർ മണികണ്ഠൻ, ലോക്കൽ കമ്മിറ്റിയംഗങ്ങൾ ബ്രാഞ്ച് സെക്രട്ടറി മെമ്പർമാർ തുടങ്ങിയവർ പങ്കെടുത്തു.

ഹോമിയോ മരുന്ന് വിതരണം

വെള്ളറട: കൊവിഡ് 19 പശ്ചാത്തലത്തിൽ ജനങ്ങൾക്ക് രോഗ പ്രതിരോധശേഷി വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നെയ്യാർഡാം പെരുംകുളങ്ങര ഭ്രീഭദ്ര എൻഎസ്എസ് കരയോഗത്തിന്റെയും കേന്ദ്ര സർക്കാർ ആയുഷ് മന്ത്രാലയത്തിന്റെയും ആഭിമുഖ്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോമിയോപ്പതി കേരളയുടെ സഹകരണത്തോടെ ഹോമിയോ പ്രതിരോധ മരുന്നുകൾ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിലും വിതരണം ചെയ്തു. ഡോ. ലക്ഷ്മി, ഡോ. അമല, കരയോഗം സെക്രട്ടറി സുരേഷ്, പ്രസിഡന്റ് തങ്കപ്പൻപിള്ള, ജോ. സെക്രട്ടറി ഗോപാലകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിലാണ് മരുന്നുവിതരണം നടത്തിയത്.

കൊഹിമയിൽ കുടുങ്ങിയ സേനാംഗങ്ങളെ നാട്ടിലെത്തിക്കാൻ നടപടി സ്വീകരിച്ചു

കൊട്ടാരക്കര: ഇന്ത്യ റിസർവ് ബറ്റാലിയന്റെ കേരള ഘടകത്തിൽ നിന്ന് ഉന്നത പരിശീലനത്തിനായി മണിപ്പൂരിലേക്ക് പോയ 123 അംഗ സംഘം യാത്രാ മദ്ധ്യേ നാഗാലാന്റിൽ കുടുങ്ങിയ സംഭവം കുടുംബാംഗങ്ങളെ ആകെ വിഷമത്തിലാക്കിയിരുന്നു. എന്നാൽ അവരെ പ്രത്യേക ട്രെയിൻ മാർഗ്ഗം ബാംഗ്ലൂരും തുടർന്ന് സേനയുടെ വാഹനത്തിൽ കേരളത്തിലുമെത്തിക്കാനും നടപടി സ്വീകരിച്ചതായി കൊടിക്കുന്നിൽ സുരേഷ് എംപി അറിയിച്ചു. മണിപ്പൂരിൽ നിന്നും പരിശീലനം പൂർത്തിയാക്കി കേരളത്തിലേക്ക് മടങ്ങാനുള്ള ഒരുക്കങ്ങൾക്കിടയിലാണ് കേന്ദ്രം ലോക്ഡൗൺ പ്രഖ്യാപിച്ചത്. ഇതേ തുടർന്ന് യാത്ര മുടങ്ങിയ പൊലീസ് സംഘത്തെ കൊഹിമ ബിഎസ്എഫ് ബറ്റാലിയനിൽ താമസിപ്പിച്ചിരിക്കുകയാണ്.

സേനാംഗങ്ങളിൽ ചിലരുടെ ബന്ധുക്കൾ കൊടിക്കുന്നിൽ സുരേഷ് എംപിയുമായി ബന്ധപ്പെട്ടിരുന്നു. ഇതേ തുടർന്ന് അദ്ദേഹം കേന്ദ്ര ആഭ്യന്തര മന്ത്രി ആമിത് ഷായുമായി സംസാരിക്കുകയും കത്ത് നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് അവരെ ഇന്ന് റോഡ് മാർഗ്ഗം കൊഹിമയിൽ നിന്നും ബിമാൻപൂർ വഴി ഗോഹട്ടിയിലെത്തിക്കും. തുടർന്ന് രാത്രി സ്പെഷ്യൽ ട്രെയിനിൽ ബാംഗ്ലൂരിലെത്തിക്കുകയും തുടർന്ന് സേനാ വാഹനത്തിൽ കേരളത്തിൽ എത്തിക്കുമെന്നും കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചതായി എംപി പറഞ്ഞു.

ട്രെയിനിൽ സേനാംഗങ്ങൾക്ക് ആവശ്യമായ ഭക്ഷണവും മരുന്നും ഏർപ്പാടാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇവർക്കാവശ്യമായ എല്ലാ ക്രമീകരണങ്ങളും ഏർപ്പാടാക്കിയ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്ക് എംപി പ്രത്യേകം നന്ദി അറിയിച്ചു.

ലോക ഭൗമദിനത്തോടനുബന്ധിച്ച് മന്ത്രി രാമചന്ദ്രൻ കടന്നപള്ളി ഔദ്യോഗിക വസതിയിൽ പച്ചക്കറി വിത്തുകൾ നടുന്നു. സമീപം ഭാര്യ സരസ്വതി ടീച്ചർ.

മെഡിക്കൽ കോളെജ് ക്യാമ്പസിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ പ്രിൻസിപ്പൽ ഡോ. എം. കെ. അജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.

മെഡിക്കൽ കോളെജ് ക്യാമ്പസിൽ മഴക്കാലപൂർവ്വ ശുചീകരണം ആരംഭിച്ചു

തിരുവനന്തപുരം: കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനൊപ്പം മെഡിക്കൽ കോളെജ് ക്യാമ്പസിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കും തുടക്കമായി.

ക്യാമ്പസിനെ പത്ത് സോണുകളായി തിരിച്ച് ഓരോ സോണിലും നിശ്ചയിച്ചിട്ടുള്ള സൂപ്പർവൈസർമാരുടെ നേതൃത്വത്തിലാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, പ്രിൻസിപ്പൽ ഓഫീസ്, മെഡിക്കൽ കോളെജ്, എസ്എ ടി, ആർസിസി, ശ്രീ ചിത്ര ആശുപത്രികളും കോളെജ് ഡിപ്പാർട്ട്മെന്റുകൾ, നേഴ്സിംഗ് - ഫാർമസി കോളേജുകൾ, പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ഡെന്റൽ കോളെജ് പരിസരങ്ങൾ, ഹോസ്റ്റലുകൾ, ക്വാർട്ടേഴ്സ് തുടങ്ങി ക്യാമ്പസിലെ എല്ലാ മേഖലകളിലും എത്തിച്ചേരും വിധമാണ് ശുചീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. കൂത്താടി നശീകരണ പ്രവർത്തനങ്ങൾ, മാലിന്യങ്ങൾ പൂർണ്ണമായ തോതിൽ നീക്കം ചെയ്യൽ, ഓടകൾ വൃത്തിയാക്കൽ, പാഴ് വസ്തുക്കൾ നീക്കം ചെയ്യൽ, കാടുവെട്ടൽ, അണുനശീകരണ പ്രവർത്തനങ്ങൾ എന്നിവ ഓരോ സോൺ കേന്ദ്രീകരിച്ച് നടപ്പിലാക്കും.

ഇന്നലെ രാവിലെ ഒപി ബ്ലോക്കിന് മുന്നിൽ മെഡിക്കൽ കോളെജ് പ്രിൻസിപ്പൽ ഡോ. എം. കെ. അജയകുമാർ ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു.

ആശുപത്രി സൂപ്രണ്ട് ഡോ. എം. എസ്. ഷർമ്മദ്, എസ്എടി സൂപ്രണ്ട് ഡോ. സന്തോഷ്കുമാർ എന്നിവർ ക്യാമ്പസിൽ ആസൂത്രണം ചെയ്തിട്ടുള്ള ശുചീകരണ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

ഡെപ്യൂട്ടി സൂപ്രണ്ടുമാരായ ഡോ. ജോബിജോൺ, ഡോ. സുനിൽകുമാർ, ആർഎംഒ ഡോ. മോഹൻറോയ്, എആർഎംഒമാരായ ഡോ. സുജാത, ഡോ. ഷിജു മജീദ്, നേഴ്സിംഗ് ഓഫീസർമാർ, സേഴ്സിംഗ് സൂപ്രണ്ടുമാർ, ഹൗസ്കീപ്പിംഗ് വിഭാഗം ഉദ്യോഗസ്ഥർ, പീഡ് സെൽ ഉദ്യോഗസ്ഥർ, ക്ലീൻ ക്യാമ്പസ് ക്യാമ്പയിൻ നോഡൽ ഓഫീസർ ഡി മധുസൂദനൻ, സെക്യൂരിറ്റി ഓഫീസർ അജിത് കുമാർ എന്നിവർ സംസാരിച്ചു.

പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് പ്രത്യേക സാമ്പത്തിക പാക്കേജ് നടപ്പിലാക്കണം

കൊല്ലം: പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് കൊവിഡ് ദുരിതവുമായി ബന്ധപ്പെട്ട് പ്രത്യേക സാമ്പത്തിക പാക്കേജ് നടപ്പിലാക്കണമെന്ന് കേരള ജേർണലിസ്റ്റ് യൂണിയൻ കൊല്ലം ജില്ലാ നേതൃത്വം ആവശ്യപ്പെട്ടു.

സർക്കാർ ആശ്വാസ ധന സഹായം നൽകുക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ജേർണലിസ്റ്റ് യൂണിയൻ കൊല്ലം ജില്ല കമ്മിറ്റിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾക്കും ജില്ലാ ഭരണകൂടത്തിനും നിവേദനം നൽകി. എൻ. കെ. പ്രേമചന്ദ്രൻ എംപി, എംഎൽഎമാരായ എം. നൗഷാദ്, എം. മുകേഷ്, കൊല്ലം ജില്ലാ കലക്റ്റർ അബ്ദുൽ നാസർ, ജില്ലാ ലേബർ ഓഫീസർ ബിന്ദു എന്നിവർക്കാണ് നിവേദനം നൽകിയത്. എംഎൽഎമാരായ ആർ. രാമചന്ദ്രൻ, കെ. ബി. ഗണേഷ് കുമാർ എന്നിവർക്ക് അതാത് മേഖല കമ്മിറ്റിയുടെ നേതൃത്വത്തിലും നിവേദനം സമർപ്പിച്ചു. വിവിധ മേഖല കമ്മിറ്റികളുടെ നേതൃത്വത്തിൽ ഓരോ നിയോജകമണ്ഡലത്തിലെ എംഎൽഎമാർക്കും പ്രത്യേകം നിവേദനങ്ങൾ സമർപ്പിച്ച് വരുന്നുണ്ട്. പ്രാദേശിക മാധ്യമപ്രവർത്തകരുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ എത്തിച്ച് വേണ്ട പരിഗണന ലഭ്യമാക്കുമെന്നും ജനപ്രതിനിധികൾ ഉറപ്പ് നൽകി.

കെജെയു ജില്ലാ പ്രസിഡന്റ് വർഗീസ് എം. കൊച്ചുപറമ്പിൽ, ജില്ലാ സെക്രട്ടറി അശ്വിൻ പഞ്ചാക്ഷരി, ജില്ലാ ട്രഷറർ എം. ഗിരീഷ് ബാബു, സംസ്ഥാന കമ്മിറ്റിയംഗം ജയകുമാർ എന്നിവരുടെ നേതൃത്വത്തിലാണ് നിവേദനം നൽകിയത്.

സംസ്ഥാനത്തുള്ള പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് പ്രത്യേക സാമ്പത്തിക പാക്കേജ് നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണമെന്നും ഇതിനായി ജനപ്രതിനിധികൾ ശ്രമിക്കണമെന്നും ജില്ലാ നേതൃത്വം ജനപ്രതിനിധികളോട് പ്രത്യേകം ആവശ്യപ്പെട്ടു.

കേരള ജേർണലിസ്റ്റ് യൂണിയൻ കൊല്ലം ജില്ല കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ കലക്റ്റർക്ക് കെജെയു ജില്ലാ പ്രസിഡന്റ് വർഗീസ് എം. കൊച്ചുപറമ്പിൽ നിവേദനം നൽകുന്നു.

'ഒരു സങ്കീർത്തനം പോലെ' നൂറ്റിപതിനഞ്ചാം പതിപ്പ് ഇന്ന് പുറത്തിറങ്ങും

തിരുവനന്തപുരം: സങ്കീർത്തനം പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച പെരുമ്പടവം ശ്രീധരന്റെ ഒരു സങ്കീർത്തനം പോലെ എന്ന നോവലിന്റെ നൂറ്റിപതിനഞ്ചാം പതിപ്പ് ലോക പുസ്തക ദിനമായ ഇന്ന് പുറത്തിറങ്ങും. 1993 സെപ്റ്റംബറിലാണ് പെരുമ്പടവത്തിന്റെ ഒരു സങ്കീർത്തനം പോലെ പ്രസിദ്ധീരിച്ചത്. ആദ്യ പതിപ്പ് വിജയിച്ചപ്പോൾ അതേ പേരിൽ പബ്ലിക്കേഷൻസ് ആരംഭിക്കുകയായിരുന്നു. പുതിയ പതിപ്പിന്റെ പ്രകാശന ചടങ്ങ് വേണ്ടെന്നു പ്രസാധകനും പെരുമ്പടവും തീരുമാനിച്ചു. വയലാർ അവാർഡ് ഉൾപ്പെടെ പത്ത് അവാർഡുകളാണ് ഈ നോവൽ നേടിയത്. ഹിന്ദി, തമിഴ്, കന്നഡ, ഇംഗ്ലീഷ്, ഗുജറാത്തി, അറബി ഭാഷകളിൽ നോവൽ തർജമ ചെയ്തു.

ആര്യങ്കാവിലും കുളത്തൂപ്പുഴയിലും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി

കൊട്ടാരക്കര: കൊവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിക്കപ്പെട്ട ലോക്ക് ഡൗണിന്റെ ഭാഗമായി ആര്യങ്കാവിലും കുളത്തൂപ്പുഴയിലും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി കൊല്ലം റൂറൽ പൊലീസ്. സംസ്ഥാന അതിർത്തി പങ്കിടുന്ന കൊല്ലം റൂറൽ ജില്ലയിലെ മലയോര പ്രദേശങ്ങളിൽ കോവിഡ് രോഗ വ്യാപന സാധ്യത കണക്കിലെടുത്ത് പുനലൂർ താലൂക്കിലെ കുളത്തൂപ്പുഴ, തെന്മല ആര്യങ്കാവ് പഞ്ചായത്തുകളിൽ അടിയന്തിര നടപടികളുടെ ഭാഗമായി ഡബിൾ കളർ ഡബിൾ ലോക്ക് പരിശോധന നടപടികൾ ആരംഭിച്ചു. അതിർത്തികൾ പൂർണ്ണമായും നിരീക്ഷിക്കുന്നതിനും പൊതു പ്രവേശന റോഡുകളും ഇട റോഡുകളും അടച്ച് വഴിയാത്രക്കാരെ നിയന്ത്രിക്കാൻ സംവിധാനം ഏർപ്പെടുത്തി.

റവന്യൂ പൊലീസ് ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങി കോവിഡ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പുകൾ ഒഴികെയുള്ള മറ്റ് സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുവാൻ പാടില്ല. ചരക്ക് ഗതാഗതത്തിന് തടസ്സമുണ്ടാകില്ല. അവശ്യ സേവന മേഖലകൾ രാവിലെ 7 മുതൽ വൈകിട്ട് 5 വരെയും ബാങ്ക് ഇടപാടുകൾ രാവിലെ 10.00 മുതൽ വൈകിട്ട് 4 വരെയുമാണ്. ആര്യങ്കാവ് അതിർത്തിയിലും പരിസര പ്രദേശങ്ങളായ തെങ്കാശിയിലും കൊവിഡ് കേസുകൾ വർദ്ധിച്ച് വരുന്നതിനാൽ ഡബിൾ കളർ ഡബിൾ ലോക്ക് പരിശോധന കർശനമാക്കാൻ എല്ലാ എസ്എച്ച്ഒ മാർക്കും നിർദ്ദേശങ്ങൾ നൽകി.

1. ഗവ. ഉത്തരവ് പ്രകാരമുള്ള രേഖകൾ പരിശോധിച്ച ശേഷം മാത്രമേ തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്കുള്ള അന്തർ സംസ്ഥാന വാഹനങ്ങൾ കടത്തി വിടുകയുള്ളൂ
2. സംസ്ഥാനത്തിന് പുറത്തേയ്ക്ക് പോകുന്ന വാഹനത്തിന് ഡബിൾ കളർ ഡബിൾ ലോക്ക് പരിശോധനയുടെ ഭാഗമായി പിങ്ക് ബോർഡർപാസ് നൽകും. അങ്ങനെ പുറത്തേയ്ക്ക് പോകുന്ന വാഹനങ്ങളുടെ പാസിന്റെ സിരിയൽ നമ്പർ, വാഹന രജിസ്ട്രേഷൻനമ്പർ, തീയതി സമയം, ഡ്രൈവറുടേയും ക്ലീനറുടേയും വിലാസങ്ങൾ എന്നിവ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുന്നതിനും ട്രക്കുകൾ തിരികെ വരുമ്പോൾ അതേ യാത്രക്കാരാണ് വാഹനത്തിലുളളതെന്ന് ബോർഡർ പാസ് ക്രോസ് ചെക്ക് ചെയ്ത് ഉറപ്പ് വരുത്തും.
3. സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന എല്ലാ വാഹനങ്ങൾക്കും മഞ്ഞനിറത്തിലുള്ള ബോർഡർ പാസ് നൽകും. സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന വാഹനങ്ങൾക്കും മേൽ പറഞ്ഞ നിബന്ധനകൾ ബാധകമാണ്.
4. സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന എല്ലാ വാഹനങ്ങളും കഴുതുരുട്ടിയിൽ വച്ച് കിലോ.36 ചെക്ക് ചെയ്യും. ആര്യങ്കാവിൽ നിന്നും നൽകിയ മഞ്ഞ പാസ് നോക്കി യാത്രക്കാരുടെ വിവരങ്ങൾ പരിശോധിയ്ക്കണം. മഞ്ഞ പാസിന്റെ സീരിയൽ നമ്പർ വാഹനരജിസ്ട്രേഷൻ നമ്പർ എന്തെങ്കിലും വ്യത്യാസമുണ്ടോ എന്നും തീയതി, സമയം, റിമാർക്ക് എന്നിവ രേഖപ്പെടുത്തുന്നതിനുള്ള ഒരു രജിസ്റ്റർ കിലോ-36 -ൽ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർ സൂക്ഷിയ്ക്കും.
5. റെയിൽവെ തുരങ്കത്തിൽ ലോക്കൽ പോലീസിന്റെയോ, റെയിൽവെ പോലീസിന്റെയോ വനവകുപ്പ് ഉദ്യോഗസ്ഥരുടേയോ സാന്നിധ്യംആര്യങ്കാവ് ഡ്യൂട്ടിയിലുള്ള ഐഎസ്എച്ച്ഒമാർ ഉറപ്പ് വരുത്തണം.
6. ഡിവൈഎസ്പി പുനലൂർ 2 ദിവസത്തിലൊരിക്കൽ ഈ രജിസ്റ്റർ വെരിഫൈ ചെയ്യുകയും അതിർത്തി ഡ്യൂട്ടിയിലുളളവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും.

കൊല്ലം റൂറൽ ജില്ലയിൽ കോവിഡ്-19 ലോക്ക് ഡൗൺ നിയമലംഘനവുമായി ബന്ധപ്പെട്ട് 243 കേസുകൾ രജിസ്റ്റർ ചെയ്തു. 253 പേരെ അറസ്റ്റ് ചെയ്തു.

222 വാഹനങ്ങൾ പിടിച്ചെടുത്തു. ഇതരസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനായി ഉദ്യോഗസ്ഥർ ക്യാമ്പ് സന്ദർശിക്കുന്നതിനും അനധികൃത വാഹനയാത്രകൾ നിരീക്ഷിക്കാൻ വാഹന പരിശോധന കർശനമാക്കാനും ജില്ലയിലെ എല്ലാ ഉദ്യോഗസ്ഥർക്കുംനിർദ്ദേശം നൽകിയിട്ടുള്ളതായി ജില്ലാ പൊലീസ് മേധാവി ഹരിശങ്കർ അറിയിച്ചു.

വെള്ളറട നടന്ന ക്യാമ്പയിൻഏര്യാ സെക്രട്ടറി ഡി. കെ. ശശി ഉദ്ഘാടനം ചെയ്യുന്നു.

ഭൗമദിനത്തിൽ ഭൂമിയെ പച്ച പുതപ്പിക്കാൻ സിപിഎം ക്യാമ്പയിൻ

വെള്ളറട: ഭൗമദിനത്തിൽ ഭൂമിയെ പച്ച പുതപ്പിക്കാൻ വീട്ടിലും നാട്ടിലും പച്ചക്കറി എന്ന മുദ്രാവാക്യത്തോടെ സിപിഎം വെള്ളറട ഏര്യാ കമ്മറ്റി ആരംഭിച്ച ക്യാമ്പയിൻ ഏര്യാ സെക്രട്ടറി ഡി. കെ. ശശി പാർട്ടി ഓഫീസിനുമുന്നിൽ ചച്ചക്കറി ചെടി നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്തു. വി. സനാതനൻ, ടി. എൽ രാജ്, പി. കെ. ബേബി, നളിനകുമാർ, സുരേഷ്കുമാർ തുടങ്ങിയവർ സംബന്ധിച്ചു. ഒറ്റശേഖരമംഗലം ലോക്കൽകമ്മറ്റി ആരംഭിച്ച ഹരിത അടുക്കളത്തോട്ട സമഗ്രപദ്ധതി ലോക്കൽ കമ്മറ്റി സെക്രട്ടറി ചന്ദ്രബാബു ഉദ്ഘാടനം ചെയ്തു. കിളിയൂർ ലോക്കൽകമ്മറ്റി പഞ്ചാകുഴിയിൽ നടത്തിയ പച്ചക്കറി നടൽ ലോക്കൽകമ്മറ്റി സെക്രട്ടറി പനച്ചമൂട് ഉദയൻ നിർവ്വഹിച്ചു. വെള്ളറട ലോക്കൽകമ്മറ്റി ആനപ്പാറയിലും കുന്നത്തുകാൽ ലോക്കൽകമ്മറ്റി കോട്ടുക്കോണത്തും നടത്തിയ ക്യാമ്പയിൻ ഏരിയാ സെക്രട്ടറി ഡി. കെ. ശശി ഉത്ഘാടനനം ചെയ്തു. ഏരിയാ ക്കമ്മറ്റി അംഗങ്ങളായ ജി. കുമാർ, വി. എസ്. ഉദയൻ തുടങ്ങിയവർ സംബന്ധിച്ചു.

ഹോർട്ടി കൾച്ചറൽ സംഘത്തിന്റെ സഹായ ഹസ്തം

നെയ്യാറ്റിൻകര: നെയ്യാറ്റിൻകര നഗരസഭ വിജയപ്രദമായി നടത്തി വരുന്ന ജനകീയ അടുക്കളയ്ക്ക് നെയ്യാറ്റിൻകര അഗ്രോ ഹോർട്ടികൾച്ചർ സഹകരണ സംഘം പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യ സാധനങ്ങൾ കൈമാറി. നെയ്യാറ്റിൻകര ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ അങ്കണത്തിൽ പ്രവർത്തിക്കുന്ന സമൂഹ അടുക്കളയ്ക്കുള്ള സാധനങ്ങൾ സംഘം പ്രസിഡന്റ് വി. എസ്. സജീവ്കുമാർ നഗരസഭ ചെയർപേഴ്സൺ ഡബ്ല്യൂ.ആർ. ഹീബയ്ക്ക് കൈമാറി.

ലോക് ഡൗൺ ലംഘിച്ച് മത്സ്യ ബന്ധനം നടത്തിയ 55 പേർ പിടിയിൽ

കരുനാഗപ്പള്ളി: ലോക്ക് ഡൗൺ ലംഘിച്ച് മത്സ്യ ബന്ധനം നടത്തിയ 55 പേർ പിടിയിൽ. സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളായ 25 എച്ച്പി എൻജിൻ, 15 മത്സ്യതൊഴിലാളികൾ, ഫിഷറീസിന്റെ അംഗീകൃത പാസ്സ് എന്നിവ കാറ്റിൽ അനുസരിക്കാതെ മത്സ്യ ബന്ധനത്തിന് പോയ മൂന്ന് വള്ളങ്ങളിൽ നിന്നു മാണ് 55 മത്സ്യതൊഴിലാളികളെ കോസ്റ്റൽ പൊലീസ് നടത്തിയ തിരച്ചിലിനിടയിൽ പിടിയിലായി.

ഇന്നലെ പുലർച്ചെ പുത്തൻതുറയിൽ നിന്നും 28 മത്സ്യതൊഴിലാളികളുമായി നിയമങ്ങൾ ലംഘിച്ചും പാസ്സ് എടുക്കാതെയും മത്സ്യബന്ധനത്തിനായി പോയ ഉണ്ണി കുട്ടൻ എന്ന വള്ളത്തെ അഴിമുഖത്തിന് സമീപത്ത് നിന്നും, രാവിലെ 10 ഓടെ മത്സ്യ ബന്ധനം നടത്തിയും ഹാർബറിൽ മത്സ്യം വിൽക്കണമെന്ന വ്യവസ്ഥ ലംഘിച്ച മൈനാകം എന്ന വള്ളവും, 9 മത്സ്യതൊഴിലാളികളേയും ഉച്ചയ്ക്ക് 2 ഓടെ കൊല്ലം തങ്കശ്ശേരിയിൽ 18 മത്സ്യതൊഴിലാളികളേയും കയറ്റി ലോക്ക് ഡൗൺ നിയമങ്ങൾ ലംഘിച്ച് മത്സ്യ ബന്ധനം നടത്തിയ സെന്റ് ആന്റണി വള്ളത്തേയുമാണ് കോസ്റ്റൽ പൊലീസിന്റെ തിരച്ചിലിനിടെ പിടികൂടിയത്.ഇവർക്കെതിരേ ലോക്ക് ഡൗൺ നിയമങ്ങൾ ലംഘിച്ചതിനെതിരേ കേസെടുത്തു.

അതോടൊപ്പം വള്ളങ്ങൾ പിടിച്ചെടുക്കുകയും ക്ഷേമനിധി റദ്ദാക്കുകയും ചെയ്യുമെന്ന് പൊലീസ് അറിയിച്ചു. സിറ്റി പൊലീസ് കമ്മീഷണർ റ്റി. നാരായണന്റെ നിർദ്ദേശമനുസരിച്ച് രൂപികരിച്ച പ്രത്യേക സ്ക്വാഡാണ് ഇവരെ പിടികൂടിയത് . കോസ്റ്റൽ പൊലീസ് സർക്കിൾ ഇൻസ്പെക്ടർ എസ്. ഷരീഫ്, സബ് ഇൻസ്പെക്ടർ എ. നാസർകുട്ടി, സി ഭുവനദാസ്, അബ്ദുൾ മജിദ്, സജയൻ, എ. ജോയി, ഉണ്ണുണ്ണി തോമസ്, ഹരികുമാർ എന്നിവരുടെ നേതൃത്വത്തിലാണ് തിരച്ചിൽ നടത്തിയത് വരും ദിവസങ്ങളിലും തിരച്ചിൽ ശക്തമാക്കുമെന്ന് കോസ്റ്റൽ പൊലീസ് അറിയിച്ചു.

ലോക്ക്ഡൗൺ ലംഘിച്ച് മത്സ്യ ബന്ധനം നടത്തി കോസ്റ്റൽ പൊലീസ് പിടികൂടിയ മൂന്ന് വള്ളങ്ങൾ.

തിരുവനന്തപുരം ശ്രീ ചിത്ര മെഡിക്കൽ സെന്ററിൽ യുവജന ക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി. ബിജു രക്തം ദാനം ചെയ്ത് നിർവഹിക്കുന്നു.

ചെറു മത്സ്യങ്ങളുമായെത്തിയ വള്ളം പിടികൂടി

കരുനാഗപ്പള്ളി: അനധികൃത മത്സ്യബന്ധനം നടത്തി ചെറു മത്സ്യങ്ങളുമായി എത്തിയ വള്ളം ഫിഷറീസ്, മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയ പരിശോധനയിൽ കസ്റ്റഡിയിലെടുത്തു. കരുനാഗപള്ളി സ്വദേശി അനീഷ് എന്നയാളുടെ ഉടമസ്ഥതയിലുള്ള മൈനാകമെന്ന വള്ളമാണ് പിടിയിലായത്. ലോക്ക് ഡൗൺ ആയതിനാൽ കടലിൽ പോകാതെ ഇരുന്ന 32 അടി വരെയുള്ള ബോട്ടുകളും 25 എച്ച് പി വരെയുള്ള വള്ളങ്ങളും തിങ്കൾ മുതലാണ് കടലിൽ പോകാൻ സർക്കാർ അനുവദിച്ചത്. നിയമവിരുദ്ധമായി ചെറു മത്സ്യങ്ങളെ പിടികൂടുന്ന യാനങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുമെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഗീതാകുമാരി അറിയിച്ചു. പിടിച്ചെടുത്ത വള്ളത്തിന് 10000 രൂപ പിഴ ഈടാക്കി.

ഫിഷറീസ്, മറൈൻ എൻഫോഴ്സ്മെന്റ് പിടികൂടിയ ചെറു മത്സ്യങ്ങളുമായി വന്ന വള്ളം.

മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം കടവുകൾ, തുരുത്തുകൾ കേന്ദ്രീകരിച്ചു നടത്തിയ പരിശോധനയിൽ നീണ്ടകര ചെറുപുഷ്പം യാഡിന് സമീപം അനധികൃത മൽസ്യ വിപണത്തിന് വന്ന മൂന്ന് ആപ്പേ ഓട്ടോറിക്ഷകൾ മറൈൻ എൻഫോഴ്സ്റ്റ് പിടിച്ചെടുത്ത് ചവറ പൊലീസ് സ്റ്റേഷനിൽ കൈമാറി. ആട്ടോറിക്ഷയുടെ ഡ്രൈവർമാർക്കെതിരെ എപ്പിഡെമിക് ആക്റ്റ് പ്രകാരം നിയമ നടപടികൾ സ്വീകരിക്കുമെന്ന് അധികൃധർ അറിയിച്ചു. വരും ദിവസങ്ങളിലും കടലിലും കടവുകളിലും കർശനമായ പരിശോധന തുടരുമെന്ന് മറൈൻ എൻഫോഴ്സ്മെന്റ് പൊലീസ് സൂപ്രണ്ട് കിഷോർ കുമാർ അറിയിച്ചു. പരിശോധനയിൽ നീണ്ടകര ഫിഷറീസ് അസി.ഡയറക്ടർ നൗഷർ ഖാൻ, മറൈൻ എൻഫോഴ്സ്മെന്റ് സർക്കിൾ ഇൻസ്പെക്ടർ എസ്. എസ്. ബൈജു, സബ്ബ് ഇൻസ്പെക്ടർ എ. എസ്. സുമേഷ്, എഎസ്ഐ ജോസ്, സിപിഒമാരായ റോജൻ, ടോമി, ആന്റണി, ലൈഫ് ഗാർഡ് ആൽബർട്ട് എന്നിവർ പങ്കെടുത്തു.

രക്തദാനം ചെയ്ത് യുവജന ക്ഷേമ ബോർഡ്

തിരുവനന്തപുരം: രക്തദാനം നൽകി മാതൃകയായി സംസ്ഥാന യുവജന ക്ഷേമ ബോർഡ്. ഇന്നലെ രാവിലെ തിരുവനന്തപുരം ശ്രീ ചിത്ര മെഡിക്കൽ സെന്ററിൽ നടന്ന രക്തദാനത്തിന്റെ ഉദ്ഘാടനം യുവജന ക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി. ബിജു രക്തം ദാനം ചെയ്ത് നിർവഹിച്ചു.

ലോക്ക് ഡൗൺ കാരണം രക്തം ആവശ്യമുള്ള രോഗികൾ വിഷമത്തിലായ ഘട്ടത്തിലാണ് ഇത്തരമൊരു സന്നദ്ധ പ്രവർത്തനവുമായി യുവജന ക്ഷേമ ബോർഡ് രംഗത്തെത്തിയത്.

രക്തദാനത്തിന് സന്നദ്ധരായ യുവാക്കളുടെ പട്ടിക ജില്ല തിരിച്ച് അതാത് കലക്റ്റർമാർക്ക് നൽകിക്കഴിഞ്ഞു. സംസ്ഥാനത്തൊട്ടാകെ 1261 പേരാണ് പട്ടികയിൽ ഉൾപ്പെട്ടത്.

ആദ്യ ദിനത്തിൽ തിരുവനന്തപുരം ജില്ലയിൽ മാത്രം 22 പേരാണ് രക്തദാനം നൽകിയത്. ഇതോടൊപ്പം കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിലും ബോർഡ് അംഗങ്ങൾ പങ്കെടുക്കുന്നുണ്ട്.

ലോക്ക് ഡൗൺ കാരണം പുറത്തിറങ്ങാൻ ബുദ്ധിമുട്ടുന്നവർക്ക് മരുന്നും മറ്റ് അത്യാവശ്യ സാധനങ്ങളും വാങ്ങി നൽകുകന്നതിനായി നിരവധി യൂത്ത് വോളണ്ടിയർമാരാണ് സംസ്ഥാനത്ത് സജീവമായി പ്രവർത്തനരംഗത്തുള്ളത്.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor),Vol 13, Issue No. 109 RNI No. KERMAL/ 2009/ 31363 Printed at M/S St. Joseph's press, PB NO. 416, Cotten Hill, Vazuthacaud, Thiruvananthapuram- 695014, Phone No: 0471- 2573388 and published from **Vaartha News Network Pvt.Ltd**, TC 25/3443, Valli Villa, UR-10, Uppalam Road, Thiruvananthapuram - 695001, Ph: 0471-2573388, 2573399.

ചാരായം നിർമിക്കുന്നതിനിടെ രണ്ടുപേർ അറസ്റ്റിൽ

വടക്കാഞ്ചേരി: വാറ്റു ചാരായം നിർമിക്കുന്നതിനിടെ രണ്ടു പേരെ എക്സൈസ് സംഘം അറസ്റ്റു ചെയ്തു. ആറങ്ങോട്ടുകര, കടുകശേരി, തളി ഭാഗങ്ങളിൽ നടത്തിയ റെയ്ഡിൽ ആൾ താമസമില്ലാത്ത വീടിന്റെ പുറകുവശത്ത് 236 ലിറ്റർ വാഷും, വാറ്റുപകരണങ്ങളുമായി ചാരായം നിർമിക്കുന്നതിനിടെയാണ് പള്ളം കൊറ്റമ്പത്തൂർ തെക്കൻചേരി രഞ്ജിത്ത് (38) തളി - ഹാജ്യാർപ്പടി കുറിഞ്ചാമയിൽ റഫീഖ് (ബുഡു - 3 2) എന്നിവർ അറസ്റ്റിലായത്. എക്സൈസ് സർക്കിൾ ഇൻസ്പെക്റ്റർ ടി കെ സജീവ്കുമാർ നമ്പ്യാർ, പ്രിവന്റീവ് ഓഫീസർ ലോനപ്പൻ, സിവിൽ എക്സൈസ് ഓഫീസർമാരായ രതീഷ്, മിഥുൻ ബാബു, ഷാജി ഉൾപ്പെടുന്ന എക്സൈസ് സംഘമാണ് അറസ്റ്റു ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാന്റ് ചെയ്തു.

വനിതജീവനക്കാരിയെ സ്ഥലം മാറ്റി: പകപോക്കലെന്ന് ആരോപണം

നടത്തറ: കൊവിഡ് പ്രതിസന്ധി നേരിടുന്ന സമയത്ത് രാഷ്ട്രീയത്തിനധീതമായി പ്രവത്തിക്കണം എന്ന് മുഖ്യമന്ത്രി പറയുമ്പോഴും സിപിഎമ്മിന് അനഭിമതരായവരെ സ്ഥലം മാറ്റി പ്രതികാരം ചെയ്യുകയാണെന്ന് കോൺഗ്രസ് പ്രവത്തകർ ആരോപിച്ചു. പുച്ചെട്ടി മാവേലി സ്റ്റോറിലെ മാനേജരായ വനിതാ ജീവനക്കാരിയെയാണ് പെരിങ്ങോട്ടുക്കരയിലെക്ക് സ്ഥലം മാറ്റിയത്. കിറ്റ് തയ്യാറാക്കുന്നതിന് പഞ്ചായത്തിലെ രജിസ്ട്രർ പ്രകാരം സന്നദ്ധപ്രവർത്തകരെ ക്രമപ്രകാരം ഉൾപ്പെടുത്തിയതാണ് സിപിഎമ്മിനെ ചൊടിപ്പിച്ചതെന്ന് ആരോപിക്കുന്നു. വാഹന സൗകര്യമില്ലാത്ത സമയത്ത് മാവേലി സ്റ്റോർ മാനേജരെ സ്ഥലമാറ്റം നടത്തിയ നടപടി അംഗീകരിക്കാൻ കഴിയില്ല എന്നും ഇത് റദ്ദ് ചെയ്യണം എന്നും ഡിസിസി വൈസ്പ്രസിഡന്റ് രാജേന്ദ്രൻ അരങ്ങത്ത് ആവശ്യപ്പെട്ടു.

സർവീസ് സഹകരണ ബാങ്ക് അടച്ചു

പട്ടാമ്പി: കൊപ്പം സർവീസ് സഹകരണ ബാങ്കിന്റെ കൊപ്പത്തുള്ള ഹെഡ് ഓഫീസ് ഉൾപ്പെടെ ഏഴ് ശാഖകൾ അടച്ചു. കൊപ്പത്തെ 12 മണിക്കൂർ ശാഖ, കൊവിഡ് സ്ഥിരീകരിച്ച യുവാവിന്റെ അച്ഛൻ ജോലി ചെയ്യുന്ന നടുവട്ടം ശാഖ, തിരുവേഗപ്പുറ, വിളയൂർ, കൂരാച്ചിപ്പടി, ചുണ്ടംമ്പറ്റ ശാഖകളാണ് അടച്ചത്. ബാങ്കിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ബാങ്ക് അധികൃതർ വ്യക്തമാക്കും. കൂടാതെ എടപ്പലം ഹെൽത്ത് കെയർ ക്ലിനിക്ക്, വിളയൂർ ഗ്രാമപഞ്ചായത്തിന് കീഴിൽ പ്രവർത്തിയ്കുന്ന കമ്മ്യൂണിറ്റി കിച്ചൺ എന്നിവയും താൽക്കാലികമായി അടച്ചിട്ടിട്ടുണ്ട്.

ഉപന്യസ രചന മത്സരം

ഒല്ലൂർ: യുവശബ്ദം സംസ്ക്കാരിക വേദിയുടെ നേതൃത്വത്തിൽ കുട്ടികൾക്കും യുവജനങ്ങൾക്കുമായി ഉപന്യസ രചന മത്സരം സംഘടിപ്പിക്കുന്നു. അതിജീവനം - കേരളം എന്ന വിഷയത്തിൽ മലയാളത്തിലും, overcoming the crisis എന്നവിഷയത്തിൽ ഇംഗ്ലീഷിലുമാണ് രചനകൾ തയ്യാറാക്കേണ്ടത്. സബ് ജൂനിയർ,ജൂനിയർ സീനിയർ വിഭാഗത്തിലായി മത്സരങ്ങൾ നടക്കുക. രചനകൾ 9961492949 എന്ന വാട്ട്സ് അപ്പ് നമ്പറിലോ, yuvasabdham1@gmail.com എന്ന മെയിലിലെക്ക് അയക്കാവുന്നതാണ് സമ്മാനഹർക്ക് ക്യഷ് അവാർഡ്കൾ നൽകും.

മാർച്ച് നടത്തി

ഇരിങ്ങാലക്കുട: കായംകുളത്ത് യൂത്ത് കോൺഗ്രസ് പ്രവർത്തകൻ സുഹൈലിനെ വെട്ടി പരിക്കേൽപ്പിച്ച ഡിവൈഎഫ്ഐ പ്രവർത്തകരെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകർ ഇരിങ്ങാലക്കുട പൊലീസ് സ്റ്റേഷനിലേക്ക് മാർച്ച് നടത്തി. കൊവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടായിരുന്ന മാർച്ച്. നിയോജക മണ്ഡലം പ്രസിഡന്റ് വിബിൻ വെളിയത്ത്, ജില്ലാ ജനറൽ സെക്രട്ടറി അസറുദ്ദീൻ കളക്കാട്ട്, കിരൺ ഏ. .എസ്., ധീരജ് തേറാട്ടിൽ, ശ്രീറാം ജയപാലൻ, സനിൽ കല്ലൂക്കാരൻ, ഷെറിൻ സ്ലാമോൻ, റിജോൺ ജോൺസൺ എന്നിവർ നേതൃത്വം നൽകി.

കൊവിഡെന്ന് വ്യജപ്രചരണം

മണ്ണുത്തി: പറവട്ടാനിയിൽ ഒരു യുവാവിന് കൊവിഡ് രോഗമെന്ന്ന് വ്യജപ്രചരണം നടത്തി ഈ പ്രദേശത്ത് ജനങ്ങൾക്കിടയിൽ ആശങ്ക പരത്തി. ഒരുമാസം മുമ്പ് വിദേശത്ത് നിന്നും എത്തി ക്വാറന്റെയിനിൽ കഴിഞ്ഞിരുന്ന യുവാവിനെ പറ്റിയാണ് പ്രചരണം നടന്നത്. ഇയാൾ ഒരുകടയിൽ എത്തിയതായും ഈ കട നാട്ടുകാർ ചേർന്ന് അടപ്പിച്ചതായും ചൊവാഴ്ച മുതൽ പ്രചരിക്കാൻ തുടങ്ങിയിരുന്നു.

അടാട്ട് പാടത്ത് യന്ത്ര കൊയ്ത് നിടയിൽ നെൽമണി ഭക്ഷിക്കാൻ ദേശാടനക്കിളികൾ പറന്നിറങ്ങുന്നു- കെ.കെ. നജീബ്

ചാലക്കുടിയിൽ ജാഗ്രത കർശനമായി തുടരും

ചാലക്കുടി: കൊറോണ രോഗ ഭീതി പുർണമായി ഒഴിയാത്ത സാഹചര്യത്തിൽ ജാഗ്രത കർശനമായി തുടരണമെന്ന ബി. ഡി. ദേവസി എംഎൽഎ വാർത്ത സമ്മേളനത്തിൽ അഭിപ്രായപ്പെട്ടു. ആവശ്യമില്ലാത്തെ പുറത്തിറങ്ങരുതെന്നും, സാമുഹിക അകലം പാലിച്ച് കൊണ്ട്, മാസ്ക്ക് ധരിച്ച്, കൈകൾ കഴുകിയും ഇതിനെ പ്രതിരോധിക്കാം. നിയോജക മണ്ഡലത്തിൽ പ്രവാസികളുടെ തിരിച്ചു വരവുമായി ബന്ധപ്പെട്ട് നിരീക്ഷണത്തിൽ കഴിയുന്ന തടക്കമുള്ള കാര്യങ്ങൾക്ക് വേണ്ട ഒരുക്കങ്ങളും പൂർത്തിയാക്കി കൊണ്ടിരിക്കുകയാണ്. ഇതിനായി സ്വകാര്യ മേഖലയിലെ ആശുപത്രികളുടെ സഹകരണവും ഉറപ്പാക്കും. നിയോജക മണ്ഡലത്തിൽ ഇപ്പോൾ 67 പേർ മാത്രമാണ് നിരീക്ഷണത്തിലുള്ളത്. കൊറോണ സ്ഥിരീകരിച്ച വരെ ചികിത്സക്കുകയും മറ്റും ചെയ്ത ഡോക്റ്റർമാരടക്കമാണ് ഇത്. ആശുപത്രിയിലെ ജീവനക്കാരുടെ നിരീക്ഷണ കാലാവധി അവസാനിച്ചതായി ആശുപത്രി സൂപ്രണ്ട് ഡോ. എൻ. എ. ഷീജ പറഞ്ഞു. അതിർത്തിയോട് ചേർന്നുള്ള വാൽപ്പാറയിൽ കൊറോണ സ്ഥിരീകരിച്ചതിനാൽ മലക്കപ്പാറയിൽ ജാഗ്രത ശക്തമാക്കിയിരിക്കുകയാണ്. നഗരസഭയിലെ എല്ലാ പഞ്ചായത്തുകളിലും നഗരസഭയിലും സമൂഹ അടുക്കുള നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. കോടശ്ശേരി പഞ്ചായത്തിൽ രണ്ട് സമൂഹ അടുക്കളയാണ് പ്രവർത്തിക്കുന്നത്. ആയിരത്തിയഞ്ചൂറ് പേർക്കാണ് ഇതു വഴി ഭക്ഷണം നൽകുന്നത്. തെരുവിൽ കഴിഞ്ഞിരുന്ന നാൽപ്പത്തിനാല് പേർക്ക് താമസവും, ഭക്ഷണവുമൊരുക്കി. നാലായിരത്തിയഞ്ചൂറ് അതിഥി തൊഴിലാളികൾ മണ്ഡലത്തിലുള്ളത്തായിട്ടാണ് കണക്ക്. അവർക്ക് വേണ്ട എല്ല് സൗകര്യങ്ങളും ഒരുക്കുകയും ലേബർ വകുപ്പ് വഴി ഇവർക്ക് കിറ്റുകളും എത്തിച്ച് നൽകി.ആദിവാസി മേഖലയിലും എല്ലാ കാര്യങ്ങൾക്കും മുന്തിയ പരിഗണനയാണ് നൽകിയത്.താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ പതിനാല് പേർ നിരീക്ഷണത്തിലുണ്ട്. സംസ്ഥാന ജില്ല അതിർത്തികൾ ഉള്ളതിനാൽ കുടുതൽ കരുതൽ ആവശ്യമാണെന്നും എംഎൽഎ ബി. ഡി. ദേവസി പറഞ്ഞു.

പരുക്കേറ്റ ജാസിം അർഷാദ്

കുട്ടിയെ മർദിച്ച പ്രദേശവാസിക്കെതിരേ കേസ്

എരുമപ്പെട്ടി: ചിറമനേങ്ങാട് നെല്ലിക്കുന്നിൽ 12 വയസുകാരനെ മർദിച്ചതായുള്ള പരാതിയിൽ പ്രദേശവാസിയായ മനാഫിനെതിരേ പൊലീസ് കേസെടുത്തു. ഇയാളുടെ അയൽവാസിയായ പാറമേൽ റഷീദ് ആയിഷയുടെ ദമ്പതികളുടെ മകൻ ജാസിം അർഷാദിനാണ് മർദനമേറ്റത്. ഒരാഴ്ച മുമ്പ് ആയിഷയും മനാഫും തമ്മിൽ പൈപ്പിൽ നിന്ന് വെള്ളം പിടിക്കുന്ന കാര്യത്തെ ചൊല്ലി വഴക്ക് നടന്നിരുന്നു. ഇതിന്റെ വൈരാഗ്യത്തിലാണ് മനാഫ് മകനെ മർദിച്ചതെന്ന് ആയിഷ പൊലീസിൽ കൊടുത്ത മൊഴിയിൽ പറയുന്നു.കഴിഞ്ഞ ദിവസം രാത്രിയിൽ നെല്ലിക്കുന്ന് യെത്തിംഖാനയുടെ പുറകിലേക്ക് കുട്ടിയെ ബലമായി പിടിച്ച് കൊണ്ട് പോയി കഴുത്തിൽ കുത്തി പിടിച്ച് മുഖത്ത് മർദിക്കുകയും താഴെ വീണ കുട്ടിയെ ചവിട്ടുകയും കൈകൾ പിടിച്ച് തിരിച്ചതായും മൊഴി നൽകിയിട്ടുണ്ട്. പരുക്കേറ്റ കുട്ടിയെ കുന്നംകുളം താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സതേടി. ആയിഷയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിരിക്കുന്നത്.

അതിജീവനത്തിന്റെ ശിൽപ്പമൊരുക്കി കൊരട്ടി പൊലീസ്

ചാലക്കുടി: കൊറോണയെന്ന മഹാമാരിക്കെതിരേ അതിജീവനത്തിന്റെ ശിൽപ്പമൊരുക്കി കൊരട്ടി പൊലീസ്. ജനങ്ങളെ ബോധവത്ക്കരിക്കുവാനായിട്ടാണ് ഇത്തരമൊരു ശിൽപ്പം കൊരട്ടി ജംഗ്ഷനിൽ പൊലീസ് തീർത്തിരിക്കുന്നത്. ഒരു കൈയിൽ സാനിറ്റൈസറും മറുകൈയിൽ കൊറോണയുമാണ് ഉള്ളത്. മനുഷ്യനെ പിടികൂടാനൊരുങ്ങുന്ന മഹമാരിയെ പ്രതിരോധിച്ച് രക്ഷനേടുമെന്ന സന്ദേശമാണ് ഇതിലൂടെ ലക്ഷ്യമുടുന്നത്.കൊറോണയെ നമ്മൾ ഒത്തൊരുമിച്ച് അതിജീവിക്കുമെന്ന ആത്മവിശ്വാസം ജനങ്ങൾക്ക് നൽകുവാനാണ് അതിജീവനത്തിന്റെ ശിൽപ്പം ഒരുക്കിയത്. ഭയപ്പടേണ്ട ജാഗ്രതയാണ് നമ്മൾക്കാവശ്യമെന്ന് ജനങ്ങളെ ഓർമിപ്പിക്കുകയാണ്. ലോക്ക് ഡൗണിന്റെ ഇളവുകളിൽ നമ്മൾ കൂടുതൽ സ്വാന്ത്രത്യം എടുക്കാതെ ജാഗ്രത പുലർത്തണമെന്നും, പുറത്തിറങ്ങുമ്പോൾ മാസ്ക് നിർബന്ധമായി ധരിക്കുക, കൈ ഇടക്ക് കഴുക്കുക, സാനിറ്റൈസർ ഉപയോഗിക്കുക തുടങ്ങിയ സന്ദേശം ജനങ്ങളിലേക്കെത്തിക്കുവാനാണ് തൃശൂർ ജില്ലാ പൊലീസിന്റെ അനുമതിയോടെ സംസ്ഥാനത്ത് തന്നെ ആദ്യമായിട്ടാണ് മഹാമാരിക്കെതിരേ ബോധവത്ക്കരണത്തിനായി മഹാശിൽപ്പം ഒരുക്കിയിരിക്കുന്നത്. കൊരട്ടി എസ്. എച്ച് ഒ ബി. കെ. അരുണിന്റെ താണ് ഈ ആശയം. കൊടുങ്ങല്ലൂർ സ്വദേശി സുബിനൊപ്പം, സനൂപ് വി. ആർ. പുരം ചന്ദ്രശേഖരൻ എന്നിവർ ചേർന്നാണ് കുറഞ്ഞ ദിവസങ്ങൾ കൊണ്ട് ശിൽപ്പം ഉണ്ടാക്കിയത്.

കൊരട്ടി പൊലീസ് നിർമിച്ച അതിജീവനത്തിന്റെ ശിൽപ്പം

പാലക്കാട് എട്ട് ഹോട്ട്സ്പോട്ടുകൾ

പാലക്കാട്: കൊവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ജില്ലയിലെ കാരാകുറിശ്ശി, തിരുമിറ്റക്കോട്, കാഞ്ഞിരപ്പുഴ, കോട്ടോപ്പാടം കുഴൽമന്ദം, വിളയൂർ, പുതുശ്ശേരി, പുതുപ്പരിയാരം തുടങ്ങി എട്ട് പഞ്ചായത്തുകൾ ഹോട്ട്സ്പോട്ടുകളായി പ്രഖ്യാപിച്ചു. നിലവിലെ ഹോട്ട്സ്പോട്ടുകളിലെ നിബന്ധനകൾ പുതിയ ഹോട്ട്സ്പോട്ടുകളിൽ ബാധകമായിരിക്കുമെന്ന് ജില്ലാ കലക്റ്റർ അറിയിച്ചു.

ദുരിതാശ്വാസ നിധിയിലേക്ക് ധനസഹായം കൈമാറി

ഇരിങ്ങാലക്കുട: കെവിഡ്- 19 വ്യാപനം നേരിടുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പൂമംഗലം സർവീസ് സഹകരണ ബാങ്ക് 11,03382 രൂപ നൽകി. ബാങ്ക് വിഹിതവും, ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളവും, അംഗങ്ങളുടെ അലവൻസും പ്രസിഡന്റിന്റെ ഒരു മാസത്തെ ഓണറേറിയവും ഇതിലുൾപ്പെടുന്നു. ബാങ്ക് പ്രസിഡന്റ് പി.ഗോപിനാഥൻ മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ എം.സി. അജിത്തിന് ധനസഹായ തുകക്കുള്ള ചെക്ക് കൈമാറി. കല്ലംകുന്ന് സർവീസ് സഹകരണ ബാങ്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 15,00,330 രൂപ കൈമാറി. അംഗങ്ങളുടെ സിറ്റിങ് ഫീ, പ്രസിഡന്റിന്റെ ഓണറേറിയം, ബാങ്ക്, നീതി മെഡിക്കൽസ്, കോക്കനട്ട് കോംപ്ലെക്സ് എന്നിവയിലെ ജീവനവനക്കാരുടെ ഒരു മാസത്തെ വേതനം ഉൾപ്പെടെയാണ് ഈ തുക. ബാങ്ക് പ്രസിഡന്റ് യു. പ്രദീപ് മേനോൻ ധനസഹായ തുകക്കുള്ള ചെക്ക് മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർക്ക് നൽകി. കാറളം സർവിസ് സഹകരണ ബാങ്ക് 21,46,100 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി. ബാങ്ക് വിഹിതം 15,00,000 രൂപയും, ജിവനക്കാരുട വിഹിതം 624500 രൂപയും, ഭരണ സമിതി അംഗങ്ങളുടെ വിഹിതം 21600 രൂപയും ചേർത്താണ് 21.46 ലക്ഷം രൂപ സ്വരൂപിച്ചത്. കാറളം സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് കെ.എസ്. ബാബു മുകന്ദപുരം സഹകരണ സംഘം: അസി. രജിസ്ട്രാർ എം.സി. അജിത്തിന് ചെക്ക് കൈമാറി.കരുവന്നൂർ സർവീസ് സഹകരണ ബാങ്ക് ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളവും ഭരണ സമിതി അംഗങ്ങളുടെ സിറ്റിങ്ങ് ഫിസും പ്രസിഡന്റിന്റെ ഓണറേറിയവും ബാങ്ക് വിഹിതവും ചേർത്ത് 29,36,589 രൂപമുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി. പ്രസിഡന്റ് കെ. കെ.ദിവാകരൻ മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർക്ക് ചെക്ക് കൈമാറി.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കല്ലംകുന്ന് സഹകരണ ബാങ്ക് വിഹിതം പ്രസിഡന്റ് യു.പ്രദീപ് മേനോൻ കൈമാറുന്നു.

വാട്ടർ ടാങ്കിൽ മുളക് പൊടി കലക്കിയതായി പരാതി

കൊടുങ്ങല്ലൂർ: വാട്ടർ ടാങ്കിൽ മുളക് പൊടി കലക്കിയതായി പരാതി. എറിയാട് പഞ്ചായത്തിൽ പതിനൊന്നാം വാർഡിൽ താമസിക്കുന്ന താണിക്കപ്പിള്ളി റിയാസിന്റെ വീട്ടിലെ കുടിവെള്ള ടാങ്കിലാണ് കഴിഞ്ഞ ദിവസം സാമൂഹ്യ വിരുദ്ധർ മുളക് പൊടി കലക്കിയത്.റിയാസും കുടുംബവും ഭാര്യാമാതാവിന് സുഖമില്ലാത്തതിനെ തുടർന്ന് ഭാര്യവീട്ടിൽ പോയിരുന്ന സമയത്താണ് സംഭവം നടന്നിരിക്കുന്നത്.ഇന്നലെ വീട്ടിലെത്തിയ ശേഷം മകൻ പെപ്പിൽ നിന്ന് കൈയ്യും കാലും കഴുകിയപ്പോൾ നീറ്റൽ അനുദവപ്പെട്ടു.തുടർന്നുള്ള അന്വേഷണത്തിലാണ് ടാങ്കിൽ മുളക് പൊടി വിതറിയതായി കണ്ടെത്തിയത്.സംഭവത്തെ പറ്റി കൊടുങ്ങല്ലൂർ പൊലീസ് അന്വേഷണം ആരംഭിച്ചു. കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ് പി.കെ. ഷംസുദ്ദീൻ, ഡി.സി.സി.സെക്രട്ടറി പി.എച്ച്. മഹേഷ് ,മണ്ഡലം പ്രസിഡന്റ് പി.പി.ജോൺ, സിക്രട്ടറി പി.എം.ഷെഫീർ,യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം പ്രസിഡന്റ് പി.എ. മനാഫ്, പി.എസ്. മണിലാൽ എന്നിവർ സംഭവസ്ഥലം സന്ദർശിച്ചു. വിശദമായ അന്വേഷണം നടത്തി ഇത്തരം നീചപ്രവർത്തി നടത്തിയവരെ കണ്ടെത്തി ശിക്ഷിക്കണമെന്ന് കോൺഗ്രസ് ആവശ്യപ്പെട്ടു.

പരനാട്ടുകുന്നിൽ ജലനിധിയുടെ പൈപ്പ് പൊട്ടി പാഴാകുന്ന വെള്ളം

ജലനിധി തലവിധിയാകുന്നു

മാള: പരന്നാട്ടുകുന്നിലാണ് ജലനിധി നാല് കുടുംബങ്ങളുടെ തലവിധിയായി മാറിയിരിക്കുന്നത്.ഈ സ്വകാര്യ റോഡിൽ ജലനിധിയുടെ പൈപ്പ് പൊട്ടി വെള്ളം പോകാൻ തുടങ്ങിയിട്ട് ഒരു മാസം കഴിഞ്ഞു.ഈ കടുത്ത വേനലിലും ആയിരകണക്കിന് ലിറ്റർ വെള്ളം ഇങ്ങനെ പാഴായി പോയെങ്കിലും ജലനിധി അധികൃതർ തിരിഞ്ഞ് നോക്കിയിട്ടില്ലെന്ന് സമീപവാസികൾ പറയുന്നു. പൈപ്പിൽ വെള്ളം വന്നാൽ ഈ സ്വകാര്യ റോഡിലൂടെ നടക്കാൻ പോലും സാധിക്കാത്ത അവസ്ഥയാണെന്ന് നാട്ടുകാർ ചൂണ്ടിക്കാട്ടി. നിരവധി തവണ വിളിച്ച് പരാതി പറഞ്ഞെങ്കിലും തിരിഞ്ഞ് നോക്കാത്ത അധികൃതർ ഇപ്പോൾ വിളിച്ചാൽ ഫോണും എടുക്കുന്നില്ലെന്ന് ഇവർ പറഞ്ഞു.

വേനൽ മഴയിൽ ചാലക്കുടി മേഖലയിൽ നാശനഷ്ടം

ചാലക്കുടി: കഴിഞ്ഞ ദിവസം ഉണ്ടായ വേനൽ മഴയിൽ പരിയാരം, മേലൂർ, കൊരട്ടി പഞ്ചായത്തിന്റെയും കിഴക്കൻ മേഖലയിൽ വൻ നാശ നഷ്ടം. കാഞ്ഞിരപ്പി ചുഴലിക്കാറ്റ് പോലെയായിരുന്നു കാറ്റ് വീശിയത്.അനേകം മരങ്ങളും നിരവധി ഇലട്രിക് പോസ്റ്റുകളും, കടപുഴകിയും ഒടിഞ്ഞും വീണു. .യൂണിയൻ ഷെഡിന്റെ ഷീറ്റ് പറന്നു പോയി. അമ്പഴക്കാടൻ മനോജിന്റെ ട്രസ് പറന്നുപ്പോയി. കൊല്ലപ്പറമ്പിൽ ഗോപന്റെ ഷീറ്റ് മേഞ്ഞിടത്ത് തേക്ക് കടപ്പുഴകി വീണു. വലിയ തോതിൽ കാർഷിക വിളകളും നശിച്ചു കൊരട്ടി. മേഖലയിൽ കോനൂർ കാംബ്ലത്ത് പുഷ്ക്കരൻ, കണ്ണമ്പുഴ തോമസ്, കാച്ചപ്പിള്ളി നെൽസൺ എന്നിവരുടെ നേന്ത്രവാഴ തോട്ടത്തിലെ കുലവന്ന വാഴകൾ നിലംപൊത്തി. നാലു സെന്റ് കോളനിയിൽ പുലിക്കുന്നത്ത് രമേശന്റെ ഓടു മേഞ്ഞ വീട് കവുങ്ങ് വീണും മുതിരപ്പറമ്പിൽ സുഭാഷിന്റെ വീട് ജാതിമരം വീണും തകർന്നു. കോനൂർ സ്നേഹനഗറിൽ മറ്റത്തിൽ കൗസല്യയുടെ വീടിനു മുകളിൽ പ്ലാവ് വീണും നാശനഷ്ടമുണ്ടായിട്ടുണ്ട്.മേലൂർ അടിച്ചിലി ഏഴാം വാർഡിൽ തണ്ടാശേരി ശശിധരന്റെ വീടിനു മുകളിൽ പ്ലാവ് വീണ് കേടുപാടു സംഭവിച്ചു. നമ്പൂവാരിക്കൽ സുകുമാരന്റെ പറമ്പിലെ ജാതി മരങ്ങളും പ്ലാവും കാറ്റിൽ വൈദ്യുതി കമ്പിയിലേക്കു വീണതിനെ തുടർന്ന് പോസ്റ്റ് നിലംപൊത്തി. പൂലാനിയിൽ പെരിങ്ങാത്ര മോഹനൻ, മണ്ടത്ര രവി, ചെണ്ടിയാംപറമ്പൻ ശിവൻ എന്നിവരുടെ മരച്ചീനി കൃഷി കാറ്റിൽ നശിച്ചു. രവിയുടെ കുലച്ച വാഴകളും നിലംപൊത്തി. ചെട്ടിത്തോപ്പ് കടവ് റോഡിനു സമീപം തെക്കേപ്പാട്ട് ലീലാവതിയുടെ പറമ്പിൽ നിന്ന മാവും കവുങ്ങും വൈദ്യുതി കമ്പിയിലേക്കു വീണ് പോസ്റ്റ് നിലംപൊത്തിയിട്ടുണ്ട്. പലയിടങ്ങളിലും ചില്ലകൾ വീണതിനെ തുടർന്ന് വൈദ്യുതി വിതരണം തടസപ്പെട്ടത് പുന:സ്ഥാപിച്ചു വരികയാണ്. നാശനഷ്ടമുണ്ടായ മേഖലകളിൽ ജനപ്രതിനിധികൾ സന്ദർശനം നടത്തി.

കുണ്ടന്നൂർ പാടശേഖരത്ത് തീ പിടിച്ചു

വടക്കാഞ്ചേരി: കുണ്ടന്നൂർ പാടശേഖരത്ത് തീ പിടിച്ചു. നാട്ടുകാരും അഗ്നിശമന സേനയും ചേർന്ന് തീ അണച്ചു.ബുധനാഴ്ച പകൽ11.30 നായിരുന്നു തീപിടുത്തം. സംഭവം ഉണ്ടായ ഉടൻ തന്നെ നാട്ടുകാർ അഗ്നിശമന സേനയെ വിവരം അറിയിച്ചു. സ്ഥലത്ത് കുതിച്ചെത്തിയ അഗ്നിശമന സേനയും നാട്ടുകാരും ചേർന്ന് തീ അണച്ചതിനാൽ വൻ ദുരന്തം ഒഴിവായി.

ഡിവൈഎഫ്ഐ കുഴൂർ മേഖല കമ്മിറ്റിയുടെ നേതൃത്വത്തിൽ പച്ചക്കറി കൃഷിക്ക് തുടക്കമായപ്പോൾ

പച്ചക്കറി കൃഷിക്ക് തുടക്കം

മാള: ലോക ഭൗമദിനത്തോടനുബന്ധിച്ച് ഡിവൈഎഫ്ഐ കുഴൂർ മേഖല കമ്മിറ്റിയുടെ നേതൃത്വത്തിൽ എരവത്തൂരിൽ ഒരേക്കർ സ്ഥലത്ത് വിവിധയിനം പച്ചക്കറി കൃഷിക്ക് തുടക്കമായി. സിപിഎം. കുഴൂർ ലോക്കൽ കമ്മിറ്റിയംഗവും ഡിവൈഎഫ്ഐ. മാള ബ്ലോക്ക് സെക്രട്ടറിയേറ്റ് അംഗവുമായ ജോബി കാച്ചപ്പിള്ളി ഉദ്ഘാടനം നിർവഹിച്ചു. കുഴൂർ മേഖല പ്രസിഡന്റ് വിൽസൻ, നിധിൻ എ.കെ., അക്ഷയ, ബിബിൻ വർഗീസ്, എന്നിവർ നേതൃത്വം നൽകി.

സമൂഹ അടുക്കളയിലേയ്ക്ക് എറിയാട് മണപ്പാട്ട് ഫൗണ്ടേഷന്റെ സഹായഹസ്തം

കൊടുങ്ങല്ലൂർ: നഗരസഭയുടെ സമൂഹ അടുക്കളയിലേയ്ക്ക് എറിയാട് മണപ്പാട്ട് ഫൗണ്ടേഷന്റെ സഹായഹസ്തം. നഗരസഭ ചെയർമാന്റെ ചേമ്പറിൽ നടന്ന ചടങ്ങിൽ ഫൗണ്ടേഷൻ ഭാരവാഹിയായ നിയാസ് മണപ്പാട്ട് ചെയർമാൻ കെ ആർ.ജൈത്രന് 10,000 രൂപ കൈമാറി.നഗരസഭ സെക്രട്ടറി അഡ്വ.ടി. കെ.സുജിത് ,ഹെൽത്ത് സൂപ്പർവൈസർ കെ വി ഗോപാലകൃഷ്ണൻ എന്നിവർ സംബന്ധിച്ചു. ദിവസവും മൂന്ന് നേരവും മുന്നോ റോളം പേർക്കാണ് സമൂഹ അടുക്കളയിൽ നിന്ന് ഭക്ഷണം നൽകുന്നത്.കൂടാതെ തെരുവിൽ അലഞ്ഞു നടന്നിരുന്ന 50 പേർക്ക് സംരക്ഷണം നൽകുന്ന കേന്ദ്രത്തിലും മൂന്ന് നേരവും ഭക്ഷണം നൽകുന്നുണ്ട്. വിവിധ സ്ഥാപനങ്ങൾ, സംഘടനകൾ, വ്യക്തികൾ തുടങ്ങിയവരിൽ നിന്നെല്ലാം പല തരത്തിലുള്ള സഹായ സഹകരണങ്ങളാണ് അടുക്കളയിലേക്ക് ലഭിക്കുന്നത്.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.110 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from **Vaartha News Network Pvt.Ltd,** Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

ഭാരം കൂടിയ വാഹനങ്ങളുടെ ഗതാഗതം നിരോധിച്ചു

ആലപ്പുഴ:പൊതുമരാമത്ത് വകുപ്പ് ആലപ്പുഴ നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള കല്ലുപാലം മുതൽ മാതാജെട്ടി വരെയുള്ള റോഡ് (റോഡ് നമ്പർ 2) അപകടാവസ്ഥയിലായതിനാൽ ഭാരം കൂടിയ വാഹനങ്ങളുടെ ഗതാഗതം നിരോധിച്ചു

പലവ്യഞ്ജന കിറ്റുകൾ വിതരണം

ചേർത്തല: ചേന്നം പള്ളിപ്പുറം 817 നമ്പർ എൻ എസ്എസ് കരയോഗത്തിന്റെ നേതൃത്വത്തിൽ പ്രസ്തുത കരയോഗത്തിൽ ഉൾപ്പെട്ട എല്ലാ കുടുംബങ്ങൾക്കും പലവ്യഞ്ജന കിറ്റുകൾ വിതരണം ചെയ്തു. കരയോഗം പ്രസിഡന്റ് ജി. വി. പണിക്കർ ഇന്ദീവരം, സെക്രട്ടറി ആർ. വിജയകുമാർ, വൈസ് പ്രസിഡന്റ് ജഗദീഷ് ഡി മാന്താനത്, ട്രഷറർ സുരേഷ് എസ്. നായർ, കെ. ജി. രാധാകൃഷ്ണൻ, വി. ജി. ഉണ്ണികൃഷ്ണൻ, ജനാർദന പണിക്കർ, രാജീവ്, ശിവൻ കുട്ടി എന്നിവർ നേതൃത്വം നൽകി.

മരുന്ന് എത്തിച്ചു നൽകി

മുഹമ്മ: രണ്ടാം ക്ലാസ് വിദ്യാർത്ഥിക്ക് തിരുവനന്തപുരത്തു നിന്നും മരുന്ന് എത്തിച്ചു നൽകി. മണ്ണഞ്ചേരി കാവുങ്കൽ ഭജനമഠത്തിനു സമീപം വടക്കേവെളി ലൈജുവിന്റെ മകൻ അനന്തകൃഷ്ണനാണ് പോലീസ് അടിയന്തിരമായി മരുന്ന് എത്തിച്ച് നൽകിയത്.

തിരുവനന്തപുരത്തെ എസ്എടി യിലെ ചികിത്സയെ തുടർന്ന് കുട്ടിയെ ശ്രീചിത്രയിൽ മേജർ ഓപ്പറേഷന് വിധേനാക്കിയിരുന്നു. തുടർന്ന് ജീവൻരക്ഷാ മരുന്ന് കൃത്യമായി കഴിച്ചു വരുകയുമായിരുന്നു. ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ തിരുവനന്തപുരത്ത് പോയി മരുന്നു വാങ്ങുവാനും അതിനുള്ള പൈസയും കൂലിപ്പണിക്കാരനായ ലൈജുവിന് ഇല്ലായിരുന്നു .

ഈ വിവരം അറിഞ്ഞ സബ്ബ് ഇൻസ്പെക്ടർ ടി പി ദേവരാജ് പോലീസ് ആസ്ഥാനത്ത് അറിയിച്ചതിനെ തുടർന്നാണ് കുഞ്ഞിന് മരുന്ന് എത്തിക്കാനായത് .സബ്ബ് ഇൻസ്പെക്ടർമാരായ ചന്ദ്രകുമാർ ,സന്തോഷ്, സിവിൽ പോലീസ് ഓഫീസർമാരായ പ്രസന്നകുമാർ ,നാസറുദ്ദീൻ, സുധീർ ,എന്നിവരടങ്ങിയ പോലീസ് ടീമാണ് മരുന്ന് എത്തിച്ചത്. മാരാരിക്കുളം പോലീസ് സ്റ്റേഷനു സമീപം എത്തിയ ലൈജുവിന് മാരാരിക്കുളം പോലീസ് സ്റ്റേഷൻ എസ് ഐ സോമന്റെ സാന്നിദ്ധ്യത്തിലാണ് മരുന്നു കൈമാറിയത്.

വായ്പ ലഭ്യമാക്കണമെന്ന്

തുറവൂർ:കൊറോണ വൈറസ് വ്യാപനം തടയുന്നതിന് ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് ഉണ്ടായ തൊഴിൽ നഷ്ടവും സാധാരണക്കാർക്ക് നേരിട്ട ദുരിതവും കണക്കിലെടുത്ത് മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ വഴി വായ്പയായി ഇരുപതിനായിരം രൂപ നൽകുവാനുള്ള സർക്കാർ തീരുമാന പ്രകാരം

ഇതിനായി തയ്യാറാക്കിയിട്ടുള്ള മാർഗ്ഗ രേഖ കണ്ടു തീർത്തും നിരാശരായിരിക്കുകയാണ്. നിലവിലെ മാനദണ്ഡം അനുസരിച്ച് ഇരുപതിനായിരം രൂപ വായ്പ ലഭിക്കുന്നത് വളരെ ചുരുക്കം ആൾക്കാർക്ക് മാത്രമാണ്. പലർക്കും മിനിമം തുകയായ അയ്യായിരം രൂപ പോലും കിട്ടാത്ത സ്ഥിതിയുമുണ്ട്. ഇത് സാധാരണക്കാരായ പാവപ്പെട്ട ജനങ്ങൾക്ക് സർക്കാർ നൽകിയ വാഗ്ദാനത്തിന് എതിരാണ്. ആയതിനാൽ ഇക്കാര്യത്തിൽ അനുഭാവപൂർവമായ സമീപനം സ്വീകരിച്ച് കുടുംബശ്രീ അംഗങ്ങൾക്ക് 20,000 രൂപ വീതം വായ്പ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് മുഖ്യമന്ത്രിക്ക് നൽകിയ കത്തിൽ ഷാനിമോൾ ഉസ്മാൻ എം.എൽഎ ആവശ്യപ്പെട്ടു

അരിയും പലവ്യഞ്ജനങ്ങളും വിതരണം ചെയ്തു

തുറവൂർ: തുറവൂർ പുത്തൻചന്ത എസ്എൻഡിപി ശാഖ യോഗം 765 ന്റെ നേതൃത്വത്തിൽ ശാഖയിലെ നിർധനരായ കുടുംബാംഗങ്ങൾക്ക് അരിയും പലവ്യഞ്ജനങ്ങളും വിതരണം ചെയ്തു വിവിധ കുടുംബയൂണിറ്റുകളിൽ നടന്ന വിതരണത്തിന് ശാഖായോഗം പ്രസിഡൻറ് കെ എസ് ഷിബുലാൽ സെക്രട്ടറി റെജിമോൻ മറ്റ് കമ്മിറ്റി അംഗങ്ങൾ നേതൃത്വം നൽകി നൽകി

ഉപവാസ സമരം

ചേർത്തല: കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിലെ അലംഭാവത്തിനും കമ്യൂണിറ്റി കിച്ചണിലെ രാഷ്ട്രീയ വിവേചനത്തിനും എതിരെ ബിജെപി കടക്കരപ്പള്ളി പഞ്ചായത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്ന് ഉപവാസ സമരം നടത്തും.

രാവിലെ ഒൻപത് മുതൽ വൈകിട്ട് അഞ്ച് വരെ പഞ്ചായത്ത് ഓഫീസിന് മുന്നിലാണ് സമരം. ദേശീയ കൗൺസിൽ അംഗം വെള്ളിയാകുളം പരമേശ്വരൻ ഉദ്ഘാടനം ചെയ്യും.

പ്രതീക്ഷകളുടെ ഭാരം...ചെന്നിത്തല രണ്ടാം ബ്ലോക്ക് പാടശേഖരത്തിൽ കൊയ്ത നെല്ലിന്റെ വൈക്കോലുകൾ ശേഖരിക്കുന്ന കർഷകർ

ഇടവേളക്ക് ശേഷം ജില്ലയിൽ വീണ്ടും രാഷ്ട്രീയ അക്രമം

യൂത്ത് കോൺഗ്രസ് പ്രവർത്തകന് വെട്ടേറ്റ സംഭവത്തിൽ വ്യാപക പ്രതിഷേധം

ആലപ്പുഴ: ഇടവേളക്ക് ശേഷം ജില്ലയിൽ വീണ്ടും രാഷ്ട്രീയ അക്രമം. കറ്റാനം യൂത്ത് കോൺഗ്രസ്സ് മണ്ഡലം സെക്രട്ടറി സുഹൈൽ ഹസനെയാണ് കഴിഞ്ഞ ദിവസം രാത്രി വെട്ടിപ്പരിക്കേൽപ്പിച്ചത്. സിപിഎം ആണ് സംഭവത്തിന് പിന്നലെന്ന് കോൺഗ്രസ് ആരോപിക്കുമ്പോൾ സിപിഎമ്മിന്റെ ഭാഗത്തു നിന്നും പ്രതികരണങ്ങളൊന്നുമുണ്ടായിട്ടില്ല. ലോക്ഡൗൺ കാലത്ത് നടന്ന അക്രമത്തിനെതിരേ കോൺഗ്രസിന്റെയും പോഷക സംഘടനകളുടേയും ആഭിമുഖ്യത്തിൽ വ്യാപക പ്രതിഷേധമാണുയർന്നിരിക്കുന്നത്.

മാവേലിക്കര: ഗുണ്ടകളെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് കറ്റാനം- ഭരണിക്കാവ് കോൺഗ്രസ്സ് - യൂത്ത് കോൺഗ്രസ്സ് മണ്ഡലം കമ്മിറ്റികൾ. കഴിഞ്ഞദിവസം യൂത്ത് കോൺഗ്രസ് കറ്റാനം മണ്ഡലം പ്രസിഡന്റ് ഇഖ്ബാലിനൊപ്പം സ്കൂട്ടറിൽ പോവുകയായിരുന്നു സുഹൈൽ ഹസനെ എതിരെ സ്കൂട്ടറിൽ മുഖംമൂടി ധരിച്ചെത്തിയ സംഘം അതിദാരുണമായി വെട്ടിപ്പരിക്കേൽപ്പിക്കുകയാ യിരുന്നു. മണ്ഡലം പ്രസിഡണ്ട് ഇഖ്ബാലിനെ വെട്ടുവാൻ ശ്രമിക്കുന്നതിനിടെയാണ് ' പിറകിലിരുന്ന സുഹൈലിന് വെട്ടേറ്റത്. വെട്ടുകൊണ്ട് സുഹൈൽ നിലത്തു

ഭരണിക്കാവിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകനെ വെട്ടിപ്പരിക്കേൽപ്പിച്ചവരെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ എസ് പി ഓഫീസിലേക്ക് നടത്തിയ മാർച്ചിനെ തുടർന്ന് പ്രവർത്തകരെ അറസ്റ്റ് ചെയ്തു നീക്കുന്നു

വീണ് സമയത്ത് ബൈക്ക് ഓടിച്ചിരുന്ന ഇഖ്ബാലിനെ മുഖംമൂടി ധരിച്ചെത്തിയ സംഘം വീണ്ടും ആക്രമിക്കാൻ ശ്രമിച്ചു, ശ്രമം പാഴായപ്പോൾ ഇഖ്ബാൽ സ്വന്തം വാഹനം എടുത്ത് തൊട്ടടുത്തുള്ള വള്ളികുന്നം പോലീസ് സ്റ്റേഷനിലേക്ക് പോവുകയായിരുന്നു. പോലീസ് സ്റ്റേഷനിൽ എത്തി പോലീസിനെ വിവരം അറിയിച്ചു പോലീസ് വന്നാണ് സുഹൈലിനെ ആശുപത്രിയിലേക്ക് കൊണ്ടുപോയത്. കായംകുളം ജനറൽ ആശുപത്രിയിൽ എത്തിച്ചെങ്കിലും വിദഗ്ധ ചികിത്സയ്ക്ക് വണ്ടാനം മെഡിക്കൽ കോളേജിലേക്ക് മാറ്റുകയായിരുന്നു കഴുത്തിൽ ഏറ്റ മാരകമായ മുറിവ് പരിഹരിക്കാനാവാത്ത തിനാൽ പിന്നീട് എറണാകുളത്തെ ഒരു സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു. ഇത്രയും ക്രൂരമായ രീതിയിൽ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ചിട്ടും, പോലീസ് മൊഴിയെടുത്തു 15 മണിക്കൂറുകൾക്ക് ശേഷവും യാതൊരുവിധത്തിലുള്ള പുരോഗമനവും അന്വേഷണത്തിൽ കാണാത്തതിനാൽ യൂത്ത് കോൺഗ്രസ് കോൺഗ്രസ് മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ വള്ളികുന്നം പോലീസ് സ്റ്റേഷൻ ഉപരോധിച്ചു. തുടർന്ന് എസ് പി നടത്തിയ ചർച്ചയിൽ 24 മണിക്കൂറിനുള്ളിൽ പ്രതികളെ പിടികൂടണമെന്ന് ഉറപ്പിന്മേൽ പ്രവർത്തകർ പിരിഞ്ഞു പോവുകയായിരുന്നു. ഇത്തരത്തിൽ പോലീസ് അന്വേഷണത്തിൽ അനാസ്ഥ കാട്ടുകയാണെങ്കിൽ പോലീസ് സ്റ്റേഷൻ മാർച്ച് ഉൾപ്പെടെയുള്ള സമരങ്ങളിലേക്ക് നീങ്ങുമെന്ന് കറ്റാനം-ഭരണിക്കാവ് കോൺഗ്രസ്സ്- യൂത്ത് കോൺഗ്രസ്സ് മണ്ഡലം കമ്മിറ്റികൾ അറിയിച്ചു

ആക്രമണത്തിൽ പരിക്കേറ്റ യൂത്ത് കോൺഗ്രസ് മണ്ഡലം സെക്രട്ടറി സുഹൈൽ

ആലപ്പുഴ: ഭരണിക്കാവിലെ യൂത്ത് കോൺഗ്രസ്സ് നേതാവ് സുഹൈലിനെ വെട്ടി വീഴ്ത്തിയ കേസിൽ പ്രതികളെ അറസ്റ്റ് ചെയ്യാത്തതിൽ പ്രതിഷേധിച്ചു യൂത്ത് കോൺഗ്രസ്സ് എസ്പി ഓഫിസിലേക്കു തള്ളിക്കയറി:

ആലപ്പുഴ:ഭരണിക്കാവിലെ യൂത്ത് കോൺഗ്രസ്സ് നേതാവിന്റെ കൊലപാതകശ്രമത്തിൽ പ്രതിഷേധിച്ചു യൂത്ത് കോൺഗ്രസ്സ് ജില്ലാ പ്രസിഡണ്ട് ടിജിൻ ജോസഫ്, സംസ്ഥാനജനറൽ സെക്രട്ടറി എംപി പ്രവീൺ സംസ്ഥാന സെക്രട്ടറി നൗഫൽ, ജില്ലാ വൈസ് പ്രസിഡണ്ട് മുഹമ്മദ് അസ്‌ലം അമ്പലപ്പുഴ നിയോജകമണ്ഡലം പ്രസിഡണ്ട് നൂറുദീൻ കോയ എന്നിവർ തള്ളിക്കയറി. പോലീസുമായി ഉന്തും തള്ളുമുണ്ടായി പോലീസ് ബലപ്രയോഗിച്ചു നീക്കി. ബലപ്രയോഗത്തിനിടെ പോലീസ് ലാത്തി വീശി. ലാത്തിവീശിൽ നൂറുദിൻ കോയക്ക് പരിക്കേറ്റു.. അറസ്റ്റു ചെയ്ത പ്രവർത്തകർ പോലീസ് സ്റ്റേഷനിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു. സുഹൈലിനെ കൊല്ലാൻ നോക്കിയ പ്രതികളെ അറസ്റ്റു ചെയ്തില്ലേൽ യൂത്ത് കോൺഗ്രസ്സ് സമരം ശക്തമാക്കുമെന്നും ജില്ലാ പ്രസിഡണ്ട് ടിജിൻ പറഞ്ഞു. സംസ്ഥാനമൊട്ടുക് പ്രതിഷേധം ശ്കതമാക്കുമെന്നു സംസ്ഥാന ജനറൽ സെക്രട്ടറി എംപി പ്രവീണും പറഞ്ഞു

പത്ര ഏജൻറും വിതരണക്കാരനുമായ ശശി മുണ്ടൻകാവിന് ഡി.വൈ.എസ്.പി അനീഷ് കോര സഹായം വിതരണം ചെയ്യുന്നു. സി.ഐ.എം.സുധി ലാൽ സമീപം

പത്രവിതരണക്കാർക്ക് അവശ്യ സാധനങ്ങളുടെ കിറ്റ് വിതരണം

ചെങ്ങന്നൂർ.:വർഷങ്ങളായി പത്രവിതരണ രംഗത്ത് നിൽക്കുന്നവർക്ക് കോവിഡ് കാലത്ത് മെട്രോ വാർത്ത ചെങ്ങന്നൂർ ബ്യൂറോയുടെ സഹായം വിതരണം ചെയ്തു.ചെങ്ങന്നൂർ ബ്യൂറോയിൽ നടന്ന അവശ്യ സാധനങ്ങളുടെ കിറ്റ് വിതരണം ചെങ്ങന്നൂർ ഡി.വൈ.എസ്.പി അനീഷ് കോര ഉദ്ഘാടനം ചെയ്തു.പത്രത്തോടൊപ്പം പാൽ എന്ന പദ്ധതിയുടെ പാൽ വിതരണം സി.ഐ. എം. സുധി ലാലും നിർവഹിച്ചു.മുതിർന്നവരും വർഷങ്ങളായി പത്രവിതരണ രംഗത്ത് നിൽക്കുന്നവർക്കാണ് സഹായ വിതരണം ചെയ്ത്തത്.മെട്രൊ വാർത്താ ചെങ്ങന്നൂർ ലേഖകൻ ബി. കൃഷ്ണകുമാർ അധ്യക്ഷത വഹിച്ചു.രമേശ് ബാബു, മനു കൃഷ്ണൻ, സുഭാഷ് ,സിബു ബാലൻ, എന്നിവർ പങ്കെടുത്തു.

ചാസ്സ് ചങ്ങനാശ്ശേരി അതിരൂപതയുടേയും എടത്വ യൂണിറ്റിന്റേയും ആഭിമുഖ്യത്തിൽ അതിഥി തൊഴിലാളികൾക്ക് ഭക്ഷണകിറ്റ് വിതരണം നടത്തുന്നു

അതിഥി തൊഴിലാളികൾക്ക് ഭക്ഷണകിറ്റ് വിതരണം ചെയ്തു

അമ്പലപ്പുഴ: ചാസ്സ് ചങ്ങനാശ്ശേരി അതിരൂപതയുടേയും എടത്വ യൂണിറ്റിന്റേയും ആഭിമുഖ്യത്തിൽ അതിഥി തൊഴിലാളികൾക്ക് ഭക്ഷണകിറ്റ് വിതരണം നടത്തി. എടത്വ സെന്റ് ജോർജ് ഫൊറോനാപള്ളി വികാരി ഫാ. മാത്യു ചൂരവടി ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അധ്യക്ഷത വഹിച്ചു. എടത്വ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആനി ഈപ്പൻ, സെക്രട്ടറി ജി. രാജേന്ദ്രൻ, വില്ലേജ് ഓഫീസർ ആർ. ശങ്കർ, യൂണിറ്റ് പ്രസിഡന്റ് പി.എസ്സ്. ടോമിച്ചൻ പറപ്പള്ളിൽ, അതിരൂപതാ അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, യൂണിറ്റ് സെക്രട്ടറി ആന്റണി ജോസഫ് മാമ്മൂട്ടിൽ, എക്സിക്യൂട്ടീവ് അംഗം മനീഷ് മാത്യു വാളംപറമ്പിൽ, യൂണിറ്റ് കോർഡിനേറ്റേഴ്സായ ഗ്രേയ്സി മാത്യു, ആൻസമ്മ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

എസ്.എൻ.ഡി.പി യോഗം മാവേലിക്കര യൂണിയനെ മൂന്ന് യൂണിയനുകളാക്കി വിഭജിച്ചു

ആലപ്പുഴ:സംഘടനാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും മൈക്രോ ഫിനാൻസ് പദ്ധതി നടത്തിപ്പ് കൂടുതൽ സുതാര്യമാക്കാനും എസ്.എൻ.ഡി.പി യോഗം മാവേലിക്കര യൂണിയനെ , മൂന്ന് യൂണിയനുകളാക്കി വിഭജിച്ചു കൊണ്ട് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ഉത്തരവായി. മാർച്ച് 12 ന് ചേർന്ന യോഗം കൗൺസിലാണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തത്. മാവേലിക്കര യൂണിയനെ ടി. കെ.മാധവൻ സ്മാരക എസ്. എൻ.ഡി.പി യൂണിയൻ , മാവേലിക്കര എന്ന് പുനർനാമകരണം ചെയ്തു.

ചാരുംമൂട്, മാന്നാർ എന്നിവിടങ്ങൾ കേന്ദ്രമാക്കിയാണ് മറ്റ് രണ്ട് യൂണിയനുകൾ.മാവേലിക്കര യൂണിയനിലെ 104 ശാഖകൾക്കും യൂണിയൻ നേതൃത്വത്തിന്റെ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് യൂണിയൻ വിഭജനം അനിവാര്യമാണെന്ന് വിവിധ ശാഖകളിൽനിന്നും അംഗങ്ങളിൽനിന്നും ആവർത്തിച്ച് ഉയർന്നുവന്ന ആവശ്യങ്ങളുംനിവേദനങ്ങളും അന്വേഷിച്ച് വസ്തുതാപരമായ റിപ്പോർട്ട് നൽകുവാൻ യോഗം കൗൺസിൽ പി.റ്റി. മന്മഥനെ ചുമതലപ്പെടുത്തിയിരുന്നു. കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് ചർച്ചചെയ്താണ് കൗൺസിൽ വിഭജന തീരുമാനം കൈക്കൊണ്ടത്.

വടക്ക് മാന്നാർ മുതൽ തെക്ക് വള്ളികുന്നം വരെ വ്യാപിച്ചുകിടക്കുന്ന മാവേലക്കര യൂണിയന്റെ കീഴിൽ 20,000-ൽ പരം സംഘടനാ കുടുംബങ്ങളും അധിവസിക്കുന്നു. ഒരു മുനിസിപ്പാലിറ്റിയിലും ഒൻപത് ഗ്രാമപഞ്ചായത്തുകളിലും വ്യാപിച്ചുകിടക്കുന്ന വസ്തൃതമായ ഭൂപ്രദേശമാണ് യൂണിയനിലുണ്ടായിരുന്നത്.

പക്ഷികൾക്ക് ദാഹജലമൊരുക്കി ഇജാബ വിദ്യാർത്ഥികൾ

അമ്പലപ്പുഴ. നീർക്കുന്നം- പൊള്ളുന്ന വേനലിൽ പക്ഷികൾക്ക് ദാഹജലമൊരുക്കി അൽ ഇജാബ സെൻട്രൽ സ്കൂൾ വിദ്യാർത്ഥികൾ മാതൃകയാവുന്നു. വേനലവധി സമയത്ത് സ്കൂൾ നടപ്പിലാക്കുന്ന 'വെക്കേഷൻ ചാലഞ്ചിൻറെ ഭാഗമായാണ് ദാഹജലമൊരുക്കിയത്. എല്ലാ വിദ്യാർത്ഥികളുടെയും വീട്ട് മുറ്റത്തെ മരക്കൊമ്പിൽ പക്ഷികൾക്ക് കുടിക്കാവുന്ന തരത്തിൽ മൺകുടം കെട്ടി അതിൽ വെള്ളമൊഴിച്ച് പക്ഷികളെ കാത്തിരിക്കുകയാണ് ഇവർ. മാനുഷിക മൂല്യം പകർന്ന് നൽകുന്ന വിദ്യാഭ്യാസ രീതിക്കാണ് പുതിയ തലമുറയെ നേരായ മാർഗത്തിലേക്ക് നയിക്കാനാവുക' എന്ന് പദ്ധതി ഉദ്ഘാടനം ചെയ്ത് സംസാരിക്കവെ സ്കൂൾ ചെയർമാൻ ഹംസ എ കുഴുവേലി അഭിപ്രായപ്പെട്ടു.

മാനേജർ ഇബ്റാഹീം കുട്ടി വിളക്കേഴം അദ്ധ്യക്ഷനായി.വെക്കേഷൻ ചാലഞ്ചിൻറെ ഭാഗമായി നിരവധി പ്രവർത്തനങ്ങളാണ് രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമായി തയ്യാറാക്കിയിട്ടുള്ളത്.വിദ്യാഭ്യാസ-കലാകായിക സാംസ്കാരിക സാമൂഹ്യ ധാർമിക മേഖലകളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പത്ത് ഇന പദ്ധതിയാണ് 'വെക്കേഷൻ ചാലഞ്ച്'.

കണിച്ചുകുളങ്ങര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ നിർധനരായ കുട്ടികളുടെ രക്ഷകർത്താക്കൾക്ക് അവശ്യ സാധന കിറ്റുകൾ വിതരണം ചെയ്യുന്നു

അവശ്യ സാധന കിറ്റുകൾ വിതരണം ചെയ്തു

ചേർത്തല:കണിച്ചുകുളങ്ങര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ നിർധനരായ 220 ഓളം കുട്ടികൾക്ക് അവശ്യ സാധന കിറ്റുകൾ വിതരണം ചെയ്തു. കണിച്ചുകുളങ്ങര ദേവസ്വം സെക്രട്ടറി പി.കെ. ധനേശൻ ഉദ്ഘാടനം നിർവഹിച്ചു. കെ. കെ. മഹേശൻ, ഹെഡ് മിസ്ട്രസ് കെ. പി. ഷീബ, കെ. ഡി. അജിമോൻ, ടി. കെ. അനിലാൽ, സിനിമോൾ, വി.ഡി. പ്രീത തുടങ്ങിയവർ പങ്കെടുത്തു.

ഇതര സംസ്ഥാന തൊഴിലാളികൾക്ക് പനി പരിശോധന

ഹരിപ്പാട്: കുമാരപുരം ഗ്രാമ പഞ്ചായത്തിലെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇൻഫ്രാറെഡ് തെർമോമീറ്റർ ഉപയോഗിച്ച് പനി പരിശോധന ആരംഭിച്ചു.സാമുഹ്യ അകലം പാലിച്ച് വേഗത്തിലും കൃത്യമായും ശരീരത്തിന്റെ താപനില അളക്കാൻ കഴിയും. തെർമോമീറ്റർ അണുവിമുക്തമാക്കേണ്ടതില്ല.. ഏഴാം വാർഡിലെ ക്യാമ്പിൽ നിന്നാണ് പനി പരിശോധന ആരംഭിച്ചത്.

പ്രസിഡന്റ് എസ്. സുരേഷ്കുമാർ, സ്ഥിരം സമിതി അധ്യക്ഷരായ സി. എസ് രഞ്ജിത്ത്, ഡി. സുഗേഷ്, ബ്ലോക്ക് പഞ്ചായത്ത് അംഗം യൂ. ദിലീപ്, ഗ്രാമ പഞ്ചായത്ത് അംഗം താജുന്നിസ, സെക്രട്ടറി എസ്. ശുഭാദേവി, മെഡിക്കൽ ഓഫീസർ മാരായ ഡോ. പ്രിയങ്ക, ഡോ. സിജി, ഡോ. ആർ. ശ്രീനി, ഹെൽത്ത് ഇൻസ്പെക്ടർ സജീവ് കുമാർ, ദീപേഷ്, ലിസി, അർച്ചന, അജീഷ് എന്നിവർ പങ്കെടുത്തു. ക്യാമ്പുകളിലെ പനി പരിശോധനക്ക് ശേഷം ആശാ പ്രവർത്തകരുടെയും ആരോഗ്യ വകുപ്പ് ജീവനക്കാരുടെയും നേതൃത്വത്തിൽ പഞ്ചായത്തിലെ 7000 വീടുകളിൽ പനി പരിശോധന നടത്തും.

ലോക ഭൗമ ദിനത്തിൽ സി പി ഐ എം നേതൃത്വത്തിൽ ലോക്ക് ഡൗൺകൃഷിയുടെ ഉദ്ഘാടനം ജില്ലാ സെക്രട്ടറി ആർ നാസർ നിർവഹിക്കുന്നു

ലോക്ക് ഡൗൺകൃഷിക്ക് തുടക്കം കുറിച്ചു

ചേർത്തല:ലോക ഭൗമ ദിനത്തിൽ സി പി ഐ എം നേതൃത്വത്തിൽ ലോക്ക് ഡൗൺകൃഷിക്ക് തുടക്കം കുറിച്ചു. ചേർത്തല ഏരിയ കമ്മിറ്റിയുടെ കീഴിലുള മുഴുവൻ പാർട്ടി അംഗങ്ങളുടെയും വീടുകളിലാണ് പച്ചക്കറി കൃഷിക്ക് ആരംഭം കുറിച്ചത് തൈക്കാട്ടുശ്ശേരി ബ്ലോക്ക് അതിർത്തിലെ അഞ്ചു പഞ്ചായത്തിലെ പെരുമ്പളം, അരുക്കുറ്റി, തൃച്ചാറ്റു കുളം പൂച്ചാക്കൽ, തൈക്കാട്ടുശ്ശേരി , പള്ളിപ്പുറം വടക്ക്, തെക്ക് എന്നീ ലോക്കൽ കമ്മററി കളിലും ചേർത്തലമുൻസിപ്പാലിറ്റികളിലെ ലോക്കൽ കമ്മറ്റികളിലെ പതിനൊന്ന് പ്രദേശത്തെമൂവായിരത്തി മൂന്നൂറ്റി യൊന്ന് പാർട്ടി അംഗങ്ങളുടെ വീടുകളിലാണ് ഭൗമദിനത്തിൽ പച്ചക്കറി കൃഷി സിപിഐ എം ചേർത്തല ഏരിയായിലെ പാർട്ടി അംഗങ്ങളുടെ വീടുകളിലായിആദ്യ ഘട്ടം ജനകീയ പച്ചക്കി കൃഷിക്ക് തുടക്കമായത്. ചീര, വെണ്ട, പയർ, മുളക്, തക്കാളി, പാവൽ, പടവലം, എന്നീവയാണ് പ്രധാന മായി കൃഷിക്കായി തെരെഞ്ഞെടുത്തിട്ടുള്ളത്. തൃച്ചാറ്റു കുളത്തെ കാച്ചനാട്ട് വീട്ടിൽ വൽസലാ വിപിന ചന്ദ്രന്റെ വീട്ടിൽ നടന്ന ജില്ലാ തലഉദ്ഘാടനം സി പി ഐ എം ആലപ്പുഴ ജില്ലാ സെക്രട്ടറി ആർ നാസർ നിർവഹിച്ചു.

ഏരിയാ ക്രട്ടറി കെ രാജപ്പൻ നായർ അദ്ധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് അംഗം പി എം പ്രമോദ്, വി എ പരമേശ്വരൻ , ആർ ജയചന്ദ്രൻ ,രജേഷ് വിവേകാനന്ദ എന്നിവർ പങ്കെടുത്തു.പള്ളിപ്പുറം തെക്ക് കർഷക സംഘം ജില്ലാ സെക്രട്ടറി ശ്രീകുമാരൻഉണ്ണിത്താൻ ഉദ്ഘാടനം ചെയ്തു. വിമൽദേവ് അദ്ധ്യഷനായി.പള്ളിപ്പുറം വടക്ക് ജില്ലാ സെക്രട്ടറിയേറ്റ് അംഗം അഡ്വ: കെ പ്രസാദ് ഉദ്ഘാടനം ചെയ്തു. ആർ രാജേഷ് അദ്ധ്യക്ഷനായി.പൂച്ചാക്കലിൽ നടന്ന ഏരിയാ തല ഉദ്ഘാടനം ഏരിയാ സെക്രട്ടറികെ രാജപ്പൻ നായർ ഉദ്ഘാടനം ചെയ്തു. കെ ബി ബാബുരാജ് അധ്യക്ഷയി. എക്സറേയിൽ എൻ ആർ ബാമ്പുരാജ്ഉദ്ഘാടനം ചെയ്തു. കെ പി പ്രതാപൻ അദ്ധ്യക്ഷനായി. തൈക്കാട്ടുശ്ശേരിയിൽ പി എം പ്രമോദ്,ഉദ്ഘാടനം ചെയ്തു. ജോതി മണി അദ്ധ്യഷനായി. പെരുമ്പളത്ത് പി ജി മുരളി,ഉദ്ഘാടനം ചെയ്തു. പി കെ രാജൻ അദ്ധ്യ നായി.അരുക്കുറ്റിയിൽ ബി വിനോദ്ഉദ്ഘാടനം ചെയ്തു.വിശ്വ സത്യൻ അധ്യക്ഷനായി. കരുവയിൽ എ എസ് സാബു. സി ആർ സുരേഷ് അദ്ധ്യക്ഷനായി. ടൗൺ ഈസ്റ്റ് റ്റി ആർ മുകുന്ദൻ നായർ. ഉദ്ഘാടനം ചെയ്തു. പിസ് സുരേഷ് അദ്ധ്യഷനായി.വെസ്സ് കമ്മറ്റിയിൽ എപി ഹരിക്കുമാർ ഉദ്ഘാടനം ചെയ്തു. പി എസ് ഗോപി അദ്ധ്യക്ഷനായി.

വിവിധ ലോക്കൽ കമ്മറ്റികളിലെ പഞ്ചായത്ത് തല ഉദ്ഘാടനങ്ങളാണ് നടന്നത്. തുടർന്ന് മുഴുവൻ പാർട്ടി അനുഭാവികളുടെയു വീടുകളിൽകോവി ഡ് 19ന്റെ ഭാഗമായി ഏർപ്പെടുത്തിയ നിയന്ത്രണത്തിന്റെ ഭാഗമായി വിടുകളിൽ ഒറ്റപ്പെടു പോയവരിൽ കൃഷിയുടെ പ്രാധാന്യം എത്തിക്കുന്നതിനും ഭൂമിയെ സംരക്ഷിക്കുവാനും പച്ചക്കറി, ധാന്യവിളകൾ എന്നിവ സ്വയം പര്യാപ്തത നേടുന്നതിന്റെ സന്ദേശം ഇതിലുടെ എത്തിയ്ക്കുകയും വിഷരഹിത പച്ചക്കറി കൃഷി പ്രോൽസാഹിപ്പിയ്ക്കുകയുമാണ് ലക്ഷ്യമെന്ന് ഏരിയാ സെക്രട്ടറി കെ രാജപ്പൻ നായർ അറിയിച്ചു.

Edited, Printed and Published by K.S.Sasikumar , Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R.Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor,* responsible for selection of news under PRB Act), E.Rudran Warrier (Executive Editor), Vol. 3, Issue No. 119.RNI No.KERMAL/2018/76414 Printed at M/s S.T. Reddiar & Sons, Veekshanam Road, Kochi- 682035 and Published from Vaartha News Network Pvt.Ltd No. 33 / 758, Vijis Complex, Kallupalam, Iron Bridge P.O., Alappuzha - 688011. Phone - 0477 2252534, E-mail: info@metrovaartha.com

കുഞ്ഞാപ്പുവും കുട്ടി ദിനോസറും

കുഞ്ഞാപ്പു അമ്പലത്തിനുള്ളിൽ

ദേവീക്ഷേത്രത്തിൽ ചെന്നു നോക്കാൻ തന്നെ തീരുമാനിച്ചു. ഇതിനിടെ അച്ഛനും ചേട്ടനും പൊലീസ് സ്റ്റേഷനിൽ നിന്ന് തിരിച്ചെത്തി. ലാപ്ടോപ്പും മൊബൈൽ ഫോണുമൊക്കെ തിരിച്ചു കിട്ടി.

ചേട്ടന്റെ ലാപ് ടോപ്പിൽ ദിനോസറിന്റെ ചിത്രങ്ങൾ ഡൗൺലോഡു ചെയ്തു വച്ചിരുന്നത് പൊലീസിന് സംശയം ഇരട്ടിക്കാൻ ഇടയായി. മുമ്പ് താൻ ചേട്ടനോട് ദിനോസറിനെക്കുറിച്ചു ചോദിച്ചപ്പോഴാണ് ചിത്രങ്ങൾ ഡൗൺലോഡ് ചെയ്ത് നോക്കിയത്. അത് പാവത്തിന് ഇപ്പോൾ പാരയായി. ഇനിയും വിളിച്ചാൽ ചെല്ലണമെന്ന് ശാസനയും നൽകിയാണ് പൊലീസ് വിട്ടത്. എന്തായാലും കൂടുതൽ പ്രശ്നങ്ങളൊന്നും ഉണ്ടായില്ല എന്നതു ഭാഗ്യം.

ടോമയ്യ എവിടെയെങ്കിലും പോട്ടെ, ഇനി അതിന്റെ പിന്നാലെ നടന്ന് കുഴപ്പങ്ങളിൽ ചെന്നു ചാടണ്ട എന്നും കുഞ്ഞാപ്പുവിന് തോന്നിത്തുടങ്ങി.

ഇപ്പോൾ ഏതായാലും ക്ലീനായിട്ട് ആ പ്രശ്നത്തിൽ നിന്ന് തലയൂരിക്കഴിഞ്ഞു.

എങ്കിലും ക്ഷേത്ര പരിസരത്തുകൂടി ഒന്നു നോക്കിയ ശേഷം മതിയാക്കാമെന്ന് കുഞ്ഞാപ്പു തീരുമാനിച്ചുറച്ചു.

ഉച്ച ഊണിനു ശേഷം അച്ഛനും അമ്മയും ഉറക്കം പതിവുണ്ട്. അതാണ് പുറത്തിറങ്ങാൻ പറ്റിയ സമയം. ഒരു മണിക്കൂറോളം കിട്ടും. അതു വരെ അവരെല്ലാം ഉറക്കമായിരിക്കും. ഉച്ച സമയമായതുകൊണ്ട് വഴിയിലും ആരും കാണാനിടയില്ല.

കാര്യങ്ങൾ തീരുമാനിച്ചുറച്ച ശേഷം എങ്ങനെയും ഉച്ച ഊണുകഴിയാനുള്ള കാത്തിരിപ്പായി പിന്നീട്.

പ്ലാനിട്ട പോലെ തന്നെ കാര്യങ്ങളെല്ലാം ഒത്തുവന്നു. കുഞ്ഞാപ്പു അമ്പലത്തിലേക്കുള്ള വഴിയേ നടന്നു. കൊറോണയായതുകൊണ്ട് വഴിയിലെങ്ങും ആരുമില്ല. നടത്തത്തിന് വേഗത കൂട്ടി. പരിചയക്കാരാരെങ്കിലും കണ്ടാൽ പ്രശ്നമാവും.

കുഞ്ഞാപ്പു അമ്പലത്തിനടുത്തെത്തി. മതിലൊന്നും ഇല്ലാതെ തുറന്നു കിടക്കുന്ന ഒരു പറമ്പാണ്. കുട്ടമനയ്ക്കൽക്കാരുടെ വക സ്ഥലമാണ്. അടുത്ത കാലത്ത് പുനരുദ്ധാരണമെന്നൊക്കെപ്പറഞ്ഞ് കുറേ ഭാഗം പൊളിച്ചിട്ടിരിക്കുന്നതു കൊണ്ട് ചുറ്റമ്പലമൊക്കെ തുറന്നു കിടക്കുകയാണ്.

കുഞ്ഞാപ്പു ചുറ്റമ്പലത്തിനുള്ളിലേക്ക് എത്തി നോക്കി.

കൊറോണ വരുന്നതിനു മുമ്പ് പൂജ നടത്തിയതിന്റെ കുങ്കുമവും മഞ്ഞളുമെല്ലാം ശ്രീകോവിനു മുന്നിലെ പടിയിലെല്ലാം വീണു കിടപ്പുണ്ട്.

മേൽക്കൂര പാടില്ലാത്ത പ്രതിഷ്ഠയാണ്. അതുകൊണ്ട് ഇടയ്ക്കു പെയ്ത മഴയിൽ എണ്ണയും കരിയുമെല്ലാം കലങ്ങി തറയിലാകെ പടർന്നു കിടക്കുന്നു. ഒറ്റയ്ക്കാണ് താനെന്ന തോന്നൽ കൂടിയായപ്പോൾ കുഞ്ഞാപ്പുവിന്റെ ഉള്ളിൽ ഭയം ഉരുണ്ടു കൂടി.

നിലവിളക്കും ചില പഴയ പാത്രങ്ങളും കൂട്ടി വച്ചിട്ടുണ്ട്. വിഗ്രഹമായിട്ട് ഒന്നും ഇല്ല വലിയൊരു കല്ല് കുത്തി നിർത്തിയ പോലെ. ഉച്ചനേരമാണെങ്കിലും മങ്ങിയ വെളിച്ചം മാത്രം. പെട്ടെന്നാണ് നിലത്ത് എന്തോ ഉരയുന്ന ശബ്ദം കുഞ്ഞാപ്പു കേട്ടത്.

(നാളെ: ടോമയ്യയെ കണ്ടെത്തിയോ?)

ഇന്നലത്തെ ചോദ്യം അയച്ചവരിൽ നിന്ന് തെരെഞ്ഞെടുത്തത് -

Parthiv Dileep,
Std.III C,
Bharathmatha CMI
Public School,
Palakkad 7

ഇന്നലത്തെ ചോദ്യം ഇതായിരുന്നു:

മലയാളത്തിലെ ഏറ്റവും പ്രശസ്തമായ ആദ്യ കാല ചെറുകഥയിൽ വീട്ടുകാർ ഉപേക്ഷിച്ചു പോയ നായയുടെ ദയനീയ അവസ്ഥയാണ്.

ഏതാണ് ആ ചെറുകഥ, ആരാണ് എഴുതിയത്?

ഉത്തരം: തകഴി ശിവശങ്കരപ്പിള്ളയുടെ - വെള്ളപ്പൊക്കത്തിൽ എന്ന ചെറുകഥ

ഇന്നത്തെ ചോദ്യം:

ഇവിടെ കൊടുത്തിരിക്കുന്ന ഫാന്റം ചിത്രം ശ്രദ്ധിച്ചോ? അതിൽ ഒരു നായയുണ്ട് - എന്താണ് നായയുടെ പേര്?

ഉത്തരം അയക്കേണ്ട വാട്ട്സ് ആപ് നമ്പർ: **7034041234**

ഹോം കുക്കിങ്

ബിനിത ദേവസീ

പപ്പട തോരൻ

വേണ്ടത്

പപ്പടം - 1 പാക്കറ്റ്
കടുക് - 1/2 ടീസ്പൂൺ
കറിവേപ്പില - 2 തണ്ട്
ചുവന്നുള്ളി - ഒരു കപ്പ്
പച്ചമുളക് - 3 എണ്ണം
തക്കാളി - 1 എണ്ണം (ചെറുതായി നുറുക്കിയത്)
മഞ്ഞപ്പൊടി - 1/4 ടീസ്പൂൺ
മുളക്പൊടി - 1/2 ടീസ്പൂൺ
ഉപ്പ് - ആവശ്യത്തിന്

തയാറാക്കേണ്ടത്

ആദ്യം പപ്പടം ചെറിയ കഷണങ്ങളാക്കിയ പപ്പടം വെളിച്ചെണ്ണയിലിട്ട് വറുത്തെടുക്കുക. ഉള്ളിയും പച്ചമുളകും മിക്സിയിൽ അടിച്ചെടുക്കുക. ശേഷം പപ്പടം വറുത്ത ചീനച്ചട്ടിയിലേക്ക് കടുക് ഇട്ട് പൊട്ടിക്കുക, ശേഷം അടിച്ചുവച്ചിരിക്കുന്ന ഉള്ളിയും പച്ചമുളകും, തക്കാളിയും ചേർത്ത് ഇളക്കുക, അതിലേക്ക് 1/4 ടീസ്പൂൺ മഞ്ഞപ്പൊടിയും 1/2 ടീസ്പൂൺ മുളകുപൊടിയും കുറച്ച് ഉപ്പും കറിവേപ്പിലയും ഇട്ട് നന്നായി ഇളക്കുക. ശേഷം വറുത്ത പപ്പടം കൈകൊണ്ട് പൊടിച്ച് ഇതിലേക്ക് ചേർത്താൽ പപ്പട തോരൻ റെഡി.

സകുടുംബം സന്തോഷത്തോടെ എൽദോ

സ്വന്തം ലേഖകൻ

കൊച്ചി: കൊവിഡ് കാലമല്ലായിരുന്നുവെങ്കിൽ നേരിട്ടുള്ള പൊതുരാഷ്ട്രീയ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തേണ്ട വേളായിരുന്നു ഇത്. വികസനങ്ങൾ എണ്ണിപ്പറഞ്ഞ്, നാടിന്റേയും നാട്ടാരുടേയും ക്ഷേമം ഉറപ്പാക്കേണ്ടവേള, എല്ലാം തകിടം മറിഞ്ഞെങ്കിലും മൂവാറ്റുപുഴയിലെ കന്നിക്കാരൻ ലൈവാണ്. എങ്കിലും കല്ല്യാണ പുതുമോടി മാറാത്ത എൽദോ എബ്രാഹാം എംഎൽഎ തിരക്കിൽ തന്നെയാണ്.

ഈസ്റ്ററും വിഷുവുമെല്ലാം പൊതുപ്രവർത്തനത്തിനിടയിൽ ആഘോഷിക്കാൻ കഴിയുമോയെന്ന് തന്നെ ഉറപ്പില്ലാതിരുന്ന യുവ എംഎൽഎയയും കൊവിഡ് അന്ന് വീട്ടിലിരുത്തി. നേരത്തെയുള്ളതിൽ നിന്നും വ്യത്യസ്തമായി കൂടുതൽ സമയം കുടുംബത്തോടൊപ്പം ചിലവഴിക്കാൻ കഴിയുന്നുണ്ട് എന്നതുമാത്രമാണ് വ്യത്യാസം.

എങ്കിലും മണ്ഡലത്തിലെ തന്റെ പ്രവർത്തനങ്ങളിൽ ഒരു വീഴ്ചയും പാടില്ലെന്ന കർക്കശവും സിപിഐയുടെ യുവതാരകത്തിനുണ്ട്. രാവിലെ ഒമ്പതു മണിക്ക് തന്നെ എല്ലാ ദിവസവും വീട്ടിൽ നിന്നും ഇറങ്ങും. മണ്ഡലത്തിൽ ആകെ 13 കമ്യൂണിറ്റി കിച്ചണുകളാണ് പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനങ്ങൾ വീഴ്ചയുണ്ടാകാതിരിക്കാൻ കമ്യൂണിറ്റി കിച്ചൺ ജനകീയവത്കരിച്ചു മാതൃക തന്നെ തീർത്തു എൽദോ. മണ്ഡലത്തില സന്നദ്ധ സംഘടനകളേയും രാഷ്ട്രീയ പാർട്ടികളേയും ക്ലബുകളേയുമെല്ലാം കൂട്ടിയോജിപ്പിച്ച് കമ്യൂണിറ്റി കിച്ചണിലേക്ക് ഒരു ദിവസം വേണ്ട ഉത്പന്നം ഓരോരുത്തർക്കായി മുൻകൂട്ടി വീതിച്ചു നൽകിയിരിക്കുകയാണ്.

കളമശേരി മെഡിക്കൽ കോളെജിലെ കൊവിഡ് ചികിത്സാ കേന്ദ്രം കഴിഞ്ഞാൽ എറണാകുളം ജില്ലയിൽ നല്ലരീതിയിൽ ഐസുലേഷൻ വാർഡുകൾ ക്രമീകരിച്ച് പ്രവർത്തനം നടന്ന ആശുപത്രിയാണ് മൂവാറ്റുപുഴയിലെ ജനറൽ ആശുപത്രി. ആദ്യ ഘട്ടത്തിൽ ഇവിടെ 15 പേർ നിരീക്ഷണത്തിലുണ്ടായിരുന്നു. ഇപ്പോഴത് രണ്ടായി ചുരുങ്ങിയെങ്കിലും ഐസുലേഷൻ വാർഡിന്റെ പ്രവർത്തനങ്ങൾ വളരെ മികച്ച രീതിയിൽ തന്നെ നടക്കുന്നുണ്ട്.

'മെഡിക്കൽ ചലഞ്ച്' എന്ന പേരിൽ എംഎൽഎ മണ്ഡലത്തിലെ നിർധന രോഗികൾക്ക് വേണ്ടി നടപ്പാക്കുന്ന പദ്ധതിയും ശ്രദ്ധേയമാണ്. മണ്ഡലത്തിൽ ഏതെങ്കിലും രോഗികൾ മരുന്നുവാങ്ങാൻ പണമില്ലാതെ ബുദ്ധിമുട്ടുന്നുണ്ടെങ്കിൽ ഒരു സന്ദേശമയച്ചാൽ അവർക്കുള്ള ഒരു മാസത്തെ മരുന്ന് എംഎൽഎ തന്നെ വാങ്ങി നൽകും.

മൂവാറ്റുപുഴ മണ്ഡലത്തെ സംബന്ധിച്ച് കാർഷിക മേഖലയിൽ തൊഴിൽ എടുക്കുന്നവർ നിരവധിയാണ്. പ്രത്യേകിച്ച് പൈനാപ്പിൾ. വേനൽക്കാലത്ത് പൈനപ്പിൾ വിപണി ലക്ഷ്യമാക്കി കൃഷിയിറക്കിയ പലരും കൊവിഡ് തുടങ്ങിയതോടെ പ്രതിസന്ധിയിലായി. പൈനപ്പിളിന്റെ വില കുത്തനെ ഇടിഞ്ഞ് 6 രൂപ വരെയെത്തി. ഈ ദുരന്താകാലത്ത് അവരെ ചേർത്ത് പിടിക്കാനും എംഎൽഎ മറന്നില്ല.

സംസ്ഥാന സർക്കാരിന് മേൽ നിരന്തര സമ്മർദം ചെലുത്തി ഹോർട്ടികോർപ്പ് വഴിയുൾപ്പെടെ പൈനാപ്പിൾ സംഭരണം ആരംഭിച്ചും മറ്റു മാർഗങ്ങളിലൂടേയും അടിസ്ഥാന വിലഉയർത്താനും എംഎൽഎക്കായി.

കൂടാതെ ഫാർമസി കോളെജുമായി ചേർന്ന് സാനിറ്റൈസർ നിർമാണത്തിലും മാസ്ക് നിർമാണത്തിലും മണ്ഡലം സ്വയം പര്യാപ്തയും നേടുകയാണ്.

Entertainment

31 ദിവസങ്ങൾക്ക് ശേഷം മംമ്ത

രാജ്യം ലോക്ക് ഡൗണിലായിട്ട് ഒരു മാസത്തിലെത്തിക്കഴിഞ്ഞു. അന്നു മുതൽ എല്ലാവരും വീട്ടിനുള്ളിലാണ്. ചിലർ ക്വാറന്റൈനിലും കഴിയുകയാണ്. സിനിമാ ഷൂട്ടിങ്ങുകളടക്കം പെട്ടന്ന് നിർത്തിയതിലാൽ പല സ്ഥലത്തായിരുന്ന താരങ്ങൾ തിരികെ അവരവരുടെ സ്ഥലങ്ങളിലെത്തിയതിന് പിന്നാലെ അവരും ക്വാറന്റൈനിൽ കഴിയുകയാണ്.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ലോക്ക് ഡൗണിൽ നേരിയ ഇളവുകൾ നൽകിത്തുടങ്ങിയിരുന്നു. ഈ വേളയിൽ നടി മംമ്ത മോഹൻദാസ് ഒന്നു പുറത്തേക്കിറങ്ങിയിരിക്കുകയാണ്. മുപ്പത്തിയൊന്ന് ദിവസങ്ങൾക്കിപ്പുറം പുറം ലോകം കണ്ട എക്സൈറ്റ്മെന്റ്സിന്റെ വീഡിയോയും താരം ആരാധകരുമായി പങ്കുവച്ചു കഴിഞ്ഞു. റോഡൊക്കെ ഇങ്ങനെയായിരുന്നോ ഹായ് ദേ ചുവന്ന വണ്ടി എന്നൊക്കെ മംമ്ത വീഡിയോയിൽ പറയുന്നത് കാണാം.

റോഡിലിറങ്ങാതെ കാറിലിരുന്നുകൊണ്ടാണ് താരം പുറത്തെ കാഴ്ചകൾ കണ്ട് വർണ്ണിക്കുന്നത്. അകത്തിരുന്നു മടുത്ത താരം ഒന്ന് ശുദ്ധവായു കിട്ടാനാണ് പുറത്തിറങ്ങിയതെന്നും പുറം ലോകം എങ്ങനെയായിരുന്നു എന്നത് താൻ മറന്ന് പോയി എന്നും വീഡിയോയിൽ പറയുന്നുണ്ട്. താരം മാസ്കണിഞ്ഞ് ക്വാറന്റൈനിലായിരിക്കുന്ന വിശേഷവും വീട് പെയിന്റടിച്ച് സമയം ചെലവഴിക്കുന്നതിന്റെ വിശേഷവുമൊക്കെ മംമ്ത ആരാധകരുമായി പങ്കുവെച്ചിരുന്നു.

ഓൺലൈൻ അധ്യാപികയാവാൻ നിഷ ജോസ്

ബിനീഷ് മള്ളൂശേരി

കോട്ടയം: കോവിഡ് ലോക്ക് ഡൗൺ കാലത്ത് ഓൺലൈൻ അധ്യാപികയാവാൻ ഒരുങ്ങുകയാണ് നിഷ ജോസ് കെ മാണി. ജോസ് കെ മാണി എംപിയുടെ ഭാര്യയായ നിഷ ഒരു മാനെജ്മെന്റ് വിദഗ്ധയും കൂടിയാണ്. മാനെജ്മെന്റ് ക്ലാസുകൾ എടുക്കാനുള്ള സന്നദ്ധത സമൂഹ മാധ്യമങ്ങളിലൂടെയാണ് നിഷ പ്രകടിപ്പിച്ചത്. സാമൂഹ്യ പ്രവർത്തക കൂടിയായ നിഷയുടെ പോസ്റ്റിന് ഇതിനോടകം വലിയ പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ക്ലാസുകൾ സൗജന്യമാണെന്ന പ്രത്യേകതയുമുണ്ട്.

പ്ലസ്ടു മുതൽ പി.ജി വരെയുള്ള വിദ്യാർഥികൾക്കാണ് ഓൺലൈനിൽ ക്ലാസ് എടുക്കുക. പ്ലസ് ടു കൊമേഴ്സ്, ബി.കോം, ബിബിഎം, എംബിഎ വിദ്യാർഥികൾക്കാണ് ക്ലാസിൽ മുൻഗണന. കഴിഞ്ഞ ദിവസം നിഷ തന്നെയാണ് ഈ വിവരം സമൂഹ മാധ്യമങ്ങളിലൂടെ പങ്കുവച്ചത്. മുഴുവൻ പാഠഭാഗങ്ങളും പഠിപ്പിക്കുക എന്നതല്ല പ്രധാനമായും ഉദ്ദേശിക്കുന്നതെന്ന് നിഷ പറയുന്നു. പ്രധാനമായും ഹ്യൂമൻ റിസോഴ്സസ്, ഓർഗൈനസേഷണൽ ബിഹേവിയർ, ഉൾപ്പടെ നാലു ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ പഠനസമയത്ത് മനസിലാവാത്ത ഭാഗങ്ങൾ ഓൺലൈനിൽ പറഞ്ഞുകൊടുക്കാനാണ് ലക്ഷ്യമിടുന്നത്.

തനിക്ക് വരുന്ന സന്ദേശങ്ങളോട് പ്രതികരിക്കുമ്പോൾ തന്നെ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. അതിനുശേഷം ഒരേ വിഷയത്തിൽ സംശയമുള്ളവരെയെല്ലാം ഒരു ഗ്രൂപ്പായി അവർക്ക് ഓൺലൈനായി ക്ലാസെടുക്കാനാണ് ഉദ്ദേശിക്കുന്നത്. മറ്റുചില വിഷയങ്ങളിൽ അവയിൽ അവഗാഹമുള്ള സുഹൃത്തുക്കളെക്കൊണ്ട് ക്ലാസുകൾ നയിക്കാനും തീരുമാനിച്ചിട്ടുണ്ടെന്നും നിഷ പറഞ്ഞു.

ഏപ്രിൽ 26 വരെ കിട്ടുന്ന സന്ദേശങ്ങൾ ക്രോഡീകരിച്ചായിരിക്കും ഇത്. (സന്ദേശം അയക്കേണ്ട നമ്പർ: 9895698364) ക്ലാസ്സുകൾക്കൊപ്പം വെബിനാറുകളും സംഘടിപ്പിക്കും. സൂം ആപ്പ് ഉപയോഗിച്ചാവും ക്ലാസുകൾ നയിക്കുക. ഈ മാസം 30ന് രജിസ്ട്രേഷൻ അവസാനിക്കും.

ലോക്ക് ഡൗൺ സമയം വീട്ടിലിരുന്നപ്പോഴാണ് ഇങ്ങനെയൊരു തലത്തിലേക്ക് ചിന്തിച്ചത്. അഭിപ്രായം ചോദിച്ചപ്പോൾ ജോസ് കെ മാണിക്കും സമ്മതം. അങ്ങനെയാണ് ക്ലാസെടുക്കുന്ന വിവരം സമൂഹമാധ്യമങ്ങളിൽ പങ്കുവച്ചത്.

മേയിൽ ക്ലാസ് ആരംഭിക്കാനാണ് തീരുമാനം. നിലവിലുള്ള മാനെജ്മെന്റ് പാഠങ്ങൾക്കൊപ്പം തന്റെ സ്വതസിദ്ധമായ മാനെജ്മെന്റ് ശൈലിയും കുട്ടികൾക്ക് പകർന്ന് കൊടുക്കാനുള്ള തയാറെടുപ്പിലാണ് നിഷ.

ചിത്രരചന വളരെ സിമ്പിൾ അല്ലെ.... ദേ കണ്ടോ... ഇത്രേയുള്ളൂ!!!

ലോക്ഡൗൺ കാലത്ത് രണ്ട് ഇരട്ടക്കുട്ടികൾക്കൊപ്പം വീട്ടിൽ ഇരുന്ന് ചിത്രം വരയ്ക്കുന്ന നടൻ അജുവർഗീസ്. താരം തന്നെ ഫേസ്ബുക്കിൽ പങ്കുവച്ച ചിത്രവും ക്യാപ്ഷനും ചുവരും സോഷ്യൽ മീഡിയയിൽ വൈറലായി.

ഇന്ന് പത്താമുദയം; വീട്ടിൽ നടാം വിളകൾ

മേട മാസത്തിലെ സൂര്യന്റെ പ്രഭയിൽ ഇന്ന് പത്താമുദയം. പാരമ്പര്യത്തിന്റെ കണക്കിൽ കൃഷിക്കായി കണ്ടെത്തുന്ന ഏറ്റവും ശ്രേഷ്ഠമായ ദിവസം. സൂര്യൻ ഭൂമധ്യരേഖയുമായി നേർരേഖയിൽ വരുന്ന വിഷുവിന്റെ പത്താം നാളിനോടു ചേർന്ന് അവസാന വേനൽ മഴ പെയ്തു നീങ്ങുന്നതിനാലാണ് നാടിന്റെ കാർഷിക സംസ്കൃതിയിൽ പത്താമുദയത്തിനു പ്രാധാന്യം കൈവന്നത്.

ഭക്ഷ്യവിളകളാണു പ്രധാനമായും ഈ സമയം കൃഷി ചെയ്യുന്നത്. ചേന, ചേമ്പ്, കാച്ചിൽ, കപ്പ തുടങ്ങിയ കിഴങ്ങുവർഗ വിളകൾ വ്യാപകമായ തോതിൽ കൃഷി ചെയ്യാൻ പറ്റിയ സമയം. കൊവിഡ് കാലത്തെ ലോക്ഡൗൺ മൂലം സമയം ആവശ്യത്തിനു ലഭിച്ചതിനാൽ പലരും കൃഷി ഭൂമികൾ ഒരുക്കിയിട്ടു. കടുത്ത വേനലിന് ആശ്വാസമായി എത്തുന്ന വേനൽമഴ നേരിയ തോതിലെങ്കിലും ഇപ്രാവശ്യവും ലഭിച്ചു കഴിഞ്ഞു.

അധികം ഇടവേളയില്ലാതെ ഇടവപ്പാതിയും എത്തുമെന്നാണു പ്രതീക്ഷ. ഇതിനാൽ തൈകളുടെയും മറ്റും നടീലിനായുള്ള തയാറെടുപ്പിലാണു കർഷകർ. പത്താമുദയം തെങ്ങിനു മാത്രമാണു നടീലിന്റെ കൃത്യം കാലം എന്നും വിലയിരുത്തപ്പെടുന്നു.

പത്താമുദയത്തിൽ ആകുമ്പോൾ ഇതുവരെ പെയ്ത മഴയുടെ നനവു മണ്ണിലുണ്ട്. ഒന്നോ രണ്ടോ മഴകൂടി പെയ്യുമെന്ന് ഉറപ്പുള്ളതിനാൽ വേരുപിടിക്കുന്ന കാര്യത്തിലും സംശയം വേണ്ട. ഇടവപ്പാതി മഴയെത്തുമ്പോഴേക്കും വേരു പിടിച്ചു കഴിയുന്നതിനാൽ പിന്നീടു തൈക്ക് നാശമുണ്ടാകില്ല.

ചെടികൾ വേരുപിടിക്കാൻ സഹായിക്കുന്ന സൂക്ഷ്മ കാലാവസ്ഥയാണ് മഴയും വെയിലും ഈർപ്പവും ചേർന്നുള്ളത്.